ISSN 2456-2777
9 772456 277701 >
2026 സെപ്തംബർ പുസ്തകം 11 ലക്കം 11 ₹40

# എഴുത്ത് മാസിക

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

ഫോക്കസ്

## വിയോജിപ്പിന് ഇടം എവിടെ?

ടി.ടി. ശ്രീകുമാർ

ജെ. പ്രഭാഷ്

## വിതുമ്പുന്ന നേപ്പാൾ

സംഭാഷണം

## റിപ്പബ്ലിക്കിനെ പിഴുതെറിയുന്നവർ

ടീസ്ത സെതൽവാദ്



കഥ:

ചന്ദ്രൻ പൂക്കാട്

കവിത:

ഹൃഷികേശൻ പി.ബി.

ഇന്ദിര അശോക് ഗീതു പൊറ്റെക്കാട്ട്



# ഏറ്റവും നല്ലത് എഴുത്തിൽ തന്നെ

# എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

## മലയാള ഭാവനയുടെ ഭാവിരൂപം

ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് പ്രസിദ്ധീകരിക്കുന്ന മാസിക



| ഒറ്റപ്രതി: 40.00 | | | |
|---|---|---|---|
| | | വരിസംഖ്യ | [illegible] |
| 1 വർഷം | - | 480 | 480 |
| 2 വർഷം | - | 960 | 960 |
| 3 വർഷം | - | 1440 | 1400 |
| 5 വർഷം | - | 2400 | 2300 |

വരിക്കാരാകാൻ ഫോണിലെ
UPI App ഉപയോഗിച്ച്
QR Code സ്കാൻ ചെയ്യുക

Cheque/DD/Money Order in favor of
**LOYOLA PEACE TRUST,**
**STATE BANK OF INDIA,**
**DESHABHIMANI JN., KALOOR BRANCH**

വരിസംഖ്യ അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാം
Cash Remittance നടത്തുന്നവർ
Bank Charge ഉം കൂടി ഉൾപ്പെടുത്തണം

**A/C. No. 35112898418**
**MICR: 682002906 IFSC: SBIN0070327**

(തുക അക്കൗണ്ടിലടച്ചശേഷം വിവരം അറിയിക്കണം)

മാനേജിംഗ് എഡിറ്റർ

എഴുത്ത് മാസിക, ലൂമൻ ജ്യോതിസ്, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17

ഫോൺ: 0484 2334048, 81292 16033 ezhuthumagazine@gmail.com



കെ. ജയകുമാർ

# വിയോജിപ്പിന്റെ വിലയും ജനാധിപത്യത്തിന്റെ നിലയും

ജനാധിപത്യ ഭരണസംവിധാനത്തെ മറ്റുള്ള ഭരണക്രമങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്ന ഏറ്റവും വലിയ ഘടകം വിയോജിപ്പിന്റെ ശബ്ദങ്ങൾക്ക് നിയമപരമായ പരിരക്ഷയും അർഹമായ ഇടവും ഉണ്ടെന്നതാണ്. നമ്മുടെ നാട്ടിൽ നിലവിലിരുന്ന രാജഭരണങ്ങൾക്കും കൊളോണിയൽ ഭരണത്തിനും അന്യമായിരുന്നുവല്ലോ വിമർശിക്കാനും വിയോജിക്കാനുമുള്ള സ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യത്തെ കേന്ദ്രബിന്ദുവാക്കിക്കൊണ്ടാണ് ഗാന്ധിജി തന്റെ നിസ്സഹകരണ സമരം കരുപ്പിടിപ്പിച്ചത്. നിഷേധിക്കപ്പെട്ട വിയോജിപ്പിന്റെ സ്വരത്തെ താരസ്വരമാക്കിയ ജാലവിദ്യയായിരുന്നു ബ്രിട്ടീഷ് ഭരണത്തെ ഉലയ്ക്കുകയും വലയ്ക്കുകയും ചെയ്ത നിസ്സഹകരണ പ്രസ്ഥാനം. 1947 ഓഗസ്റ്റ് 15–ന് ഓരോ ഭാരതീയനും നേടിയ പല സ്വാതന്ത്ര്യങ്ങൾക്കിടയിൽ ഉത്തുംഗമാണ് വിയോജിക്കാനുള്ള സ്വാതന്ത്ര്യം. ഭരണാധികാരിയെ എന്തുവന്നാലും വാഴ്ത്തുക എന്നത് രാജഭരണത്തിന്റെയും ഏകാധിപത്യത്തിന്റെയും തലതിരിഞ്ഞ യുക്തിയാണ്. വിമർശനത്തെ രാജ്യദ്രോഹമാക്കുന്ന അന്ധവിശ്വാസം ഒടുവിൽ ഏകാധിപതികളുടെ പതനത്തിന് ഹേതുവാകുന്നു എന്നത് ചരിത്രസാക്ഷ്യം.

ജനാധിപത്യമെന്ന വൃക്ഷം വളരുന്ന വളക്കൂറുള്ള മണ്ണ് വിയോജിക്കാനുള്ള സ്വാതന്ത്ര്യമാണ്. അതു മണ്ണ് മാത്രമല്ല, ജനാധിപത്യവൃക്ഷത്തിന് അനിവാര്യമായ സൂര്യപ്രകാശവും കൂടിയാണ്. പ്രകാശസംശ്ലേഷണം നടക്കുന്നില്ലെങ്കിൽ ആ വൃക്ഷത്തിനു പിന്നെ നിലനിൽപ്പില്ല. ഒരു ജനാധിപത്യഭരണകൂടം ബോധപൂർവം വിമതശബ്ദങ്ങൾക്കു നേരെയും വിമർശനങ്ങൾക്കു നേരെയും അസഹിഷ്ണുത കാട്ടുന്നുവെങ്കിൽ, അതിനു മനശ്ശാസ്ത്രപരമായി പല കാരണങ്ങളുണ്ടാകും. ഭരണകൂടത്തിന്റെ ഭയമാണ് ഏറ്റവും പ്രധാന കാരണം. വിയോജിപ്പുകൾക്കു പ്രാധാന്യം കൊടുത്താൽ അവ വളർന്ന് അനിയന്ത്രിതമാകില്ലേ എന്ന ഭയം; സർക്കാരുകളുടെ അവകാശവാദങ്ങൾ വെല്ലുവിളിക്കപ്പെടും എന്ന ഭയം; വിമർശിക്കപ്പെടുക എന്നത് ഭരണകൂടത്തിന്റെ ദൗർബല്യമായി കരുതപ്പെടുമോ എന്ന ആശങ്ക. സ്വന്തം ദൗർബല്യങ്ങളെ മൂടിവയ്ക്കാനുള്ള ഫലപ്രദമായ തന്ത്രം, ചോദ്യംചെയ്യാനുള്ള അവസരം നൽകാതിരിക്കുക എന്നതാണെന്ന് ഒരു ഭരണകൂടം നിശ്ചയിക്കുമ്പോൾ അത് അവരുടെ ആത്മവിശ്വാസമില്ലായ്മയെയും ജനാധിപത്യബോധമില്ലായ്മയെയുമാണ് വിളംബരം ചെയ്യുന്നത്. വിമർശനങ്ങളിൽനിന്ന് തിരുത്തൽപാഠങ്ങൾ ആർജിക്കാനുള്ള വലിയ അവസരത്തെയാണ് അവർ നിരാകരിക്കുന്നത്. വിമർശനങ്ങളിൽനിന്ന് ഒന്നും പഠിക്കാനില്ല എന്നു വിശ്വസിക്കുകവഴി ജനങ്ങളുടെ ആഗ്രഹങ്ങളെയാണ് നിസ്സാരവൽക്കരിക്കുന്നത്. ഇതൊക്കെ ഏകാധിപത്യ ഭരണകൂടങ്ങൾക്ക് സഹജമാണ്. ജനാധിപത്യത്തിനാകട്ടെ, ഈ മനോഭാവം ഭയാനകവും മാരകവുമാണ്.

രാജഭരണത്തിലും ഫാസിസ്റ്റ് ഭരണത്തിലും പ്രതിപക്ഷമില്ല. വിയോജിക്കുന്നവർ രാജ്യദ്രോഹികളാണ്. വധശിക്ഷയോ നാടുകടത്തലോ ഒക്കെയാണ് ശിക്ഷ. ദിവാൻ വിമർശനത്തിനാണ് സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള നാടുകടത്തപ്പെട്ടത്. എന്നാൽ, ജനാധിപത്യഭാരതത്തിലെ ഭരണഘടന ഓരോ ഭാരതപൗരനും വാഗ്ദാനംചെയ്യുന്ന മൗലികാവകാശങ്ങളിൽ പ്രമുഖമാണ് സ്വതന്ത്രമായ ആശയവിനിമയത്തിനുള്ള അവകാശം. അതു കവർന്നെടുക്കാൻ കാലാകാലങ്ങളിൽ ഭരണമേൽക്കുന്ന സർക്കാരുകൾക്കധികാരമില്ല. സ്തുതിപാടലല്ല പൗരന്റെ ചുമതല; ജാഗ്രതയാണ്. സർക്കാരുകളെ വിമർശിക്കുന്നതും വിമതശബ്ദങ്ങൾ പിറക്കുന്നതും ആ ചുമതലയിൽനിന്നാണ്. പൗരസമൂഹത്തിനർഹതപ്പെട്ട ഈ അവകാശമാണ് മാധ്യമങ്ങൾ നിറവേറ്റുന്നത്. അതുതന്നെയാണ് പ്രതിപക്ഷത്തിന്റെയും പ്രവർത്തനങ്ങളുടെ ജനാധിപത്യ നീതിമത്കരണം. ഈ അവകാശത്തെ സംരക്ഷിക്കാൻ നീതിപീഠത്തിനു പൂർണബാധ്യതയുണ്ട്. എന്നാൽ, സമകാലികഭാരതത്തിലെ സർക്കാരുകൾക്ക് വിമതശബ്ദങ്ങളെ സഹിഷ്ണുതയോടെ കാണാനുള്ള കഴിവ് കൈമോശം വന്നിരിക്കുന്നുവെന്നു സംശയിക്കാൻ വകയുണ്ട്. നിയമനിർമാണസഭകൾ അംഗീകരിക്കുന്ന ദാക്ഷിണ്യമില്ലാത്ത പുതുനിയമങ്ങളും ചില കോടതികളുടെ നിസ്സംഗതയും ഏതൊരു ജനാധിപത്യവിശ്വാസിയെയും വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെ പ്രകാശം പടർന്നിരുന്നിടത്ത് ഭയത്തിന്റെ നരിച്ചീറുകൾ താമസമാക്കാൻ തുടങ്ങുന്നു. ഭയം ഒരു ജനതയുടെ സ്ഥായിഭാവമാകുമ്പോൾ ജനാധിപത്യത്തിന് പക്ഷാഘാതം സംഭവിക്കുന്നു.

വിമർശകർക്ക് സംരക്ഷണം നൽകേണ്ട ബാധ്യത മാധ്യമങ്ങൾക്കും നീതിപീഠത്തിനും സ്വാതന്ത്ര്യബോധമുള്ള (അഥവാ ഉണ്ടാകേണ്ട) ഭരണഘടനാസ്ഥാപനങ്ങൾക്കുമാണ്. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെയും വിയോജിപ്പിന്റെയും ദേവാലയമെന്നു വിശേഷിപ്പിക്കേണ്ടത് പാർലമെന്റിനെയും നിയമസഭകളെയുമാണ്. സർക്കാരിന് സ്തുതിപാടലല്ല മാധ്യമങ്ങളുടെയും പ്രതിപക്ഷത്തിന്റെയും ചുമതല. അങ്ങനെ ആകണമെന്നു സർക്കാരുകൾ പ്രതീക്ഷിക്കുന്നതുപോലെതോന്നും വിമതശബ്ദങ്ങൾക്കു നേർക്കുള്ള സമീപനവും അസഹിഷ്ണുതയും കാണുമ്പോൾ. വ്യവസ്ഥാപിതമാർഗങ്ങൾ നഷ്ടമാകുമ്പോൾ അസംഘടിതരായ യുവാക്കൾ ജന്തർമന്ദിർ ഉപരോധിക്കും. അവർ അതല്ലാതെന്തു ചെയ്യാൻ? സഹിഷ്ണുതയാണ് ജനാധിപത്യ ഭരണകൂടങ്ങളുടെ സൗന്ദര്യം. ■

# എഴുത്ത്
ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

പുസ്തകം പതിനൊന്ന് I ലക്കം പതിനൊന്ന്
2026 സെപ്റ്റംബർ 2026 I 1201 ചിങ്ങം-കന്നി



രക്ഷാധികാരി : ഹെൻറി പട്ടരുമഠത്തിൽ എസ്.ജെ

ഉപദേശക സമിതി : എം. തോമസ് മാത്യു
കെ.സി. നാരായണൻ
മ്യൂസ് മേരി ജോർജ്
സുനിൽ പി. ഇളയിടം
തമ്പി ആന്റണി
എം.വി. ബെന്നി

മാനേജിങ് എഡിറ്റർ : ബിനോയ് പിച്ചളക്കാട്ട്

എഡിറ്റർ : ബിജു ജോർജ്

കൺസൾട്ടന്റ് : വി.ജി. തമ്പി
മോൻസി ജോസഫ്

സീനിയർ
സബ് എഡിറ്റർ : മനോജ് എ.ആർ

എഡിറ്റോറിയൽ
ബോർഡ് : അഗസ്റ്റിൻ പാംപ്ലാനി
: രോഷ്നി സ്വപ്ന
: റോസൻ റോയി

അഡ്വർടൈസ്മെന്റ് : ജോ മാത്യു
സർക്കുലേഷൻ : രാധാകൃഷ്ണൻ പി.ജി
ഓഫീസ് : ഷിനു പ്രദീപ്

ലേഔട്ട് : സിപ്സൺ ചെല്ലാനം
കവർ : ഗൗരി പ്രദീഷ്
ഡി.ടി.പി. : വിനോഷ് പൊന്നുരുന്നി



facebook.com/Ezhuthumagazine

ഇ-കോപ്പി വാങ്ങാം

എഴുത്ത് മാസിക
ലൂമൻ, പോണോത്ത് റോഡ്
കലൂർ, കൊച്ചി -17
മൊബൈൽ 81292 16033
ezhuthumagazine@gmail.com
editorezhuthu@gmail.com

പ്രസാധനം
ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
പീസ് ആന്റ് ഇന്റർനാഷണൽ
റിലേഷൻസ്, കൊച്ചി - 17

https://www.magzter.com/IN/LIPI/Ezhuthu/Art/

www.ezhuthu.org/subscription/ എന്ന വിലാസ
ത്തിൽ ലോഗിൻ ചെയ്ത് വരിക്കാരാകാവുന്നതാണ്.
ബന്ധപ്പെടുക : subscribetoezhuthu@gmail.com

ഒരു ജസ്വിറ്റ് സംരംഭം






മുഖമൊഴി

**03/**വിയോജിപ്പിന്റെ വിലയും ജനാധിപത്യത്തിന്റെ നിലയും
കെ. ജയകുമാർ

സംഭാഷണം

**06/**ജനാധിപത്യത്തിന്റെ ഗ്രഹണകാലം
ടീസ്ത സെതൽവാദ് | ബിനോയ് പിച്ചളക്കാട്ട്

ഫോക്കസ്

**12/** പ്രബുദ്ധത ചോരുന്ന ജനാധിപത്യം
ടി. ടി. ശ്രീകുമാർ

**18/** ജനാധിപത്യം ശക്തിപ്പെടാൻ മുദ്രാവാക്യങ്ങൾ കവിതകളാകണം
ജെ. പ്രഭാഷ്

സമകാലികം

**28 /**പർവതം സാക്ഷി
റോയ് സെബാസ്റ്റ്യൻ എസ്.ജെ.

കഥ

**36/** നോവൽ പ്രകാശനം
ചന്ദ്രൻ പൂക്കാട്

കവിത

**27/** ആപ്പിളും മാമ്പഴവും
ഹൃഷികേശൻ പി. ബി.

**35/**ആഭിചാരം
ഇന്ദിര അശോക്

**49/**എഴുത്തുകാരി
ഗീതു പൊറ്റെക്കാട്ട്

പംക്തി

**24/** നോട്ടം
വിനോദ് നാരായണൻ

**50/** മൊഴിയാഴം
എൻ.ഇ. സുധീർ

ദർശനം

**32 / യൂർഗൻ ഹാബർമാസും ശോഷിക്കുന്ന ജനാധിപത്യവും**
എബി സെബാസ്റ്റ്യൻ

ഓർമ

**42/ഫേൺഹില്ലിന്റെ സെൻ മാതൃക**
കെ. പി. രമേഷ്

സാംസ്കാരികം

**46/തൃശൂർ സാംസ്കാരിക തലസ്ഥാനമോ?**
ജോൺ തോമസ്

ബാലാവകാശം

**54/ വേരുകൾക്ക് വേണ്ടത് വെളിച്ചമാണ്**
ഡോ സെമിച്ചൻ ജോസഫ്

സാംസ്കാരിക വിചാരം

**56/ കൗശലക്കാരുടെ കാലം**
സോണി ജോസ്

വായന

**61/ഓർമകളുടെ ഭൂപടങ്ങളും സർഗാത്മകതയുടെ ആന്തരിക ലോകങ്ങളും**
ജിനീഷ് കുഞ്ഞിലിക്കാട്ടിൽ

**64/ വായനക്കാരുടെ വാക്കുകൾ**

**66/ പുസ്തക പരിചയം**

**67/ പുസ്തകപ്പൂമുഖം**

വ്യക്തിചിത്രം

**68/ ബാന്ധവ്ഗഢിന്റെ കാവൽക്കാരൻ**
ജി. ഷഹീദ്

പീസ് കോർണർ

**74/മുൻവിധികളുടെ മഞ്ഞുരുക്കാൻ**
മുഹമ്മദ് അബു-നിമർ


■ എഡിറ്റോറിയൽ

# കൂട്ടിലടയ്ക്കപ്പെട്ട വിയോജിപ്പ്

വിയോജിപ്പുകളെ കൂട്ടിലടയ്ക്കുകയും സർഗാത്മകപ്രതിഷേധങ്ങളെ തമസ്കരിക്കുകയും അഭിപ്രായപ്രകടനങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്ന പ്രവണത ലോകമെമ്പാടും വർധിക്കുന്ന കാലമാണിത്. സ്വതന്ത്രവും വ്യത്യസ്തവുമായ ശബ്ദങ്ങളെ തളർത്തുന്ന നീക്കങ്ങൾ ഭരണകൂടങ്ങളുടെ പക്ഷത്തുനിന്ന് നിരന്തരം ഉണ്ടാകുന്ന സാഹചര്യമാണുള്ളത്. വിയോജിക്കാനുള്ള അവകാശം റദ്ദു ചെയ്യപ്പെടുന്നിടത്ത് ജനാധിപത്യത്തിന്റെ കാലിടറുമെന്നതിൽ സംശയമില്ല. അതിനാൽ, വിയോജിക്കാനുള്ള സ്വാതന്ത്ര്യത്തെ വീണ്ടെടുക്കുന്ന ചിന്തകളാണ് ഈ ലക്കം എഴുത്ത് മാസിക മുന്നോട്ടുവയ്ക്കുന്നത്.

ഇന്ത്യൻ ഭരണഘടന പൗരർക്ക് ഉറപ്പു നൽകുന്ന അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അംഗീകരിക്കുന്ന രീതിയിലാണോ ഇന്നു രാജ്യത്ത് കാര്യങ്ങളുടെ പോക്ക് എന്നത് ആലോചനീയമാണ്. മനുഷ്യാന്തസ്സിനെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആരോഗ്യകരമായ വിയോജിപ്പ് പ്രകടിപ്പിക്കുക എന്നത് ജനാധിപത്യപ്രക്രിയയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തിന്റെ തെളിവാണ്. ഭിന്നാഭിപ്രായങ്ങളെ ഉൾക്കൊള്ളുന്ന രാഷ്ട്രീയസംസ്കാരം ക്ഷയിക്കുന്ന സാഹചര്യത്തിൽ, വിയോജിപ്പിനുള്ള ജനാധിപത്യ ഇടങ്ങൾ എങ്ങനെ ശക്തിപ്പെടുത്താമെന്ന് നാം ഒറ്റയ്ക്കും കൂട്ടായും ചോദിക്കുന്നത് ഈ കാലം ആവശ്യപ്പെടുന്ന പൗരധർമ്മമാകുന്നു. ഇന്ത്യയിൽ ഉരുണ്ടുകൂടുന്ന വിഭജനത്തിന്റെയും വെറുപ്പിന്റെയും രാഷ്ട്രീയത്തെ കൃത്യമായി നിരാകരിക്കുന്ന സംവാദങ്ങളും തുറന്ന ചർച്ചകളുമാവണം നമ്മുടെ രാഷ്ട്രീയ, സാമൂഹിക ജീവിതത്തിന്റെ ജീവവായുവാകേണ്ടത് എന്നതിൽ തർക്കമില്ല. പക്ഷേ, ആര് നടത്തും?, എങ്ങനെ നടത്തും? എന്നൊക്കെയുള്ള സംശയങ്ങളും നമുക്കുണ്ട്. കാരണം, എന്തിനെയൊക്കെയോ നാം ഭയപ്പെടുന്നുണ്ട്. ഭയം മൂടിയ മനസ്സുകൾക്ക് ഒത്തുകൂടുവാനും ഇപ്പോൾ ഭയമാണ്.

വിയോജിപ്പിനുള്ള ഇടങ്ങൾ ശക്തിപ്പെടുത്തുന്നതിൽ മാധ്യമങ്ങളും കോടതികളും സർവകലാശാലകളും സിവിൽ സൊസൈറ്റിയും രാഷ്ട്രീയപ്പാർട്ടികളും സ്വന്തം ഉത്തരവാദിത്വം കൃത്യമായി നിർവഹിക്കുന്നുണ്ടോ എന്നു വിലയിരുത്തേണ്ടതുണ്ട്. ഭരണഘടനാ ധാർമ്മികതയെ കടലാസിലൊതുക്കുന്ന ഭരണകൂടത്തിന്റെ തെറ്റായ നടപടികൾക്കുമേൽ ഉത്തരവാദിത്വപ്പെട്ടവർ കൃത്യമായ ന്യായപരിശോധന നടത്തുന്നില്ല എന്ന തോന്നൽ പൊതുസമൂഹത്തിനുണ്ട്. തെരുവുകളിൽ ഉയർന്നുവരുന്ന യുവതയുടെയും കർഷകരുടെയും തൊഴിലാളികളുടെയും പ്രതിഷേധം ഇതിനു തെളിവാണ്.

വിയോജിപ്പ് എന്നത് ജനാധിപത്യത്തിന്റെ ശത്രുവോ ജീവശ്വാസമോ? എന്ന ചോദ്യത്തിന് നാം നൽകുന്ന മറുപടിയാണ് ഒരു ജനാധിപത്യരാജ്യത്തിന്റെ ആരോഗ്യവും നിലനിൽപ്പും ഉറപ്പാക്കുന്നത്. വിയോജിപ്പുകൾ അനാവശ്യമാണെന്നു കരുതുന്ന ഒരു പൊതുബോധത്തെ നിർമിച്ചെടുക്കുന്ന ഇന്ത്യയിൽ, ചോദ്യങ്ങൾ ചോദിക്കാനുള്ളതാണെന്നു വിശ്വസിക്കുന്നവരുടെ എണ്ണം പരിമിതമാകുന്നു. മനുഷ്യസമൂഹം ഇന്നോളം ആർജിച്ചെടുത്ത നീതിബോധത്തിന്റെ പക്ഷത്തുനിന്നുകൊണ്ട് നാം സ്വയം ചോദിക്കേണ്ടതുണ്ട്; നിശ്ശബ്ദരായിരിക്കാൻ നമുക്ക് എന്തവകാശം? ■

**എഡിറ്റർ**

സംഭാഷണം | ടീസ്ത സെതൽവാദ് | ബിനോയ് പിച്ചളക്കാട്ട്

# ജനാധിപത്യത്തിന്റെ ഗ്രഹണകാലം

**സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെക്കുറിച്ചും ചുരുങ്ങിവരുന്ന ജനാധിപത്യ ഇടങ്ങളെക്കുറിച്ചും പ്രതിരോധത്തിന്റെ പുതിയ മാനങ്ങളെക്കുറിച്ചും പ്രമുഖ മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സെതൽവാദുമായി നടത്തിയ സംഭാഷണം. കേവലമൊരു രാഷ്ട്രീയവിമർശനം എന്നതിലുപരി, ഇന്ത്യയെന്ന ആശയത്തെ വീണ്ടെടുക്കാനുള്ള ബൗദ്ധികവും സാംസ്കാരികവുമായ ഒരു അന്വേഷണമാണിത്.**



**ജനാധിപത്യ ഇടങ്ങൾ ഇന്ന് അതിവേഗത്തിൽ ചുരുങ്ങുകയാണല്ലോ. സമീപകാല രാഷ്ട്രീയ മാറ്റങ്ങൾ മൂലമുണ്ടായ പെട്ടെന്നുള്ള ഒരു വിള്ളലായിട്ടാണോ താങ്കൾ ഇതിനെ കാണുന്നത്? അതോ വ്യവസ്ഥാപരമായ അസഹിഷ്ണുത എക്കാലത്തും ഇന്ത്യൻ ഭരണകൂടത്തിന്റെ അടിത്തട്ടിൽ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നോ?**

കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി, നമ്മുടെ ജനാധിപത്യ ഇടങ്ങളുടെ ശോഷണം കൂടുതൽ വ്യക്തമാണ്. അതോടൊപ്പം ഭയപ്പെടുത്തുന്നതുമാണ്. 2014 എന്നത് ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിലെ വളരെ നിർണായകമായ ഒരു വഴിത്തിരിവാണ്. ആ വർഷം മെയ് മാസംവരെ 'നമ്മുടേത് പരിണമിച്ചുകൊണ്ടിരിക്കുന്ന, രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജനാധിപത്യമാണ്' എന്നു വിശ്വസിക്കാൻ നമുക്ക് വകയുണ്ടായിരുന്നു. അവകാശങ്ങൾക്കായുള്ള പോരാട്ടങ്ങളും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രാതിനിധ്യവുമൊക്കെ സംസ്ഥാന നയങ്ങളെ സ്വാധീനിക്കുന്ന ഒരു കാലമായിരുന്നു അത്. എന്നാൽ, 2014-നുശേഷം സംഭവിച്ചത് തീവ്രമായ ഒരു പിന്നോട്ടുപോക്കാണ്. സമസ്ത മേഖലകളിലും അതൊരു വലിയ തകർച്ച സൃഷ്ടിച്ചു. ഭരണകൂടത്തിനെതിരെയുള്ള പ്രതിഷേധങ്ങൾക്കും വിയോജിപ്പുകൾക്കും നേരെ നടക്കുന്ന കടന്നുകയറ്റങ്ങൾ, സ്വതന്ത്രമായി ചിന്തിക്കുന്നവരെ അന്യായമായി അറസ്റ്റ് ചെയ്ത് തടവിലാക്കൽ, അവർക്കുമേൽ ദേശവിരുദ്ധർ എന്ന ചാപ്പകുത്തൽ, ഏറ്റവും ഒടുവിലായി നിയമങ്ങളെത്തന്നെ ഭരണകൂടത്തിന്റെ ആയുധങ്ങളാക്കി മാറ്റുന്ന പ്രവണത ഇവയെല്ലാം ഈ പ്രതിലോമകരമായ മാറ്റത്തിന്റെ സൂചനകളാണ്.

**അധികാരത്തിന്റെ ഇരുൾ കനക്കുന്ന ഈ ചരിത്രസന്ധിയിൽ നിൽക്കുമ്പോൾ, അപ്രഖ്യാപിതമായ ഒരു രാഷ്ട്രീയ അടിയന്തരാവസ്ഥയുടെ സൂക്ഷ്മതലങ്ങളെ തിരിച്ചറിയുന്നതിൽ**





**നമ്മുടെ പൊതുബോധത്തിന് എവിടെയാണ് പിഴവുകൾ സംഭവിക്കുന്നത്? ജനാധിപത്യത്തിന്റെ ഈ സന്ധ്യാവേളയിൽ, ഒരു പൗരസമൂഹം എന്ന നിലയിൽ നാം കണ്ടെടുക്കേണ്ട പ്രതിരോധത്തിന്റെ നൈതികവഴികൾ എന്തെല്ലാമായിരിക്കണം?**

നവതലമുറ (Gen Z) എന്നു നാം വിളിക്കുന്ന ഇന്നത്തെ യുവത, ഭരണകൂടത്തിന്റെ അടിച്ചമർത്തലുകളെ വളരെ നിർഭയമായി വെല്ലുവിളിക്കുന്ന ഈ കാലഘട്ടത്തിൽ, ഒരു മുതിർന്ന ആക്ടിവിസ്റ്റ് എന്ന നിലയിൽ അവരുടെ ഉണർവിനെ അഭിവാദ്യം ചെയ്യാതിരിക്കുന്നത് ചരിത്രപരമായ വലിയൊരു അനീതിയാകും. അല്ലെങ്കിൽപ്പിന്നെ, ഈ പ്രതിഷേധങ്ങൾ നമുക്കിടയിൽ പുനരുജ്ജീവിപ്പിച്ച പ്രതീക്ഷയെയും, അവർ മറികടന്ന ഭയത്തെയും നാം ബോധപൂർവം നിഷേധിക്കുകയാണ് എന്നു പറയേണ്ടിവരും.

എങ്കിലും, ഇന്നത്തെ കാലം നമ്മോട് ആവശ്യപ്പെടുന്ന ഏറ്റവും സുപ്രധാനമായ കാര്യം സമഗ്രമായ ഒരു ഐക്യദാർഢ്യമാണ്. വിവിധ പ്രതിഷേധപ്രസ്ഥാനങ്ങൾ, പ്രാതിനിധ്യം, സാമൂഹികനീതി എന്നിവ തമ്മിൽ ആഴത്തിലുള്ളൊരു ജൈവബന്ധം നാം കെട്ടിപ്പടുക്കേണ്ടതുണ്ട്. മതന്യൂനപക്ഷങ്ങൾ, ദലിതർ, ആദിവാസികൾ, അരികുവൽക്കരിക്കപ്പെട്ട ലിംഗവിഭാഗങ്ങൾ എന്നിവർക്കെതിരെ നിരന്തരം പ്രയോഗിക്കപ്പെടുന്ന വിദ്വേഷങ്ങളെ നാം ശക്തമായി ചെറുക്കണം. ഈ വിഷയങ്ങൾ പൊതുചർച്ചകളുടെ കേന്ദ്രബിന്ദുവായി മാറണം. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെ (ECI) ഭരണകൂടവും അതിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ രാഷ്ട്രീയവും പൂർണമായി പിടിച്ചെടുത്തിരിക്കുന്ന അവസ്ഥ നാമിന്നു കാണുന്നു. ഭരണകൂടത്തെ നയിക്കുന്ന ആർ.എസ്.എസിനെ കേവലം വിമർശിച്ചാൽ മാത്രം പോരാ. പകരം അവരുടെ ആശയങ്ങളെ വിചാരണചെയ്യുകയും എസ്ഐആർ (SIR) വഴി വെട്ടിക്കളയുന്ന സാർവത്രിക വോട്ടവകാശമെന്ന ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ആയുധം അതിന്റെ പൂർണാർഥത്തിൽ പുനഃസ്ഥാപിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. ഇതിനൊപ്പംതന്നെ കാലാവസ്ഥാസംരക്ഷണം,പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിനെതിരെയുള്ള ശബ്ദങ്ങൾ എന്നിവയും പ്രാധാന്യമർഹിക്കുന്നു. ജനവിരുദ്ധമായ കരിനിയമങ്ങൾ പിൻവലിക്കുന്നതിനും, രാഷ്ട്രീയത്തടവുകാരെ നിരുപാധികം മോചിപ്പിക്കുന്നതിനും വേണ്ടിയുള്ള ആഹ്വാനങ്ങൾ വർത്തമാനകാല ഇന്ത്യയുടെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്നാണ്.

**ഒരു ദശാബ്ദം മുൻപ് താങ്കൾ നടത്തിയ ഒരു പ്രസംഗത്തിന്റെ പേരിൽ യു.എ.പി.എ (UAPA) പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ ഡൽഹി ലെഫ്റ്റനന്റ് ഗവർണർ അടുത്തിടെ അനുമതി നൽകുകയുണ്ടായല്ലോ. വർഷങ്ങൾ പഴക്കമുള്ളതും നിശ്ചലവുമായ ഇത്തരം കേസുകൾ പുനരുജ്ജീവിപ്പിക്കുന്ന ഭരണകൂടതന്ത്രത്തെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു? 'നിയമപ്രക്രിയകൾ തന്നെ ശിക്ഷയായി മാറുന്ന' ദുരന്തം നമ്മുടെ നീതിന്യായ വ്യവസ്ഥയെക്കുറിച്ച് നൽകുന്ന സന്ദേശമെന്താണ്?**



ഇതു ഭരണകൂടം നിയമത്തെ ആയുധവൽക്കരിക്കുന്നതിന്റെ ഏറ്റവും ഭയാനകമായ ഉദാഹരണമാണ്. ഇതിലും സങ്കടകരമായ വസ്തുത, ഈ അനീതികൾക്കുമുന്നിൽ നമ്മുടെ ജുഡീഷ്യറി പുലർത്തുന്ന നിശ്ശബ്ദതയോ സ്തംഭനാവസ്ഥയോ ആണ്. പലപ്പോഴും അനീതികൾ സംഭവിച്ച്, മാസങ്ങൾ കഴിഞ്ഞാകും ചിലപ്പോഴെങ്കിലും കോടതികൾ ഇടപെടുന്നത്. ഉദാഹരണത്തിന്, ഡെറാഡൂണിലെ ജിം ഉടമയായ ദീപക് കുമാറിനെതിരായ എഫ്.ഐ.ആർ സുപ്രീംകോടതി അടുത്തിടെയാണ് സ്റ്റേ ചെയ്തത്. തന്റെ സഹ മുസ്ലീം പൗരന്മാർ ആക്രമിക്കപ്പെട്ടപ്പോൾ അവർക്കുവേണ്ടി നിലകൊണ്ടു എന്നതായിരുന്നു അദ്ദേഹം ചെയ്ത തെറ്റ്. തികച്ചും പരിഹാസ്യമായ ഈ എഫ്.ഐ.ആർ എന്തുകൊണ്ട് ഉത്തരാഖണ്ഡ് ഹൈക്കോടതി നേരത്തെ തന്നെ റദ്ദാക്കിയില്ല? ഇതിനിടയിൽ അദ്ദേഹം അനുഭവിച്ച വ്യവസ്ഥാപിതമായ സാമൂഹിക ബഹിഷ്കരണത്തിന് ആര് മറുപടി പറയും? നിയമം എന്നത് നീതി ഉറപ്പാക്കാനുള്ള സംവിധാനമാകാതെ, പീഡിപ്പിക്കാനുള്ള ഉപാധിയായി മാറുകയാണ് ഇവിടെ.

**സാങ്കേതികവിദ്യയുടെ മണ്ഡലവും ആത്യന്തികമായി ചെന്നെത്തുന്നത് ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളിലേക്കാണ്. നയരൂപീകരണത്തിലും മാധ്യമ ഇടങ്ങളിലും ആകാശവാണി ഉൾപ്പെടെയുള്ളവയിൽ ഇതൊരു ഭരണകൂട കുത്തകയായി മാറിക്കഴിഞ്ഞു.**

**നിയമനടപടികൾ തന്നെയാണ് യഥാർഥശിക്ഷ എന്ന് താങ്കൾ മുമ്പും പറഞ്ഞിട്ടുണ്ട്. നിങ്ങളെ മാനസികമായും ശാരീരികമായും തളർത്തുക എന്ന ഉദ്ദേശ്യത്തോടെ ഭരണകൂടം ഒരു സംവിധാനം രൂപകല്പന ചെയ്യുമ്പോൾ, വ്യക്തിപരമായി ഈ തളർച്ചയിൽനിന്ന് താങ്കൾ എങ്ങനെയാണ് രക്ഷപ്പെടുന്നത്?**

സത്യത്തിൽ ഇതുവരെ എനിക്ക് പിടിച്ചുനിൽക്കാനായത് എന്നോടൊപ്പം നിൽക്കുന്ന ഒരുകൂട്ടം അഭിഭാഷകരുടെ സഹായത്താലാണ്. അവർ കേവലം വക്കീലന്മാർ മാത്രമല്ല, എന്റെ പ്രിയ സുഹൃത്തുക്കൾകൂടിയാണ്. എനിക്കെതിരെയുള്ള ഒരു ഡസനിലധികം കേസുകൾ അതിവിദഗ്ധമായി കൈകാര്യംചെയ്യുന്നത് അവരാണ്. എങ്കിലും ഈ കേസുകൾ ദൈനംദിന ജീവിതത്തിലുണ്ടാക്കുന്ന സമ്മർദം ചെറുതല്ല. സാമൂഹികമൂലധനവും, ഇത്തരം പ്രതിസന്ധികളെ നേരിടാനുള്ള സാമ്പത്തികവും ബൗദ്ധികവുമായ ചുറ്റുപാടുമുള്ള ഭാഗ്യവാ

ന്മാരിൽ ഒരാളാണ് ഞാൻ എന്ന് ഞാൻ ഇടയ്ക്കിടെ എന്നെത്തന്നെ ഓർമിപ്പിക്കാറുണ്ട്. ദൗർഭാഗ്യവശാൽ, എന്നോടൊപ്പം പോരാടുന്ന പല ആക്ടിവിസ്റ്റുകൾക്കും സ്വതന്ത്ര പത്രപ്രവർത്തകർക്കും ഇത്തരം അടിസ്ഥാനപിന്തുണകൾ പോലുമില്ല എന്നതാണ് എന്നെ ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്ന യാഥാർഥ്യം.

### പ്രൈംടൈം വാർത്തകൾ പലപ്പോഴും ഭരണകൂട പ്രചാരണങ്ങൾക്കുള്ള വലിയൊരു മെഗാഫോണായി മാറുകയും, വിയോജിക്കുന്നവരെ 'ദേശവിരുദ്ധർ' എന്ന മുദ്രകുത്തുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ, മുഖ്യധാരാ മാധ്യമങ്ങൾ ഇപ്പോഴും നാം ഇടപഴകേണ്ട ഒരു ഇടമാണോ? അതോ ചെറുത്തുനിൽപ്പുകൾക്ക് പൂർണമായും ബദൽമാധ്യമങ്ങളെ ആശ്രയിക്കേണ്ടതുണ്ടോ?

ഇതൊരു സങ്കീർണമായ ചോദ്യമാണ്. എണ്ണത്തിൽ വളരെ കുറവാണെങ്കിലും, പത്രപ്രവർത്തനത്തിന്റെ അടിസ്ഥാനമൂല്യങ്ങളോട് ഇപ്പോഴും വിശ്വസ്തത പുലർത്തുന്ന ചില വ്യക്തികൾ മുഖ്യധാരാ മാധ്യമങ്ങൾക്കുള്ളിലുണ്ട്. എന്നാൽ, അവർക്കീ ചുറ്റുപാടിൽ പ്രവർത്തിക്കുക എന്നത് അനുദിനം ദുഷ്കരമായിക്കൊണ്ടിരിക്കുകയാണ്. പ്രസ്ഥാനങ്ങളും ആക്ടിവിസ്റ്റുകളും



ഒരുതരം ദ്വന്ദ്വസമീപനം (dual approach) സ്വീകരിക്കേണ്ടതുണ്ടെന്നാണ് എന്റെ പക്ഷം. വിശ്വാസ്യത നിലനിറുത്താൻ, കുറഞ്ഞപക്ഷം ചില യുക്തിസഹമായ വാർത്തകളെങ്കിലും പുറത്തുവരുമെന്ന പ്രതീക്ഷയിൽ ഇത്തരം നല്ല മാധ്യമപ്രവർത്തകരുമായി നാം നിരന്തരം സമ്പർക്കം പുലർത്തണം. അതേസമയംതന്നെ, സ്വതന്ത്രമായ ഡിജിറ്റൽമാധ്യമങ്ങൾക്കും ജനകീയ യൂട്യൂബ് ചാനലുകൾക്കും നാം പൂർണ പിന്തുണ നൽകുകയും അവയെ അസന്ദിഗ്ധമായി മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുകയും വേണം.

### ജനാധിപത്യത്തിന്റെ തുറസ്സായ ഇടമെന്ന് കരുതപ്പെട്ടിരുന്ന സൈബർ ലോകം ഇന്ന് നിരോധനങ്ങളാലും അൽഗോരിതം നിയന്ത്രണങ്ങളാലും ശ്വാസംമുട്ടുകയാണ്. ഡിജിറ്റൽ ഇടം പൂർണമായും ഭരണകൂടത്തിന്റെ ആയുധമായി മാറിയോ? അതോ വിയോജിപ്പുകൾക്ക് അവിടെ ഇനിയും അതിജീവിക്കാനാകുമോ?

സാങ്കേതികവിദ്യയുടെ മണ്ഡലവും ആത്യന്തികമായി ചെന്നെത്തുന്നത് ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളിലേക്കാണ്. നയരൂപീകരണത്തിലും മാധ്യമ ഇടങ്ങളിലും ആകാശവാണി ഉൾപ്പെടെയുള്ളവയിൽ ഇതൊരു ഭരണകൂട കുത്തകയായി മാറിക്കഴിഞ്ഞു. പതിറ്റാണ്ടുകൾക്കു മുമ്പ് സുപ്രീംകോടതി പ്രഖ്യാപിച്ചത് രാജ്യത്തെ തരംഗദൈർഘ്യങ്ങൾ (airwaves) ജനങ്ങളുടേതാണെന്നാണ്. എന്നാൽ, ഇന്ന് അതിൽ ആധിപത്യം പുലർത്തുന്നത് കോർപ്പറേറ്റുകളുടെ പണവും, രാഷ്ട്രീയ സ്വാധീനവും, അധികാരത്തിന്റെ രക്ഷാകർതൃത്വവുമാണ്. മാധ്യമരംഗത്ത് യഥാർഥവും ആഴമേറിയതുമായ ജനാധിപത്യവൽക്കരണം സാധ്യമാകണമെങ്കിൽ, വായനക്കാരുടെ പങ്കാളിത്തമുള്ള, സഹകരണാടിസ്ഥാനത്തിലുള്ള മാധ്യമ ഉടമസ്ഥതാ രീതികൾ ഉയർന്നുവരേണ്ടതുണ്ട്. അല്ലാത്തപക്ഷം, നമ്മൾ പരസ്പരം സംവദിക്കാത്ത സങ്കുചിത അറകൾക്കുള്ളിൽ (silos) കിടന്ന് ശ്വാസംമുട്ടും.

### സർക്കാരിനെ ഉത്തരവാദിത്വമുള്ളതാക്കാൻ കോടതികൾ മടിക്കുന്നുണ്ടെന്ന സംശയം പൊതുസമൂഹത്തിൽ ശക്തമാണ്. ജുഡീഷ്യറിയുടെ നിലവിലെ ഈ അവസ്ഥയെ സ്ഥാപനപരമായ ധൈര്യത്തിന്റെ താൽക്കാലിക തളർച്ചയായിട്ടാണോ, അതോ ഭരണഘടനാവിരുദ്ധമായ പ്രത്യയശാസ്ത്രവുമായുള്ള കൂട്ടുചേരലായിട്ടാണോ താങ്കൾ നോക്കിക്കാണുന്നത്?

ജുഡീഷ്യറിയെക്കുറിച്ച് പറയുമ്പോൾ, ഇതിലും ഭയാനകമായ ഇരുണ്ട കാലഘട്ടങ്ങളിലൂടെ നാം കടന്നുപോയിട്ടുണ്ട് എന്നത് മറക്കരുത്. അടിയന്തരാവസ്ഥക്കാലത്ത് "സർക്കാരിനോട് പ്രതിബദ്ധതയുള്ള ഒരു ജുഡീഷ്യറി"യെക്കുറിച്ച് അന്നത്തെ ഭരണാധികാരികൾ വാചാലരായത് ഓർക്കുക. എന്നാൽ, അക്കാലത്ത് നിരവധി ഹൈക്കോടതികളും അഭിഭാഷക സംഘടനകളും ഭരണകൂടത്തിന്റെ ഈ ആധിപത്യത്തെ ശക്തമായി വെല്ലുവിളിച്ചിരുന്നു. ഇന്നും സ്വതന്ത്രമായി ചിന്തിക്കുന്ന ജഡ്ജിമാരിലാണ് നമ്മുടെ പ്രതീക്ഷ. എങ്കിലും, വിശാലമായ അർഥത്തിൽ കോടതികളിൽ കാണുന്ന ഈ ഭരണകൂട വിധേയത്വം ഭയത്തിൽനിന്നും, അതിലുപരി തീവ്രവലതുപക്ഷ പ്രത്യയശാസ്ത്രത്തോടുള്ള ചായ്‌വിൽനിന്നുമാണ് ഉണ്ടാകുന്നത്. ഇതു കേവലം ഭൂരിപക്ഷവാദത്തിന്റെ മാത്രം കാര്യമല്ല. നിലവിലെ കോർപ്പറേറ്റ് "വികസനമാതൃകകൾ" പാവപ്പെട്ട ഇന്ത്യക്കാർക്കും പ്രകൃതിക്കും എത്രത്തോളം ഹാനികരമാണെന്നു

മനസ്സിലാക്കാൻ വിസമ്മതിക്കുന്ന ഒരു വരേണ്യ ചിന്താഗതിയുടെ പ്രശ്നം കൂടിയാണിത്. ഇതവസാനിപ്പിക്കാൻ ജുഡീഷ്യൽ നിയമനങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരണം. സ്ത്രീകൾ, ദലിതർ, ആദിവാസികൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, സിഖുകാർ എന്നിവർക്കെല്ലാം നീതിന്യായ വ്യവസ്ഥയുടെ തലപ്പത്ത് അർഹമായ പ്രാതിനിധ്യം ലഭിക്കണം.

**സർവകലാശാലകൾ പരമ്പരാഗതമായി വിമർശനാത്മകചിന്തയുടെ ഉദ്ഭവകേന്ദ്രങ്ങളാണ്. എന്നാൽ, ഇന്ന് ഭരണകൂട നിയന്ത്രണത്തിലൂടെ ഈ ബൗദ്ധിക ഇടങ്ങളെ പ്രത്യയശാസ്ത്രപരമായി കീഴടക്കുന്നത് നാം കാണുന്നു. അടുത്ത തലമുറയ്ക്ക് ഇതു വരുത്തിവയ്ക്കുന്ന സാംസ്കാരികനാശം എത്രത്തോളമായിരിക്കും?**

തികച്ചും വിനാശകരമാണത്. ബൗദ്ധിക ഇടങ്ങളുടെ സൈനികവൽക്കരണവും അന്ധമായ പ്രത്യയശാസ്ത്ര അധിനിവേശവും ഒരുമിച്ചാണ് ഇവിടെ നടപ്പിലാക്കുന്നത്. ഇതിനെതിരെ ക്യാമ്പസുകളിൽ ഉയർന്നുവരുന്ന യുവ വിദ്യാർഥികളുടെ പോരാട്ടങ്ങൾ വലിയ പ്രതീക്ഷ നൽകുന്നുണ്ട്. എന്നാൽ, ഉത്തരവാദിത്വപ്പെട്ട അക്കാദമിക് പദവികളിൽ, ഒരു യോഗ്യതയുമില്ലാത്ത ഭരണകൂട ദാസന്മാരെ കുടിയിരുത്തുന്ന പ്രവണത, ഭാവിയിൽ നാം വലിയ വിലകൊടുത്ത് തിരുത്തേണ്ടി വരുന്ന വലിയൊരു സാംസ്കാരിക ദുരന്തമാണ്.

**സന്നദ്ധസംഘടനകളും (NGO) മനുഷ്യാവകാശ ഗ്രൂപ്പുകളും കടുത്ത നിയമനടപടികളും എഫ്.സി.ആർ.എ (FCRA) പോലുള്ള നിയമങ്ങളിലൂടെയുള്ള സാമ്പത്തിക ഉപരോധങ്ങളും നേരിടുകയാണല്ലോ. ഈ സാമൂഹിക സുരക്ഷാ വലയങ്ങൾ തകർക്കപ്പെടുമ്പോൾ അതിന്റെ യഥാർഥ ഭാരം വഹിക്കുന്നത് ആരാണ്?**

ഇന്ത്യയിലെ ഏറ്റവും ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങളാണ് ഇതിന്റെ ഏറ്റവും വലിയ ഇരകൾ. ദലിതർ, തൊഴിലാളി വർഗങ്ങൾ, സ്ത്രീകൾ, മതന്യൂനപക്ഷങ്ങൾ എന്നിവർ ഇതിന്റെ ദുരന്തം നേരിട്ടനുഭവിക്കുന്നു. സാമൂഹികമേഖലകൾക്കു പുറമെ, സ്വതന്ത്രവും ഉന്നതവുമായ ശാസ്ത്രഗവേഷണങ്ങളെയും ഈ ഭരണകൂടം ഭയക്കുന്നു. ശാസ്ത്രാവബോധത്തെ തകർത്ത് അന്ധവിശ്വാസങ്ങളെയും അശാസ്ത്രീയതയെയും പ്രോത്സാഹിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. ഹിന്ദുത്വ വലതുപക്ഷ സംഘടനകൾക്കു മാത്രം ഫണ്ടുകൾ യഥേഷ്ടം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവർക്ക് യാതൊരു സങ്കോചവുമില്ല. എങ്കിലും, ഈ പ്രതിസന്ധികളെ മറികടക്കാൻ ബദൽ ഫണ്ടിംഗ് രീതികളും ജനകീയ കൂട്ടായ്മകളും ഉയർന്നുവരേണ്ടത് ഒരു ചരിത്രപരമായ അനിവാര്യതയാണ്.



↘ ടീസ്റ്റ സെതൽവാദ്

**ഭരണകൂടത്തിന്റെ എല്ലാ പിന്തുണയോടുംകൂടി ഇന്ത്യയെന്ന ജനാധിപത്യ റിപ്പബ്ലിക്കിനെ ഒരു ഭൂരിപക്ഷ ഹിന്ദുത്വ ദിവ്യാധിപത്യ രാഷ്ട്രമാക്കി (majoritarian theocracy) മാറ്റാനാണ് അവർ ശ്രമിക്കുന്നത്. ഖേദകരമെന്നു പറയട്ടെ, സമൂഹത്തിലെ ഗണ്യമായൊരു വിഭാഗം ഈ അന്ധകാരത്തിലേക്ക് പോകുന്നതിനെ പിന്തുണയ്ക്കുന്നുണ്ട്.**

**പ്രതിരോധത്തിന്റെ പുതിയ മാനങ്ങൾ രൂപപ്പെടുന്നതിന്റെ തുടക്കം നാം കണ്ടുതുടങ്ങിയിട്ടുണ്ട്. എന്നാൽ, യഥാർഥ വെല്ലുവിളി, ഈ പ്രസ്ഥാനങ്ങളെ എങ്ങനെ കൂടുതൽ ദൃഢവും സ്ഥിരതയുള്ളതുമാക്കാം എന്നതാണ്.**

### വിയോജിപ്പുകളെ നിശ്ശബ്ദമാക്കുന്നതിൽ 'ദേശവിരുദ്ധർ' എന്ന പദം ഭരണകൂടം വളരെ വിജയകരമായി ഉപയോഗിച്ചു കഴിഞ്ഞു. ഭരണകൂടം ചോദ്യം ചെയ്യപ്പെടാതിരിക്കാൻ 'സർക്കാരിനെയും' 'രാഷ്ട്രത്തെയും' ഒരേ നാണയത്തിന്റെ ഇരുവശങ്ങളാക്കി മാറ്റാൻ രാഷ്ട്രീയ നേതൃത്വത്തിന് എങ്ങനെയാണ് കഴിഞ്ഞത്?

തികച്ചും ആസൂത്രിതമായ ഒരു നുണ പ്രചാരണത്തിന്റെ വിജയമാണിത്. വാണിജ്യമാധ്യമങ്ങളുടെ പൂർണ പിന്തുണ, ചരിത്രപരമായി ഇത്തരം നീക്കങ്ങൾക്ക് ലഭിച്ചുപോന്ന മേൽജാതിക്കാരുടെയും സമ്പന്നരായ മധ്യവർഗത്തിന്റെയും അന്ധമായ പിന്തുണ എന്നിവ ഇതിനു വളമായി. അതിനൊപ്പം തന്നെ ഇ.ഡി, സി.ബി.ഐ, ഇൻകംടാക്സ് തുടങ്ങിയ അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് എതിർശബ്ദങ്ങളെ അടിച്ചമർത്തുന്ന ഭരണകൂട ഭീകരത കൂടിയായപ്പോൾ, ഈ വ്യാജ നിർമിതി പൂർണമായി.

### ആഗോളതലത്തിൽ വലതുപക്ഷ ജനപ്രിയവാദത്തിന്റെ (Right-wing populism) ഉയർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ, ഇന്ത്യയിലെ ജനാധിപത്യത്തിന്റെ പിന്മാറ്റത്തെ എങ്ങനെ കാണുന്നു?

ഇന്ത്യയിലെ സാഹചര്യം വളരെ സങ്കീർണമാണ്. നാം പോരാടുന്നത് കേവലമൊരു രാഷ്ട്രീയ പാർട്ടിയോടല്ല; മറിച്ച്, നൂറ്റാണ്ടുകളുടെ പഴക്കമുള്ള, സമൂഹത്തെയാകെ പിന്നോട്ടടിക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസിന്റെ അതിവിപുലമായ ശൃംഖലയോടാണ്. ഭരണകൂടത്തിന്റെ എല്ലാ പിന്തുണയോടുംകൂടി ഇന്ത്യയെന്ന ജനാധിപത്യ റിപ്പബ്ലിക്കിനെ ഒരു ഭൂരിപക്ഷ ഹിന്ദുത്വ ദിവ്യാധിപത്യ രാഷ്ട്രമാക്കി (majoritarian theocracy) മാറ്റാനാണ് അവർ ശ്രമിക്കുന്നത്. ഖേദകരമെന്നു പറയട്ടെ, സമൂഹത്തിലെ ഗണ്യമായൊരു വിഭാഗം ഈ അന്ധകാരത്തിലേക്ക് പോകുന്നതിനെ പിന്തുണയ്ക്കുന്നുണ്ട്. ഇതിനെ മറികടക്കാൻ, ജാതിവ്യവസ്ഥയെ വേരോടെ പിഴുതെറിയാനുള്ള പോരാട്ടങ്ങൾ ശക്തിപ്പെടുത്തണം. എല്ലാവർക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുകയും, തീവ്രവലതുപക്ഷത്തിന്റെ കാപട്യങ്ങളെ തുറന്നുകാട്ടാൻ സമാനമനസ്കരായ എല്ലാവരും കൈകോർക്കുകയും വേണം.

### വ്യത്യസ്തമായ അഭിപ്രായങ്ങൾ വർധിച്ചുവരുന്ന ഈ സാഹചര്യത്തിൽ, പ്രതിരോധത്തിന്റെ ഭാവി എങ്ങനെയായിരിക്കും? എഴുത്തുകാർക്കും, ചിന്തകർക്കും, സാധാരണ പൗരന്മാർക്കും തങ്ങളുടെ നഷ്ടപ്പെട്ട ഇടങ്ങൾ എങ്ങനെ വീണ്ടെടുക്കാൻ കഴിയും?

പ്രതിരോധത്തിന്റെ പുതിയ മാനങ്ങൾ രൂപപ്പെടുന്നതിന്റെ തുടക്കം നാം കണ്ടുതുടങ്ങിയിട്ടുണ്ട്. എന്നാൽ, യഥാർഥ വെല്ലുവിളി, ഈ പ്രസ്ഥാനങ്ങളെ എങ്ങനെ കൂടുതൽ ദൃഢവും സ്ഥിരതയുള്ളതുമാക്കാം എന്നതാണ്. പരിസ്ഥിതി, തൊഴിൽ, ലിംഗനീതി, ദലിത് അവകാശങ്ങൾ, മതേതരത്വം, മനുഷ്യാവകാശം തുടങ്ങിയ വിവിധ തലങ്ങളിലുള്ള പോരാട്ടങ്ങളെ പരസ്പരം ബന്ധിപ്പിക്കണം. അവയ്ക്കിടയിലുള്ള ആന്തരികവൈരുധ്യങ്ങളെ പരിഹരിച്ച് കൂട്ടായ ഒരു നേതൃത്വം രൂപപ്പെടേണ്ടതുണ്ട്. എപ്പോഴും അപകീർത്തിപ്പെടുത്തപ്പെടുന്ന നമ്മുടെ രാഷ്ട്രീയ പ്രതിപക്ഷത്തെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വമുള്ളതുമായ ഒരു ബദലായി മാറ്റാൻ ഈ ജനകീയ മുന്നേറ്റങ്ങൾക്കു കഴിയണം.

### പൗരസമൂഹത്തെ വേരോടെ പിഴുതെറിയാനുള്ള ഭരണകൂട ശ്രമങ്ങൾക്കിടയിലും, പുതിയ തലമുറയിൽ താങ്കൾ കണ്ടെത്തുന്ന പ്രത്യാശയുടെ തുരുത്തെന്താണ്?

പ്രതീക്ഷ പൂർണമായും അസ്തമിച്ചാൽ, നാം നമ്മുടെ പോരാട്ടങ്ങൾ അവസാനിപ്പിക്കും. നമ്മൾ യാഥാർഥ്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് നിർത്തും. പ്രതികരിക്കാതാകും. അതു നമ്മെ നയിക്കുന്നത് വലിയൊരു ദുരന്തത്തിലേക്കായിരിക്കും. അതുകൊണ്ട്, പ്രത്യാശ എന്നത് കേവലമൊരു വാക്കല്ല; അതൊരു രാഷ്ട്രീയ പ്രവർത്തനമാണ്, നിലനിൽപ്പിനായുള്ള നിരന്തരമായ സമരമാണ്. ആ സമരം പുതിയ തലമുറ ഏറ്റെടുക്കുന്നു എന്നതു തന്നെയാണ് എന്റെ ഏറ്റവും വലിയ പ്രതീക്ഷ.■




*മൊഴിമാറ്റം : മനു അച്യുതത്ത്*



ടി. ടി. ശ്രീകുമാർ

# പ്രബുദ്ധത ചോരുന്ന ജനാധിപത്യം

**അധികാരത്തിന്റെ ഇരുണ്ട ഇടനാഴികളിൽ ജനാധിപത്യം അതിന്റെ ആത്മാവ് പണയംവയ്ക്കുകയും വിയോജിപ്പുകളുടെ സ്വരങ്ങളെ ദേശസ്നേഹത്തിന്റെ വ്യാജ അളവുകോലുകൾക്കൊണ്ട് വെട്ടിമാറ്റുകയും ചെയ്യുന്ന ഒരു കാലമാണിത്. ഭരണകൂടം എന്ന യന്ത്രം പൗരന്റെ ജൈവികമായ ചിന്തകളെയും പൊതുയുക്തിയെയും എങ്ങനെയാണ് സൂക്ഷ്മമായി ശ്വാസംമുട്ടിക്കുന്നതെന്ന് ഈ ലേഖനത്തിൽ വിചാരണ ചെയ്യുന്നു. അമിതാധികാരത്തിന്റെ സൂക്ഷ്മരൂപങ്ങളെയും അവയ്ക്കെതിരെ ഉയർന്നുവരേണ്ട പ്രതിരോധത്തിന്റെ ജനാധിപത്യ ഇടങ്ങളെയും കുറിച്ചുള്ള ഈ രാഷ്ട്രീയവിചാരം ഓരോ പൗരന്റെയും വർത്തമാനകാല ഉത്തരവാദിത്വങ്ങളെ ഓർമിപ്പിക്കുന്നതാണ്.**

"എന്താണ് ബോധോദയം?" ("What Is Enlightenment?") എന്ന പേരിൽ 1784-ൽ എഴുതിയ തന്റെ പ്രസിദ്ധമായ ഉപന്യാസത്തിന്റെ അന്ത്യഭാഗത്ത് പ്രഷ്യയിലെ ഫ്രെഡറിക് ദി ഗ്രേറ്റിന്റേതായി ചൂണ്ടിക്കാണിക്കപ്പെടുന്ന അത്യന്തം അസ്വസ്ഥതയുണ്ടാക്കുന്ന ഒരു വാചകം ഇമ്മാനുവൽ കാന്റ് ഉദ്ധരിക്കുന്നുണ്ട്: "Argue as much as you will, and about what you will, only obey". കാന്റിനെ സംബന്ധിച്ചിടത്തോളം, ഈ പ്രത്യക്ഷവൈരുധ്യം ഒരു നിർണായകമായ ചരിത്രസാധ്യതയെയാണ് ഉൾക്കൊണ്ടിരുന്നത്: നിലവിലെ സാമൂഹികക്രമത്തിനുള്ളിൽ അനുസരണ ആവശ്യപ്പെടുമ്പോൾതന്നെ, പൗരർക്കും പണ്ഡിതർക്കും ചോദ്യംചെയ്യാനും സംവാദങ്ങൾ നടത്താനും വിമർശിക്കാനും അനുവാദം നൽകിക്കൊണ്ട് പൊതുയുക്തിയുടെ (public use of reason) ഉപയോഗം ഒരു ഭരണാധികാരിക്ക് അനുവദിക്കാം. മനുഷ്യരാശി "സ്വയം വരുത്തിവച്ച അപക്വതയിൽ" ("Enlightenment is man's emergence from his self-imposed immaturity" - കാന്റിന്റെ ഉപന്യാസം ആരംഭിക്കുന്നത് ബോധോദയത്തെ ഇങ്ങനെ നിർവചിച്ചുകൊണ്ടാണ്.)നിന്നുള്ള മോചനത്തിന് പൊതുയുക്തിക്ക് യുക്തമായ ഈ സ്വാതന്ത്ര്യം ഒഴിച്ചുകൂടാനാവാത്തതാണെന്നു കാന്റ് കരുതി. എങ്കിലും, നമ്മുടെ കാലഘട്ടത്തിൽനിന്നു വായിക്കുമ്പോൾ, ഫ്രെഡറിക്കിന്റെ പ്രസ്താവന കൂടുതൽ ഇരുണ്ട ഒരു പശ്ചാത്തലത്തിലാണ് നാം മനസ്സിലാക്കേണ്ടിവരുന്നത്.



സമകാലിക ഏകാധിപത്യ, തീവ്രവലതുപക്ഷ രാഷ്ട്രീയം എല്ലായ്പ്പോഴും അഭിപ്രായപ്രകടനങ്ങളെ ഔദ്യോഗികമായി ഇല്ലാതാക്കണമെന്നില്ല; ഭീഷണിപ്പെടുത്തൽ, നിരീക്ഷണം, സ്ഥാ

പനപരമായ അച്ചടക്ക നടപടികൾ, സാമ്പത്തികസമ്മർദം, വിയോജിപ്പുകളെ വഞ്ചനയായി ചിത്രീകരിക്കൽ എന്നിവയിലൂടെ വിമർശനങ്ങൾ ഉയരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കപ്പെടുമ്പോഴും ഔപചാരികമായി വിമർശനങ്ങൾ അനുവദിക്കുന്ന ഭരണഘടനാസ്വാതന്ത്ര്യങ്ങൾ വെട്ടിമാറ്റപ്പെടാതെ നിലനിൽക്കുന്നുണ്ടാവും. അതിനാൽ, ഇന്ന് ജനാധിപത്യം നേരിടുന്ന ചോദ്യം പതിനെട്ടാംനൂറ്റാണ്ടിലെ കാന്റിന്റെ ഫോർമുലേഷനെക്കാൾ വ്യത്യസ്തമായ ഒന്നാണ്: അധികാരത്തോട് സംവദിക്കാൻ തയ്യാറാവുന്നതിന്റെ പ്രത്യാഘാതങ്ങൾ കൂടുതൽ നിർണയിക്കുന്നത് അധികാരംതന്നെയാവുന്ന സാഹചര്യത്തിൽ വിമർശനസ്വാതന്ത്ര്യത്തിന് അതിന്റെ വിശാലമായ അർഥവും പ്രസക്തിയും പൂർണമായും നഷ്ടപ്പെടുന്നു. മുകളിൽനിന്നു സമൂഹത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന രാഷ്ട്രീയ സംവിധാനമായി മാത്രം മനസ്സിലാക്കാൻ കഴിയാത്തത്ര സങ്കീർണമാണ് ഫാഷിസം രൂപംകൊള്ളുന്ന വഴികളെന്നത് വിസ്മരിച്ചുകൊണ്ട് ഇക്കാര്യം വിശദീകരിക്കാൻ കഴിയില്ല. അതിന്റെ ഏറ്റവും അസ്വസ്ഥതയുണ്ടാക്കുന്ന ചില അടിത്തറകൾ പൗരന്മാർ സ്വയം ഏകാധിപത്യ അധികാരത്തോട് മാനസികമായി അടുക്കുന്ന, പൊരുത്തപ്പെടുന്ന, അവരുടെ രാഷ്ട്രസങ്കല്പപരമായ അഭിലാഷങ്ങളിലും ആശങ്കകളിലും ദൈനംദിന പരിശീലനങ്ങളിലുമാണ് സ്ഥിതിചെയ്യുന്നത്. ജനസംഖ്യയിലെ വലിയൊരു വിഭാഗം എന്തുകൊണ്ടാണ് തങ്ങളുടെ സാമ്പത്തിക-ഭൗതിക താൽപര്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയക്രമത്തെ സജീവമായി ആഗ്രഹിക്കുന്നത് എന്ന നിർണായക ചോദ്യം വിൽഹെം റൈഹ് (Wilhelm Reich), ദി മാസ് സൈക്കോളജി ഓഫ് ഫാഷിസം (1933) എന്ന കൃതിയിൽ ഉന്നയിച്ചിരുന്നു. റൈഹിന്റെ അഭിപ്രായത്തിൽ, ഫാഷിസം വിജയിച്ചത് ഏകാധിപത്യം കുടുംബം, ലൈംഗികത, മതം, ധാർമികത തുടങ്ങിയ ദൈനംദിന സാമൂഹിക സ്ഥാപനങ്ങൾക്കുള്ളിൽ അതിനകംതന്നെ നിക്ഷേപിക്കപ്പെടുകയും കീഴ്‌വഴക്കത്തിനും ശ്രേണീകരണത്തിനും (hierarchy) മാനസികമായി തയ്യാറുള്ള മനുഷ്യരെ ഉൽപാദിപ്പിക്കുകയും ചെയ്തതുകൊണ്ടാണ്. ഡെലൂസും ഗ്വാത്തരിയും (Deleuze and Guattari) ആന്റി-ഈഡിപ്പസ് (1972) എന്ന ഗ്രന്ഥത്തിൽ ഈ നിരീക്ഷണത്തിനു സമാനമായ ചില നിഗമനങ്ങളിൽ എത്തുന്നുണ്ട്. ഫാഷിസം ഭരണകൂടത്തിന്റെ കേന്ദ്രിതസംവിധാനത്തിലൂടെ മാത്രമല്ല, നമ്മുടെ ദൈനംദിന ആഗ്രഹങ്ങളിലും വ്യക്തിത്വങ്ങളിലും സാമൂഹികബന്ധങ്ങളിലും അടങ്ങിയിരിക്കുന്ന അസംഖ്യം മൈക്രോഫാഷിസങ്ങളിലൂടെയും പ്രവർത്തിക്കുന്നുണ്ട്.

## വിയോജിപ്പ് സഹിക്കേണ്ട അസൗകര്യമല്ല

എന്നാൽ, ഇവിടെ പ്രശ്നം കേവലം ഏകാധിപത്യ ഭരണാധികാരികളാൽ ജനങ്ങൾ വഞ്ചിക്കപ്പെടുന്നു എന്നതോ സ്വന്തം അടിച്ചമർത്തലിനെത്തന്നെ അവർ ആഗ്രഹിക്കാൻ തുടങ്ങുന്നു എന്നതോ മാത്രമല്ല. വിദൂര-വലതുപക്ഷത്തിന്റെ സമകാലിക മുന്നേറ്റങ്ങൾക്കിടയിൽ ദേശീയത എന്നത് അനുസരണത്തിനായുള്ള വൈകാരിക ആവശ്യമായി മാറുകയും, ന്യൂനപക്ഷങ്ങൾ ആന്തരികശത്രുക്കളായി മാറ്റപ്പെടുകയും, വിയോജിപ്പുകൾ വഞ്ചനയായി ചിത്രീകരിക്കപ്പെടുകയും, ഒരു നേതാവിനോടുള്ള വിശ്വസ്തത രാഷ്ട്രത്തോടുള്ള വിശ്വസ്തതയിൽനിന്ന് വേർതിരിച്ചറിയാൻ കഴിയാത്തതാവുകയും ഈ ആശയങ്ങളെല്ലാം ഏറ്റെടുക്കുന്ന ആൾക്കൂട്ടങ്ങൾ തെരുവിൽ "നീതി" നടപ്പാക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ, ഔദ്യോഗികമായി ഇല്ലാതാക്കപ്പെടാതെതന്നെ ജനാധിപത്യം ഉള്ളിൽനിന്ന് ശൂന്യമാക്കപ്പെടുന്നു. അതിനാൽ, ഏകാധിപത്യത്തിനെതിരായ സമകാലിക പോരാട്ടം ഏകാധിപത്യ സർക്കാരുകളെയും സ്ഥാപനങ്ങളെയും മാത്രം അഭിമുഖീകരിച്ചാൽ പോരാ, മറിച്ച് ഏകാധിപത്യ രാഷ്ട്രീയം സ്വയം പുനരുൽപാദിപ്പിക്കുന്ന സാമൂഹിക ബോധങ്ങളെയും ഭയങ്ങളെയും അമർഷങ്ങളെയുംകൂടി അഭിസംബോധന ചെയ്യേണ്ടതുണ്ട്. അതുകൊണ്ടുതന്നെ, ഇന്ത്യയിൽ വിയോജിപ്പുകൾക്കുള്ള ഇടങ്ങൾ ഇല്ലാതാകുന്നുണ്ടോ എന്ന ചോദ്യത്തിന്, വിമർശനങ്ങൾ ഉയർത്താനുള്ള അവസരങ്ങൾ നിയമാനുസൃതമായി തുടരുന്നുണ്ടോ എന്നുമാത്രം പരിശോധിച്ചുകൊണ്ട് ഉത്തരം നൽകാൻ കഴിയില്ല. വിയോജിപ്പുകൾ



**അധികാരത്തോട് സംവദിക്കാൻ തയ്യാറാവുന്നതിന്റെ പ്രത്യാഘാതങ്ങൾ കൂടുതൽ നിർണയിക്കുന്നത് അധികാരംതന്നെയാവുന്ന സാഹചര്യത്തിൽ വിമർശനസ്വാതന്ത്ര്യത്തിന് അതിന്റെ വിശാലമായ അർഥവും പ്രസക്തിയും പൂർണമായും നഷ്ടപ്പെടുന്നു.**

അനാവശ്യമാണെന്നു കരുതുന്ന ഒരു പൊതുബോധത്തെ, അതിന്റെ സംഹാരകശക്തിയുള്ള ആൾക്കൂട്ടങ്ങളെ മതഭൂരിപക്ഷ രാഷ്ട്രീയം ഇന്ത്യയിൽ സൃഷ്ടിക്കുന്നുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 19(1)(a) അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുനൽകുന്നുണ്ട്, അനുച്ഛേദം 19(2)-ൽ നിർദേശിച്ചിട്ടുള്ള ന്യായമായ നിയന്ത്രണങ്ങൾക്ക് ഇത് വിധേയവുമാണ്. എന്നാൽ, ആനുപാതികമല്ലാത്ത നിയമപരമോ, സാമ്പത്തികമോ, തൊഴിൽപരമോ അല്ലെങ്കിൽ സാമൂഹികമോ ആയ പ്രശ്നങ്ങൾ നേരിടാതെ, ഭയപ്പെടാതെ, പൗരർക്ക് അധികാരവിമർശനം നടത്താൻ സാധിക്കുന്നുണ്ടോ എന്നതാണ് കൂടുതൽ ജനാധിപത്യപരമായ ചോദ്യം.

വിയോജിപ്പുകൾ പരസ്യമായി ഉയർത്തപ്പെടാനുള്ള സ്ഥാപനപരമായ സാഹചര്യങ്ങളെ ദുർബലപ്പെടുത്തുമ്പോൾ തന്നെ ഒരു ജനാധിപത്യരാജ്യത്തിന് തിരഞ്ഞെടുപ്പുകൾ, കോടതികൾ, ഭരണഘടനാപരമായ അവകാശങ്ങൾ എന്നിവ നിലനിറുത്താൻ കഴിഞ്ഞേക്കാം. വി-ഡെമിന്റെ (V-Dem) 2026-ലെ ഡെമോക്രസി റിപ്പോർട്ട് ഇന്ത്യയെ "ഇലക്ടറൽ ഓട്ടോക്രസി" ആയിട്ടാണ് കണക്കാക്കുന്നത്. ഫ്രീഡം ഹൗസ് (Freedom House) 100-ൽ 62 എന്ന സ്കോർ നൽകി ഇന്ത്യയെ "ഭാഗികമായി സ്വതന്ത്രം" (Partly Free) എന്നാണ് വിശേഷിപ്പിക്കുന്നത്. ഇത്തരം തരംതിരിക്കലുകൾ രീതിശാസ്ത്രപരമായി തർക്കവിഷയമായിരിക്കാമെങ്കിലും, അവ ചൂണ്ടിക്കാണിക്കുന്ന ആഭ്യന്തരജനാധിപത്യത്തിന്റെ തകർച്ചകൾ ഗൗരവമേറിയ സംവാദം അർഹിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ വിജയം ആശ്രയിച്ചിരിക്കുന്നത് ആധിപത്യങ്ങളിൽനിന്ന് സ്വതന്ത്രമായ ആശയവിനിമയത്തിലൂടെ പൗരർക്ക് അഭിപ്രായങ്ങൾ രൂപീകരിക്കാൻ കഴിയുന്ന ഒരു പൊതുമണ്ഡലത്തിന്റെ പ്രവർത്തനത്തിലാണ്. പത്രപ്രവർത്തനം, സർവകലാശാലകൾ, സന്നദ്ധസംഘടനകൾ, കലാ-സാംസ്കാരിക-ധൈഷണിക സ്ഥാപനങ്ങൾ, പൗരസമൂഹം എന്നിവ ജനാധിപത്യത്തിനു പുറമെയുള്ളവയല്ല; അവ അതിന്റെ ആശയവിനിമയഘടനയുടെ ഭാഗമാണ്. സംഭാഷണങ്ങൾ, വിമർശനങ്ങൾ, പൊതുയുക്തി എന്നിവയാൽ നയിക്കപ്പെടേണ്ട ഇടങ്ങളിലേക്ക് ഭരണകൂടാധികാരത്തിന്റെയും വിപണിശക്തിയുടെയും ഇടപെടലുകളും



**ഫാഷിസം ഭരണകൂടത്തിന്റെ കേന്ദ്രിതസംവിധാനത്തിലൂടെ മാത്രമല്ല, നമ്മുടെ ദൈനംദിന ആഗ്രഹങ്ങളിലും വ്യക്തിത്വങ്ങളിലും സാമൂഹികബന്ധങ്ങളിലും അടങ്ങിയിരിക്കുന്ന അസംഖ്യം മൈക്രോഫാഷിസങ്ങളിലൂടെയും പ്രവർത്തിക്കുന്നുണ്ട്.**



നിയന്ത്രണങ്ങളും ഉണ്ടാവുമ്പോൾ അതു പൗരസമൂഹത്തിന്റെ ജൈവലോകത്തേക്കുള്ള അധിനിവേശമായി മാറുന്നു. വിയോജിപ്പ് എന്നത് ജനാധിപത്യം സഹിക്കേണ്ട ഒരു അസൗകര്യമല്ല. മറിച്ച്, ജനാധിപത്യപരമായ സാധുത നിരന്തരം പുതുക്കപ്പെടുന്ന പ്രക്രിയകളിൽ ഒന്നാണത്. ഭരണകൂട നിയന്ത്രണങ്ങൾക്കുപുറമേ യാഥാസ്ഥിതിക മതഭൂരിപക്ഷ രാഷ്ട്രീയത്തിന്റെ ആൾക്കൂട്ടാധികാരവും കൂടിച്ചേർന്നതാണ് വിചാരണയും ശിക്ഷയും നടപ്പിലാക്കുന്നത് എന്നത് വിഹ്വലപ്പെടുത്തുന്ന സാഹചര്യം തന്നെയാണ്.

## മാധ്യമത്തകർച്ച

ഇന്ത്യയിലെ ഇന്നത്തെ മാധ്യമ പ്രതിസന്ധിയുടെ കാര്യം നോക്കുക. അതു പരമ്പരാഗത അർഥത്തിലുള്ള കേവല സെൻസർഷിപ്പ് മാത്രമല്ല. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് (Reporters Without Borders) അവരുടെ 2026-ലെ പ്രസ് ഫ്രീഡം ഇൻഡക്സിൽ 180 രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് 157-ാമത് സ്ഥാനമാണ് നൽകിയത്. മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണം, രാഷ്ട്രീയമായ ചേരിചേരൽ, വിമർശനാത്മക പത്രപ്രവർത്തനം നേരിടുന്ന സമ്മർദങ്ങൾ എന്നിവയാണ് അവർ സവിശേഷമായി ചൂണ്ടിക്കാണിച്ചത്. അതുപോലെ, റോയിട്ടേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടും നിരീക്ഷിക്കുന്നത്, ഉടമസ്ഥാവകാശം ഒരു ചെറിയ കൂട്ടം കോർപറേറ്റുകളിൽ കേന്ദ്രിതമായിരിക്കുകയാണെന്നും സർക്കാരിനെ വിമർശിക്കുന്ന സ്വതന്ത്ര മാധ്യമപ്രവർത്തകർക്ക് നിരന്തരം പീഡനങ്ങളോ നിയമപരമായ വെല്ലുവിളികളോ നേരിടേണ്ടിവരുന്നു എന്നുമാണ്. ഒരു ഔദ്യോഗിക നിരോധനത്തിന്റെ രൂപത്തിൽത്തന്നെ സെൻസർഷിപ്പ് വരണമെന്നില്ല. ഉടമസ്ഥതയുടെ കേന്ദ്രീകരണം, അമിതമായി കോർപറേറ്റ് പരസ്യങ്ങളെ ആശ്രയിക്കൽ, നിയമനടപടികളെക്കുറിച്ചുള്ള ഭയം, ഭരണകൂടത്തോടുള്ള ആശ്രിതത്വം എന്നിവയുടെ പശ്ചാത്തലത്തിൽ സംജാതമാകുന്നത്, അനുസരണയുള്ളവർക്കുമാത്രം ഗുണഫലങ്ങൾ ലഭിക്കുന്ന സാഹചര്യമാണ്. ഇതു സ്വയം സെൻസർഷിപ്പ് (self-censorship) എന്നത് വ്യവസ്ഥാപിതവും സാധാരണവുമായ പെരുമാറ്റരീതിയായി മാറ്റുന്നു. പൊതുമണ്ഡലം ഇല്ലാതാകുന്നില്ല; മറിച്ച്, അതിന്റെ ജൈവലോകം വികലമാക്കപ്പെടുന്നു. അതിന്റെ രാഷ്ട്രീയമായ പ്രസക്തിയും പ്രാമുഖ്യവും നഷ്ടപ്പെടുന്നു. ഡിജിറ്റൽ മാധ്യമങ്ങൾക്ക് ബദൽ പൊതുമണ്ഡലങ്ങൾ സാധ്യമാക്കിക്കൊണ്ട് ഈ കേന്ദ്രീകരണത്തെ ചെറുക്കാൻ കഴിയുമെന്ന പ്രതീതി ആദ്യം സൃഷ്ടിച്ചിരുന്നു. എന്നാൽ, ഡിജിറ്റൽ വിയോജിപ്പുകൾ ഇപ്പോൾ കടുത്ത നിയന്ത്രണ സംവിധാനങ്ങൾക്ക് വിധേയമായിരിക്കുകയാണ്. 2024-ൽ മാത്രം ഇന്ത്യയിൽ 84 ഇന്റർനെറ്റ് റദ്ദാക്കലുകൾ (internet shutdowns) ഉണ്ടായതായി ആക്സസ് നൗ (Access Now) രേഖപ്പെടുത്തിയിട്ടുണ്ട്. ആ വർഷം ഏതൊരു ജനാധിപത്യരാജ്യവും ഏർപ്പെടുത്തിയതിനെക്കാൾ ഉയർന്ന സംഖ്യയാണിത്. ഇന്റർനെറ്റ് റദ്ദാക്കലുകൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ അടിസ്ഥാനപ്പെടുത്തിയുള്ള ക്രിമിനൽ പരാതികൾ, സംഘടിതമായ ഓൺലൈൻ അധിക്ഷേപങ്ങൾ എന്നിവ ഡിജിറ്റൽ പൊതുമണ്ഡലത്തിന്റെ ജൈവലോകവും ആക്രമിക്കപ്പെടുന്നു എന്ന സ്ഥിതിയാണ് സൃഷ്ടിച്ചിരിക്കുന്നത്. അഭിപ്രായപ്രകടനത്തെ ജനാധിപത്യവത്കരിക്കുന്ന അതേ സാങ്കേതികവിദ്യകൾതന്നെ, വിയോജിക്കുന്നവരെ തിരിച്ചറിയുന്നതിനും ഒറ്റപ്പെടുത്തുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള പുതിയ ഉപകരണങ്ങളും സംവിധാനങ്ങളും മേൽനിരീക്ഷണ വ്യവസ്ഥകളും സൃഷ്ടിക്കുകയാണ്.

## അമിതാധികാര പ്രയോഗം

അഗംബന്റെ 'സ്റ്റേറ്റ് ഓഫ് എക്സപ്ഷൻ' (state of exception) എന്ന ആശയം, സാധാരണ നിയമവും അടിയന്തരാവസ്ഥയും തമ്മിലുള്ള വ്യത്യാസം പ്രായോഗികമായി റദ്ദുചെയ്തുകൊണ്ട് അസാധാരണ നടപടികളിലൂടെ ദൈനംദിന ഭരണം നടത്താനുള്ള രാഷ്ട്രീയാധികാരത്തിന്റെ പ്രവണതയെ സൂചിപ്പിക്കുന്നതാണ്. ഇന്ത്യയിലിപ്പോൾ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട ഒരു ശാശ്വത അടിയന്തരാവസ്ഥയാണ് നിലനിൽക്കുന്നതെന്ന് പറയാൻ കഴിയില്ല. എങ്കിലും പൗരസ്വാതന്ത്ര്യ നിഷേധത്തിനും അമിതാധികാര പ്രയോഗത്തിനുമായി അസാധാരണമായ ന്യായീകരണങ്ങൾ ഭീകരവാദം, പരമാധികാരം, ദേശീയസുരക്ഷ, ക്രമസമാധാനം എന്നിവ നിരന്തരം ഉപയോഗിക്കപ്പെടുമ്പോൾ, യു.എ.പി.എ. പോലുള്ള നിയമങ്ങൾ അങ്ങേയറ്റം നിരുത്തരവാദപരമായി പ്രയോഗിക്കപ്പെടുമ്പോൾ ഇന്ത്യയിൽ ഒരു 'സ്റ്റേറ്റ് ഓഫ് എക്സപ്ഷൻ' നിലനിൽക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാവുന്നുണ്ട്. യു.എ.പി.എ.കൂടാതെ, കൊളോണിയൽ രാജ്യദ്രോഹവകുപ്പിനുപകരം ഭാരതീയ ന്യായസംഹിതയിലെ സെക്ഷൻ 152 കൊണ്ടുവന്നതും സമാനമായ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. കാരണം പരമാധികാരം, ഏകത, അഖണ്ഡത എന്നിവയെ അപകടപ്പെടുത്തുന്ന പ്രവൃത്തികളെക്കുറിച്ചുള്ള അതിലെ ഭാഷ സങ്കുചിതമായ വ്യാഖ്യാനസാധ്യതകൾ നൽകുന്നുണ്ട്. ന്യായമായ ഒരു വിയോജിപ്പിനെതിരെയുള്ള ആയുധമാക്കുന്നതിന് പകരം ദേശീയസുരക്ഷ സംരക്ഷിക്കുന്ന ഒരു കവചമായി സെക്ഷൻ 152 പ്രവർത്തിക്ക

ണമെന്ന് രാജസ്ഥാൻ ഹൈക്കോടതി ഒരു വിധിയിലൂടെ ഇതിനകം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഭരണകൂടത്തിനെതിരായ ഭീഷണിയും സർക്കാരിനെതിരായ വിമർശനവും തമ്മിലുള്ള ആശയപരമായ അതിർവരമ്പ് ഇല്ലാതാകാൻ തുടങ്ങുമ്പോൾ സ്വേച്ഛാധിപത്യത്തെക്കുറിച്ചുള്ള ഈ മുന്നറിയിപ്പ് പ്രത്യേകം പ്രസക്തമാകുന്നു.

ജുഡീഷ്യറിയുടെ മാറുന്ന സമീപനങ്ങളും പരിശോധിക്കപ്പെടേണ്ടതുണ്ട്. രാഷ്ട്രീയമായ കേസുകളിൽ വൈകിയുള്ള ഇടപെടലിന്റെയോ അല്ലെങ്കിൽ സ്ഥാപനപരമായ വിധേയത്വത്തിന്റെയോ പേരിൽ കോടതികൾ വിമർശനങ്ങൾ നേരിടുന്നത് ആരോഗ്യകരമായ ജനാധിപത്യ സൂചനയല്ല. എങ്കിലും, ഇന്ത്യൻ കോടതികൾ വിയോജിപ്പുകൾക്കു ശക്തമായ പ്രതിരോധവും ഉറപ്പു നൽകിയിട്ടുണ്ട്. 2025 മാർച്ചിലെ ഇമ്രാൻ പ്രതാപ്ഗഢി വി. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് കേസിന്റെ വിധിയിൽ, അനുച്ഛേദം 19(2) പ്രകാരമുള്ള നിയന്ത്രണങ്ങൾ "ഭാവനാത്മകവും മർദകപരവുമാകുന്നതിനു"പകരം നീതിയുക്തമായിത്തന്നെ തുടരണമെന്നു സുപ്രീംകോടതി ഊന്നിപ്പറഞ്ഞിരുന്നു. സമാധാനപരമായ വിയോജിപ്പ് ഭരണഘടനാപരമായ ജനാധിപത്യത്തിൽ അന്തർലീനമായ ഘടകമാണെന്നും ഭരണകൂട നടപടികളെക്കുറിച്ചുള്ള വിമർശനങ്ങളെ ക്രിമിനൽ കുറ്റമായി കാണുന്നത് ജനാധിപത്യത്തെത്തന്നെ നിലനിർത്താൻ കഴിയാത്തതാക്കി മാറ്റുമെന്നും കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനാൽ, വിയോജിക്കുന്നവരെ ഒടുവിൽ കുറ്റവിമുക്തരാക്കിക്കൊണ്ട് മാത്രമല്ല, മറിച്ച്, സാധാരണ അഭിപ്രായവ്യത്യാസങ്ങൾ ക്രിമിനൽ സംശയങ്ങളായി മാറുന്നത് ആദ്യമേതന്നെ തടഞ്ഞുകൊണ്ടാണ് കോടതികൾ ജനാധിപത്യത്തെ സംരക്ഷിക്കുന്നത്. എന്നാൽ, ഈ സമീപനത്തിൽ മാറ്റമുണ്ടാവുന്നതും രാഷ്ട്രീയാധികാരത്തിന്റെ അമിതാധികാര ചോദനകൾ നീതിപീഠത്തെ സ്വാധീനിക്കുന്നതുമായ അവസ്ഥ രൂപംകൊള്ളുന്നത് ജനാധിപത്യത്തിനും ഭരണഘടനാനസൃതമായ രാഷ്ട്രീയത്തിനും വെല്ലുവിളിയായി മാറുമെന്നത് തീർച്ചയാണ്.

വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളും സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്. സാധുവായ വിസയുണ്ടായിരുന്നിട്ടും യു.കെ.യിൽനിന്നുള്ള പ്രശസ്ത പണ്ഡിതയായ ഫ്രാൻസെസ്ക ഓർസിനിക്ക് ഇന്ത്യയിൽ പ്രവേശനം നിഷേധിച്ചപ്പോൾ, ഇന്ത്യയിലെ അക്കാദമിക് സ്വാതന്ത്ര്യത്തെക്കുറിച്ച് 'ദി ഹിന്ദു'വിൽ ഞാൻ ഒരു ലേഖനം എഴുതിയിരുന്നു (India's academic openness under strain, The Hindu, January 7, 2026). ഇത്തരം സമ്മർദസാഹചര്യങ്ങൾ അടിക്കടി ഉണ്ടാവുന്നുണ്ട്. അക്കാദമിക് ഫ്രീഡം ഇൻഡക്സ് ഉദ്ധരിച്ച് സ്കോളേഴ്സ് അറ്റ് റിസ്ക് (Scholars at Risk) റിപ്പോർട്ട് ചെയ്തത്, 2024-ൽ ഇന്ത്യയുടെ അക്കാദമിക് സ്വാതന്ത്ര്യത്തിന്റെ സ്കോർ 0.16 ആണെന്നാണ്; ഇതു "പൂർണമായും നിയന്ത്രിക്കപ്പെട്ടവ" എന്ന വിഭാഗത്തിൽപ്പെടുന്നു. സർവകലാശാലകൾക്ക് ന്യായമായ ഭരണപരമായ ആവശ്യകതകൾ ഉണ്ടായാലും അഭിപ്രായവ്യത്യാസത്തെ അച്ചടക്കനടപടിക്കുള്ള കാരണമായി കാണുമ്പോൾ അവിടെ വലിയൊരു ജനാധിപത്യ പ്രശ്നമാണ് ഉടലെടുക്കുന്നത്. വിയോജിപ്പിനെ ഭയപ്പെടുന്ന ഒരു സർവകലാശാല അന്തിമമായി ബൗദ്ധിക പരീക്ഷണങ്ങളെത്തന്നെ ഭയപ്പെടാൻ തുടങ്ങുന്നു. കാരണം അറിവ് സ്വയം വികസിക്കുന്നത് അഭിപ്രായവ്യത്യാസങ്ങളിലൂടെയാണ്. ജ്ഞാനോദയം, അതിന്റെ എല്ലാ പരിമിതികൾക്കുള്ളിലും മാർക്സിസത്തിനുകൂടി ഉയർന്നുവരാൻ അനുവദിച്ച സാമൂഹിക പ്രത്യയശാസ്ത്രമാണ്. ഇന്നിപ്പോൾ ജ്ഞാനോദയത്തിനുള്ളിലെ പ്രബുദ്ധത എന്ന ആശയത്തിനാണ് മതഭൂരിപക്ഷ രാഷ്ട്രീയം ഇന്ത്യയിലും യാഥാസ്ഥിതിക വലതുപക്ഷം ആഗോളതലത്തിലും ആഴത്തിൽ പരിക്കേൽപ്പിക്കുന്നത്.

## ലിബറൽ വിരുദ്ധത

ഇല്ലിബറൽ (illiberal) ജനാധിപത്യത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ സമീപകാല അനുഭവങ്ങൾ ഒറ്റപ്പെട്ടതല്ല. തിരഞ്ഞെടുക്കപ്പെട്ട ഒരു വലതുപക്ഷ സർക്കാരിന് മാധ്യമങ്ങളുടെ ഉടമസ്ഥതയിലൂടെയും നിയന്ത്രണത്തിലൂടെയും, സർവകലാശാലകളിലെ ഇടപെടലുകളിലൂടെയും, എൻ.ജി.ഒകൾക്ക് മേലുള്ള സമ്മർദത്തിലൂടെയും തിരഞ്ഞെടുപ്പുകൾ തുടർച്ചയായി നടത്തിക്കൊണ്ടുതന്നെ ബഹുസ്വരതയെ എങ്ങനെ ഘട്ടംഘട്ടമാ




**വിയോജിപ്പുകൾ അനാവശ്യമാണെന്ന കരുതുന്ന ഒരു പൊതുബോധത്തെ, അതിന്റെ സംഹാരകശക്തിയുള്ള ആൾക്കൂട്ടങ്ങളെ മതഭൂരിപക്ഷ രാഷ്ട്രീയം ഇന്ത്യയിൽ സൃഷ്ടിക്കുന്നുണ്ട്.**

യി ചുരുക്കാൻ കഴിയുമെന്ന് ഓർബൻ കാലഘട്ടത്തിലെ ഹംഗറി തെളിയിച്ചതാണ്. തുർക്കിയിലെ ഭീകരവിരുദ്ധ, അവഹേളന, "വ്യാജവിവര" വിരുദ്ധ വ്യവസ്ഥകൾ മാധ്യമപ്രവർത്തകർക്കിടയിൽ ഭീതി സൃഷ്ടിക്കുകയും സ്വയം സെൻസർഷിപ്പിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്ന് കൗൺസിൽ ഓഫ് യൂറോപ്പ് ആവർത്തിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലെ തീവ്രവലതുപക്ഷ പ്രസ്ഥാനങ്ങളിലും സമാനമായ പ്രവണതകൾ ദൃശ്യമാണ്. വ്യവസ്ഥാപിതമായ പ്രതിപക്ഷത്തെപ്പോലും ന്യായമായ ജനാധിപത്യ സംവിധാനമായല്ല, മറിച്ച്, നിരന്തരമായി നിലനിൽക്കുന്ന ദേശവിരുദ്ധ ഗൂഢാലോചനയായോ, ദേശീയ സംസ്കാരത്തോടുള്ള ശത്രുതയായോ അല്ലെങ്കിൽ ബാഹ്യശത്രുക്കളുമായുള്ള കൂട്ടുകെട്ടായോ ആണ് വലതുപക്ഷ ഭരണകൂടങ്ങൾ ലോകത്തെമ്പാടും ഇപ്പോൾ ചിത്രീകരിക്കുന്നത്. സമകാലിക ആഗോള ലിബറൽ വിരുദ്ധത (illiberalism) പലപ്പോഴും ജനാധിപത്യ സ്ഥാപനങ്ങളെ തകർക്കുന്നില്ല; മറിച്ച്, അത് അവയുടെ പരിസ്ഥിതിയെയാണ് മാറ്റിമറിക്കുന്നത്. തിരഞ്ഞെടുപ്പുകൾ തുടരുന്നു, പത്രങ്ങൾ പുറത്തിറങ്ങുന്നു, സർവകലാശാലകൾ തുറന്നു പ്രവർത്തിക്കുന്നു, കോടതികൾ സമ്മേളിക്കുന്നു; എന്നാൽ, എതിർപ്പുകൾ പ്രകടിപ്പിക്കുന്നതിനുള്ള സാമൂഹിക, സാമ്പത്തിക, നിയമ തടസ്സങ്ങൾ തുടർച്ചയായി വർധിക്കുന്നു. ആശയവിനിമയ ഇടങ്ങൾ രാഷ്ട്രീയ, സാമ്പത്തിക ശക്തികളാൽ കൈയടക്കപ്പെടുമ്പോൾ ജനാധിപത്യം ക്ഷയിക്കുന്നു. ഭരണഘടന ഔദ്യോഗികമായി റദ്ദാക്കാതെതന്നെ ഭരണകൂടാധികാരത്തിന്റെ അസാധാരണ രൂപങ്ങൾ സാധാരണവൽക്കരിക്കപ്പെടുന്നു. അതിനാൽ, പ്രധാന അപകടം ഏതെങ്കിലും പ്രഖ്യാപിത അടിയന്തരാവസ്ഥയോട് ഉപമിക്കാവുന്ന ഏകാധിപത്യമാകണമെന്നില്ല. അതിനുപകരം, അധികാരത്തെ ചോദ്യംചെയ്യാനുള്ള അവകാശമെന്ന നിലയിലുള്ള ജനാധിപത്യപൗരത്വം, അധികാരത്തോടുള്ള വിശ്വസ്തതമാത്രം പ്രതീക്ഷിക്കുന്ന, എപ്പോൾ വേണമെങ്കിലും റദ്ദുചെയ്യപ്പെടാവുന്ന, അനിശ്ചിതസ്വത്വമായി മാറുന്നത് പ്രഖ്യാപിത അടിയന്തരാവസ്ഥകളെക്കാൾ പ്രശ്നഭരിതമായ ജനാധിപത്യ നിഷേധമാവുന്നു.

മതഭൂരിപക്ഷ രാഷ്ട്രീയം നിരന്തരം ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു വേർതിരിവ് വീണ്ടെടുക്കുക എന്നത് ജനാധിപത്യത്തിൽ പ്രധാനമാണ്: സർക്കാരും, ഭരണകൂടവും (State), രാഷ്ട്രവും (nation) ഒന്നല്ല. അതിനാൽ, ഒരു സർക്കാരിനെ വിമർശിക്കുന്നത് രാഷ്ട്രത്തോടുള്ള ശത്രുതയല്ല. മറിച്ച്, താത്കാലികമായി ഭരണം ഏല്പിക്കപ്പെട്ടവരുടെ അതിക്രമങ്ങളിൽനിന്ന് റിപ്പബ്ലിക്കിനെ സംരക്ഷിക്കാൻ പൗരന്മാർ ഉപയോഗിക്കുന്ന പ്രധാന വഴികളിലൊന്നാണത്. എല്ലാവരും യോജിക്കുന്നത് കൊണ്ടല്ല ഒരു ജനാധിപത്യം ആരോഗ്യകരമാകുന്നത്. ഭയം കൂടാതെ അഭിപ്രായവ്യത്യാസങ്ങൾ വ്യക്തമാക്കാൻ കഴിയുന്നുണ്ടോ; ഭൂരിപക്ഷത്തിനെതിരെ ന്യൂനപക്ഷങ്ങൾക്ക് സംസാരിക്കാൻ കഴിയുന്നുണ്ടോ; പരമ്പരാഗത അറിവുകളെ വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും ചോദ്യംചെയ്യാൻ കഴിയുന്നുണ്ടോ; ഭരിക്കുന്നവരെക്കുറിച്ച് അന്വേഷിക്കാൻ മാധ്യമപ്രവർത്തകർക്ക് സാധിക്കുന്നുണ്ടോ; സ്വന്തം ദേശസ്നേഹം ആദ്യം തെളിയിക്കേണ്ടിവരാതെ പൗരന്മാർക്ക് ഭരണകൂടത്തെ വിമർശിക്കാൻ കഴിയുന്നുണ്ടോ എന്നതിലൂടെയൊക്കെയാണ് ഒരു ജനാധിപത്യ സമൂഹത്തിന്റെ ആരോഗ്യം അളക്കപ്പെടുന്നത്. ആ അർഥത്തിൽ, വിയോജിപ്പ് എന്നത് ജനാധിപത്യത്തിന്റെ ശത്രുവല്ല. അത് ജനാധിപത്യത്തിന്റെ സ്വയം തിരുത്തൽ സംവിധാനമാണ്. അന്തിമമായി അതിന്റെ നിലനിൽപ്പിന്റെ വ്യവസ്ഥകളിൽ ഒന്നുമാണ്. അതുകൊണ്ടുതന്നെയാണ് ഇതിനെതിരെയുള്ള പ്രതിരോധത്തിന്റെ രാഷ്ട്രീയവും കഴിഞ്ഞ ദശകത്തിൽ പുതിയ രൂപങ്ങൾ കൈക്കൊണ്ടുകൊണ്ട് വളർന്നുവന്നത്.

## ജനാധിപത്യ ഇടതുപക്ഷം

പരിവാർ ഭരണകൂടത്തിനെതിരെ വ്യത്യസ്തങ്ങളും എന്നാൽ, അധികാരവിരുദ്ധതയുടെ കാര്യത്തിൽ പരസ്പരബന്ധിതവുമായ നിരവധി സമരങ്ങൾക്ക് ഇന്ത്യ ഇപ്പോഴും സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരായ (anti-CAA) പ്രക്ഷോഭങ്ങൾ, കർഷക പ്രസ്ഥാനം, തുടർച്ചയായ രാജ്യവ്യാപക തൊഴിലാളി പണിമുടക്കുകൾ, വിദ്യാർഥി പ്രതിഷേധങ്ങൾ, തൊഴില്ലായ്മയ്ക്കും പരീക്ഷകൾക്കും എതിരെയുള്ള യുവാക്കളുടെ പ്രക്ഷോഭങ്ങൾ, കൂടാതെ ദലിതർ, ആദിവാസികൾ, സ്ത്രീകൾ, മറ്റു പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ പ്രസ്ഥാനങ്ങൾ, ഏറ്റവും ഒടുവിലായി ജന്തർമന്തർ പ്രക്ഷോഭവും നാം കണ്ടുകഴിഞ്ഞു. ഈ പോരാട്ടങ്ങൾ എല്ലായ്പ്പോഴും വ്യക്തമായ ഒരു വർഗരാഷ്ട്രീയത്തിന്റെ ഭാഷയിൽ സംസാരിക്കുന്നില്ലെങ്കിലും ജീവനമാർഗം, പൗരത്വം, ജാതി, കാർഷിക തകർച്ച, തൊഴിൽപരമായ അനിശ്ചിതത്വം, ജനാധിപത്യ അവകാശങ്ങൾ എന്നിവയുടെ ചോദ്യങ്ങൾ സമന്വയിക്കുന്ന വർഗസമരത്തിന്റെതന്നെ മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ ഭൂപടത്തെയാണ് അവ വെളിപ്പെടുത്തുന്നത്. ഈ പശ്ചാത്തലത്തിൽ, ഒരു ജനാധിപത്യ ഇടതുപക്ഷത്തിന്റെ പങ്ക് പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ഓരോ പ്രസ്ഥാനത്തെയും ഒരൊറ്റ പ്രത്യയശാസ്ത്ര പതാകയ്ക്കുകീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന ഒരു ബാഹ്യശക്തിയായിട്ടല്ല; മറിച്ച്, പ്രതിരോധത്തിന്റെ ചിതറിയ ഇടങ്ങളിലുടനീളം ഐക്യദാർഢ്യം കെട്ടിപ്പടുക്കുന്ന ആന്തരിക പ്രത്യയശാസ്ത്രമായിട്ടാണ് അതു പ്രവർത്തിക്കുന്നത്. നേരത്തെ സൂചിപ്പിച്ച സമരങ്ങളിലെല്ലാംതന്നെ കൃത്യമായ ദൃശ്യതയോടെ ഇടപെട്ടതും ഐക്യദാർഢ്യം പ്രഖ്യാപിച്ച് ആദ്യന്തം ഒപ്പംനിന്നതും ഇടതുപക്ഷ പ്രസ്ഥാനങ്ങളും അവരുടെ ട്രേഡ് യൂണിയനുകളും ആയിരുന്നുവെന്നത് നിഷേധിക്കാൻ കഴിയില്ല. ഇടതുപക്ഷ രാഷ്ട്രീയം എപ്പോഴും സാമ്പത്തിക ചൂഷണത്തെ പൗരസ്വാതന്ത്ര്യത്തിന്റെ തകർച്ച, ഭൂരിപക്ഷ സാംസ്കാരിക ദേശീയതയുടെ സങ്കുചിത ലക്ഷ്യങ്ങൾ, അമിതാധികാര പ്രയോഗങ്ങൾ, ബഹുമുഖമായ അന്യവൽക്കരണം, മൂലധനത്തിന്റെ താൽപര്യങ്ങളും വിപര്യയങ്ങളും, ഭരണകൂടത്തിന്റെ സ്വഭാവം എന്നിവയുമായി ബന്ധിപ്പിച്ചാണ് മനസ്സിലാക്കുന്നത്. അതിനാൽ, ഇന്ത്യൻ ജനാധിപത്യത്തെ അനുദിനം ചുരുക്കിക്കൊണ്ടിരിക്കുന്ന ഏകാധിപത്യപ്രവണതകളെ ചെറുക്കാൻ ശേഷിയുള്ള കൂടുതൽ വിപുലമായ ജനാധിപത്യ പ്രതിരോധശക്തിയായി ആനുകാലികപ്രതിഷേധങ്ങളെ പരിവർത്തനംചെയ്യുന്നതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും ബഹുജനസംഘടനകൾക്കുമാണ് ഏറ്റവും കൂടുതൽ സാർഥകമായ പങ്കുവഹിക്കാൻ കഴിയുക.■

ഫോക്കസ്



ജെ. പ്രഭാഷ്

# ജനാധിപത്യം ശക്തിപ്പെടാൻ
## മുദ്രാവാക്യങ്ങൾ കവിതകളാകണം

**അധികാരത്തിന്റെ ഉന്മാദങ്ങൾ മനുഷ്യപ്രജ്ഞയെ കീഴ്പ്പെടുത്തുകയും, മൗനം ഒരു സാർവത്രികശീലമായി മാറുകയുംചെയ്യുന്ന കെട്ടകാലത്ത് വിയോജിപ്പുകൾ കേവലം രാഷ്ട്രീയമല്ല; അതൊരു അസ്തിത്വപരമായ ആവശ്യമാണ്. ഭരണകൂടം പൗരനെ വെറും കാഴ്ചക്കാരനാക്കി ചുരുക്കുകയും ജനാധിപത്യത്തെ വെറുമൊരു തിരഞ്ഞെടുപ്പുത്സവമായി വഴിതിരിച്ചുവിടുകയും ചെയ്യുന്ന ഈ ദുരന്തപർവത്തെക്കുറിച്ചുള്ള ഗാഢമായ ഒരു വിചാരമാണ് ഈ ലേഖനം. ചോദ്യങ്ങൾ ചോദിക്കാൻ മറന്നുപോയ ഒരു ജനത, തങ്ങളുടെ തന്നെ മൗനംകൊണ്ട് ജനാധിപത്യത്തെ എങ്ങനെ ശവപ്പറമ്പാക്കുന്നു എന്നതിന്റെ ദാർശനികമായ അന്വേഷണം.**



അധികാരത്തെ മൂല്യമായി തെറ്റിദ്ധരിച്ചിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഇക്കാര്യത്തിൽ ജനാധിപത്യമെന്നോ സമഗ്രാധിപത്യമെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല, അഥവാ ഉണ്ടെങ്കിൽത്തന്നെ അത് അതീവ ദുർബലമായിരിക്കുന്നു. കാരണം, ജനാധിപത്യത്തിൽ പോലും അധികാരികൾ സ്വയം പൗരധർമത്തിനും ഭരണഘടനാസ്ഥാപനങ്ങൾക്കും മുകളിലായി പ്രതിഷ്ഠിച്ചിരിക്കുന്നു. 'അസ്വാതന്ത്ര്യത്തിന്റെ പ്രവാചകരായി' അവർ നിൽക്കുന്നു. ഇവരും അനുചരവൃന്ദങ്ങളും നിയമവാഴ്ചയ്ക്ക് മുകളിലും സാധാരണ ജനങ്ങൾ അതിനുള്ളിലുമാണ് ജീവിക്കുന്നത്. ഭരണകർത്താക്കൾക്ക് അവർ നിർമിക്കുന്ന നിയമങ്ങൾ പോലും ബാധകമാകുന്നില്ല. മാക്യവെല്ലി നാട്ടരചനു നൽകിയ ഉപദേശം ഓർമവരുന്നു: "അധികാരം വേണമെങ്കിൽ നിങ്ങൾ അതു പിടിച്ചെടുക്കണം; നെറിയും നാണവുമില്ലാതെ, ധർമാധർമങ്ങളെക്കുറിച്ച് വേപഥുകൊള്ളാതെ. ലക്ഷ്യം മാർഗത്തെ ന്യായീകരിച്ചുകൊള്ളും." അപവാദങ്ങൾ



മാറ്റിവച്ചാൽ, ലോകത്തെമ്പാടുമുള്ള ഭരണകൂടങ്ങൾ സഞ്ചരിക്കുന്നത് ഇതേ മാർഗത്തിലൂടെയാണ്. ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നു മാത്രം.

## വിയോജിക്കാനുള്ള അവകാശം

പൗരത്വത്തിന്റെ ഏറ്റവും മഹത്തായ ഭാവമാണ് വിയോജിക്കാനുള്ള അവകാശം. അഭിപ്രായസ്വാതന്ത്ര്യത്തിൽ നിന്നാണ് ഇത് ഉദ്ഭവിക്കുന്നത്. ജീവിച്ചിരിക്കുന്നവർ സംസാരിക്കണമെന്നത് പ്രകൃതിനിയമമാണ്. മനുഷ്യന്റെ ഉറക്കംപോലും ചിലപ്പോൾ ഉറക്കെയാവാറുണ്ടെന്ന കാര്യം ഓർക്കുക. കൂർക്കം വലിക്കുമ്പോൾ നാം അതാണല്ലോ ചെയ്യുന്നത്. മരിച്ചവരെ മാത്രമേ ഈ സാർവലൗകിക തത്ത്വത്തിൽനിന്ന് പ്രകൃതി മാറ്റിനിറുത്തുന്നുള്ളൂ. ഇതിനർഥം ജീവിച്ചിരിക്കുന്നവരെ മൗനികളാക്കുന്നതെന്തും പ്രകൃതിനിയമത്തിന്റെ നിരാസമാണെന്നാണ്. ജനാധിപത്യത്തിലേക്കു വന്നാൽ, പൗരന്മാർ മൗനികളായാൽ, വിമർശനചിന്ത വെടിഞ്ഞാൽ, അവർ വെറും കേൾവിക്കാരും കാഴ്ചക്കാരുമായി മാറും. ഒരുതരം സ്വപ്നാടന ജീവിതമാകും പിന്നീട്. ഇതോടെ, അവർ രാഷ്ട്രീയജീവികൾ അല്ലാതാകും, ജനാധിപത്യം ഇല്ലാതാകും. കാരണം, അതു (ജനാധിപത്യം) നിലനിൽക്കുന്നത് പൗരസമൂഹത്തിന്റെ രാഷ്ട്രീയബോധ്യത്തിലാണ്. ജനാധിപത്യമെന്നത് 'തിരഞ്ഞെടുപ്പാണ'ല്ലോ, 'തിരഞ്ഞെടുപ്പ്' ആകട്ടെ, ഒരു രാഷ്ട്രീയ തീരുമാനവും (Democracy is a choice and choice is a political decision). ഇതു ഭരണാധിപന്മാരെ തിരഞ്ഞെടുക്കുന്നതിൽ മാത്രം ഒതുങ്ങുന്നുമില്ല. ഇഷ്ടമുള്ള ഭാഷ, മതം, വിദ്യാഭ്യാസം, ഭക്ഷണം, വേഷഭൂഷാദികൾ, ചിന്ത, അഭിപ്രായപ്രകടനം, നയങ്ങൾ, രാഷ്ട്രീയം, സംസ്കാരം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. അതുകൊണ്ടാണ് വിയോജിക്കാനുള്ള അവകാശം ജനാധിപത്യത്തിന്റെ കാതലായി മാറുന്നത്.

> **ജീവിച്ചിരിക്കുന്നവരെ മൗനികളാക്കുന്നതെന്തും പ്രകൃതിനിയമത്തിന്റെ നിരാസമാണെന്നാണ്. ജനാധിപത്യത്തിലേക്കു വന്നാൽ, പൗരന്മാർ മൗനികളായാൽ, വിമർശനചിന്ത വെടിഞ്ഞാൽ, അവർ വെറും കേൾവിക്കാരും കാഴ്ചക്കാരുമായി മാറും.**

മറുവശത്ത്, വിയോജിപ്പിന്റെ അടിസ്ഥാനം ചിന്തയാണ്. ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുന്നിടത്തുനിന്നാണ് ഇതാരംഭിക്കുന്നത്. ചോദ്യങ്ങൾ ചോദിക്കുമ്പോൾ ചിന്ത വേവുന്ന തലയും തലച്ചോറുമുണ്ടാവുന്നു, തലച്ചോറ് ചട്ടിയിലെ ചോറിൽനിന്ന് വ്യത്യസ്തമാവുന്നു, മനസ്സിന്റെ സ്വരാജിന് (the swaraj of the mind) വഴിതെളിക്കുന്നു. അതൊടുവിൽ ചെന്നെത്തുന്നത് ഭരണകൂടത്തിന്റെ ശരിതെറ്റുകളുടെ കണക്കെടുപ്പിലാണ്. ഇതാണ് സോക്രട്ടീസും ഗാന്ധിജിയും ചെയ്തത്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണല്ലോ പുരാതന ഗ്രീസ്. അവിടത്തെ എഴുത്തുകാരും ചിന്തകരും ഭരണകൂടത്തോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. ഷേക്സ്പിയറുടെ ഹാംലെറ്റിലെ കഥാപാത്രമായ മാർസെല്ലസിനെ (Marcellus) പോലെ, "ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നു" എന്നു പറഞ്ഞുകൊണ്ടിരുന്നു.

ഇന്ത്യയ്ക്കും ഇത്തരമൊരു മഹത്തായ പാരമ്പര്യമുണ്ടായിരുന്നു എന്ന വസ്തുതയും അവശേഷിക്കുന്നു. ഇതു മനസ്സിലാക്കാൻ നാം ഇന്ത്യൻ തത്ത്വചിന്തയിലേക്കൊന്നും പോകേണ്ടതില്ല. രാമായണവും മഹാഭാരതവും മനസ്സിരുത്തി വായിച്ചാൽ മതി. ശരിയും തെറ്റും, നന്മയും തിന്മയും എന്താണെന്ന ധർമസങ്കടവും അതിനെക്കുറിച്ചുള്ള സുദീർഘമായ സംവാദവുമാണ് രാമായണകഥയുടെ ആണിക്കല്ല്. 'ധർമത്തെ' നിർവചിക്കുന്നതിലെ ബുദ്ധിമുട്ടായി ഇതു മറ്റൊരു രീതിയിൽ മഹാഭാരതത്തിലും പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ടാണ് കൃഷ്ണൻ 'സ്വധർമ'ത്തെക്കുറിച്ച് പറയുന്നത്. സംശയം വേണ്ട, അത്

(സ്വധർമം) അവനവന്റെ ജാതിയോ മതമോ ഒന്നുമല്ല. പിന്നെയോ, ധർമത്തെക്കുറിച്ചുള്ള ഓരോരുത്തരുടെയും സങ്കല്പവും ബോധ്യവുമാണ്. ശരിയും തെറ്റും വേർതിരിച്ചറിയാനുള്ള മനുഷ്യമനസ്സിന്റെ സ്വയംഭരണം. ഇവിടെയാണ് മുൻപ് സൂചിപ്പിച്ച ചിന്തയും വിമർശനവും അഭിപ്രായസ്വാതന്ത്ര്യവും പ്രസക്തമാകുന്നത്.

ഇതു രാഷ്ട്രനിർമാണ പ്രവർത്തനത്തിന്റെ ഭാഗവുമാണ്, ബഹുസ്വരസമൂഹത്തിൽ വിശേഷിച്ചും. അത്തരം സമൂഹത്തിൽ രാഷ്ട്രനിർമാണം വളരെ സങ്കീർണവും വിഷമകരവുമായ ഏർപ്പാടാണ്. എല്ലാ സംസ്കാരങ്ങൾക്കും വിശ്വാസങ്ങൾക്കും ജനവിഭാഗങ്ങൾക്കും തുല്യപരിഗണനയും പൗരന്മാർക്ക് ഭേദചിന്തയില്ലാതെ അർഹിക്കുന്ന സ്ഥാനവും നൽകേണ്ടതുണ്ട്. അംബേദ്കർ ഏറ്റവുമധികം ഊന്നൽ നൽകിയ വിഷയമാണിത്. അദ്ദേഹം മുന്നോട്ടുവച്ച സോഷ്യൽ ഡെമോക്രസിയുടെ മൗലികതത്ത്വംതന്നെ സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമായിരുന്നു എന്ന വസ്തുത സ്മരണീയമാണ്.

എന്നാൽ, ഇത്തരം കാര്യങ്ങളെ, പ്രത്യേകിച്ച് മനസ്സിന്റെ സ്വയംഭരണത്തെ, ഭരണകൂടങ്ങൾ ഭയത്തോടെയാണ് വീക്ഷിക്കുന്നത് എന്നതാണ് പ്രശ്നം. ജൂലിയസ് സീസർ നാടകത്തിൽ സീസർ കാഷിയസിനെക്കുറിച്ച് (Caius Cassius) പറയുന്നത് ഓർമയില്ലേ? "എനിക്കു വേണ്ടത് ശാപ്പാട്ടുരാമന്മാരെയും മന്ദബുദ്ധികളെയുമാണ്, തിന്നുമദിച്ചു കിടന്നുറങ്ങുന്നവർ. കാഷിയസ് മെല്ലിച്ചവനും വിശന്നുവലഞ്ഞവന്റെ കണ്ണുകളുള്ളവനും ചിന്തിക്കുന്നവനുമാണ്. അത്തരക്കാർ അപകടകാരികളാണ്." ഇത് എക്കാലവും ഭരണകൂടങ്ങളുടെ ധർമസങ്കടമാണ്. ഫ്രീഡംഹൗസിന്റെ റിപ്പോർട്ടനുസരിച്ച് ലോകത്തെമ്പാടും കഴിഞ്ഞ പതിനേഴു വർഷം തുടർച്ചയായി വ്യക്തിസ്വാതന്ത്ര്യത്തിന്റെ പോക്ക് താഴേക്കാണ്. മാത്രമല്ല, സ്വേച്ഛാധിപതികൾ സ്വന്തം ജനങ്ങളെ അടിച്ചമർത്താനുള്ള പുത്തൻ മാർഗങ്ങൾ അന്വേഷിക്കുകയും ഇക്കാര്യങ്ങളിൽ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. രാജ്യത്തിനകത്ത് അവർ വർഗീയ–ഫാസിസ്റ്റ് ശക്തികളെ ജനങ്ങൾക്കുനേരേ കെട്ടഴിച്ചുവിട്ടും ഭരണഘടനാസ്ഥാപനങ്ങളെ വരുതിയിലാക്കിയും ജനാധിപത്യത്തെ ഇല്ലാതാക്കാൻ യത്നിക്കുന്നു.



## തലകീഴായി നിൽക്കുന്ന ഇന്ത്യൻ ജനാധിപത്യം

നിർഭാഗ്യവശാൽ ഇതുതന്നെയാണ് ഇന്ത്യയിലും സംഭവിക്കുന്നത്, ചില ചില്ലറ ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നു മാത്രം. അതും സ്വാതന്ത്ര്യം ലഭിച്ചിട്ട് എൺപതു വർഷം തികഞ്ഞിട്ടും. ഒരു രാഷ്ട്രത്തിന്റെ ചരിത്രത്തിൽ എൺപതു വർഷമെന്നത് തീരെ ചെറിയൊരു കാലയളവാണ്, ശൈശവം എന്നുതന്നെ



പറയാം. പക്ഷേ, ഇന്ത്യൻ ജനാധിപത്യത്തിന് ജരാനര ബാധിച്ചിരിക്കുന്നു; രാഷ്ട്രം ശൈശവത്തിലും ജനാധിപത്യം അകാലവാർധക്യത്തിലും. വല്ലാത്ത വൈരുധ്യം. നമ്മുടെ രാഷ്ട്രീയത്തിൽനിന്നും സംഘസ്മൃതിയിൽനിന്നുതന്നെയും ജനാധിപത്യബോധം വാർന്നുതുടങ്ങിയിരിക്കുന്നു. പകരം താരാരാധനയും വിഭാഗീയതയും തമ്പടിച്ചിരിക്കുന്നു. താരാരാധനയുടെ പ്രശ്നം, അതുണ്ടായാൽ ജനങ്ങൾ തങ്ങളുടെ സ്വയംനിർണയാവകാശം പുറംകരാർ കൊടുക്കുകയും വ്യക്തിപൂജയെ ദേശസ്നേഹമായി തെറ്റിദ്ധരിക്കുകയും സ്വന്തം അവകാശങ്ങൾ 'തഥാഗതനു' മുന്നിൽ അടിയറവുവയ്ക്കുകയും ചെയ്യുമെന്നതാണ്. ഇതിന്റെ ചെറുപതിപ്പാണ് വർത്തമാനകാല ഭാരതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. മറുവശത്ത്, ഭരണകൂടം വിഭാഗീയതയെ ഊട്ടിവളർത്തി, "വീ ദ പീപ്പിളിൽ" നിന്നു"വീ"യെ ഇല്ലാതാക്കുകയും "നമ്മളും അവരു"മായി സമൂഹത്തെ മുറിച്ചുമാറ്റുകയും ചെയ്യുന്നു. ഇതിനെ ചോദ്യംചെയ്യുന്നവർ 'രാജ്യദ്രോഹികളും' നീതിമത്കരിക്കുന്നവർ 'ദേശഭക്തരും'

**പക്ഷേ, ഇന്ത്യൻ ജനാധിപത്യത്തിന് ജരാനര ബാധിച്ചിരിക്കുന്നു; രാഷ്ട്രം ശൈശവത്തിലും ജനാധിപത്യം അകാലവാർധക്യത്തിലും. വല്ലാത്ത വൈരുധ്യം.**

**നമ്മുടെ രാഷ്ട്രീയത്തിൽനിന്നും സംഘസ്മൃതിയിൽനിന്നു തന്നെയും ജനാധിപത്യബോധം വാർന്നുതുടങ്ങിയിരിക്കുന്നു. പകരം താരാരാധനയും വിഭാഗീയതയും തമ്പടിച്ചിരിക്കുന്നു. താരാരാധനയുടെ പ്രശ്നം, അതുണ്ടായാൽ ജനങ്ങൾ തങ്ങളുടെ സ്വയംനിർണയാവകാശം പുറംകരാർ കൊടുക്കുകയും വ്യക്തിപൂജയെ ദേശസ്നേഹമായി തെറ്റിദ്ധരിക്കുകയും സ്വന്തം അവകാശങ്ങൾ 'തഥാഗതന്' മുന്നിൽ അടിയറവുവയ്ക്കുകയും ചെയ്യുമെന്നതാണ്.**




ആകുന്നു. ഇന്ത്യയെ 'സ്നേഹിക്കുന്നു' എന്നവകാശപ്പെടുന്നവർ തന്നെ ഇന്ത്യക്കാരെ വെറുക്കുന്നു.

ആരാധനാലയങ്ങൾ പൊളിക്കാനും പണിയാനും അന്യരെക്കുറിച്ച് (ന്യൂനപക്ഷങ്ങൾ, ദലിതർ, സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, എതിർ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവർ) വിദ്വേഷം പ്രചരിപ്പിക്കാനും നമുക്ക് 'അവകാശമുണ്ട്'. എന്നാൽ, ഭരണത്തിന്റെ പിഴവുകളോ ഭരിക്കുന്ന പാർട്ടിയുടെ തെറ്റുകുറ്റങ്ങളോ, പ്രത്യേകിച്ച് കേന്ദ്രം ഭരിക്കുന്ന കക്ഷി നേതൃത്വം നൽകുന്ന സർക്കാരുകളുടെ ചെയ്തികൾ, ഭൂരിപക്ഷവർഗീയത ഉയർത്തുന്ന വിപത്തോ ചൂണ്ടിക്കാട്ടാൻ അവകാശമില്ല. നിയമവാഴ്ചയെ തലകീഴായി നിറുത്തിയിരിക്കുന്ന അതീവ പ്രതിലോമപരമായ സാഹചര്യം. ഇതിന്റെ ബലിക്കല്ലിൽ പൗരാവകാശങ്ങൾ, വിശേഷിച്ച് അഭിപ്രായസ്വാതന്ത്ര്യം, എറിഞ്ഞുടയ്ക്കപ്പെടുന്നു.

അടിച്ചമർത്തലിനും സെൻസർഷിപ്പിനുമപ്പുറം, ഇന്ത്യൻ ഭരണകൂടം മതത്തെയും 'ശാസ്ത്രത്തെയും' സംസ്കാരത്തെയുമാണ് ഇതിനായി ഉപയോഗിക്കുന്നത്. രാഷ്ട്രീയത്തിൽ മതം വിശ്വാസമല്ല, ആയുധമാണ്. ഈ ആയുധം ഉപയോഗിച്ച് അതു മനുഷ്യരെയും മതത്തെയും ദൈവങ്ങളെയും വേർപിരിക്കുന്നു. പ്രശസ്ത ഗാനരചയിതാവും കവിയുമായ ഗുൽസാർ പറഞ്ഞത് ഓർമയില്ലേ: "വീണ്ടും ശിരസ്സുകൾ ഉരുളുന്നു, ജനങ്ങൾ വിഭജിക്കപ്പെടുന്നു, ദൈവങ്ങളും. ആരെങ്കിലും പേരു ചോദിച്ചാൽ ഞാൻ ഭയചകിതനാകുന്നു. ഒരുവൻ ആരെയാണ് ആരാധിക്കേണ്ടത്? എനിക്കു ഭയം തോന്നുന്നു. ഞാൻ എത്ര തവണ കുരിശിലേറണം" (Gulzar, Caged, Memories Have Names). വിഭജനകാലത്തെ ഇന്ത്യയെക്കുറിച്ചല്ല, വർത്തമാനകാല ഇന്ത്യയെക്കുറിച്ചാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നത്. ഇതു നമുക്കു ചുറ്റും തുടരെത്തുടരെ സംഭവിക്കുന്ന സമീപകാല അനുഭവങ്ങളാണ്.

ഭരിക്കുന്നവർ സ്വയം തങ്ങളെ ജനങ്ങൾക്കു മുകളിൽ പ്രതിഷ്ഠിക്കുന്നു എന്നു മുൻപ് സൂചിപ്പിച്ചതിലേക്ക് തിരികെവരാം. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ജന്തർമന്ദർ സംഭവത്തെക്കുറിച്ച് പ്രധാനമന്ത്രി നടത്തിയ പ്രതികരണം. അവിടെ തടിച്ചുകൂടിയ പുരുഷാരത്തിനുനേരെ പെല്ലറ്റുകൾ ഉപയോഗിച്ചതിനുശേഷം അദ്ദേഹം പറഞ്ഞത്, 'ഞാൻ നിങ്ങളോടു പൊറുത്തിരിക്കുന്നു' എന്നാണ്. ഇവിടെ മൗലികമായൊരു ചോദ്യം ഉയരുന്നു. ജനാധിപത്യത്തിൽ ആര് ആരോടാണ് പൊറുക്കേണ്ടത്? ജനങ്ങൾ ഭരണകൂടത്തോടോ, ഭരണകൂടം ജനങ്ങളോടോ? നിങ്ങളോടു പൊറുത്തിരിക്കുന്നു എന്നു പറയുക വഴി അദ്ദേഹം ജനാധിപത്യത്തെ തലകീഴായി നിറുത്തിയിരിക്കുകയാണ്. വിയന്നയിലെ Kunsthistorisches മ്യൂസിയത്തിൽ വിചിത്രമായൊരു ചിത്രമുണ്ട്, പ്രശസ്ത ഇറ്റാലിയൻ ചിത്രകാരൻ കാരവാജിയോയുടെ (Caravaggio) പേരിലുള്ളത്. ഭീമാകാരമായൊരു




ശിരസ്സുമേന്തിനിൽക്കുന്നൊരു കുട്ടിയുടേത്; ഗോലിയാത്തിന്റെ ശിരസ്സുമായി നിൽക്കുന്ന ദാവീദിന്റെ ചിത്രം. ഇതിനു സമാനമാണ് നിങ്ങളോടു ഞങ്ങൾ പൊറുത്തിരിക്കുന്നു എന്നു ഭരിക്കുന്നവർ പറയുന്നതും. ആരാണോ ചുമക്കുന്നത്, അവരുടെ നിയന്ത്രണത്തിലും ദയാവായ്പിലുമാണ് ചുമക്കപ്പെടുന്നവർ. ഇതു സൂചിപ്പിക്കുന്നത് ഭരണകൂടം നമ്മുടെ സ്വാതന്ത്ര്യം അപഹരിച്ചിരിക്കുന്നു എന്നാണ്.

മാത്രമല്ല, ജനങ്ങൾ എന്തു പഠിക്കണം, ഏതു ചരിത്രം വായിക്കണം, ഏതുതരം സിനിമ കാണണം, പുസ്തകങ്ങൾ എഴുതണം, വായിക്കണം, എല്ലാം അവർ ഏകപക്ഷീയമായി തീരുമാനിക്കുന്നു. തങ്ങളുടെ ആശയങ്ങളുമായി ഒത്തുപോരുന്നവരോട് അല്ലാതെ ആരുമായും ആലോചനയില്ല, സംവാദമില്ല. പാർലമെന്റിൽ പോലും ഇതാണല്ലോ അവസ്ഥ. അപ്പം ചുടുന്ന സമയംപോലും എടുക്കുന്നില്ല നിയമങ്ങൾ പാസാക്കാൻ. ഒരർഥത്തിൽ നിയമങ്ങൾ പാസാക്കുകയല്ല, ധനുർവിദ്യയിൽ അസ്ത്രങ്ങളെന്നപോലെ എയ്തു വിടുകയാണ്. ഇക്കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ പത്തു ബില്ലുകൾ പാസാക്കിയത് വെറും ഒരു മണിക്കൂർ കൊണ്ടാണ്. ഇനി ചോദ്യങ്ങളുടെ കാര്യമെടുത്താൽ, അവയിൽ പലതിനും – പ്രത്യേകിച്ച് അലോസരപ്പെടുത്തുന്ന ചോദ്യങ്ങൾക്ക് – ഉത്തരവുമില്ല. അധികാരികൾക്ക് ഉത്തരംമുട്ടുമ്പോൾ അധികാരം ഉത്തരമാകുന്നതാണ് ഇപ്പോഴത്തെ നാട്ടുനടപ്പ്. മറ്റു ഭരണഘടനാസ്ഥാപനങ്ങളുടെ കാര്യവും ഇതിൽനിന്ന് അധികം ഭിന്നമല്ല. അവയുടെ തലപ്പത്തിരിക്കുന്നവരും, തങ്ങളുടെ രാഷ്ട്രീയ യജമാനൻമാരെപ്പോലെ, സ്വയം ജനങ്ങൾക്കു മുകളിൽ അവരോധിക്കുന്നു. അധികാരവിനിയോഗത്തിൽ ആനന്ദം കണ്ടെത്തുന്നു. പലപ്പോഴും അത് അധികാരദുർവിനിയോഗമായും മാറുന്നു, അപൂർവമായി നീതിപീഠങ്ങളുടെ കാര്യത്തിൽപ്പോലും. സ്വന്തം അധികാരത്തെ ജനകീയപരിശോധനയുടെ സൂര്യവെളിച്ചത്തിൽ നിറുത്താൻ ഉന്നതപദവി അലങ്കരിക്കുന്നവർ വിസമ്മതിക്കുന്നു. സീസറുടെ ഭാര്യ സംശയങ്ങൾക്കതീതയായിരിക്കണമെന്ന പൊതുതത്ത്വം തങ്ങൾക്ക് ബാധകമല്ലെന്ന തരത്തിലാണ് അവർ പെരുമാറുന്നത്. ഇതിലൂടെ സ്വാതന്ത്ര്യത്തെയും പൗരാവകാശങ്ങളെയും സംരക്ഷിക്കാൻ ചുമതലപ്പെട്ടവർതന്നെ പരോക്ഷമായി അവയെ നിഷേധിക്കുന്നു.

## പ്രതിഷേധിക്കാൻ വിസമ്മതിക്കുന്ന സമൂഹം

ഇതിന്റെ പ്രതിഫലനം മറ്റൊരു രീതിയിൽ സമൂഹത്തിലും കാണാനാവും. നാട്ടുപ്രമാണിമാർ പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ അവശേഷിക്കുന്ന അവകാശങ്ങളും കവർന്നെടുക്കുന്നു. സാമൂഹിക ഇടങ്ങളിൽനിന്ന് (Social spaces) അവർ ബഹിഷ്കൃതരാകുന്നു, ആൾക്കൂട്ടവിചാരണ ഉൾപ്പെടെയുള്ള പലവിധ അതിക്രമങ്ങൾക്കും വിധേയരാകുന്നു. ന്യൂനപക്ഷ, ദലിത് വിഭാഗങ്ങൾക്കും സ്ത്രീകൾക്കും ട്രാൻസ്ജെൻഡറുകൾക്കും നേരേ പൊതുവിടങ്ങളിൽ അരങ്ങേറുന്ന പീഡനങ്ങൾ ഇതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്. ഇതിനപ്പുറം, ഭാഷയും ഭക്ഷണവും വസ്ത്രധാരണവും വിവാഹവും നിറവുംപോലും അവകാശനിഷേധത്തിന്റെ പുത്തൻ ചേരുവകളായി മാറുകയാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഒരുതരം ഇരട്ടപ്രഹരമാണ്. ഒരുവശത്ത്, ഭരണഘടനാദത്തമായ പൗരാവകാശങ്ങൾ അവർക്ക് നിഷിദ്ധമാകുമ്പോൾ മറുവശത്ത് ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും മർദനമുറകൾക്ക് അവർ പാത്രമാകുന്നു.

എന്നാൽ, ഇതിനെക്കാൾ നമ്മെ ഭയപ്പെടുത്തുന്നത് മറ്റൊന്നാണ്: പൊതുജനമധ്യത്തിൽ നടക്കുന്ന ഇത്തരം നൃശംസകൃത്യങ്ങൾ കണ്ട് ചുറ്റും നിൽക്കുന്നവർ ആഹ്ലാദിക്കുകയും അതിന്റെ വീഡിയോദൃശ്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത്. ഇതിന്റെ അനേകം ഉദാഹരണങ്ങൾ ഉണ്ടെങ്കിലും മനസ്സിനെ ഇപ്പോഴും മഥിച്ചുകൊണ്ടിരിക്കുന്ന ഒന്ന് 2023-ൽ മണിപ്പൂരിൽ രണ്ടു സ്ത്രീകളെ ഒരുകൂട്ടം ആൾക്കാർ പീഡിപ്പിച്ച സംഭവമാണ്. അവരെ നഗ്നരാക്കി തെരുവീഥിയിലൂടെ നടത്തിക്കുകയും പീഡിപ്പിക്കു

**പൗരന്മാരുടെ ചിന്തിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള അവകാശം ഭരണകൂടം കവരുമ്പോൾ, അനീതിക്കെതിരെ പ്രതികരിക്കാനുള്ള പൊതുസമൂഹത്തിന്റെ ശേഷി സ്വയം വാർന്നുപോകുന്നു.**



കയും ചെയ്തപ്പോൾ ചുറ്റും കൂടിനിന്നവർ അതിനെ കൈകൊട്ടി പ്രോത്സാഹിപ്പിച്ച രംഗം. പൗരന്മാരുടെ ചിന്തിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള അവകാശം ഭരണകൂടം കവരുമ്പോൾ, അനീതിക്കെതിരെ പ്രതികരിക്കാനുള്ള പൊതുസമൂഹത്തിന്റെ ശേഷി സ്വയം വാർന്നുപോകുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. അധികാരത്തിന്റെ ഉപാസനാമൂർത്തികളായ എല്ലാ ഭരണാധിപന്മാരെയും അസൂയപ്പെടുത്തുന്ന രാഷ്ട്രീയ-സാമൂഹിക സാഹചര്യമാണ് ഇന്ത്യയിൽ വേരുറച്ചുകൊണ്ടിരിക്കുന്നത്.

ഇക്കാര്യത്തിൽ സാംസ്കാരികപ്രവർത്തകരും (ഇവരിൽ എഴുത്തുകാരും ബുദ്ധിജീവികളും മാധ്യമപ്രവർത്തകരുമെല്ലാം ഉൾപ്പെടും) പ്രതിസ്ഥാനത്തുതന്നെ. സാംസ്കാരികനായകരുടെ ചേരി റെഡ്ക്രോസിന് തുല്യമാവണമെന്നു കുട്ടികൃഷ്ണമാരാർ പറഞ്ഞത് ഓർമവരുന്നു. സമൂഹത്തിൽ നടമാടുന്ന അനാചാരങ്ങൾക്കും അതിൽ ഉടലെടുക്കുന്ന അപകടകരമായ പ്രവണതകൾക്കുമെതിരെ, കക്ഷിരാഷ്ട്രീയത്തിന്റെയോ മറ്റുതരത്തിലുള്ള സങ്കുചിതപക്ഷപാതങ്ങളുടെയോ ചേരിതിരിവുകൾ ഇല്ലാതെ, പ്രതികരിക്കേണ്ട ബാധ്യതയാണ് ഇവരുടേതെന്നു വ്യംഗ്യാർഥം. എന്നാൽ, ഇത് ഇപ്പോൾ വെറും അപവാദമായിരിക്കുന്നു. ഭരണകൂടത്തോടും സമൂഹത്തോടും കുഴക്കുന്ന ചോദ്യങ്ങൾ ചോദിക്കുന്നതാണ് തങ്ങളുടെ കർത്തവ്യമെന്നത് അവർ വിസ്മരിച്ചിരിക്കുന്നു. അതിന്റെ സ്ഥാനത്ത് അവരുടെ അനീതികളെ ന്യായീകരിക്കുകയോ, ഇനി അതിനു സാധ്യമല്ലെങ്കിൽ, അത്തരം കാര്യങ്ങൾ കണ്ടില്ലെന്നു നടിക്കുകയോ ചെയ്യുന്നതിലേക്ക് ഇവരിൽ മഹാഭൂരിപക്ഷവും എത്തിച്ചേർന്നിരിക്കുന്നു. രാഷ്ട്രീയലാഭത്തിനുവേണ്ടി ധാർമികതയെയും ഭരണഘടനാതത്ത്വങ്ങളെയും സാമൂഹിക നീതിയോടുള്ള പ്രതിബദ്ധതയെയും പണയംവച്ചിരിക്കുന്നു എന്നു സാരം. ഇക്കാര്യങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കേണ്ട സർവകലാശാലകൾപോലും ഇപ്പോൾ പിന്നിലേക്ക് ഉൾവലിഞ്ഞിരിക്കുന്നു എന്നതാണ് ഏറെ ഖേദകരം. ക്യാമ്പസുകൾ, അപവാദങ്ങളെ മാറ്റിനിറുത്തിയാൽ, ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതുവരെയുള്ള ഇടത്താവളങ്ങളായും രാഷ്ട്രീയപ്പാർട്ടികൾക്ക് അണികളെ വിതരണംചെയ്യുന്ന ഇടങ്ങളായും ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന കേന്ദ്രങ്ങളായും ചുരുങ്ങിയിരിക്കുന്നു. സംവാദങ്ങളും എതിരഭിപ്രായങ്ങളും അത്യപൂർവം. സെമിനാറുകളും സിമ്പോസിയങ്ങളും പ്രഭാഷണങ്ങളും മുറയ്ക്ക് നടക്കുന്നുണ്ടെങ്കിലും, അവ ആശയസംഘർഷങ്ങളുടെ വേദിയാകുന്നത് അത്യപൂർവം സന്ദർഭങ്ങളിൽ മാത്രം. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ, വിദ്യാർഥികളെ സ്വപ്നംകാണാൻ പ്രേരിപ്പിക്കാൻ കലാലയങ്ങൾക്കാവുന്നില്ല.

ഇതിനർഥം ഒരു സമൂഹം എന്ന നിലയിൽ നമുക്ക് എന്തോ പ്രശ്നമുണ്ട് എന്നാണ്. മഹാദുരന്തങ്ങൾക്കു മുന്നിലെ മൗനവും അവയെ ആഘോഷമാക്കുന്നതും രോഗാതുരമായൊരു സമൂഹത്തിന്റെ ലക്ഷണങ്ങളാണ്. ഇതിന് ഭാവിതലമുറയോട് നാം ഉത്തരം പറയേണ്ടിവരും എന്ന കാര്യത്തിൽ സംശയമില്ല. ഓഷ്വിറ്റ്സിനു ശേഷം (Auschwitz Concentration Camp) കവിതകൾ ഉണ്ടാകുമോ എന്ന് അഡോർണോ (Theodor Adorno) ചോദിച്ചത് ഓർമവരുന്നു. കവിതകൾ ഉണ്ടാവണം എന്നു തന്നെയാണ് ഇതിന്റെ ഉത്തരം. വീണ്ടുമൊരു ഓഷ്വിറ്റ്സ് ഉണ്ടാകാതിരിക്കാൻ. ഇത് കവികളുടെയോ എഴുത്തുകാരുടെയോ മാത്രം പ്രശ്നവുമല്ല, മുഴുവൻ സമൂഹത്തിന്റെയും പ്രശ്നമാണ്. അനീതിക്കെതിരെ പ്രതിരോധ ശബ്ദങ്ങളും സംവാദങ്ങളും ചോദ്യങ്ങളും കവിതകളും രാഷ്ട്രീയ മുദ്രാവാക്യങ്ങളുമൊക്കെയായി ഉയരുമ്പോഴാണ് ജനാധിപത്യം ശക്തിപ്പെടുന്നത്, മുദ്രാവാക്യങ്ങൾ കവിതകളാകുന്നത്.■

നോട്ടം



വിനോദ് നാരായൺ

# ശരികളുടെ തടവറകൾ
## സംവാദങ്ങൾ മരിക്കുന്ന കാലം

**അപരന്റെ വിയോജിപ്പുകളെ ഭീഷണിയായിക്കണ്ട് അടിച്ചമർത്തുന്നതിലൂടെ നാം കുരുതികൊടുക്കുന്നത് നമ്മുടെതന്നെ ജനാധിപത്യത്തെയാണ്. സംവാദങ്ങൾ മരിക്കുകയും സ്വന്തം ശരികളിൽമാത്രം നാം അഭിരമിക്കുകയും ചെയ്യുന്ന സമകാലിക സാമൂഹികാവസ്ഥയെക്കുറിച്ചുള്ള നീറുന്ന ഒരാത്മവിചാരണയാണിത്.**

---

മനുഷ്യർ തമ്മിലുള്ള ആശയപരമായ വിയോജിപ്പുകൾക്ക് മാനവരാശിയോളം തന്നെ പഴക്കമുണ്ടെങ്കിലും, ഭിന്നാഭിപ്രായങ്ങളെ അഭിമുഖീകരിക്കുമ്പോഴുള്ള അസഹിഷ്ണുത സമകാലിക സമൂഹത്തിൽ എന്നത്തേക്കാളും വർധിച്ചിരിക്കുന്നു എന്നു തോന്നിപ്പോകുന്നു. ഇതൊരിക്കലും എന്റേതു മാത്രമായ തോന്നലാകാനിടയില്ല. അപരനെയല്ല, എന്നെത്തന്നെയാണ് ഈ പ്രവണതയുടെ മുൻപന്തിയിൽ ഞാൻ കാണുന്നത്. അധികാരവർഗം തങ്ങളുടെ സ്വാധീനമുപയോഗിച്ച് വിയോജിപ്പുകളെ നേരിടുമ്പോൾ, അതില്ലാത്തവർ ആൾബലംകൊണ്ടും കായികമായും അതിനെ അടിച്ചമർത്താൻ ശ്രമിക്കുന്നു. ഈ അസഹിഷ്ണുത സമൂഹത്തിന്റെ ഏതെങ്കിലും ഒരു കോണിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നില്ല. വിഭിന്ന തലങ്ങളിൽനിന്നുള്ള ഇത്തരം അസഹിഷ്ണുതകൾക്ക് വ്യക്തിപരമായി ഞാൻ ഇരയായിട്ടുമുണ്ട്, പലരോടും തിരിച്ച് കാണിച്ചിട്ടുമുണ്ട്. എന്തുകൊണ്ടാണ് നാം ഇത്തരമൊരു പരിവർത്തനത്തിനു വിധേയരായത്?

അടുത്ത സുഹൃത്തുക്കളെപ്പോലും സാമൂഹികമാധ്യമങ്ങളിൽ നിഷ്കാസനംചെയ്യാനും (block), പല വാട്സാപ്പ് കൂട്ടായ്മകളിൽനിന്ന് ഇറങ്ങിപ്പോകാനും ഈ അസഹിഷ്ണുത എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ തിരികെ കയറിയെങ്കിലും, പലതും എന്നെന്നേക്കുമായി ഉപേക്ഷിച്ചു. ഇന്ന് വിയോജിപ്പുകൾ അതിവേഗം പർവതീകരിക്കപ്പെടുകയാണ്. ഒരല്പം വ്യത്യസ്തമായ അഭിപ്രായത്തിന്റെ പേരിൽപ്പോലും ഒരാൾ ആൾക്കൂട്ട ആക്രമണങ്ങൾക്ക് ഇരയാകാൻ സാധ്യതയുണ്ട്. അസഹിഷ്ണുതയുടെ വേരുകൾ തേടുംമുൻപ്, വിയോജിപ്പുകൾക്ക് യഥാർഥത്തിൽ എന്തു സംഭവിക്കുന്നു എന്നാണ് നാം പരിശോധിക്കേണ്ടത്.

ഒരുപക്ഷേ, മറുപക്ഷത്തിന്റെ വാദങ്ങളെ നാം തികച്ചും



വ്യക്തിപരമായിത്തന്നെ ഏറ്റെടുക്കുന്നതുകൊണ്ടാവാം ഈ പ്രതിസന്ധി ഉടലെടുക്കുന്നത്. ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നയങ്ങളെ വിമർശിച്ചാൽ, അതിന്റെ അനുഭാവികൾക്ക് ആ വിമർശനം തങ്ങൾക്കെതിരെയുള്ള വ്യക്തിപരമായ ആക്രമണമായാണ് പലപ്പോഴും അനുഭവപ്പെടുന്നത്. വിശ്വാസം, ദേശീയത, കുടിയേറ്റം തുടങ്ങി ഏതു വിഷയത്തെക്കുറിച്ചുള്ള സംവാദമായാലും, ഒരു വ്യക്തിയുടെ നിലപാടിന്റെ അടിസ്ഥാനത്തിൽ അയാളുടെ സ്വഭാവത്തെയും വ്യക്തിത്വത്തെയും നമ്മൾ അനായാസം അളക്കുന്നു. അവരുടെ അഭിപ്രായങ്ങൾക്കപ്പുറം വിശാലമായ മറ്റൊരു അസ്തിത്വം അവർക്കുണ്ടെന്നു നാം വിസ്മരിക്കുന്നു. 'നിങ്ങൾ ഇപ്രകാരം ചിന്തിക്കുന്നതുകൊണ്ട്, തീർച്ചയായും ഈ ഗണത്തിൽപ്പെട്ട ആളായിരിക്കണം' എന്ന മുൻവിധിയോടെ എത്ര വേഗത്തിലാണ് നാം സഹജീവികളെ അളന്നുമാറ്റുന്നത്. വർഷങ്ങളുടെ സൗഹൃദമോ ബന്ധങ്ങളോ അവിടെ ഒരു തടസ്സമാകുന്നില്ല.

ഒരു കേവല വിയോജിപ്പിന്റെ പേരിൽ എത്രയോ തവണ നാം മറ്റുള്ളവരെ തിരസ്കരിച്ചിരിക്കുന്നു. ചിന്തിച്ചാൽ അനേകം ഉദാഹരണങ്ങൾ നമ്മുടെ മുന്നിലെത്തും. സാമൂഹിക മാധ്യമങ്ങൾ ഈ പ്രവണതയ്ക്ക് വളരെയധികം വളമിട്ടു നൽകുന്നുണ്ട്. അവയുടെ സാങ്കേതികവിദ്യയും അൽഗോരിതവും ആവശ്യപ്പെടുന്നത് അങ്ങേയറ്റം തീവ്രമായ നിലപാടുകളാണ്. കേൾവിക്കാരെ വൈകാരികമായി പ്രകോപിപ്പിക്കുന്ന ഉച്ചത്തിലുള്ള ശബ്ദങ്ങൾക്കാണ് അവിടെ സ്വീകാര്യത. 'ഈ നിലപാടിനോട് ഞാൻ ഭാഗികമായി യോജിക്കുന്നു' എന്ന മിതവാദത്തിന് ആ ഇടങ്ങളിൽ സ്ഥാനമില്ല. മറിച്ച്, 'നിങ്ങളോടുള്ള പത്തു വിയോജിപ്പുകൾ' എന്നു പ്രഖ്യാപിച്ചാൽ ആൾക്കൂട്ടവും മാധ്യമങ്ങളും അതേറ്റെടുത്ത് ആഘോഷിക്കും. ഇരുപതു കാര്യങ്ങളിൽ യോജിപ്പുണ്ടെങ്കിൽപ്പോലും, വിയോജിപ്പുള്ള ആ ഒരൊറ്റ വിഷയത്തെ മാത്രമാണ് മാധ്യമങ്ങൾ പർവതീകരിച്ചു കാണിക്കുന്നത്.



ലോകത്തെ കേവലം ശരിയും തെറ്റും എന്ന ദ്വന്ദ്വങ്ങളിലൂടെ മാത്രം വീക്ഷിക്കാനാണ് ഇന്നത്തെ സമൂഹത്തിന് താത്പര്യം. ലഘുലേഖനങ്ങളുടെയും ഹ്രസ്വ വീഡിയോകളുടെയും ഈ കാലത്ത്, ശരി തെറ്റുകൾക്കിടയിലുള്ള വിശാലവും സങ്കീർണവുമായ ലോകത്തേക്ക് കണ്ണോടിക്കാൻ ആർക്കാണ് സമയം? പ്രശ്നം അതുകൊണ്ട് തീരുന്നില്ല. നാം വിശ്വസിക്കുന്ന ശരിതെറ്റുകളെ, അത് എത്രമാത്രം അബദ്ധമായാലും, വീണ്ടുംവീണ്ടും ഊട്ടിയുറപ്പിക്കാനാണ് അൽഗോരിതങ്ങൾ ശ്രമിക്കുന്നത്. സ്വന്തം നിലപാടുകളെ വിമർശനാത്മകമായി സമീപിക്കാൻ കൂടുതൽ ബൗദ്ധികാദ്ധ്വാനം ആവശ്യമാണ് എന്നതുകൊണ്ടാവാം നാം അതിനു മുതിരാത്തത്. പകരം, ഏതെങ്കിലും ഒരു പക്ഷംചേർന്ന് അന്ധമായി മുന്നോട്ടുപോകാൻ നാം ശീലിച്ചിരിക്കുന്നു.

നമ്മൾ നമ്മുടേതു മാത്രമായ ആശയലോകങ്ങളിൽ വളരെയധികം സങ്കുചിതരായിക്കൊണ്ടിരിക്കുകയാണ്. അപരവൽക്കരണത്തിനെതിരെ ഉച്ചത്തിൽ സംസാരിക്കുന്ന ഞാൻ പോലും, പലപ്പോഴും എനിക്കെതിരെയുള്ള ശബ്ദങ്ങളെ അപരവൽക്കരിക്കുന്നു എന്നതൊരു വിരോധാഭാസമാണ്. സുഹൃദ് വലയങ്ങളും കൂട്ടായ്മകളും വാർത്താമാധ്യമങ്ങളും എല്ലാം നമ്മുടെ തന്നെ സങ്കുചിതചിന്തകളെ ഊട്ടിയുറപ്പിക്കുന്ന പ്രത്യയശാസ്ത്ര തടവറകളായി മാറുന്നു എന്നതാണ് യാഥാർഥ്യം.

ഈ പ്രവണതയുടെ ഏറ്റവും വലിയ അപകടം, നമ്മോട് വിയോജിക്കുന്ന വ്യക്തി തീർത്തും യുക്തിരഹിതനാണെന്നു നാം സ്വയം വിശ്വസിപ്പിക്കുന്നു എന്നതാണ്. അവരുടെ വാദങ്ങളിൽ എന്തെങ്കിലും യുക്തിയുണ്ടോ എന്ന് അന്വേഷിക്കാൻപോലും നാം തയ്യാറാകുന്നില്ല. എതിർ ശബ്ദങ്ങളെക്കാളുപരി, അവർക്കെതിരെയുള്ള പരിഹാസങ്ങളാവും നമ്മുടെ ഓർമയിൽ തങ്ങിനിൽക്കുക. മറുപക്ഷത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്.

നമ്മുടെ ചിന്തകളിലും നിലപാടുകളിലും അനാവശ്യമായ ഒരു ധാർമ്മിക മേധാവിത്വം നാം പുലർത്തുന്നുണ്ടോ എന്നു പലപ്പോഴും സംശയിക്കേണ്ടിയിരിക്കുന്നു. 'എന്റെ അഭിപ്രായം ശരി മാത്രമല്ല, ധാർമ്മികമായി ഉൽകൃഷ്ടവുമാണ്' എന്നു വിശ്വസിച്ചുതുടങ്ങുന്ന നിമിഷംമുതൽ, മറിച്ചുള്ള അഭിപ്രായങ്ങൾ കേൾക്കുന്നതും വിട്ടുവീഴ്ചകൾ ചെയ്യുന്നതും അധാർമ്മികമായി നാം കണക്കാക്കും. പിന്നെങ്ങനെയാണ് ഒരു മധ്യമാർഗത്തിൽ വച്ച് എതിർ ചിന്താഗതിക്കാരുമായി നാം സംവദിക്കുക? പരസ്പരം കല്ലെറിയാൻ മാത്രമേ അവിടെ സാധിക്കൂ.

നമ്മളോട് വിയോജിക്കുന്നവർ വെറും ഭിന്നാഭിപ്രായക്കാർ എന്നതിലുപരി, നമ്മെക്കാൾ തരംതാണ മനുഷ്യരാണെന്ന തോന്നൽ ഇവിടെ ജനിക്കുന്നു. എന്നാൽ, എന്നോട് ആശയപരമായി പോരടിക്കുന്ന പലരും സമൂഹത്തിന് ഏറെ നന്മ



ചെയ്യുന്നവരാണെന്നത് എന്റെ വ്യക്തിപരമായ അനുഭവമാണ്. മറുപക്ഷത്തെ എതിർക്കാതെ കേൾക്കാൻ തയ്യാറായാൽ പോലും, നമ്മളവരോട് രാജിയായി എന്നു സമൂഹം വിധിയെഴുതും. സമൂഹമാധ്യമങ്ങളിലെ ഏതു ചർച്ചകൾ എടുത്തുനോക്കിയാലും ഈ നിരന്തരമായ പോരാട്ടം കാണാം. മുമ്പ് ഞാനും ഈ യുദ്ധത്തിലെ ഒരു പോരാളിയായിരുന്നു; ഇന്നതിൽ മാറ്റം വന്നിട്ടുണ്ട് എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം.

ജനാധിപത്യത്തിന്റെ ജീവവായുവാണ് വിയോജിപ്പുകൾ. വിയോജിപ്പുകളില്ലാത്ത ഒരു സമൂഹം തികഞ്ഞ സാഹോദര്യത്തിലുള്ളതാണെന്ന് തെറ്റിദ്ധരിക്കരുത്; മറിച്ച്, അത് എതിർശബ്ദങ്ങളെ പൂർണമായി അടിച്ചമർത്തിയ ഒരു വ്യവസ്ഥിതിയുടെ ലക്ഷണമാണ്. ചരിത്രത്തിലുടനീളം നാം കണ്ടിട്ടുള്ളതും ഇന്നും അനുഭവിച്ചറിയുന്നതുമായ സത്യമിതാണ്. ഇതിൽ ഇടതെന്നോ വലതെന്നോ വ്യത്യാസമില്ല. വിയോജിപ്പുകളെ പ്രോത്സാഹിപ്പിക്കുന്നത് ജനാധിപത്യമാണ്; എന്നാൽ തങ്ങളുടെ സ്വന്തം ചട്ടക്കൂടിലിരിക്കുമ്പോൾ മാത്രമേ ഈ പക്ഷങ്ങൾ വിയോജിപ്പുകളെ അംഗീകരിക്കുന്നുള്ളൂ എന്നതാണ് വാസ്തവം.

**വിശ്വാസം, ദേശീയത, കുടിയേറ്റം തുടങ്ങി ഏതു വിഷയത്തെക്കുറിച്ചുള്ള സംവാദമായാലും, ഒരു വ്യക്തിയുടെ നിലപാടിന്റെ അടിസ്ഥാനത്തിൽ അയാളുടെ സ്വഭാവത്തെയും വ്യക്തിത്വത്തെയും നമ്മൾ അനായാസം അളക്കുന്നു. അവരുടെ അഭിപ്രായങ്ങൾക്കപ്പുറം വിശാലമായ മറ്റൊരു അസ്തിത്വം അവർക്കുണ്ടെന്നു നാം വിസ്മരിക്കുന്നു.**

പ്രതിഷേധങ്ങളും മാധ്യമപ്രവർത്തനവും പ്രതിപക്ഷവുമെല്ലാം നിലനിൽക്കുന്നതുതന്നെ അഭിപ്രായവ്യത്യാസങ്ങളെന്ന അടിത്തറയിലാണ്. അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതിരിക്കുകയല്ല, മറിച്ച് അവയെ മനുഷ്യത്വപരമായി സമീപിക്കാൻ കഴിയുക എന്നതാണ് ഒരു പരിഷ്കൃതസമൂഹത്തിന്റെ ലക്ഷണം. ഈ വരികൾ കുറിക്കുമ്പോൾ, എന്നോട് വിയോജിച്ചവരോട് മുമ്പ് ഞാൻ നടത്തിയ മനുഷ്യത്വഹീനമായ പ്രതികരണങ്ങൾ എന്റെ ഓർമയിലേക്ക് വരുന്നുണ്ട്. അതിൽ തീവ്രമായ ലജ്ജയും എനിക്കുണ്ട്. എന്നിട്ടും, സമൂഹമാധ്യമങ്ങളിൽ ഇടപെടേണ്ടി വരുമ്പോൾ പലപ്പോഴും ഈ സംയമനം കൈവിട്ടുപോകുന്നു എന്നത് വലിയൊരു വീഴ്ച തന്നെയാണ്.

ജനാധിപത്യത്തിൽ വിയോജിപ്പുകളല്ല പ്രതിസന്ധി സൃഷ്ടിക്കുന്നത്; മറിച്ച്, ആ വിയോജിപ്പുകളോട് സഹവർത്തിക്കാൻ നമുക്ക് സാധിക്കാത്തതാണ്. മാറ്റം എവിടെനിന്നു തുടങ്ങണം എന്ന ചോദ്യത്തിന്, അതു നമ്മളിൽ നിന്നുതന്നെ ആരംഭിക്കണം എന്നേ ഉത്തരമുള്ളൂ. ഞാൻ ഇടപെടുന്ന ഇടങ്ങളെയെങ്കിലും വിയോജിപ്പുകൾക്ക് ഇടമുള്ള ജനാധിപത്യവേദികളാക്കി മാറ്റാൻ എനിക്ക് സാധിക്കേണ്ടതുണ്ട്. ഇത്രയൊക്കെ തിരിച്ചറിവുകൾ ഉണ്ടായിട്ടും അത് പൂർണമായി പ്രാവർത്തികമാക്കാൻ കഴിയാത്തത് പരിതാപകരംതന്നെ. എങ്കിലും നമുക്ക് ശ്രമിക്കാം; തികഞ്ഞ ആത്മാർഥതയോടെതന്നെ. ■

കവിത

ഹൃഷികേശൻ പി. ബി.



# ആപ്പിളും മാമ്പഴവും



ആമാശയത്തിലേക്കു
വരും മുമ്പ്
നീയെവിടെയായിരുന്നു
എന്ന് ആപ്പിളിനോട്
അടുത്തു നിന്ന  മാമ്പഴത്തിന്റെ
മെലിഞ്ഞ് ഒട്ടിയ ആത്മാവ് ചോദിച്ചു:

പ്രവാസിയായ ഞാനീ രൂപത്തിൽ
ഇവിടെ എത്തുമെന്നു
സ്വപ്നത്തിൽ വിചാരിച്ചതല്ല
കാറ്റുകളുടെ
അതിർത്തികൾ കടക്കുമ്പോൾ
പിടികൂടി
കൈമാറി മാറി
വഴിയിൽ പല പരിക്കുകൾ പറ്റി
കുടുങ്ങി,
വെള്ളംപോലും
കുടിക്കാതെ,
നൂറുനൂറു മുറിവുകൾ തുളുമ്പുന്ന ശബ്ദം

നീയോ
ഞാൻ നാട്ടുകാരനാണ്
ഇവിടത്തെപുല്ലിന്റെയും വെയിലിന്റെയും
സ്വരം കേട്ടാലറിയാം
കാറ്റുകൊണ്ട്
നിലാവിൽ മുങ്ങി
സ്വപ്നങ്ങളിൽപ്പിടിച്ച്
വസന്തലഹരിയിൽ നിന്നപ്പോൾ
പിടിക്കപ്പെട്ടതാണ്.
കുതറിമാറിയിട്ടും
വലയിലാക്കി ചില വിരലുകൾ,
തരിപ്പണമായി തകർന്ന ഉടൽ,
പ്രാണൻ പോവാത്ത ഓർമയുടെ നീരുമാത്രമായി
ഇവിടെയെത്തി

ഇതൊന്നും അല്ല
ഇനിയാണ്
ശരിക്കുള്ള
ചോദ്യംചെയ്യൽ
നടക്കാൻ പോകുന്നത്.
വൈദ്യപരിശോധനാനന്തരം മരുന്നുകൾ കൂട്ടി
ഉരുട്ടി ചതച്ചരച്ച്
ഓരോരോ സെല്ലുകളിലേക്കും
കൊണ്ടുപോകുമ്പോൾ

ചിതറുമ്പൊഴും
നമ്മൾ ഒപ്പമാണല്ലോ
നമ്മുടെ വിരലുകൾ കോർത്തു
പിടിക്കുക.■

# പർവതം സാക്ഷി

**പ്രകൃതിയുടെ ഓർമപ്പെടുത്തലും വിതുമ്പുന്ന താഴ്‌വരയും**



റോയ് സെബാസ്റ്റ്യൻ എസ്.ജെ.

**പ്രകൃതിയുടെ ഒരു ചെറിയ നെടുവീർപ്പ് മതി, മനുഷ്യന്റെ സകല അഹങ്കാരങ്ങളെയും തുടച്ചുനീക്കാൻ. നേപ്പാളിലെ മഹാപ്രളയം നമ്മെ ഓർമിപ്പിക്കുന്നത് ഈ സത്യമാണ്. ഒരു താഴ്‌വരയും അവിടത്തെ മനുഷ്യരും ഒരൊറ്റ നിമിഷംകൊണ്ട് മഹാമൗനത്തിലേക്ക് മാഞ്ഞുപോയതിന്റെ വിങ്ങലിൽനിന്നുകൊണ്ട്, നേപ്പാളിൽ വർഷങ്ങളായി സേവനം ചെയ്യുന്ന ലേഖകൻ അനുഭവം പങ്കുവയ്ക്കുന്നു.**

എനിക്ക് സ്യാഫ്രുബെസി എന്ന പർവതഗ്രാമവും ത്രിശൂലി, ഭോട്ടെ കോശി നദികളുടെ സമീപത്തുള്ള ഹൈവേയും സുപരിചിതമാണ്. നേപ്പാളിലെ ജസ്വിറ്റ് സമൂഹം നിർമിച്ചുകൊണ്ടിരുന്ന 'സേവിയർ മാർഗ്' എന്ന സ്വപ്നപദ്ധതിക്കും ടിപ്ലിങ്ങ് ഗ്രാമത്തിലെ വികസന, വിദ്യാഭ്യാസ പരിപാടികൾക്കും ആവശ്യമായ സാമഗ്രികളെത്തിക്കാൻ ഞാൻ സ്ഥിരമായി സഞ്ചരിച്ചിരുന്നത് ഇതേ വഴിയിലൂടെയാണ്. യാത്രക്കിടയിൽ ഭക്ഷണം കഴിക്കാൻ ആശ്രയിച്ചിരുന്ന റെസ്റ്റോറൻറുകൾ നടത്തിയിരുന്ന കുടുംബങ്ങളും അവരുടെ കുഞ്ഞുങ്ങളും എനിക്കു പരിചിതരായിരുന്നു. വെള്ളപ്പൊക്കത്തിൽ ആ കടകൾ ഒഴുകിപ്പോയിരിക്കുകയാണ്. അവിടത്തെ മനുഷ്യരുമായി ബന്ധപ്പെടുവാൻ ഇതുവരെ സാധിച്ചിട്ടുമില്ല.

ഒരുമിച്ചിരുന്ന് അന്നം പങ്കുവച്ച ആ മനുഷ്യരെല്ലാം ഒരിക്കലും മടങ്ങിവരാത്തവിധം മാഞ്ഞുപോയിരിക്കുമോ? നുവാകോട്ട് മേഖലയുമായും എനിക്ക് ഏറെ ബന്ധം ഉണ്ടായിരുന്നു. അവിടെ ഭിന്നശേഷി കുട്ടികൾക്കായി പണിയുന്ന മൂന്നു ഹോസ്റ്റലുകളുടെ നിർമാണത്തിന് ഞങ്ങൾ സഹായം നൽകുന്നുണ്ട്. ആ പ്രദേശവും മിന്നൽ പ്രളയത്തിൽ തകർന്നിട്ടുണ്ട്. പ്രളയം പ്രകൃതിയെയല്ല, മറിച്ച്, നമ്മുടെ ഹൃദയങ്ങളെത്തന്നെയാണ് നെടുകെ പിളർന്നത്. 2015-ലെ മഹാഭൂകമ്പത്തിന്റെ മുറിവുകളെ അതിജീവിച്ച നേപ്പാളിനും താങ്ങാൻ കഴിയുന്നതായിരുന്നില്ല പ്രകൃതിയുടെ ഈ സംഹാരതാണ്ഡവം. അത്രമേൽ അപ്രതീക്ഷിതവും ഭയാനകവുമാണ് ദുരന്തത്തിന്റെ വ്യാപ്തി.

## ഹിമഗിരികളുടെ അന്ത്യഗർജനം

ഈ മഹാപ്രളയം കേവലമൊരു ആകസ്മികതയായിരുന്നില്ല. മറിച്ച്, കാലത്തിന്റെ ചുവരെഴുത്തുകളെ അവ



ഗണിച്ച മനുഷ്യന് പ്രകൃതി നൽകിയ അന്തിമമായ ഓർമപ്പെടുത്തലായിരുന്നു. 2026 ഓഗസ്റ്റ് 26-ന്റെ പ്രഭാതം. സമയം 8:37, ആകാശങ്ങളെ ചുംബിച്ച്, ഗാംഭീര്യത്തിന്റെ പര്യായമായി ഞങ്ങൾക്കു മുകളിൽ 5200 മീറ്റർ ഉയരത്തിൽ തലയുയർത്തി നിന്നിരുന്ന ലാങ്ടങ് ലിരുംഗ് എന്ന മഹാശൃംഗത്തിന്റെ നെഞ്ചകം പൊടുന്നനെ പിളർന്നു.

ഹിന്ദുകുഷ് ഹിമാലയൻ നിരകളിൽ പതിറ്റാണ്ടുകളായി പടർന്നുകൊണ്ടിരിക്കുന്ന അസ്വാഭാവികമായ താപനില, യുഗങ്ങളായി പാറകളെയും ഹിമാനികളെയും പരസ്പരം ചേർത്തുപിടിച്ചിരുന്ന ആദിമമായ മഞ്ഞുപാളികളെ (Permafrost) ഉരുക്കിക്കളഞ്ഞിരുന്നുവെന്ന് ശാസ്ത്രജ്ഞർ ഇപ്പോൾ സാക്ഷ്യപ്പെടുത്തുന്നു. പുറമെ അജയ്യമായി തോന്നിയിരുന്നെങ്കിലും, ആ പർവതങ്ങൾ ഉള്ളാലെ അത്രമേൽ ദുർബലമായിക്കഴിഞ്ഞിരുന്നു എന്നതാണ് യാഥാർഥ്യം. പ്രകൃതിയുടെ താളഭംഗം അത്രത്തോളം രൂക്ഷമായിരുന്നു. ഭൂമിയുടെ നേരിയൊരു നെടുവീർപ്പിനോ, എന്തിന്, വീശിയടിക്കുന്ന കാറ്റിന്റെ ഒരു ചെറിയ സ്പർശത്തിനോപോലും ആ മഹാമേരുക്കളെ താഴേക്ക് വീഴ്ത്താൻ കഴിയുമായിരുന്നു.

ദശലക്ഷക്കണക്കിന് ടൺ വരുന്ന പാറകളും ഹിമപാളികളും നാലായിരത്തോളം അടി താഴേക്ക് പതിച്ചപ്പോൾ ഉണ്ടായ മഹാപതനത്തിന്റെ ആഘാതം, 5.2 റിക്ടർ സ്കെയിൽ തീവ്രതയുള്ള ഒരു ഭൂകമ്പത്തിലെന്നപോലെ ഭൂമിയുടെ അടിവേരുകളെ പിടിച്ചുകുലുക്കി. യുഗങ്ങളായി താഴ്‌വരയ്ക്ക് കാവൽനിന്ന ഒരു മഹാമേരു ഒരൊറ്റ നിമിഷംകൊണ്ട് അക്ഷരാർഥത്തിൽ അടർന്നുവീഴുകയായിരുന്നു.

ആ ഭീമൻ മഞ്ഞിടിച്ചിൽ ലേൻഡേ നദിയുടെ സ്വാഭാവികമായ ഒഴുക്കിനെ ശ്വാസംമുട്ടിച്ചു. അവിടെയൊരു വലിയ മൺചിറ രൂപപ്പെട്ടു. ഭീതിദമായ ഏതാനും നിമിഷങ്ങൾ... ആ അസ്ഥിരമായ മതിലിനു പിന്നിൽ ജലം അതിന്റെ സർവ രൗദ്രതയോടെയും ഇരമ്പിയാർത്തു നിന്നു. അധികം വൈകാതെ, കെട്ടിനിന്ന ജലത്തിന്റെ അതിമർദം ആ മൺചിറയെ ഭേദിച്ചു പുറത്തുചാടി.




**ഭൂമിയിലെ ഓരോ മഹാദുരന്തത്തിലും എക്കാലത്തും ബലിയാടുകളാക്കപ്പെടുന്നത് സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റപ്പെട്ടവരോ, നിസ്സഹായരായ മനുഷ്യരോ ആയിരിക്കും എന്ന ക്രൂരമായ ദാർശനികസത്യത്തിന്റെ മറ്റൊരു നേർചിത്രമായിരുന്നു ഈ ദുരന്തം.**

പിന്നീടുണ്ടായത് സങ്കല്പാതീതമായ ഒരു സംഹാരദൃശ്യമായിരുന്നു. മുപ്പതടി ഉയരത്തിൽ ജലവും ചെളിയും കൂറ്റൻ പാറക്കല്ലുകളും മണിക്കൂറിൽ 90 മൈൽ വേഗതയിൽ ഭോട്ടെ കോശി, ത്രിശൂലി താഴ്‌വരകളിലേക്ക് ആർത്തലച്ചു വന്നു.

മഞ്ഞും ചെളിയും ചിതറിത്തെറിച്ച് നദിക്കു മുകളിൽ പൈശാചികമായ ഒരു മൂടൽമഞ്ഞ് തീർത്തിരുന്നു. വരാനിരിക്കുന്ന സർവനാശത്തിന്റെ ഭയാനകമായ മുഖം മറച്ചുപിടിച്ച ആ മരണത്തിന്റെ മൂടൽമഞ്ഞ്, താഴെ ജീവനുവേണ്ടി വെമ്പുന്ന മനുഷ്യർക്ക് ഓടി രക്ഷപ്പെടാനുള്ള അവസാനത്തെ നേരിയ പ്രതീക്ഷയെപ്പോലും നിഷ്കരുണം ഇല്ലാതാക്കി.

## വികസനവ്യാമോഹങ്ങളും വിനാശത്തിന്റെ ബലിയാടുകളും

റസുവ, നുവാകോട്ട്, ധാഡിംഗ്, ഗൂർഖ, തനഹുൻ, നവാൽപരസി, ചിത്വാൻ എന്നീ ജില്ലകളിലെ എഴുപത്തിരണ്ട് കിലോമീറ്ററോളം വരുന്ന വിശാലമായ ഭൂമികയിലൂടെ പ്രളയജലം അതിന്റെ സംഹാരതാണ്ഡവമാടി. പ്രകൃതിയുടെ രൗദ്രഭാവങ്ങൾക്ക് വിവേചനങ്ങളില്ലായിരിക്കാം. എങ്കിലും, ഭൂമിയിലെ ഓരോ മഹാദുരന്തത്തിലും എക്കാലത്തും ബലിയാടുകളാക്കപ്പെടുന്നത് സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റപ്പെട്ടവരോ, നിസ്സഹായരായ മനുഷ്യരോ ആയിരിക്കും എന്ന ക്രൂരമായ ദാർശനികസത്യത്തിന്റെ മറ്റൊരു നേർചിത്രമായിരുന്നു ഈ ദുരന്തം. ഈ മഹാവിപത്തിൽ തകർന്നു പോയ മനുഷ്യരെ പ്രധാനമായും മൂന്ന് വിഭാഗങ്ങളായി തിരിച്ചറിയാം.

## തദ്ദേശീയ - പർവത സമൂഹങ്ങൾ

റസുവയിലെയും നുവാകോട്ടിലെയും ഇടുങ്ങിയ താഴ്‌വരകളിൽ തലമുറകളായി ജീവിച്ചുപോന്ന താമാങ് ഉൾപ്പെടെയുള്ള ഗോത്രവിഭാഗങ്ങളായിരുന്നു ഈ പ്രകൃതിക്ഷോഭത്തിന്റെ പ്രധാന ഇരകൾ. ചരിത്രപരമായി, ജലത്തിന്റെയും കൃഷിയോഗ്യമായ ഭൂമിയുടെയും ലഭ്യത കണക്കിലെടുത്ത് നദീതീരങ്ങളോട് ചേർന്നാണ് അവർ തങ്ങളുടെ ലളിതജീവിതം നെയ്തെടുത്തിരുന്നത്. ഈ ദുരന്തം സംഭവിച്ചത് പ്രഭാതത്തിലായിരുന്നതിനാൽ, വീടുകളിൽ ഉണ്ടായിരുന്ന കുഞ്ഞുങ്ങളും സ്ത്രീകളും വയോധികരുമെല്ലാം ആ കുത്തൊഴുക്കിൽ നിസ്സഹായരായി



ഒലിച്ചുപോയി. റസുവഗഡി, തിമുരെ, സ്യാഫ്രുബെസി എന്നീ ഗ്രാമങ്ങൾ ഒരു ഓർമപ്പൊട്ടുപോലും ബാക്കിവയ്ക്കാതെ ആ മഹാപ്രളയത്തിൽ പൂർണമായും മണ്ണിനടിയിലാകുകയോ ഒഴുകിപ്പോവുകയോ ചെയ്തു. അതിവേഗത്തിലെത്തിയ പ്രളയത്തിരയിൽനിന്ന് രക്ഷപ്പെടാൻ ആളുകൾക്ക് മുകളിലേക്ക് ഓടിക്കയറി സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറാനോപോലും സമയം ലഭിച്ചില്ല. അപകടത്തിന്റെ ഗൗരവം പലരും മനസ്സിലാക്കിയപ്പോഴേക്കും രക്ഷപ്പെടാൻ വളരെ വൈകിയിരുന്നു.

## വികസനപദ്ധതികളിലെ തൊഴിലാളികൾ

അത്യന്തം ദുർബലമായ ഹിമാലയൻ ആവാസവ്യവസ്ഥയ്ക്കുമേൽ മനുഷ്യൻ അടിച്ചേൽപ്പിക്കുന്ന 'വികസനം' എന്ന വ്യാമോഹത്തിന്റെ ഇരകളാണ് തൊഴിലാളികൾ. ത്രിശൂലി, ഭോട്ടെ കോശി നദീതടങ്ങളിൽ ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ള വൻ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ നടന്നുവരികയായിരുന്നു. അത്തരം പദ്ധതികളിൽ നൂറുകണക്കിന് തൊഴിലാളികൾ ജോലിചെയ്തിരുന്നു. പ്രളയമുണ്ടായപ്പോൾ ത്രിശൂലി ജലവൈദ്യുതപദ്ധതിയുടെ തുരങ്കത്തിനുള്ളിൽ കുടുങ്ങിപ്പോയ മുന്നൂറ്റിയമ്പതോളം തൊഴിലാളികളെ സൈന്യം അതിസാഹസികമായി രക്ഷപ്പെടുത്തി.എന്നാൽ, നദീതീരത്തും തുറസ്സായ പ്രദേശങ്ങളിലും പണിയെടുത്തിരുന്നവർ പ്രളയത്തിൽ എന്നെന്നേക്കുമായി ഒലിച്ചുപോയി. ഇവരിൽ പ്രധാനമായും ദക്ഷിണ നേപ്പാളിൽനിന്നുള്ള ആഭ്യന്തര കുടിയേറ്റ തൊഴിലാളികളും വിദേശ സാങ്കേതികവിദഗ്ധരും എൻജിനീയർമാരുമാണ് ഉൾപ്പെട്ടിരുന്നത്. പ്രകൃതിയെ യന്ത്രങ്ങൾകൊണ്ട് കീഴടക്കാമെന്ന മനുഷ്യന്റെ അഹങ്കാരങ്ങളെ പ്രകൃതിതന്നെ നിഷ്കരുണം വിഴുങ്ങുന്ന കാഴ്ചയായിരുന്നു അത്.

## തീർഥാടകരും സഞ്ചാരികളും

ആഗസ്റ്റ് മാസം മൺസൂണിന്റെ വിടവാങ്ങലിന്റെയും ശരത്കാല ട്രെക്കിങ് – തീർഥാടനങ്ങളുടെ തുടക്കത്തിന്റെയും സമയമാണ്. നേപ്പാൾ – ചൈന വ്യാപാരത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും പ്രധാന കവാടമായ ഗൈറോങ് തുറമുഖ സമുച്ചയം പൂർണമായും തകർന്നു.

ആത്മീയ സന്തോഷം തേടി മാനസസരോവർ–കൈലാസ യാത്രയ്ക്കിറങ്ങിയ നൂറുകണക്കിന് ഇന്ത്യൻ തീർഥാടകർ ഉൾപ്പെടെയുള്ള അനേകം മനുഷ്യർ ഈ ദുരന്തത്തിന്റെ നടുവിലേക്ക് വലിച്ചെറിയപ്പെട്ടു. മുപ്പത്തഞ്ചു രാജ്യങ്ങളിൽനിന്നുള്ള അഞ്ഞൂറിലധികം വിദേശികളെ പ്രളയം വിഴുങ്ങിയ താഴ്‌വരകളിൽ കാണാതായിട്ടുണ്ട്. (ഈ ലേഖനം എഴുതുന്ന സമയത്ത്) ഇന്ത്യൻ വിദേശകാര്യമന്ത്രാലയം നൽകുന്ന വിവരമനുസരിച്ച് മാനസരോവർ – കൈലാസ് യാത്രയിൽ ഉണ്ടായിരുന്ന 108 ഇന്ത്യൻ പൗരന്മാരെ നേപ്പാളിൽനിന്നു രക്ഷപ്പെടുത്തിയിട്ടുണ്ട്. നേരത്തെ ബന്ധപ്പെടാൻ കഴിയാതിരുന്ന ഏകദേശം 50 ഇന്ത്യൻ പൗരന്മാരുമായി വീണ്ടും ബന്ധം സ്ഥാപിക്കാനും കഴിഞ്ഞു. കഴിഞ്ഞ രണ്ടു ദിവസത്തിനിടെ ചൈനയിൽ നിന്ന് 598 ഇന്ത്യൻ പൗരന്മാർ സുരക്ഷിതമായി നേപ്പാളിലേക്ക് കടന്നതായി ചൈനയിലെ പ്രാദേശിക സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ച് അറിയിച്ചിട്ടുണ്ട്. ചൈനീസ് ഭാഗത്ത് ഇപ്പോഴും ഏകദേശം 900 ഇന്ത്യൻ പൗരന്മാർ സുരക്ഷിതരായി ബന്ധപ്പെടാവുന്ന നിലയിലുമുണ്ട്. അതേസമയം 275–ലധികം ഇന്ത്യൻ പൗരന്മാരും ഇന്ത്യൻ വംശീയരായ 128

പേരും ഇപ്പോഴും കാണാതായവരോ ബന്ധപ്പെടാത്തവരായി തുടരുകയാണ്.

പതിനാലായിരത്തിലധികം സുരക്ഷാ ഉദ്യോഗസ്ഥർ രക്ഷാപ്രവർത്തനത്തിനായി അധ്വാനിക്കുന്നുണ്ട്. തുരങ്കങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരിലേക്ക് ഓക്സിജൻ എത്തിക്കുന്നതിനായി അവർ ചെറിയ ദ്വാരങ്ങൾ തുറന്നിട്ടുണ്ട്. ഇന്ത്യയിൽനിന്നും ചൈനയിൽ നിന്നുമുള്ള പ്രത്യേക സാങ്കേതികസംഘങ്ങളും തുരങ്ക രക്ഷാപ്രവർത്തനവിദഗ്ധരും ഭാരമേറിയ ഉപകരണങ്ങളും നിരീക്ഷണ സംവിധാനങ്ങളുമായി നേപ്പാളിലെത്തി പ്രാദേശിക രക്ഷാപ്രവർത്തകരെ സഹായിക്കുന്നുണ്ട്. അമേരിക്ക ഉൾപ്പെടെയുള്ള വിദേശ രക്ഷാസംഘങ്ങളുടെ സഹായങ്ങൾ നേപ്പാൾ നിരസിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ തങ്ങളുടെ സൈന്യത്തിനും പോലീസിനും കഴിയുമെന്ന നിലപാടാണ് നേപ്പാൾ സ്വീകരിച്ചത്. പ്രാദേശിക സുരക്ഷാസേനയാണ് കുടുങ്ങിയിരിക്കുന്ന തൊഴിലാളികളെയും ഒറ്റപ്പെട്ടുപോയ ജനങ്ങളെ രക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പ്രളയബാധിത കുടുംബങ്ങളെ സഹായിക്കുന്നതിനായി അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റും യുഎസ്എ ഐഡിയും(USAID) 3.6 മില്യൻ ഡോളറിലധികം സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

## മൗനത്തിലാണ്ട ഗ്രാമങ്ങളും അനാഥമാക്കപ്പെട്ട ബാല്യവും

മരണത്തിന്റെ കണക്കുകൾ ഇവിടെ കേവലം അക്കങ്ങളല്ല. അത് ഓരോ മനുഷ്യന്റെയും ഇല്ലാതായ സ്വപ്നങ്ങളുടെയും ഉരുകിത്തീർന്ന ആയുസ്സിന്റെയും ഹൃദയം മരവിപ്പിക്കുന്ന ബാക്കിപത്രങ്ങളാണ്.



നിലവിൽ, എഴുന്നൂറ്റി അമ്പത്തിനാലിലേറെ ജീവനുകൾ മണ്ണിലലിഞ്ഞു; മൂവായിരത്തിലധികം മനുഷ്യരെക്കുറിച്ച് ഒരു വിവരവുമില്ല. അതിൽ, ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ ടിപ്ലിങ്ങിൽനിന്നു സ്യാഫ്രുബെസിയിലേക്ക് കുടിയേറിയ അമ്പത്തിരണ്ടു പേരും ഉൾപ്പെടുന്നു. മരണസംഖ്യ ഇനിയും വർധിക്കാം.

പുറംലോകത്തുനിന്നുള്ള സാങ്കേതികസഹായങ്ങളും സാമ്പത്തികപിന്തുണയുമൊക്കെ അവിടെയൊരു പ്രതീക്ഷയായി എത്തുന്നുണ്ടാകാം. എങ്കിലും, താഴ്വരയുടെ ആത്മാവിലേറ്റ മുറിവുകൾക്ക് അവയൊന്നും പൂർണമായൊരു സാന്ത്വനമാകുന്നില്ല. പത്തൊൻപത് പാലങ്ങൾ തകർന്നടിഞ്ഞു. ഭൈരാം കോട്ട്, കിസ്പാങ്, സാൽമെ തുടങ്ങിയ മലയോരഗ്രാമങ്ങൾ പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ, പ്രകൃതിയുടെ മഹാമൗനത്തിൽ പൂർണമായും ഒറ്റപ്പെട്ടുപോയിരിക്കുന്നു.

എന്നാൽ, എന്റെ ഹൃദയത്തെ ഏറ്റവും ആഴത്തിൽ മുറിവേൽപ്പിക്കുന്നത് കുഞ്ഞുങ്ങളുടെ മുഖങ്ങളാണ്. മിഷൻ സ്കൂളിൽ പഠിക്കുന്ന നിരവധി കുട്ടികൾക്ക് അവരുടെ ബന്ധുക്കളെ നഷ്ടപ്പെട്ടിട്ടുണ്ട്. തങ്ങളെ സ്നേഹിച്ച മാതാപിതാക്കളും, കൂടെക്കളിച്ച സഹോദരങ്ങളും, ബന്ധുക്കളും ഇനി ഒരിക്കലും മടങ്ങിവരില്ലെന്ന സത്യം ഉൾക്കൊള്ളാനാവാതെ അവർ പകച്ചുനിൽക്കുന്നു. റോഡ് ഗതാഗതം പൂർണമായി തടസ്സപ്പെട്ടതിനാൽ ഈ കുട്ടികൾക്ക് ഇപ്പോൾ സ്വന്തം വീടുകളിലേക്ക് മടങ്ങാൻ കഴിയാത്ത അവസ്ഥയാണ്. മലവെള്ളപ്പാച്ചിലിൽനിന്ന് തങ്ങൾ രക്ഷപ്പെട്ടെങ്കിലും, ഉറ്റവർ നഷ്ടപ്പെട്ട ആ മഹാശൂന്യതയുടെ നടുവിൽ, ജീവിതത്തിന്റെ അർഥമെന്തെന്നറിയാതെ അവർ തീർത്തും അനാഥമാക്കപ്പെട്ടിരിക്കുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിൽ ആഹാരത്തിനോ വസ്ത്രത്തിനോ വേണ്ടി കൈനീട്ടുന്ന മനുഷ്യരുടെ അവസ്ഥ വിവരണാതീതമാണ്. കാണാപ്പുറങ്ങളിലേക്ക് മറഞ്ഞുപോയവരെ ഓർത്തുകൊണ്ട്, തകർന്നടിഞ്ഞ ഒരു താഴ്വരയുടെ ഓർമകളെ നെഞ്ചോട് ചേർത്തുപിടിച്ച് അവർ ഇനിയും ഒരുപാട് ദൂരം നടക്കേണ്ടതുണ്ട്.

*(ലേഖകൻ: എസ്.ജെ.ഇ.എസ് സെക്രട്ടേറിയറ്റിനായുള്ള ഇ.എസ്.പി പ്രോജക്ട് ഡയറക്ടറും ജെ.സി.എസ്.എയുടെ സങ്കല്പ് കോർഡിനേറ്ററുമാണ്. നേപ്പാൾ ജസ്വിറ്റ് സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്നു.)*

*മൊഴിമാറ്റം : മനു അച്ചുതത്ത്*

**മരണത്തിന്റെ കണക്കുകൾ ഇവിടെ കേവലം അക്കങ്ങളല്ല. അത് ഓരോ മനുഷ്യന്റെയും ഇല്ലാതായ സ്വപ്നങ്ങളുടെയും ഉരുകിത്തീർന്ന ആയുസ്സിന്റെയും ഹൃദയം മരവിപ്പിക്കുന്ന ബാക്കിപത്രങ്ങളാണ്.**

ദർശനം | എബി സെബാസ്റ്റ്യൻ



# യൂർഗൻ ഹാബർമാസും ശോഷിക്കുന്ന ജനാധിപത്യവും

ഉണ്മയുടെ കേവലയുക്തികളിൽനിന്നു വഴിമാറി, ഭാഷയെ മനുഷ്യവിമോചനത്തിനായുള്ള ആയുധമായി കണ്ട ദാർശനികനായിരുന്നു യൂർഗൻ ഹാബർമാസ്. വിയോജിപ്പുകൾ അടിച്ചമർത്തപ്പെടുകയും സംവാദങ്ങൾ നിശ്ശബ്ദമാക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാലത്ത്, ഹാബർമാസ് എന്ന തത്ത്വചിന്തകൻ എങ്ങനെയാണ് കാലത്തെ അതിലംഘിക്കുന്ന ഒരു പ്രവാചകശബ്ദമായി മാറുന്നതെന്ന് അന്വേഷിക്കുകയാണ്, ഈ ലേഖനം.

2026 മാർച്ച് 14-നാണ് ജർമനിയിലെ മ്യൂണിക്കിനടുത്തുള്ള സ്റ്റാർൺബർഗിൽ യൂർഗൻ ഹാബർമാസ് അന്തരിച്ചത്. 96 വർഷം നീണ്ട ആ ജീവിതം സംഭവബഹുലമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം തത്ത്വചിന്തയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിൽ ഹാബർമാസ് ഉൾപ്പെട്ട ഫ്രാങ്ക്ഫുർട്ട് സ്കൂളിലെ (Frankfurt School) ചിന്തകർ സുപ്രധാന പങ്കുവഹിച്ചു. സമൂഹത്തെയും അതിന്റെ ഘടനാപരമായ സംവിധാനങ്ങളെയും വിമർശനബുദ്ധ്യാ വിലയിരുത്തി, എല്ലാവിധ അസമത്വങ്ങളും ഉച്ചനീചത്വങ്ങളും തുടച്ചുനീക്കുന്നതിൽ പ്രത്യേക താത്പര്യം പ്രകടിപ്പിച്ചവരാണ് ഫ്രാങ്ക്ഫുർട്ട് സ്കൂളിലെ ദാർശനികർ. ശാസ്ത്ര-സാങ്കേതികവിദ്യകളുടെ സീമാതീതമായ വളർച്ച മനുഷ്യവിമോചനത്തിന് വേണ്ടത്ര ഉപകരിക്കാതെ, കോർപ്പറേറ്റ് ഭീമന്മാരുടെ ലാഭേച്ഛയ്ക്കുള്ള ഉപാധിയായി മാറിയപ്പോൾ ചോദ്യങ്ങളിലൂടെയും ചർച്ചകളിലൂടെയും മനുഷ്യരാശിക്കുമുന്നിൽ പ്രതിഷേധസ്വരം ഉയർത്തിയവരാണിവർ.

ആദ്യകാല ഫ്രാങ്ക്ഫുർട്ട് ചിന്തകർ സാമൂഹികസംവിധാനങ്ങളെ വിമർശനബുദ്ധ്യാ വിലയിരുത്തുന്നതിൽ വ്യാപൃതരായപ്പോൾ, ഹാബർമാസ് സാമൂഹികജീവിതത്തിലെ ആശയസംവേദനങ്ങളെ (Social communication) യുക്തിയിലധിഷ്ഠിതമായ (Reason-oriented) ജനാധിപത്യത്തിലേക്കു നയിക്കുന്നതിലാണ് താത്പര്യം കാണിച്ചത്. ജനാധിപത്യത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന സാമൂഹികജീവിതവും രാഷ്ട്രീയവും അധികാരത്തിനും ചൂഷണത്തിനുമുള്ള ഉപാധികളായി മാറുകയും എല്ലാ മാനുഷികമൂല്യങ്ങളെയും ഇല്ലാതാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സംവാദകേന്ദ്രിതമായ (Discourse-based) ഒരു വിപ്ലവശൈലിയെ ലോകം പുൽകണമെന്ന് നിരന്തരം ആഹ്വാനംചെയ്ത ചിന്തകനായിരുന്നു, ഹാബർമാസ്. മനുഷ്യന്റെ ഉന്നമനത്തിനും സാമൂഹികക്ഷേമത്തിനും ജനാധിപത്യം ഉപകരിക്കണമെങ്കിൽ, നിർവചിക്കപ്പെടേണ്ടതും നിറവേറ്റപ്പെടേണ്ടതുമായ ചില സത്യങ്ങളെ ഹാബർമാസ് തന്റെ ചിന്തകളിലൂടെ



↘ യൂർഗൻ ഹാബർമാസ്




എപ്രകാരം അടയാളപ്പെടുത്താൻ ശ്രമിച്ചുവെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

## ഭാഷയിൽ രൂപപ്പെട്ട സാമൂഹികദർശനം

1929 ജൂൺ 18-ന് ജർമനിയിലെ ഡ്യൂസൽഡോർഫിലാണ് ഹാബർമാസ് ജനിച്ചത്. മുറിച്ചുണ്ടുമായി ജനിച്ച അദ്ദേഹത്തിന് അഞ്ചുവയസ്സിനുള്ളിൽ രണ്ട് പ്രധാന ശസ്ത്രക്രിയകൾക്ക് വിധേയനാകേണ്ടിവന്നു. രോഗാതുരമായ ബാല്യകാലത്ത് സഹപാഠികൾ അദ്ദേഹത്തെ 'മൂക്കുമുണ്ടനെന്നും' 'തൊണ്ടനെന്നും' വിളിച്ച് പരിഹസിച്ചപ്പോൾ, ഭാഷയ്ക്ക് മനുഷ്യനെ അസാധാരണമാംവിധം മുറിവേൽപ്പിക്കാനാകുമെന്ന പൊള്ളുന്ന യാഥാർഥ്യം ഹാബർമാസ് തിരിച്ചറിഞ്ഞു.

രണ്ടാം ലോകമഹായുദ്ധകാലത്ത് അഡോൾഫ് ഹിറ്റ്ലർ അനുയായിയായ ജോസഫ് ഗീബൽസിലൂടെ ഭാഷയുടെ സാധ്യതകളുപയോഗിച്ച് പ്രാവർത്തികമാക്കിയ 'ദി ബിഗ് ലൈ' (The Big Lie) എന്ന സിദ്ധാന്തവും, അസത്യത്തെ പുൽകുന്ന ഭാഷയുടെ വികലരൂപവും ഹാബർമാസിൽ ഞെട്ടലുളവാക്കി. ആവർത്തിച്ചും പെരുപ്പിച്ചും സൃഷ്ടിക്കപ്പെടുന്ന പച്ചക്കള്ളങ്ങൾക്ക് സത്യത്തിന്റെ പരിവേഷം ചാർത്തിക്കൊടുക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളാണ് ഗീബൽസിയൻ തന്ത്രത്തിന്റെയും വംശശുദ്ധിയുടെയും പേരിൽ നടന്നത്. അധികാരം കൈയാളുന്നതിനും ഹിംസയുടെയും ഉന്മൂലനത്തിന്റെയും പാതകൾ തിരഞ്ഞെടുക്കുന്നതിനും ഭാഷയിൽ പൊതിഞ്ഞ ഇത്തരം 'പൊള്ളയായ സത്യങ്ങൾ' കാരണമായെന്ന് അദ്ദേഹം മനസ്സിലാക്കി. അസത്യത്തിലൂടെയും കുപ്രചാരണത്തിലൂടെയും വികലമാക്കപ്പെട്ട ഭാഷയ്ക്കുപകരം, നീതിയുടെയും സാഹോദര്യത്തിന്റെയും സംസ്കാരം ഭാഷയിലൂടെ കെട്ടിപ്പടുക്കാൻ കഴിയുമെന്ന് സ്വന്തം ജീവിതാനുഭവങ്ങളിൽനിന്നും രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരസ്മരണകളിൽനിന്നും ഹാബർമാസിന് ബോധ്യപ്പെട്ടു. ഭാഷയുടെ അന്തസ്സത്ത എല്ലാവരെയും ഉൾക്കൊള്ളുന്നതിലാണ് (Inclusiveness) അടങ്ങിയിരിക്കുന്നതെന്നും, പരമ്പരാഗത തത്ത്വചിന്ത തലോലിച്ചുപോന്നിരുന്ന ഉണ്മയുടെ (Essence) തോടുപൊട്ടിച്ച് സമഗ്രമായസാമൂഹികദർശനം രൂപപ്പെടുത്തുന്നതിൽ മനുഷ്യർ പങ്കാളികളാകണമെന്നും അദ്ദേഹം മനുഷ്യരാശിയെ ഓർമപ്പെടുത്തി. വാക്കുകളും ചിന്തകളും സാഹോദര്യത്തെയും സമഗ്രതയെയും ശിഥിലീകരിക്കാനല്ല ഉപയോഗിക്കേണ്ടത്. മറിച്ച്, അവ സത്യാന്വേഷണത്തിനും പരസ്പരസഹകരണത്തിനും ഫലപ്രദമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ വൈവിധ്യങ്ങളെയും അന്തരങ്ങളെയും ഉൾക്കൊള്ളാനും ചേർത്തുപിടിക്കാനുമുള്ള മനോനിലയിലേക്ക് മനുഷ്യർ ഉയരുകയുള്ളൂ.

> **അസത്യത്തിലൂടെയും കുപ്രചാരണത്തിലൂടെയും വികലമാക്കപ്പെട്ട ഭാഷയ്ക്കുപകരം, നീതിയുടെയും സാഹോദര്യത്തിന്റെയും സംസ്കാരം ഭാഷയിലൂടെ കെട്ടിപ്പടുക്കാൻ കഴിയുമെന്ന് സ്വന്തം ജീവിതാനുഭവങ്ങളിൽനിന്നും രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരസ്മരണകളിൽനിന്നും ഹാബർമാസിന് ബോധ്യപ്പെട്ടു.**

## പൊതുമണ്ഡലവും സംവാദപരമായ യുക്തിഭദ്രതയും

പൊതുനന്മയിൽ (Common good) കേന്ദ്രിതമായ രാഷ്ട്രീയം പിറക്കുന്നത് എല്ലാവരെയും ഉൾക്കൊള്ളുകയും ശ്രവിക്കുകയും ചെയ്യുന്ന ജനാധിപത്യവ്യവസ്ഥയിലാണ്. ഇപ്രകാരം വിഭാവനം ചെയ്യപ്പെടുന്ന ജനാധിപത്യം പിറക്കുന്നതും തഴച്ചുവളരുന്നതും മനുഷ്യൻ സ്വതന്ത്രമായി രാഷ്ട്രീയത്തെയും സംസ്കാരത്തെയും സമൂഹത്തെയും കുറിച്ച് ചർച്ചചെയ്യുന്ന 'പൊതുമണ്ഡലം' (Public sphere) എന്ന പവിത്രമായ ഇടത്തിലാണ്. 1962-ൽ പ്രസിദ്ധപ്പെടുത്തിയ 'Structural Transformation of the Public Sphere' എന്ന ഗ്രന്ഥത്തിലാണ് ഹാബർമാസ് ആദ്യമായി പൊതുമണ്ഡലത്തെക്കുറിച്ചുള്ള സൂചന നൽകുന്നത്. ജനാധിപത്യസംവിധാനത്തിൽ ഭരണകൂടത്തിനും ജനങ്ങളുടെ സ്വകാര്യജീവിതത്തിനും ഇടയിലുള്ള ഒരു തുറന്നവേദിയായാണ് പൊതുമണ്ഡലത്തെ ഹാബർമാസ് വിവക്ഷിക്കുന്നത്. പൗരന്മാർ സ്വതന്ത്രമായി അഭിപ്രായം രൂപപ്പെടുത്തുകയും ഭയരഹിതമായി സാമൂഹികജീവിതത്തെയും പൊതുനന്മയെയും കുറിച്ചുള്ള ചർച്ചകളിലും സംവാദങ്ങളിലും ഏർപ്പെടുകയും ചെയ്തിരുന്നത് ചായക്കടകൾ, വായനശാലകൾ, മാധ്യമങ്ങൾ എന്നിവയിലൂടെയായിരുന്നു. വാണിജ്യവത്കരണത്തിന്റെയും ലാഭക്കൊതിയുടെയും നിഴലുകൾ പതിക്കുകയും സ്മാർട്ട്ഫോണും സാമൂഹികമാധ്യമങ്ങളും പൊതുഇടങ്ങളിലെ ആശയസംവേദനങ്ങളെ വിഴുങ്ങുകയും ചെയ്തതോടെ, പൊതുമണ്ഡലത്തിന്റെ ഗുണനിലവാരം ഗണ്യമായി ഇടിഞ്ഞുതുടങ്ങി എന്നത് യാഥാർഥ്യമാണ്. അധികാരവും ലാഭക്കൊതിയും ജനാധിപത്യസംസ്കാരത്തെയും രാഷ്ട്രീയത്തെയും ഭരിക്കുകയും നിർവചിക്കുകയും ചെയ്യുമ്പോൾ, മനുഷ്യർ തങ്ങളുടെ ചിന്തകളെയും സർഗാത്മകതയെയും




കേവലയുക്തിയിൽ (Instrumental reason) കെട്ടിയിടുന്നു എന്നാണ് ഹാബർമാസിന്റെ വാദം. ഈ കേവലയുക്തിയിൽനിന്നു മാറി പരസ്പരധാരണയിലൂടെയും സമവായത്തിലധിഷ്ഠിതമായ സംവാദങ്ങളിലൂടെയും മാത്രമേ സംവാദപരമായ യുക്തിഭദ്രതയിലേക്ക് (Communicative rationality) ജനാധിപത്യസമൂഹം വളരുകയുള്ളൂ. മാധ്യമങ്ങൾ വെറും വാർത്താവിതരണക്കാരായി മാത്രം ഒതുങ്ങാതെ, ജനാധിപത്യമൂല്യങ്ങളെ ചൂണ്ടിക്കാണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഇടങ്ങളായി രൂപാന്തരപ്പെടണം. അത്തരമൊരു സാമൂഹികവ്യവസ്ഥിതിയിൽ, ജനാധിപത്യമെന്നാൽ വോട്ടവകാശം മാത്രമാണെന്ന പതിവ് ക്ലീഷേയിൽനിന്ന് ഉത്തരവാദിത്വമുള്ള പൗരബോധത്തിലേക്കുള്ള പൊളിച്ചെഴുത്താണ് നടക്കുന്നത്.

## നിശ്ശബ്ദമാക്കപ്പെടുന്ന ആശയസംവേദനങ്ങൾ

ഹാബർമാസ് വിഭാവനംചെയ്യുന്ന പൊതുമണ്ഡലം ആശയസംവേദനത്തിനുള്ള ഇടമാണ്. എതിർപ്പിന്റെ സ്വരം ചെവിക്കൊള്ളാനും അതിനെ വിമർശനബുദ്ധ്യാ പരിഗണിക്കാനും അധികാരത്തിലിരിക്കുന്നവർ തയ്യാറാകുമ്പോഴാണ് ജനാധിപത്യം ജനങ്ങളുടേതായി മാറുന്നത്. പ്രതിഷേധസ്വരങ്ങളെ പ്രതിരോധിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നിടത്ത് ജനാധിപത്യമൂല്യങ്ങളുടെ അങ്കുരങ്ങൾതന്നെ നശിച്ചുപോകുന്നു. 1942-ൽ ജർമനിയിലെ മ്യൂണിക്കിൽ 'വൈറ്റ് റോസ്' (White Rose) എന്ന പേരിൽ ഒരുപറ്റം വിദ്യാർഥികൾ ഒരു പ്രതിഷേധസംഘടന രൂപവത്കരിച്ചു. നാസി ഭരണകൂടത്തിന്റെ അടിച്ചമർത്തലുകൾക്കും കൂട്ടക്കൊലകൾക്കുമെതിരെ പ്രതിഷേധസൂചകമായി ഭരണകൂടത്തെ അപലപിച്ചുകൊണ്ട് അവർ ലഘുലേഖകൾ വിതരണം ചെയ്തു. പ്രതിഷേധങ്ങളെ ഭീഷണിയായിക്കണ്ട നാത്സി ഭരണകൂടം 'വൈറ്റ് റോസി'ലെ വിദ്യാർഥികളെ ക്രൂരമായി അടിച്ചമർത്തുകയും വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. സോഫി ഷോൾ എന്ന ഇരുപത്തിരണ്ടുകാരി വധശിക്ഷയ്ക്ക് തൊട്ടുമുൻപ് തന്റെ കുറ്റപത്രത്തിന്റെ മറുവശത്ത് 'സ്വാതന്ത്ര്യം' (Freiheit) എന്ന് കുറിച്ചുവച്ചു. എതിരഭിപ്രായങ്ങൾ സ്വതന്ത്രമായ ചർച്ചകൾക്കും പരിഗണനകൾക്കും വിധേയമാകാതിരിക്കുകയും, അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ തടിച്ചുകൊഴുത്ത് സ്വന്തം അധികാരസംരക്ഷണത്തിനായി മറ്റുള്ളവരെയെല്ലാം കരുവാക്കുകയും ചെയ്യുമ്പോൾ, ജനങ്ങൾക്ക് അവകാശങ്ങൾക്കുവേണ്ടി തെരുവിലിറങ്ങേണ്ടിവരുന്ന കാഴ്ചകൾ പെരുകും.

യൂർഗൻ ഹാബർമാസ്, റിച്ചാർഡ് റോർട്ടി (Richard Rorty), മിഷേൽ ഫൂക്കോ (Michel Foucault) എന്നീ ചിന്തകരിലൂടെ പ്രശസ്തിയാർജിച്ച 'സാമൂഹിക നിർമിതിവാദത്തിന്റെ' (Social constructivism) അന്തസ്സത്തതന്നെ, സത്യം (Truth) എന്നത് കണ്ടെത്തേണ്ട ഒന്നല്ല, മറിച്ച് സംവാദങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്നതാണ് എന്നതാണ്. സംവാദങ്ങൾ നിശ്ശബ്ദമാക്കപ്പെടുന്നിടത്ത് അരാജകത്വവും അധികാരധാർഷ്ട്യവും കൊടികുത്തിവാഴുന്നു. ജനാധിപത്യമൂല്യങ്ങൾക്ക് മങ്ങലേൽക്കുമ്പോൾ ലോകം വീണ്ടും വായിക്കേണ്ടത് ഹാബർമാസിന്റെ ചിന്തകളെയാണ്. സ്വതന്ത്രമായി രാഷ്ട്രീയം സംസാരിക്കാനും ശരിയായ രാഷ്ട്രീയബോധ്യത്തിലേക്ക് (Political consciousness) ഉയരാനും തക്കവിധമുള്ള സംവാദ ഇടങ്ങൾ രൂപപ്പെടുമ്പോൾ അത് ജനാധിപത്യത്തിന്റെ കാവലായി മാറുന്നു. ജനാധിപത്യം നിലനിൽക്കുന്നിടത്തോളം കാലം യൂർഗൻ ഹാബർമാസ് എന്ന ചിന്തകനു പ്രസക്തിയുണ്ടാകും. അദ്ദേഹത്തിന്റെ ഈ വാക്കുകൾ കാലത്തെ അതിലംഘിക്കുന്ന പ്രവാചകശബ്ദമായി മുഴങ്ങിക്കൊണ്ടിരിക്കും:■

*"The public sphere is where subjects participate as equals in rational discussion in pursuit of truth and the common good. As ideas, openness, inclusiveness, equality and freedom were beyond reproach."*

*Jurgen Habermas*

കവിത

ഇന്ദിര അശോക്



# ആഭിചാരം

ബിംബം പ്രതിബിംബത്താൽ മറയ്ക്കുന്ന
നിഴൽവേലയുടെ ആഭിചാരത്തിൽ മുഴുകിപ്പോയിരുന്നു
ഞാൻ.

സത്യമെന്തെന്നു പറയിക്കാൻ
കടിച്ചതിനെ കൂട്ടുപിടിച്ചു, കടവായിൽ ഔഷധമിറ്റിച്ചു.

ചെറുപേടകങ്ങളിൽ
പുഴയാഴത്തിലേക്കെറിഞ്ഞവയെല്ലാം മുങ്ങിത്തപ്പി
നിരത്തിവച്ചു.
അതിലെ ഗൂഢലിപികൾ അഴിച്ചുവച്ച്
അകത്തുള്ളതിന്റെ തരളനഗ്നതയറിഞ്ഞു.

നേരിനെ കണ്ടെത്താൻ ഗതഭൂതത്തിന്റെ
ഖനനഭൂമിയിൽനിന്ന്
മുത്തോളം വലുപ്പമുള്ള
ഒന്നിനെ കണ്ടെത്തി.



തിക്കുമുട്ടുന്നതൊക്കെ നെടുവീർപ്പയച്ച്
മരിക്കാൻ തുടങ്ങുന്നിടത്തുനിന്ന്
നേരിലേക്കുള്ള വഴി
വർത്തുളവുമാകാമെന്നറിഞ്ഞു.

ഞാനറിയും,
ഇരുളും വെളിച്ചവും കൊണ്ടുതുന്നിയ
ഉത്തരീയത്തിൽ
മറഞ്ഞിരിക്കുന്ന ചിത്രം
ആരുടേതെന്ന്.

ഞാനറിയും,
ഭാഷയുടെ ചമത്കാരങ്ങൾക്കേറ്റവുമടിയിൽകിടക്കുന്ന
ഉടുക്കാക്കുഞ്ഞായ ഒന്നിനെ;
സമൃദ്ധിയുടെ വിരുന്നുമേശകളിലൊന്നിൽ,
കഞ്ഞിത്തെളിക്കു ദാഹിക്കുന്ന ഒന്നിനെ;
മുഖപടങ്ങൾ കനത്തുമൂടിയ വിരഹയാത്രയിൽ
പ്രിയമുഖം ഒരിക്കൽക്കൂടി, ഒരിക്കൽക്കൂടി മാത്രം
എന്നാർത്തലയ്ക്കുന്ന നിശ്ശബ്ദതയെ.■

കഥ



ചന്ദ്രൻ പൂക്കാട്



# നോവൽ പ്രകാശനം

പല തവണ വിളിച്ചിട്ടും കിട്ടാതെ വന്നപ്പോഴായിരുന്നു ഹരികുമാർ ആ പ്രസാധകസ്ഥാപനത്തിലെ പബ്ലിക്കേഷൻ മാനേജരെ മുഖാമുഖം കാണാൻ തീരുമാനിച്ചത്. അപ്പോഴേക്കും പ്രസാധകർക്ക് പരിഗണനയ്ക്കായി അയാൾ ഒരു നോവൽ കൈയെഴുത്തുപ്രതി അയച്ചിട്ട് ഒരു വർഷവും രണ്ടു മാസവും തികഞ്ഞിരുന്നു. ആദ്യമായി എഴുതിയ പുസ്തകം. നിരവധിതവണ വെട്ടുംതിരുത്തും നടത്തി മിനുക്കിയെടുത്തത്. വാക്കുകൾക്കുനേരേ തുടർന്ന അയാളുടെ കടിഞ്ഞൂൽ പ്രണയകഥയുടെ തിരുശേഷിപ്പ്.

അതൊക്കെയായിരുന്നു ആ പുസ്തകം. മറ്റാരും അറിയാതെ അത്യന്തം രഹസ്യമായി സംഭവിച്ചതായിരുന്നു, ഹരികുമാറിന്റെ എഴുത്തും തിരുത്തിയെഴുത്തും അനന്തരം കൈയെഴുത്തുപ്രതി തയ്യാറാക്കലും. പൂർത്തീകരിക്കപ്പെട്ട രചന വേറൊരാളെക്കൊണ്ട് വായിപ്പിച്ചിട്ട് അഭിപ്രായങ്ങൾ തേടാനോ ഉചിതമായ മാറ്റങ്ങളെന്തെങ്കിലും വേണമെങ്കിൽ നടത്താനോ അയാൾക്കു തോന്നിയിരുന്നില്ല. സാഹിത്യമെന്ന നിലയിൽ അതുവരെ ഒന്നും എഴുതാതിരുന്നതുകൊണ്ട് ഒരെഴുത്തുകാരനാണെന്ന ആത്മവിശ്വാസം തെല്ലുപോലും അയാൾക്കുണ്ടായിരുന്നില്ലല്ലോ. പത്താംക്ലാസ് കഴിഞ്ഞ് പൂർത്തീകരിക്കാൻ സാധിക്കാതെപോയ പ്രീഡിഗ്രിക്കാലം മുതലേ തുടങ്ങി, ഇപ്പോൾ നാൽപ്പതുകളിൽ എത്തിനിൽക്കുമ്പോഴും തുടരുന്ന ഗൗരവപൂർണവും സജീവവുമായ വായന മാത്രമായിരുന്നു. ഹരികുമാറിന്റെ ഊർജം.

ആ ആത്മബലത്തിലാണ് അയാളുടെ എഴുത്തുപരീക്ഷണം ഒരു നോവൽപ്പിറവിയിൽ ചെന്നുമുട്ടിയത്.

പകൽനേരത്തെ ജോലികഴിഞ്ഞ് രാത്രിയിൽ കിട്ടുന്ന ഒഴിവുസമയങ്ങളിൽ പഴയ ഡയറികളിലും നോട്ടുബുക്കുകളിലുമായിരുന്നു എഴുത്തു തുടർന്നത്. അതു മണിക്കൂറുകളോളമൊന്നും നീട്ടിക്കൊണ്ടുപോകാൻ അയാൾക്കു സാധിക്കാറില്ല. അതിനെപ്പോഴും ഒരൊളിച്ചുകളിയുടെ നീക്കങ്ങളുണ്ടാകും.

രണ്ടു കുട്ടികൾ, മൂത്തവൾക്ക് ഒൻപതും ഇളയതിന് അഞ്ചും പ്രായം. പിന്നെ, അയാളുമായി സന്ധിചെയ്യാൻ കഴിയാതെയാണെങ്കിലും പൊരുത്തപ്പെട്ടവളായി ജീവിക്കുന്ന ഭാര്യ. ഇത്രയും പേരാണ് ഹരികുമാറിനു പുറമേ വീട്ടിലെ അന്തേവാസികൾ. അവരൊക്കെ ഉറങ്ങിക്കഴിഞ്ഞ് വീടൊന്നു ശാന്തമായാലാണ് അയാൾ അകത്തെ കാര്യങ്ങൾ കടലാസുകളിലേക്കു പകർത്തുക.

കള്ളുചെത്തു തൊഴിൽചെയ്യുന്ന ആളാണ് ഹരികുമാർ.



മധുരക്കള്ളുപോലും കഴിക്കാറില്ലെങ്കിലും കള്ളുമണം, തെങ്ങുമണം എന്നെല്ലാം ആവർത്തിക്കപ്പെടുന്ന രഞ്ജിമയുടെ പരിഹാസവാക്കുകൾ പലപ്പോഴും അയാളെ വന്നുപൊതിയും. വാക്കുകളിലെ ഇഷ്ടക്കേടുകളും സ്നേഹമില്ലായ്മയുമെല്ലാം ഹരികുമാർ തിരിച്ചറിയുമെങ്കിലും ഓരോന്നിനു നേരെയും അങ്ങനെ കയറി പ്രതികരിക്കുകയൊന്നുമില്ല. ഓരോരുത്തർക്കും ഓരോ മനസ്സ്. അതിലെ ഇഷ്ടാനിഷ്ടങ്ങളും നിലപാടുകളുമൊക്കെ വൈവിധ്യമാർന്നതാണ്; അയാൾ വിചാരിക്കും.

അവൾ കാണിച്ച അവഗണനകളെയും അപ്രിയനിലപാടുകളെയും മറികടക്കാനായി നടത്തുന്ന ശ്രമമായിരിക്കുമോ ഹരികുമാറിന്റെ എഴുത്തെന്നു ചോദിച്ചാൽ അതിനൊന്നും നൽകാൻ അയാളുടെ മനസ്സിൽ ഉത്തരങ്ങളില്ല. ഒരു സാമൂഹികജീവി, കുടുംബജീവി എന്നീ നിലകളിൽ അനുഭവിച്ചതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ സംഘർഷങ്ങൾക്കും സമ്മർദങ്ങൾക്കും അയാൾക്ക് ചില തുറസ്സുകൾ വേണ്ടിയിരുന്നു. അഥവാ അതത്രയും എവിടെയെങ്കിലും തൂവൽ കൊഴിച്ചിടുന്നതുപോലെ കൊഴിച്ചിടേണ്ടിയിരുന്നു. അതിനുവേണ്ടിയായിരുന്നു ഹരികുമാർ അവസരങ്ങൾ ഒത്തുവരുന്ന രാത്രികളിൽ സ്വയം എഴുത്തിലേക്കു മോചിപ്പിച്ചുകൊണ്ടിരുന്നത്. അതീവ രഹസ്യമായിചെയ്യുന്ന എന്തോ സ്വകാര്യ ഇടപാടുപോലത്തെ ഒന്ന്. പക്ഷേ, എന്നിട്ടും ഒരു രാത്രി അയാളുടെ ആ രഹസ്യനീക്കങ്ങൾ രഞ്ജിമ കണ്ടെത്തി.

കിടക്കയിൽനിന്നു തലയുയർത്തി അവൾ അയാളെ നോക്കി. നിറപാതിരാനേരമാണ്. ഈ മനുഷ്യൻ ഇതെന്താണ് എഴുതിക്കൊണ്ടിരിക്കുന്നത്?

"അതേ, വെളിച്ചം കെടുത്തി കിടക്കുന്നുണ്ടോ നിങ്ങള്? അല്ലെങ്കിലും ഇതെന്താ ഈ പാതിരാനേരത്ത് കുത്തിക്കുറിക്കുന്നത്? ആർക്കാ ഇയാള് കത്തെഴുതുന്നത്?" അവളുടെ പരിഹാസവും ദേഷ്യപ്പെടലും കണ്ടും കേട്ടും അയാൾ ഡയറി അടച്ചു.

"ഏയ് ഒന്നുമില്ല. വരവുചെലവു കണക്കെഴുതുകയായിരുന്നു."

"നിങ്ങളെ ഒരു വരവുചെലവു സാഹിത്യം. കിടന്നുറങ്ങാൻ നോക്ക് മനുഷ്യാ.." അവൾ ക്ഷോഭിച്ചു.

അയാൾ മിണ്ടിയില്ല. എഴുത്തുപണി നിർത്തി തുടർന്ന് എഴുത്തിനെപ്പറ്റി ആലോചിച്ചുകൊണ്ടു കിടന്നു. ഒന്നോ രണ്ടോ ദിവസം കഴിഞ്ഞിരിക്കണം, അയാൾ നേരത്തേ വീട്ടിലെത്തിയ രാത്രിയിൽ പതിവില്ലാത്ത ഇളഞ്ചിരിയോടെ രഞ്ജിമ അയാളെ സ്വാഗതംചെയ്തു. അയാൾക്ക് അവളുടെ മാറ്റത്തിന്റെ പൊരുളേതും പിടികിട്ടിയില്ല. സാധാരണ വീർത്തുകെട്ടിയതുപോലത്തെ മുഖദർശനം നൽകിക്കൊണ്ടാണ് അവൾ വാതിൽ തുറക്കുക. ഭ്രാന്തുപിടിപ്പിക്കുന്ന എന്തെങ്കിലും മുള്ളുവർത്തമാനവുമുണ്ടാകും അവളുടെ വകയായിട്ട്.

'നിങ്ങളിത് കള്ളുഷാപ്പിൽനിന്ന് നേരിട്ട് ഇറങ്ങി വന്നതാ? എന്തോ വല്ലാത്തൊരു നാറ്റം. ഒരുതരം മനംപുരട്ടലുണ്ടാക്കുന്ന തെങ്ങുമണം. അയ്യോ, ഇതെന്തൊരു കഷ്ടമായിപ്പോയി. ദൈവമേ, എന്തിനായിരുന്നു അന്നു കല്യാണത്തിനു സമ്മതം മൂളിയത്. പെണ്ണുകാണാൻ വന്നപ്പോഴത്തെ ആളുടെ അത്തറുസുഗന്ധവും സുന്ദരവേഷവും കണ്ടിട്ട് പറ്റിയ അബദ്ധം. പക്ഷേ, ഇമ്മാതിരി പണിക്കാരനാ ഇയാളെന്ന് എനിക്ക് മനസ്സിലായിരുന്നില്ല.'

പക്ഷേ, തനിക്കു നേരേ അവൾ കാണിക്കുന്ന സർവ പുച്ഛങ്ങൾക്കും അയാൾ ഉചിത സന്ദർഭങ്ങളിൽ തിരിച്ചടി നൽകും. പ്രധാനമായും അത് ഉറക്കറയിലെ അവളുടെ ഭോഗനിലവിളികൾക്കിടെയാവും. വല്ലാതെ ഉണർത്തി അവളെ രതികാമനകളുടെ മലമുടി കയറ്റിക്കൊണ്ട് അയാൾ കൊടിനാട്ടും. ഒടുവിൽ തളർന്നു കിടക്കുന്നേരം അവൾ പിറുപിറുക്കും: 'ഇക്കാര്യത്തില് ഇയാളെ സമ്മതിക്കണം. ഒരൊന്നൊന്നര ആളായിട്ടല്ലേ ആളിക്കത്തല്.' എന്തോ പ്രതികാരം നിർവഹിച്ചതുപോലെയായിരിക്കും അയാൾ മനസ്സിൽ ചിരിക്കുക. ഇങ്ങനെയെങ്കിലും അവളുടെ ദേശത്ത് പതാക ഉയർത്താൻ കഴിയുന്നുണ്ടല്ലോ. എന്നാൽ, രാത്രി ഒടുങ്ങുന്നതും അവൾ പഴയ രഞ്ജിമയായി അയാൾക്കു മുൻപിൽ മുഖം വീർപ്പിക്കും.

ഇരുണ്ട ആകാശം കാട്ടും. അയാളാണെങ്കിൽ അവളെ അവഗണിക്കുന്നതായും അഭിനയിക്കും.

ആ രഞ്ജിമയാണ് ഇപ്പോൾ ഇളഞ്ചിരിയോടെ വരവേൽക്കുന്നത്.

"ചെത്തുകാരൻ ഹരികുമാറെപ്പഴാ കഥയെഴുത്ത് തുടങ്ങിയത്?"

അവൾക്ക് അതേ ചിരി. കണ്ണുകളിൽ പരിഹാസമില്ല. എന്നാൽ, ആദരവിന്റെയോ അംഗീകാരത്തിന്റെയോ അടയാളങ്ങളുമില്ല. അലമാരയിൽ ഒളിപ്പിച്ചുവച്ച ഡയറികളും നോട്ടുബുക്കുകളും എങ്ങനെയോ അവൾ കണ്ടെത്തിയിരിക്കുന്നു. എഴുതിയതിൽ ചിലതൊക്കെ അവൾ വായിച്ചിട്ടുണ്ടാകുമെന്നുറപ്പ്. രാത്രികളിൽ സ്വകാര്യമായി ഇരുന്നെഴുതുന്നത് ഒരു ദിവസമായിരിക്കില്ല, പല ദിവസങ്ങളിലും അവൾ കണ്ടിട്ടുണ്ടാകും. അതെന്താണെന്നു മനസ്സിലാവാത്ത കൗതുകമായിരിക്കും രഞ്ജിമയെ ഡയറികളും നോട്ട്ബുക്കുകളും തപ്പിയെടുക്കുന്നതിലേക്കും താനെഴുതിയിട്ടത് കുറച്ചെങ്കിലും വായിക്കുന്നതിലേക്കും നയിച്ചത്.

"എന്തോ നിങ്ങളൊക്കെ ഉണ്ടായിട്ടും വല്ലാതെ ഒറ്റപ്പെട്ടുപോകുന്ന ഒരാളെന്ന വിചാരം. ചില നേരങ്ങളിലെ നിന്റെ അവഗണനകളും ഞാനെടുക്കുന്ന തൊഴിലിന്റെ പേരിൽ പ്രകടമാക്കുന്ന അവഹേളനങ്ങളും. ഒരുപക്ഷേ, അതൊക്കെയായിരിക്കാം ചിലതെല്ലാം എഴുതിയിടാൻ എന്നെ പ്രേരിപ്പിച്ചത്. അതു കഥയാണോ കവിതയാണോ എന്നൊന്നും എനിക്കറിയില്ല."

അയാൾ അങ്ങനെ പറഞ്ഞതും അവൾ കുട്ടികൾ നോക്കിനിൽക്കെത്തന്നെ അയാളെ തന്നോട് ചേർത്ത് ഇറുകെ പുണർന്നു. അപ്പോൾ എന്തെന്നറിയില്ല അവൾ മഴയുടെ ആകാശമായി. ക്ഷമിക്ക്, ക്ഷമിക്ക് എന്ന് അയാളുടെ നെഞ്ചിലേക്ക് നിലവിളിച്ചു. 'നിങ്ങളെഴുത്, ഇനിയും ഇനിയും എഴുത്. ബലവും പ്രോത്സാഹനവുമായി ഞാനുണ്ടാകും' എന്ന് ആ മുഖത്ത് വിരലോടിച്ചുകൊണ്ട് പറഞ്ഞു.

അതിനടുത്ത ദിവസം മുതലായിരുന്നു ഹരികുമാറിന്റെ എഴുത്തിന് വേഗവും ഇഴയടുപ്പങ്ങളും ഉണ്ടായിത്തുടങ്ങിയത്. പിന്നെ, അയാൾ തന്റെ മനസ്സിലെ എഴുത്തുരൂപം പൂർത്തിയാക്കിയത് ദിവസങ്ങൾക്കിടെയാണ്. വായനയും തിരുത്തും പകർത്തിയെഴുത്തുമായി വീണ്ടും ആഴ്ചകൾ. ആ ദിവസങ്ങളിൽ ജീവിതത്തിൽ അതുവരെ കാണിക്കാത്ത അടുപ്പവും സ്നേഹവുമായി അവൾ കൂടെ നിൽക്കുമ്പോൾ അയാൾ ഇത്ര മാത്രം പറഞ്ഞു: "എന്റെ എഴുത്തിനെപ്പറ്റി തൽക്കാലം ആരോടും പറയരുത്."

അവൾ ആരോടും ഹരികുമാറിന്റെ പുതിയ വിശേഷങ്ങൾ സംസാരിച്ചില്ല. പക്ഷേ, എഴുതിയത് പുസ്തകമാക്കാൻ ആർക്കെങ്കിലും അയയ്ക്കാൻ അയാളെ നിർബന്ധിച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് അവസാനം ഏറെ ആലോചനകൾക്കുശേഷം വിലാസം തപ്പിപ്പിടിച്ച് ഗ്ലോബൽ ബുക്സിന് തന്റെ നോവൽ കൊടുത്തത്.

മറുപടി പ്രതീക്ഷിച്ചുകഴിഞ്ഞ മാസങ്ങൾ. അന്ത്യവിധി കാത്തുകഴിയുന്ന ഒരാളുടെ അവസ്ഥയായിരുന്നു ഹരികുമാറിന്റേത്. ഇന്നു, നാളെ എന്ന രീതിയിൽ അയാൾ പ്രസാധകസംഘത്തിൽനിന്നു മറുകുറി കിട്ടുമെന്നു കാത്തു. അയാളിൽ പ്രത്യാശ വളർത്താൻ രഞ്ജിമയുമുണ്ടായിരുന്നു.

ഇപ്പോൾ ഗ്ലോബൽ ബുക്സിൽ ഇരിക്കുകയാണ് ഹരികുമാർ.

"എന്റെ പേര് അയൂബ് ജെയ്സൺ. ഗ്ലോബൽ ബുക്സിലെ പബ്ലിക്കേഷൻ മാനേജരാണ്." അതുവരെ കാണാത്ത ഒരാൾ ഹരികുമാറിന് തന്നെ പരിചയപ്പെടുത്തി.

എന്തായിരിക്കും എന്റെ നോവൽ കൈയെഴുത്തുപ്രതിയെപ്പറ്റി അയാൾക്കു പറയാനുണ്ടാവുക? കള്ളെടുപ്പിന് പകരക്കാരനെ നിറുത്തിയിട്ടാണ് നഗരത്തിൽ വന്നിരിക്കുന്നത്. ലീവെടുത്തുപോകാൻ ഒരു വഴിയുമില്ലാതെ ബുദ്ധിമുട്ടുമ്പോൾ രഞ്ജിമയാണ് അങ്ങനെയൊരു മാർഗം നിർദേശിച്ചത്.

"നിങ്ങളുടെ നോവലിന്റെ കൈയെഴുത്തുപ്രതി വായിച്ചു."

അതുകേട്ടതും ഹരികുമാറിന്റെ മനസ്സിൽ കള്ളുപതപോലെ ആകാംക്ഷ നുരഞ്ഞു.

"സത്യത്തിൽ നിങ്ങളെന്തു ജോലിയാണ് ചെയ്യുന്നത്? ഏതുവരെയൊക്കെ പഠിച്ചു?"

ഉള്ളിൽ പതയുന്ന ജിജ്ഞാസയെ ഒതുക്കി നിറുത്താൻ പ്രയാസപ്പെടുകയായിരുന്നു, മറുപടി നൽകുന്നേരത്ത് ഹരികുമാർ. നോവലിനെപ്പറ്റി അങ്ങോട്ടഭിപ്രായം ചോദിക്കാൻ അയാൾക്ക് ജാള്യം. അതറിയാനാണെങ്കിൽ ഏറെ താൽപര്യവും.

"അതേ, തെറ്റിദ്ധരിക്കരുത്. ഈ നോവൽ ശരിക്കും നിങ്ങൾ എഴുതിയതാണോ? അല്ലെങ്കിൽ ആരുടെയെങ്കിലും സഹായം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ?"

അയൂബിന്റെ ചോദ്യം ഹരികുമാറിനെ ചൊടിപ്പിക്കുന്ന ഒന്നായിട്ടും അയാൾ ഉടനെയൊന്നും മിണ്ടിയില്ല. എന്തായിരിക്കും അയൂബ് ഉദ്ദേശിക്കുന്നത്? മറ്റൊരാളെഴുതിയത് പകർത്തിയെടുത്ത് ഹരികുമാർ എന്ന പേരിൽ അയച്ചതാണെന്നോ? അല്ലെങ്കിൽ വേറെ ആരുടെയെങ്കിലും സഹായത്തോടെ എഴുതിയതാണെന്നോ? ഇതുവരെ പ്രകടമാക്കിയ വിനയഭാവം മുഴുവനും നഷ്ടപ്പെടുന്നതായി ഹരികുമാറിന് തോന്നി. എത്രയോ രാത്രികളിൽ ഉറക്കമിളച്ച് എഴുതിയതിന്റെ പേരിലാണ് ഒരാൾ സംശയം ഉന്നയിച്ചിരിക്കുന്നത്. ഓരോ എഴുത്തും വേദനാകരമായ പ്രവർത്തനമാണ്. നോവലാണെങ്കിൽ അകമേ വല്ലാതെ നൊന്തുകൊണ്ടെഴുതുന്നതല്ലാതെ മറ്റെന്ത്. അയാളെ സംബന്ധിച്ചിടത്തോളം തെങ്ങിൻകുല വെട്ടിയൊരുക്കി തല്ലിപ്പഴുപ്പിച്ച് കള്ള് ഊറ്റിയെടുക്കുന്നതുപോലത്തെ ഒരു പ്രക്രിയ. വികാരവിചാരങ്ങളെയും അനുഭവങ്ങളെയും സാംസ്കാരികബോധത്തെയും അങ്ങനെയൊക്കെ തല്ലിവേദനിപ്പിച്ച് ഡയറിത്താളുകളിലും നോട്ടുബുക്കുകളിലും വാക്കുകളും വാഗർഥങ്ങളുടെ ആവിഷ്കാരങ്ങളായും എഴുതിക്കൂട്ടിയതിന്റെ പേരിലാണ് ഇവിടെ ഒരാൾ സംശയം ഉന്നയിച്ചിരിക്കുന്നത്.

"സർ, എഴുതിയത് ഞാൻ തന്നെയാണ്. അക്കാര്യത്തിൽ തെറ്റുധാരണയൊന്നും വേണ്ട. മോഷണമോ പകർത്തിയെഴുത്തോ ഒന്നുമല്ല." ഒടുവിൽ അങ്ങനെ പ്രതികരിക്കാതിരിക്കാൻ ഹരികുമാറിന് കഴിഞ്ഞില്ല. അതെങ്കിലും പറഞ്ഞില്ലെങ്കിൽ തന്റെ ഉറക്കമില്ലാത്ത രാത്രികൾക്ക് എന്തുവില?

"ഹരികുമാറേ, ഇത് നിങ്ങളുടെ ആദ്യരചനയാണെന്നാണ് എന്റെ ഊഹം. പക്ഷേ, സത്യത്തിൽ, ഈയടുത്ത കാലത്ത് വായിച്ചതിൽ എന്നെ വല്ലാതെ അദ്ഭുതപ്പെടുത്തിയ ഒരു

സൃഷ്ടി. മികച്ച രചന." അയൂബ് പറഞ്ഞു.

"സന്തോഷം." അയാൾ ആമോദം അടക്കിനിറുത്തിക്കൊണ്ട് ശിരസ്സിളക്കി.

എന്നിട്ടും എന്തോ സംശയത്തോടെയും അവിശ്വാസത്തോടെയുമാണ് അയാളുടെ നോട്ടവും സംസാരവുമെന്ന് ഹരികുമാറിന് തോന്നി. കാര്യങ്ങൾ അയാൾക്കങ്ങ് ബോധ്യമാകാത്തതുപോലെ.

"പക്ഷേ, ഇതുവരെയും നിങ്ങളുടെ എഴുത്താവിഷ്കാരങ്ങളായി ഒന്നും എവിടെയും പ്രത്യക്ഷപ്പെടാത്തതുകൊണ്ട് ഇങ്ങനെ ഒരു പുസ്തകം നമ്മൾ പ്രസിദ്ധപ്പെടുത്തിയാൽത്തന്നെ അതു വിറ്റുപോണമെന്നില്ല. താങ്കളാണെങ്കിൽ ഇക്കാലത്തിനിടെ സോഷ്യൽ മീഡിയകളിൽപ്പോലും ഒരു കുറിപ്പും ഇടാത്ത ആളും. ആ സ്ഥിതിക്ക്..." അയൂബ് ജെയ്സൺ പെട്ടെന്ന് അവിടെ നിറുത്തി.

"മുന്നൂറ് മുന്നൂറ്റി അമ്പത് പേജിലേറെയുണ്ടാകും ഇതു പുസ്തകമാകുമ്പോൾ. അതിനു നല്ല വിലയിടേണ്ടിവരും. ആയിരം കോപ്പി ഒന്നാം എഡിഷനായി ഇറക്കുകയാണെങ്കിൽത്തന്നെ ഏകദേശം മൂന്നുലക്ഷത്തിലേറെ ചെലവാകും. വിൽപ്പന നടക്കാതെ വരികയാണെങ്കിൽ അതു നഷ്ടംതന്നെ. ഒരു പ്രസാധകസംഘം എന്ന നിലയിൽ പ്രസിദ്ധപ്പെടുത്തുന്നതിൽ ഭൂരിഭാഗവും വിറ്റുപോകാതെ പൊടിപിടിച്ചു കിടന്നാൽ ഇന്നത്തെ നിലയ്ക്ക് ഞങ്ങൾക്ക് താങ്ങാൻ കഴിയില്ല. ഇനി നിങ്ങൾ പണം ഇറക്കുകയാണെങ്കിൽ പ്രസാധനം സന്തോഷപൂർവം ഞങ്ങൾ ഏറ്റെടുക്കാം."

അയൂബിന്റെ വാക്കുകൾ കേട്ട് ഹരികുമാറിന്റെ ഉള്ളിൽ പതഞ്ഞുയരുകയായിരുന്ന കൗതുകത്തിന്റെയും ആഹ്ലാദത്തിന്റെയും കള്ളുപത അതിന്റെ താഴ്ന്ന നിലയിലെത്തി. പണം അങ്ങോട്ടുനൽകി കൃതി പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന സാമ്പത്തികാവസ്ഥ ഒരു നിലയ്ക്കും അനുകൂലമല്ല. കുട്ടികളുടെ പഠനകാര്യങ്ങളും വീട്ടുചെലവുകളും മറ്റും എങ്ങനെയെല്ലാമോ ഒപ്പിച്ചെടുക്കുകയാണ്. ആയതിനാൽ കൈയെഴുത്തുപ്രതി തിരിച്ചുവാങ്ങി പെട്ടിയിലടച്ച് സൂക്ഷിക്കുക. പാറ്റകളോ ചിതലുകളോ വിശപ്പടക്കട്ടെ. സമയം അനുകൂലമല്ലാത്തതുകൊണ്ട് തുടക്കത്തിലേ കഥാവശേഷനായ എഴുത്തുകാരനായി ഹരികുമാർ മാറുമെന്നേയുള്ളൂ. അതിലുപരി ഇവിടെ ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഹരികുമാർ എന്ന പുതിയൊരു എഴുത്തുകാരൻ ഉണ്ടായില്ലെങ്കിലും ലോകം നിലനിൽക്കും.

പക്ഷേ, അയാൾ കൈയെഴുത്തുപ്രതി തിരിച്ചു ചോദിക്കാൻ തയ്യാറാകുന്നതിനു മുൻപേ അയൂബ് ജെയ്സൺ അയാളെ വിസ്മയപ്പെടുത്തിക്കൊണ്ട് വളരെ വിശദമായി ചിലത് സംസാരിക്കുകയായി. അതിങ്ങനെയൊക്കെയായിരുന്നു:

"നോവൽ കൈയെഴുത്തുപ്രതി എന്തായാലും ഇവിടിരിക്കട്ടെ. പ്രസാധകരെന്ന നിലയിൽ ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നു നോക്കട്ടെ. മറ്റാർക്കും നൽകാതെ, ഒരാൾക്കുപോലും വായിക്കാൻ കൊടുക്കാതെ നിങ്ങൾ ഗ്ലോബൽ ബുക്സിനെത്തന്നെ സമീപിച്ചത് ഞങ്ങളിലുള്ള വിശ്വാസം ഒന്നുകൊണ്ടു മാത്രമാണല്ലോ. തീർച്ചയായും ആ സ്ഥിതിക്ക് നിങ്ങളോടു ധാർമികതയും ഉത്തരവാദിത്വവും കാണിക്കാൻ ഞങ്ങളും ശ്രമിക്കേണ്ടതുണ്ട്.

"ഏതായാലും ഒരു കാര്യം ഉറപ്പാണ്. ഒന്നുത്സാഹിച്ച് പിടിക്കുകയാണെങ്കിൽ നിങ്ങളുടെ നോവൽ ഏറെ ചർച്ച ചെയ്യപ്പെടും. നിരവധി കോപ്പികൾ അങ്ങനെ വിറ്റഴിക്കാനും സാധിക്കും. പക്ഷേ, അതിനു കുറെ അധ്വാനിക്കേണ്ടതുണ്ട്. വെറും പരസ്യങ്ങൾ നൽകിയതുകൊണ്ടു മാത്രം കാര്യമില്ല. നോവലിന്റെ ശീർഷകം, അതങ്ങനെതന്നെയാവട്ടെ. ദൈവം ഒരു പ്രസാധക സ്ഥാപനം നടത്തുന്ന ആളെന്ന നിലയിൽ എന്നെയും എഴുത്തുകാരനായ നിങ്ങളെയും ഉപേക്ഷിക്കാതിരിക്കട്ടെ. ഇക്കാലത്ത് പേരുകേട്ട പ്രസാധകർതന്നെ പുസ്തകം പബ്ലിഷ് ചെയ്തിട്ടൊന്നും വലിയ കാര്യമില്ല. അതു വിറ്റഴിക്കാൻ ബഹുവിധ മാർഗങ്ങൾ കണ്ടെത്തണം. അതിനു പ്രസാധകരെക്കാളും ഉത്സാഹിക്കേണ്ടത് എഴുത്തുകാരാണ്. അത്രയേറെയല്ലേ ഇന്നിപ്പോൾ എഴുത്തുകാരുള്ളത്. പണം കൈയിലുണ്ടെങ്കിൽ ആർക്കും കഥയായിട്ടും നോവലായിട്ടും ആത്മകഥയായിട്ടും യാത്രാവിവരണമായിട്ടും എന്തും പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന സാഹചര്യങ്ങൾ ഇക്കാലത്തുണ്ട്. എഴുത്തിന്റെ മൂല്യങ്ങൾക്കൊന്നും വലിയ പ്രാധാന്യമില്ല. പ്രസാധകരോട് അവരുടെ കരുണയ്ക്കുവേണ്ടി യാചിക്കാതെ പണമിറക്കി സംഗതികൾ പ്രിന്റ് ചെയ്യാം.

"ആത്മനിർവൃതിക്ക് ബുദ്ധിജീവികളെയും സാംസ്കാരിക നക്ഷത്രങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രകാശനം നടത്താം. എഴുത്തുകാരുടെ ക്ഷണം സ്വീകരിച്ച് നാളെയും ഇയാളെ കാണേണ്ടതല്ലേ എന്നു കരുതി പലരും വരും. അയാളുടെയോ അവളുടെയോ നാലാംകിട പുസ്തകത്തെയും രചയിതാവിനെയും പ്രസംഗകർ 'ജീവിതത്തിന്റെ ആഴം മുഴുവനും തൊട്ടറിഞ്ഞ സർഗധനനായ എഴുത്തുകാരൻ അല്ലെങ്കിൽ എഴുത്തുകാരി, അങ്ങനെയുള്ള ഒരാളുടെ അതിശയ രചന' എന്നൊക്കെ പറഞ്ഞു പുകഴ്ത്തും. അതുകേട്ട് അസ്വസ്ഥരായിരിക്കുന്നവരിൽ ചിലർ, 'ച്ഛെ, എങ്ങനെ ഈ മാരണം വാങ്ങാതിരിക്കും' എന്നു കരുതി കോപ്പികൾ സ്വന്തമാക്കും. അവിടെ ആ എഴുത്തുകാരന്റെയോ കാരിയുടെയോ എഴുത്താഘോഷം അവസാനിക്കുന്നു. വിരലിലെണ്ണാവുന്ന പുസ്തകം വിറ്റുകിട്ടുന്ന തുക മതിയാകില്ല പ്രകാശനോത്സവത്തിന്. സത്യത്തിൽ ആ കാശ് അതിഥികൾക്ക് വിതരണം ചെയ്യുന്ന ചായയ്ക്കും ഉണ്ണിയപ്പത്തിനുപോലും തികയില്ല. ബാക്കിവരുന്നത് വിറ്റുപോകാതെ വീട്ടിൽ കെട്ടിവച്ച് അയാൾക്കോ അവൾക്കോ 'ഹാ, അങ്ങനെ ഞാനും എഴുത്തുലോകത്ത് അടയാളപ്പെട്ടു' എന്നു പുളകിതഗാത്രനോ ഗാത്രിയോ ആകാം.

"ഇനി അതല്ല പുസ്തകം ഏറെ ചെലവാകണോ, എങ്കിൽ എഴുത്തുകാർതന്നെ ഉത്സാഹിക്കണം. ഒരുതരം പ്രമോഷൻ വർക്ക്. സംഭവം ഇറങ്ങി, ഒട്ടും വൈകാതെ പുസ്തകം പൂർണമായി വായിക്കാൻ സമയമില്ലാത്തവരെക്കൊണ്ടാണെങ്കിലും സംഗതി വള്ളിപുള്ളി വിടാതെ വായിച്ചു എന്നു തോന്നിക്കുന്ന രീതിയിൽ പുസ്തക വിലയിരുത്തലുകൾ എഴുതിച്ച് സർവ ആനുകാലികങ്ങളിലും വീക്കെൻഡുകളിലും വരുത്തിക്കുക. ഒപ്പം തരക്കേടില്ലെന്നു നാലാൾക്കു തോന്നുന്നരീതിയിൽ ഒന്നുരണ്ട് അവാർഡ് സംഘടിപ്പിക്കുക. അതിനു പണം മുടക്കുന്നതിനും വിധികർത്താക്കളെ വയ്ക്കുന്നതിനും അവാർഡ് ഒപ്പിച്ചെടുക്കുന്നതിനും അവാർഡ് മഹാദാനച്ചടങ്ങ് ഒരുക്കുന്നതിനുമെല്ലാം അവർതന്നെ മുന്നിട്ടിറങ്ങേണ്ടിവരും. എല്ലാം സ്വയം സ്പോൺസേഡ് പരിപാടി. ഒപ്പം സാധിക്കുമെങ്കിൽ പുസ്തകത്തെച്ചൊല്ലി നിരവധി വിവാദങ്ങളുണ്ടാക്കുക. മതനിന്ദ, രാഷ്ട്രീയ അധിക്ഷേപം, ആചാരവിമർശനം ഇങ്ങനെ വിവാദം ഏതു പേരിലുമാകാം. ആരോപണപ്രത്യാരോപണങ്ങൾ എരിവുകൂട്ടി പതപ്പിച്ചെടുക്കണം. അതിന് തുടക്കമിടുന്ന

വരെയും ചിലപ്പോൾ എഴുത്തുകാർ കണ്ടെത്തേണ്ടിവരും. കൂട്ടത്തിൽ രചയിതാവ് പൊതുവേദിയിൽ വച്ച് പ്രസ്തുത പുസ്തകത്തിന്റെ പേരിൽ കൈയേറ്റം ചെയ്യപ്പെടുന്ന നാടകം ഒന്നോ രണ്ടോ ക്രിയേറ്റ് ചെയ്യുകയുമാകാം. വേണമെങ്കിൽ ആള് കുറച്ചുദിവസം അത്യാസന്ന നിലയിലെന്നോണം ആശുപത്രിയിലും കിടക്കട്ടെ.

"ഇതെല്ലാം ആ രീതിയിൽ ഒരു ഭാഗത്ത് തകർക്കുമ്പോൾത്തന്നെ സോഷ്യൽമീഡിയകളിൽ നിങ്ങളെന്ന എഴുത്തുകാരനെയും നിങ്ങളുടെ കൃതിയേയും ആസ്പദമാക്കി വാഴ്ത്തുപാട്ടുകളും റീലുകളും പുസ്തകം കൈയിലേന്തി വായനയിൽ മുഴുകിയിരിക്കുന്നവരുടെ പല പോസിലുള്ള ഫോട്ടോകളും മറ്റും നിരന്തരം വരണം. പക്ഷേ, ഞാൻ പറഞ്ഞല്ലോ, എല്ലാറ്റിനും നമ്മൾ മുൻകൈ എടുക്കേണ്ടിവരും. നമ്മൾ സംഘാടകസമിതിയും നമ്മുടെ പ്രമോട്ടറും എല്ലാമായി മാറുന്ന ഒരുതരം വിപണന മായാലീല. ഇതിനെല്ലാം കുറച്ചൊന്നുമല്ല കുറച്ചുകൂടുതൽ പണച്ചെലവുണ്ടാകും. എങ്കിലെന്താ, എല്ലാം നമ്മളുടെയും നമ്മുടെ പുസ്തകത്തിന്റെയും പ്രമോഷനുവേണ്ടിയല്ലേ?.

"അതിനിടെ എഡിഷനുകളുടെ എണ്ണം കൂട്ടണം. തുടക്ക എഡിഷൻ ആയിരം അല്ലെങ്കിൽ അഞ്ഞൂറ് എന്നത് ഒഴിവാക്കി പത്തോ നൂറോ ഇറക്കുക. അങ്ങനെ പതിപ്പുകളുടെ അങ്ങാടിനിലവാരം വർധിപ്പിക്കാം. ഏഴാം പതിപ്പ്, എട്ടാം പതിപ്പ് എന്നെല്ലാം കേൾക്കുമ്പോൾ ഇതെന്തോ വലിയ സംഭവമാണെന്നു കരുതി പുസ്തകപ്രേമികളും പ്രേമികളെന്ന് നടിക്കുന്നവരും പുസ്തകങ്ങൾ വാങ്ങിക്കൂട്ടും. അപ്രകാരം ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന സർഗകൃതികളുടെ പട്ടികക്രമത്തിൽ നമ്മുടെ പുസ്തകവും കേറിപ്പറ്റും. അനന്തരം ആർക്കും നമ്മളെയും നമ്മുടെ എഴുത്തിനെയും ഒരു നിലയ്ക്കും അവഗണിക്കാൻ കഴിയാതെവരും. പിന്നെ സംസ്ഥാന, കേന്ദ്ര പുരസ്കാര നിർണയ സമിതികൾക്കും കാക്കത്തൊള്ളായിരം സ്മാരക അവാർഡ് നിർമാണ ഫാക്ടറികൾക്കും നമ്മളെ അത്ര പെട്ടെന്നൊന്നുമങ്ങ് തമസ്കരിക്കാൻ കഴിയില്ല ഹരികുമാറേ... പക്ഷേ, സുഹൃത്തേ, ഇതെല്ലാം ഒരു ഭാഗ്യക്കുറി എടുക്കുന്നതുപോലെയാണെന്നും മനസ്സിലാക്കേണ്ടതുണ്ട്. ശരിക്കും പറഞ്ഞാൽ ഒരു ഭാഗ്യക്കളി. കിട്ടിയാൽക്കിട്ടി പോയാൽപ്പോയി എന്ന അവസ്ഥ. കാരണം ബുദ്ധിമതികളായ നല്ല വായനക്കാരെ നമ്മൾ കരുതിയിരിക്കുകതന്നെ വേണം. നമ്മൾ ആളകമ്പടികളോടെയും ഉത്സവാരവങ്ങളോടെയും എഴുന്നള്ളിക്കുന്ന പുസ്തകം ഊതിവീർപ്പിച്ച പൊട്ടസാധനം മാത്രമാണെന്ന് അവർ തിരിച്ചറിഞ്ഞാൽത്തീർന്നു, നമ്മുടെ കഥ."

ശ്വാസം പിടിച്ചുനിറുത്തിക്കൊണ്ടായിരുന്നു, അയാൾ അയൂബ് ജെയ്സണിന്റെ വാക്കുകൾ കേട്ടത്. ഒട്ടും പരിചയമില്ലാത്ത കാര്യങ്ങളാണ് അയൂബ് പറഞ്ഞുകൊണ്ടിരുന്നത് എന്നതിനാൽ, ഇപ്പോൾ അയാളിൽ അതിശയം വേലിയേറ്റം സൃഷ്ടിക്കുകയാണ്. അയാൾക്കെന്നിട്ടും അയൂബിന്റെ വാക്കുകളുടെ പൂർണപൊരുളൊന്നും വഴങ്ങിക്കിട്ടിയില്ല. ഏറെപ്പേരറിയുന്ന ഒരു പുസ്തകത്തിന്റെ രചയിതാവായി മാറണമെങ്കിൽ ചിലപ്പോൾ അയൂബ് സൂചിപ്പിക്കുന്ന വിധത്തിലൊക്കെ സംഭവിക്കുന്ന രഹസ്യവിനിമയങ്ങൾ ഉണ്ടെന്നും അതങ്ങനെയാണെന്നും വിശ്വസിക്കാൻ വേണ്ട സാഹിത്യാനുഭവങ്ങളേതും ഇല്ലാത്തതിനാൽ അയാൾ അവിശ്വാസിയുടെ സന്ദേഹങ്ങളുമായി അയൂബിനെ നോക്കി. അയൂബാണെങ്കിൽ സംസാരം അവിടെ നിർത്താതെ പിന്നെയും തുടരുകയായിരുന്നു:

"ഹരികുമാർ എഴുതിയിരിക്കുന്നത് ആദ്യരചനയാണെന്നു വിശ്വസിക്കാനൊന്നും എനിക്ക് പറ്റുന്നില്ല. കാരണം ഏറെ കൈത്തഴക്കം വന്നിരിക്കുന്ന ഒരാളുടെ കൃതിയെന്നേ 'ദൈവം കൈവെടിഞ്ഞ ലോക'ത്തെപ്പറ്റി പറയാൻ കഴിയൂ. അത്ര ഗംഭീരമാണ് പുസ്തകം. ഒരുപാട് വിവാദങ്ങൾ ഉണ്ടാക്കിയേക്കാവുന്ന രചന. അതുകൊണ്ട് പുസ്തകം ഇറങ്ങുന്നതിനു മുൻപ് അതിലെ കുറെ ഭാഗങ്ങൾ സാമൂഹികമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടണം. അങ്ങനെ പുസ്തകം പബ്ലിഷ് ചെയ്യുമ്പോഴേക്കും ചർച്ചകൾ തുടങ്ങണം. അതു പുസ്തക വിൽപ്പനയെ അനുകൂലമായി ബാധിക്കും. തർക്കങ്ങളെയും ആരോപണങ്ങളെയും നമ്മൾ ഉപയോഗപ്രദമാക്കി മാറ്റിയെടുക്കണം. അതിന് ഒരെഴുത്തുകാരനെന്ന നിലയിൽ താങ്കൾ ആദ്യമേ ചില മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്.

"ആദ്യപടിയായിട്ട് ഇന്നാണെങ്കിൽ ഇന്നുമുതൽത്തന്നെ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകളിൽ നിങ്ങൾ ചില കുറിപ്പുകൾ ഇട്ടു തുടങ്ങണം. കവിതയോ കഥയോ അതല്ലെങ്കിൽ ആത്മകഥാപരമായ അടയാളപ്പെടുത്തലുകളോ അങ്ങനെ എന്തുമാകാം കുറിപ്പുകൾ. നിങ്ങളുടെ നോവലിലെ തീക്കനലുകൾ എന്ന് തോന്നുന്ന ഭാഗങ്ങളും തുടർച്ചയായി വരട്ടെ. അങ്ങനെയങ്ങനെ ഇപ്പോഴേ സൈബർ പോരാളികളുടെയും കിളികളുടെയും പ്രതികരണത്തിന്റെ പൾസ് മനസ്സിലാക്കിത്തുടങ്ങാം. അതെല്ലാം ഒരു വിസ്ഫോടനാവസ്ഥയിൽ എത്തിനിൽക്കുമ്പോൾ വേണം പുസ്തകം പ്രസിദ്ധപ്പെടുത്താൻ. അതിന് ഇനിയും മാസങ്ങൾ കഴിഞ്ഞാലും കുഴപ്പമില്ല. അപ്പോഴേക്കും പ്രസിദ്ധപ്പെടുത്താൻ വേണ്ട പണവും ഒപ്പിക്കാം. ഒപ്പം പുതിയ വർക്കുകളും തുടങ്ങണം. ഇയാളെ ജനം ഏറ്റെടുക്കണമെങ്കിൽ ഗംഭീര രചനകൾ ഇനിയും ഉണ്ടാകണം. പക്ഷേ, നിങ്ങളുടെ ഹരികുമാർ ടി. പി എന്ന പേരിൽ നമുക്ക് ഉചിതമായ മാറ്റങ്ങളെന്തെങ്കിലും വരുത്തണം. മലയാളത്തിൽ എഴുത്തുകാരായി വേറെയും ഹരികുമാർമാർ ഉണ്ട്. ഇതിപ്പോൾ വന്നുവന്ന് നമ്മുടെ ഭാഷയിൽ ഒരേ പേരുകാരായ എഴുത്തുകാരെക്കൊണ്ട് വായനക്കാർ കൺഫ്യൂഷനിലാണ്. ഉദാഹരണത്തിന് ഉണ്ണികൃഷ്ണൻ, മനോജ്, സുരേഷ് കുമാർ എന്ന പേരൊക്കെ നോക്ക്. ഈ പേരുകളിൽ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എത്രയെത്ര എഴുത്തുകാരാണ് മലയാളത്തിലുള്ളത്! അതുകൊണ്ട് ഹരികുമാറിന്റെ പേരിലെ ടി. പി. എടുത്ത് നിങ്ങളൊര് കളി കളിക്ക്. ടി. പി. തൂലികപ്പറമ്പ് എന്ന വീട്ടുപേരുവച്ച് ആളുടെ പേര് തൂലികനെന്നോ തൂലികപ്പറമ്പൻ എന്നോ ആക്കുന്നതല്ലേ ഉചിതം."

ഒടുവിൽ പ്രസാധകശാലയിൽനിന്നു പുറത്തിറങ്ങാൻ തുടങ്ങുമ്പോൾ ഹരികുമാർ പറഞ്ഞു:

"നോവൽ കൈയെഴുത്തുപ്രതിയുടെ ഫോട്ടോകോപ്പി എടുത്തുവയ്ക്കാൻ ഞാൻ മറന്നു. ഇനിയിപ്പം അതൊക്കെ ബുദ്ധിമുട്ടല്ലേ?"

"അതു ശരിയാണ്. പത്തറുന്നൂറ് പേജുള്ള കൈയെഴുത്തുപ്രതിയുടെ ഫോട്ടോകോപ്പി എടുക്കൽ പ്രയാസം തന്നെ. ആദ്യം എഴുതിയ പേപ്പറുകളോ ഡയറികളോ നിങ്ങളുടെ കൈയിലുണ്ടാകുമല്ലോ. അതു സൂക്ഷിക്ക്."

ആ ഡയറികളും നോട്ടുബുക്കുകളുമെല്ലാം നശിപ്പിക്കപ്പെടുകയോ കളഞ്ഞുപോവുകയോ ചെയ്തതാണ്. അത്

അറിയാമായിരുന്നിട്ടും ഹരികുമാർ മിണ്ടിയില്ല. വേണമെങ്കിൽ ഇനിയും വലിയ മാറ്റങ്ങളൊന്നുമില്ലാതെ മനസ്സിൽനിന്ന്

എടുത്തെഴുതാവുന്നതല്ലേ ഉള്ളൂ.

ഹരികുമാറിന്റെ നഗരയാത്രയുടെ വിശേഷങ്ങൾ അറിഞ്ഞപ്പോൾ രഞ്ജിമ ഒട്ടും നിരാശപ്പെട്ടില്ല.

"പ്രസാധകൻ പറഞ്ഞതുപോലെ സോഷ്യൽ മീഡിയകളിൽ ഹരിയേട്ടൻ പലതും കഥയായിട്ടും കുറിപ്പുകളായിട്ടും എഴുത്. അങ്ങനെ കുറച്ചൊക്കെ ആളുകളുടെ വെറും ലൈക്കുകളല്ലാതെ മറ്റു പ്രതികരണങ്ങളുമുണ്ട് എന്നു മനസ്സിലാകുമ്പോൾ പതുക്കെ നോവൽ പാരഗ്രാഫുകളിൽ വളരെ പ്രധാനപ്പെട്ടത് ചിലതൊക്കെ പോസ്റ്റ് ചെയ്യ്. പുസ്തക പ്രസാധനത്തിനു വേണ്ട പണം എന്റെ താലി വിറ്റിട്ടാണെങ്കിലും നമുക്ക് സ്വരുക്കൂട്ടാം."

സോഷ്യൽമീഡിയാ നാഡിമിടിപ്പുകളെപ്പറ്റി തന്നെക്കാളും നല്ല ധാരണയുള്ള അവളുടെ അഭിപ്രായംകേട്ട് ഹരികുമാർ തന്റെ പ്രതികരണം ഒരു മൂലലിലൊതുക്കി. അടുത്ത ദിവസം മുതൽ ഹരികുമാറിന് തിരക്കായിരുന്നു. തൂലികപ്പറമ്പൻ എന്ന പേരിൽ ഫേസ്ബുക്കിലും മറ്റും ഓരോരോ കുറിപ്പുകൾ, ചിലപ്പോൾ നാലോ അഞ്ചോ വരി കവിത. ആത്മസ്പർശമുള്ള എഴുത്ത്. തന്റെ സാമൂഹിക അനുഭവങ്ങളും രാഷ്ട്രീയബോധ്യങ്ങളും അങ്ങനെ പലതരം എഴുത്തുകൾ. അതിനെല്ലാം കിട്ടുന്ന പ്രതികരണങ്ങൾ അയാളെക്കാളും ശ്രദ്ധിക്കാറുണ്ടായിരുന്നത് അവളായിരുന്നു.

"ആദ്യം ലൈക്കുകളായിരുന്നെങ്കിൽ ഇപ്പോൾ കമന്റുകളാ കൂടുതൽ. തൂലികപ്പറമ്പനെ പലരും അറിഞ്ഞു തുടങ്ങിയിട്ടുണ്ട്."

അവളുടെ വാക്കുകൾ കേട്ടിട്ടും അയാൾ പ്രസന്നനായില്ല. അസ്വസ്ഥതകളാണ് കുറച്ചുദിവസങ്ങളായി അയാളെ അലട്ടിക്കൊണ്ടിരിക്കുന്നത്. അതാണെങ്കിൽ ഉള്ളിലങ്ങനെ ഒരു ഭീമൻജീവിയെപ്പോലെ വളരുകയാണ്. അതിനൊരു കാരണം നേരത്തേ എഴുതിക്കഴിഞ്ഞ നോവൽ വീണ്ടും ക്രമപ്രകാരം മനസ്സിൽനിന്ന് എടുത്തെഴുതാൻ കഴിയാത്തതായിരുന്നു. അയൂബിനെ പലവട്ടം വിളിച്ചിട്ടും കിട്ടാത്തതിന്റെ നിരാശയും അസ്വാസ്ഥ്യവും വേറെയും.

ലൈബ്രറി കൗൺസിൽ പുസ്തകോത്സവം നടക്കുന്ന ദിവസങ്ങളിലൊന്നിൽ നഗരത്തിലേക്ക് പുറപ്പെടുന്നേരം ഹരികുമാറിന് ഉദ്ദേശ്യങ്ങൾ പലതുമുണ്ടായിരുന്നു. സ്വരുക്കൂട്ടിവെച്ച കുറച്ചുപണമുണ്ട് കൈയിൽ. അതിന് പല പല സ്റ്റാളുകളിൽ കയറി ഏറ്റവും പുതിയ പുസ്തകങ്ങളിൽ ചിലതെങ്കിലും വാങ്ങണം. പിന്നെ ഗ്ലോബൽ ബുക്സ്റ്റാളിൽ ഉണ്ടാകാൻ സാധ്യതയുള്ള അയൂബ് ജെയ്സണെ കണ്ട് നോവൽ പ്രസാധന വിഷയം സംസാരിച്ച് ഒരു തീർപ്പുണ്ടാക്കണം. കുറച്ചുമാസങ്ങളായി ഹരികുമാർ എന്ന നിലയ്ക്ക് അയാൾ ആർക്കുമത്ര പരിചിതനല്ലെങ്കിലും തൂലികപ്പറമ്പനെ ആരെല്ലാമോ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്.

പക്ഷേ, ഗ്ലോബൽ സ്റ്റാളിൽ അയൂബ് ജെയ്സൺ ഉണ്ടായിരുന്നില്ല. സ്റ്റാളുകളിലൂടെ നീങ്ങുന്നതിനിടെ അയാളെ പലയിടങ്ങളിലും അന്വേഷിച്ചു. ഇവിടെയുണ്ടായിരുന്നു, പുറത്തെങ്ങോ പോയിരിക്കുകയാണെന്ന അറിയിപ്പ് കിട്ടി. ഫോൺ വിളിച്ചിട്ടാണെങ്കിൽ പരിധിക്കു പുറത്ത്, ചില സമയം ഇപ്പോൾ പ്രതികരിക്കുന്നില്ല എന്ന മറുപടി.

ഗ്ലോബൽ ബുക്സ് പവലിയന് തൊട്ടടുത്ത് പ്രമുഖ പ്രസാധകരുടെ സ്റ്റാളുകൾ. ആദ്യമൊന്നു മടിച്ചുവെങ്കിലും അതിവൈവിധ്യങ്ങളുടെ ലോകത്തേക്ക് ഇത്തിരിയല്ലാത്തൊരു പേടിയോടെയും വിഭ്രമത്തോടെയും കയറുന്നതുപോലെ അയാൾ പ്രവേശിച്ചു. നിരവധി പുസ്തകങ്ങൾ. പണ്ടെന്നോ ഉള്ളിലെവിടെയോ ആവാസമുറപ്പിച്ച പുസ്തകമണം. ആ ഗന്ധം ആവോളം അകത്തേക്ക് വലിച്ചെടുത്തു. പുതിയ പുസ്തകങ്ങൾ തിരയാം. ഉചിതമെന്നു തോന്നുന്നതു വാങ്ങാം. അതായിരുന്നു, അതിനിടയ്ക്കും ഹരികുമാറിന്റെ വിചാരം.

പുസ്തകങ്ങളുടെ മായാലോകം. വരൂ, കൈയിലെടുക്കൂ, വാങ്ങൂ, സ്വന്തമാക്കൂ എന്നു പ്രലോഭിപ്പിക്കുന്ന അനവധി എഴുത്തുരൂപങ്ങൾ. പുസ്തകങ്ങൾ കണ്ട്, അതു മുഴുവനും വാങ്ങാനാവാത്തവന്റെ നിസ്സഹായതയോടെ കണ്ണടച്ച് മുന്നോട്ട് നീങ്ങുന്നതിനിടെ നോവലുകളുടെ ഭാഗത്തായിരുന്നു എത്തിച്ചേർന്നത്. ദൈവമേ ഇതെന്തുമാത്രം രചനകൾ. എത്രയെത്ര എഴുത്തുകാർ. പലതും പുതിയ പുസ്തകങ്ങളാണ്. ഏറെ പ്രിയത്തോടെ അയാൾ ചിലതൊക്കെ കൈയിലെടുത്ത് കടലാസുകളുടെ മണം പിടിച്ചും എഴുത്തുകാരുടെ പേര് വായിച്ചും ആസ്വദിച്ചു. ഇതുപോലെ ഈയുള്ളവന്റെ പുസ്തകങ്ങളും വായനക്കാരുടെ ശ്രദ്ധയാകർഷിക്കാൻ ഇനിയെപ്പോഴാണ് പ്രത്യക്ഷപ്പെടുക എന്ന സമ്മർദത്തിൽ ഹരികുമാർ വിയർത്തു. കെട്ടിലും മട്ടിലും തരക്കേടില്ലെന്നു തോന്നിയ ചില പുസ്തകങ്ങൾ അയാൾ തിരഞ്ഞെടുത്തു. കൂടുതലും പുതിയ എഴുത്തുകാരുടേത്.

ബുക്ക് ഫെയർ നടക്കുന്ന മൈതാനം വിട്ടുപോകുന്നതിനിടെ ഒരിക്കൽകൂടി അയൂബിനെ വിളിച്ചു. അയാളപ്പോഴും പ്രതികരിക്കുന്നില്ലെന്ന മറുപടി.

അയൂബ് ജെയ്സണെ കാണാൻ കഴിയാത്തതിന്റെ അസ്വസ്ഥതയായിരുന്നു ഉള്ളുനിറയെ. അതിൽനിന്നു രക്ഷപ്പെടാൻ വേണ്ടിയിട്ടുകൂടിയായിരുന്നു വീട്ടിലെത്തി ഒട്ടും വൈകാതെ സ്റ്റാളിൽനിന്നു വാങ്ങിയ പുസ്തകങ്ങൾ നോക്കാമെന്നു വിചാരിച്ചത്. പല പേരുകളിൽ പല എഴുത്തുകൾ. പലതും രചയിതാക്കളുടെ ആദ്യകൃതികൾ. കൂട്ടത്തിൽ 'അവശേഷിക്കുന്നത്' എന്നൊരു രചന ഏറെ കൗതുകമുണർത്തി. എഴുത്തുകാരന്റെ 'ജീസസ്' എന്ന പേരായിരുന്നു കൂടുതൽ ജിജ്ഞാസപ്പെടുത്തിയത്. ദൈവമേ, പ്രവാചകരും ദൈവപുരുഷൻമാരും മറ്റും എഴുത്തുപണികൂടി തുടങ്ങി ലോകത്തെ നന്നാക്കിയെടുക്കാൻ തുനിഞ്ഞാൽ വിഖ്യാതരായ എഴുത്തുകാരുടെ കാര്യങ്ങൾ ഹാ കഷ്ടം എന്ന ചിരിയോടെ ഹരികുമാർ പുസ്തകത്തിന്റെ താളുകൾ നിവർത്തി. കൗതുകത്തോടെ ആദ്യ അധ്യായത്തിലെ ആദ്യ പാരഗ്രാഫ് വായിച്ചതും അയാളുടെ ഉൾപെരുക്കങ്ങൾ അതിരുഭേദിച്ചു. അനന്തരം തിടുക്കപ്പെട്ട് പേജുകളിലൂടെ കണ്ണോടിച്ച് അവസാന അധ്യായത്തിലെ അവസാന പാരഗ്രാഫിൽ അയാൾ വന്നുനിന്നു. പുസ്തകം അടച്ച് കവർ പേജിലെ ജീസസിന്റെ ഫോട്ടോ അയാൾ ശ്രദ്ധിച്ചു. അയൂബ് ജെയ്സണിന്റെ മുഖച്ഛായ ഇല്ലേ ജീസസിന്. അയാൾ ആഹ്ലാദനിലവിളിയോടെ രഞ്ജിമയെ വിളിച്ചു. അവൾ ധൃതിപ്പെട്ട് അരികിലെത്തിയതും ഷട്ടർ തകർന്ന് പുറത്തേക്ക് നീങ്ങുന്ന ജലക്കുതിപ്പായി മുന്നോട്ട് തെറിച്ചുവരുന്ന അയാളുടെ വിറപൂണ്ട ശബ്ദം അവൾ കേട്ടു:

"രഞ്ജിമേ 'ദൈവം കൈവെടിഞ്ഞ ലോകം' ഇതാ പുസ്തകരൂപത്തിൽ വന്നിരിക്കുന്നു. പുസ്തകത്തിന്റെ പുതിയ പേര്, 'അവശേഷിക്കുന്നത്'. എഴുതിയത് ഏതോ ഒരു ജീസസ്."■

ഓർമ / കെ. പി. രമേഷ്



# ഫേൺഹില്ലിന്റെ സെൻ മാതൃക

**ആത്മീയത കേവലമൊരു പലായനമല്ലെന്നും, അതു ജീവൽസമസ്യകളെയാകെ ഉൾക്കൊള്ളുന്ന സമന്വയമാണെന്നും ഫേൺഹിൽ ഗുരുകുലം നമ്മെ ഓർമിപ്പിക്കുന്നു. നിത്യചൈതന്യയതിയെന്ന മഹാസാഗരത്തിൽ അഭയം തേടിയെത്തിയവരുടെ അനുഭവങ്ങളിലൂടെയും ചിന്തകളിലൂടെയുമുള്ള ഒരു തീർഥാടനമാണിത്.**

'നാടിനും വീടിനും കൊള്ളാത്തവരാണ് നാരായണഗുരുകുലത്തിൽ വന്ന് അടിയുന്നത്' എന്ന് ഗുരു നിത്യചൈതന്യയതി പാതി കാര്യമായും പാതി തമാശയായും പറയുമായിരുന്നു. ആത്മീയകേന്ദ്രങ്ങളെക്കുറിച്ചുള്ള വീണ്ടുവിചാരത്തിന് അത്തരം വാക്കുകൾ സഹായിക്കും. ഈ ലോകജീവിതം ദുഃസഹമാണെന്നും ആത്മാവിനെ തേടുന്നതാണ് തനിക്ക് അഭികാമ്യമെന്നും നിനച്ച്, വി.കെ.എന്നിന്റെ 'കാവി' എന്ന നോവലിലെ നായകനെപ്പോലെ വീടുവിട്ട ചില കക്ഷികളുണ്ട്. പല ഗുരുക്കന്മാരെയും ശരണംപ്രാപിച്ച്, അവരൊന്നും തനിക്കു ഗുണകരമാകില്ലെന്ന് അധികം വൈകാതെ മനസ്സിലാക്കി പുതിയ അഭയകേന്ദ്രങ്ങൾ കണ്ടെത്തുന്നവരാണവർ. ചിലയിടങ്ങളിൽനിന്ന് താഡനവും പീഡനവും ഏറ്റുവാങ്ങിയവരുമുണ്ട്. അവരിൽ ചിലർ എഴുത്തുകാരനെന്ന നിലയിൽക്കൂടി ഖ്യാതിയുള്ള ഗുരുവിനെ തേടി ഫേൺഹില്ലിലെത്തും.

നക്സലിസം തലയ്ക്കുപിടിച്ച് സ്വന്തം വീട്ടുകാരാലും നാട്ടുകാരാലും ബഹിഷ്കൃതരായവരും, പോലീസിന്റെ നോട്ടപ്പുള്ളികളായി പ്രാണരക്ഷാർഥം നാടുവിട്ടവരും കറങ്ങിത്തിരിഞ്ഞ് ഗുരുകുലത്തിലെത്തും. ഗുരുനിത്യ ഏവർക്കും അത്താണിയായതിനാൽ അവർക്ക് മാവോയിസവും താവോയിസവും ഓരോ ഡോസ് പകർന്നുനൽകിക്കൊണ്ട് അദ്ദേഹം ചർച്ചകളിലേർപ്പെടും. ഗുരു അവർക്കു ഭക്ഷണവും താമസസൗകര്യവും വണ്ടിക്കൂലിയും നൽകും. ചിലരൊക്കെ ഗുരുകുലത്തിലെ നിത്യകർമങ്ങളുമായി ഇണങ്ങി ജീവിക്കും. ചിലർ മടങ്ങിപ്പോകും. പരോൾ ഇവിടെയാണോ അവിടെയാണോ എന്നു ചില കുബുദ്ധികൾ ആലോചിക്കും.

ഗുരുവിന്റെ മഹാസമാധിക്കുശേഷം ചിലർ ഗുരുകുലം വിട്ടുപോയി. അവർ പുതിയ പേരുകൾ സ്വീകരിക്കുകയും ഗുരുകുലങ്ങൾ സ്ഥാപിക്കുകയും ഫേൺഹില്ലിലെ രീതികൾ പറിച്ചുനടാൻ ശ്രമിക്കുകയും ചെയ്തു. അതെല്ലാം കൈപ്പുണ്യവും ചേരുവയും തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും പോലെ അനുഭവപ്പെട്ടു. അതു സ്വാഭാവികമാണ്.



↘ നിത്യഗുരു സമാധി മന്ദിരം

ഗുരുനിത്യയുടെ ഒരേയൊരു ശിഷ്യൻ താനാണെന്ന മട്ടിൽ അവർ ഉടുപ്പിലും നടപ്പിലും ഗുരുവിനെ അനുകരിക്കുന്നു. രണ്ടും മൂന്നും പേരുകൾവരെ മാറ്റിയവർ അക്കൂട്ടത്തിലുണ്ട്. അവർക്കുതന്നെ സ്വന്തം കാര്യത്തിൽ എന്തോ സംശയമുള്ളതുപോലെ. 'എനിക്കു ശിഷ്യന്മാരില്ല' എന്നു ഗുരുതന്നെ പ്രഖ്യാപിച്ചത് ഇവരെ പേടിച്ചിട്ടായിരിക്കുമെന്നു തോന്നുന്നു. അവരിലൊരാൾ ഇപ്പോൾ ഗുരുവിനെ 'നിത്യാ', 'നീ' എന്നൊക്കെയാണ് വിളിക്കുന്നത്. പെട്ടെന്നൊരുദിവസം ഗുരു തിരിച്ചുവന്നാൽ എന്തായിരിക്കും ഇവരുടെ കഥ?

ഫേൺഹില്ലിലെത്തുന്നവർ രണ്ടു തരക്കാരാണ്. ആദ്യത്തെ കൂട്ടർ ഗുരുവിനെ കാണുവാൻ വേണ്ടി മാത്രം വരുന്നവരാണ്. അവർ എപ്പോഴും ഗുരുവിന്റെ കൂടെയായിരിക്കാൻ ശ്രമിക്കും. രണ്ടാമത്തെ കൂട്ടർ നാലഞ്ചു ദിവസം ഗുരുകുലത്തിൽ തങ്ങി, പ്രാർഥനയിലും ക്ലാസിലും പങ്കുകൊണ്ട് തിരിച്ചുപോകും. ഇതിനിടെ ഗുരുവിനെ മുഖംകാണിച്ചെന്നുവരും. പക്ഷേ, അവരുടെ പോക്കുവരവുകളെല്ലാം ഗുരു അറിഞ്ഞിട്ടുണ്ടാകും. ഗുരുനിത്യയെ തന്റെ വീട്ടിൽ ക്ഷണിച്ചുവരുത്തിയ ഒരാളോട് ഗുരുവിന്റെ സമാധിവാർത്ത അറിയിച്ചപ്പോൾ കിട്ടിയ മറുപടി വിചിത്രമാണ്. 'ഇനി ഞാൻ ആരെ കാണാനാണ് ഊട്ടിയിലേക്കു വരുന്നത്?' എന്നാണ് ആ മഹാൻ ചോദിച്ചത്. ഫേൺഹില്ലിൽ വന്നാൽ ഗുരുവിന്റെയടുത്ത് പറ്റിപ്പിടിച്ചിരിക്കുകയും നടരാജഗുരു ശയിക്കാറുള്ള മുറിയിൽ വിശ്രമിക്കുകയും ചെയ്ത ആളാണ് ഇതു പറയുന്നത്. എഴുത്തുകാരോട് ആദരവു

**'നാടിനും വീടിനും കൊള്ളാത്തവരാണ് നാരായണഗുരുകുലത്തിൽ വന്ന് അടിയുന്നത്' എന്ന് ഗുരു നിത്യചൈതന്യയതി പാതി കാര്യമായും പാതി തമാശയായും പറയുമായിരുന്നു.**

പുലർത്തുന്ന അന്തേവാസികളെ അയാൾ ഗൗനിച്ചിട്ടേയില്ല. ഗുരുവിനെപ്പറ്റി എഴുതുകയും പ്രസംഗിക്കുകയും ചെയ്ത് പ്രതിഫലം കൈപ്പറ്റാനായിരുന്നു അയാൾക്കു തിടുക്കം. എന്നാൽ, അത്തരം ആളുകളല്ല ഗുരുകുലമഹിമ ഉയർത്തിപ്പിടിക്കുന്നത്.

ചരിത്രത്തിലൊന്നും ഇടംപിടിക്കാത്ത ഒരുപാട് മനുഷ്യർ ഗുരുകുലത്തിൽ ഭക്ഷണമൊരുക്കുന്നതിലും മറ്റു പണികൾ ചെയ്യുന്നതിലും അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നത് ആരും അറിയുന്നില്ല. അരുൺ ഗോപാൽ, ശശി മേമുറി, ഗിരീഷ്‌കുമാർ, പ്രമോദ് തുടങ്ങിയവരെ നമുക്കു സ്മരിക്കേണ്ടിവരുന്നത് ഇക്കാരണത്താലാണ്.

### ജ്ഞാനഭാരം

ചിത്രകാരന്മാരും എഴുത്തുകാരും സംഗീതജ്ഞരുമൊക്കെ ഫേൺഹില്ലിൽ വരാറുണ്ട്. തങ്ങൾ നേടിയ അക്കാദമിക് ഭാരങ്ങളോടെയാവും മിക്കവരും പെരുമാറുക. അക്കാലത്ത് തത്ത്വശാസ്ത്രത്തിൽ പാരീസിൽനിന്ന് ഡോക്ടറേറ്റ് നേടിയ നടരാജഗുരുവിനെയും തത്ത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദമുള്ള



↘ നിത്യചൈതന്യയതി

നിത്യചൈതന്യയതിയെയും ശരിക്കു മനസ്സിലാക്കാതെയാണ് അവർ എത്തുക.

ഒരു ചിത്രകാരനും സുഹൃത്തും ഗുരുകുലത്തിൽ എത്തിച്ചേർന്നു. രാത്രിയാണ് അവരെത്തിയത്. പിറ്റേന്നു രാവിലെ തന്നെ അവർ ഗുരുവിനെ കണ്ടു. ഗുരു ക്ലാസിനുള്ള തയ്യാറെടുപ്പിലായിരുന്നു. അവർ പ്രാർഥനയിൽ പങ്കെടുത്തില്ല. ടൗണിൽ ഒന്നു കറങ്ങിവന്നശേഷം അന്നു വൈകുന്നേരം അവർ ഗുരുവിനെ വീണ്ടും കണ്ടു. വേദാന്തത്തെക്കാൾ വലിയ സംഭവം ചിത്രകലയാണെന്ന മട്ടിൽ അവർ ഉദ്ബോധനം തുടങ്ങി. ശാസ്ത്രത്തിലും കലകളിലും ഗുരുവിനുള്ള അറിവിനെപ്പറ്റിയോ, ഗുരു എഴുതിയിട്ടുള്ള കൃതികളെപ്പറ്റിയോ ഒന്നും മനസ്സിലാക്കാതെ ഒരു സാധാരണ സ്വാമിയാരെ നേരിടുന്നതുപോലെയാണ് അവർ സംസാരിച്ചത്. മാർക് ഷഗാൾ, വാസിലി കാൻഡിൻസ്കി, വിൻസെന്റ് വാൻഗോഗ് എന്നിവരൊക്കെ ആരാണെന്ന് അവർ വിശദീകരിച്ചു. ഒന്നും അറിയാത്തവനെപ്പോലെ ഗുരു അവർക്കു മുമ്പിൽ വിനീതനായി ഇരുന്നുകൊടുത്തു. ഇതു കണ്ട ഞങ്ങൾക്കു വിഷമം തോന്നി. പക്ഷേ, ഗുരുവിന്റെ രീതികൾ അറിയാവുന്നതുകൊണ്ട് മിണ്ടാതിരുന്നു.

അടുത്ത ദിവസം ഗുരു അവരെ മുറിയിലേക്കു വിളിച്ച്, വിഖ്യാതരായ ചിത്രകാരന്മാരെക്കുറിച്ചുള്ള അവിടത്തെ ഗ്രന്ഥശേഖരം കാണിച്ചുകൊടുക്കുകയും യൂറോപ്പിലെ പ്രഖ്യാതമായ ആർട്ട് ഗ്യാലറികളിൽ ഒറിജിനൽ പെയിന്റിങ്ങുകൾ കണ്ടതിനെപ്പറ്റി സംസാരിക്കുകയും ചെയ്തു. അതോടെ അവരുടെ അഹംഭാവം ശമിച്ചു.

പകരുവാനുള്ളതാണ് അറിവ്. അതൊരിക്കലും അധികാരപ്രയോഗത്തിനുള്ള ഉപാധിയായിത്തീരരുത് എന്ന പാഠം ഈ സംഭവത്തിലുണ്ട്. കുറച്ചു കാലത്തിനു ശേഷം അവർ വീണ്ടും വന്നപ്പോൾ അവർക്കു മാറ്റമുണ്ടായിരുന്നു. അത്രയും നന്ന്. കല, തത്ത്വചിന്ത, ശാസ്ത്രം എന്നിവയിലധിഷ്ഠിതമായ അമൂല്യഗ്രന്ഥങ്ങൾ ശേഖരിച്ചുവയ്ക്കുകയും അത്തരം അന്വേഷണങ്ങളെ ജ്വലിപ്പിക്കുകയും ചെയ്ത ഗുരുനിത്യയുടെ ഒരു ആയുസ്സിന്റെ സമ്പാദ്യമാണ് അവിടെ അലമാരകളിൽ ഭാവിതലമുറയ്ക്കുവേണ്ടി ഭദ്രമായി ഇരിക്കുന്നത്. അദ്ദേഹത്തിന്റെ കാലയളവിൽ ഫേൺഹില്ലിൽ ഒരു ചിത്രകലാവേദി

സജീവമായിരുന്നു. അവിടെ വന്ന് വർണങ്ങളുടെ തോറ്റം അനുഭവിച്ചറിഞ്ഞവരേറെയാണ്.

ഞാൻ ഗുരുകുലത്തിൽ സ്ഥിരമായി കുറേക്കാലം വസിച്ചിട്ടില്ല. പല കാരണങ്ങളാൽ മലയിറങ്ങുകയും, സമനിരപ്പിൽ ഇത്തിരി വിശ്രമിച്ച് തിരിച്ചെത്തുകയുംചെയ്യുന്ന രീതിയായിരുന്നു എന്റേത്. ഓരോ തവണ ചെല്ലുമ്പോഴും പുതുതായി ആരെങ്കിലും അവിടെ കാണും. മേയ് മാസത്തിലെ ഗുരുപൂജയ്ക്ക് അവിടെ ചെല്ലുവാൻ പ്രത്യേകം ഉത്സാഹിക്കും.

## അനന്യത

മനോലോകം മറ്റൊന്നായിരുന്നുവെങ്കിൽ യതി വെറുമൊരു ഹൈന്ദവസ്വാമിയായിത്തീർന്നേനെ. പക്ഷേ, ക്രൈസ്തവ-ബൗദ്ധ-ഇസ്ലാമിക ദർശനങ്ങളുടെ സൗഹൃദം വ്യക്തിജീവിതത്തിലും വിചാരജീവിതത്തിലും അദ്ദേഹത്തെ തുണച്ചു. പടർന്നുപന്തലിച്ച ശിഷ്യഗണത്തെ അപഗ്രഥിക്കുമ്പോൾ ഇക്കാര്യം തിരിച്ചറിയാം. നാരായണഗുരുകുലത്തെ മറ്റ് ആശ്രമവ്യവസ്ഥകളിൽനിന്നു വേർതിരിക്കുന്ന പ്രധാന ഘടകവും ഇതാണ്. വളരുംതോറും വെട്ടിമുറിക്കപ്പെടുന്ന ബോൺസായി സംസ്കാരത്തിന് ഇത് ബോധ്യപ്പെടുകയില്ല.

ഒരുവന്റെ നൈസർഗികവാസനകളെ അവയുടെ ഗുണാത്മകതലം അറിഞ്ഞുകൊണ്ടുതന്നെ പരിപോഷിപ്പിക്കുന്നതാണ് സമുചിതം. ഇതു ഗുരുവിലുണ്ടായിരുന്നു. എല്ലാം പരിത്യജിക്കുമ്പോഴുള്ള അവസ്ഥയെയല്ല ഗുരു പ്രോത്സാഹിപ്പിച്ചത്. മാനവികതയെ പുൽകിനിൽക്കുന്ന ഒരു ബന്ധം നിലനിറുത്തുന്നതോടൊപ്പം ആന്തരികമായ ശമോപാധികളെ ക്രിയാത്മകമായി ആശ്രയിക്കാനാണദ്ദേഹം സ്നേഹപൂർവം പറഞ്ഞത്. സംശ്ലേഷണത്തിലേക്കുള്ള പടവായിരുന്നു അത്. അറിവിന്റെ കനി ഭക്ഷിച്ചുകൊണ്ട് അറിവിനെ പരിത്യജിക്കുക എന്നു പറയുന്നതുപോലെ, ഗുരുകുലപ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് സ്രോതസ്സായിത്തീർന്ന ജാതീയമൂല്യങ്ങളിൽച്ചിലതിനെമാത്രം സ്വീകരിക്കുകയും എന്നാൽ, ഗുണാത്മകതലത്തിൽ അതിനെ മാറ്റിപ്പണിയുകയുംചെയ്ത വ്യക്തി എന്ന സവിശേഷത യതിക്കു മാത്രം സ്വന്തം. ശിവഗിരിയിൽനിന്ന് ശ്രീനിവാസപുരത്തേക്കും അവിടെനിന്ന് ഫേൺഹില്ലിലേക്കും വളരെ ദൂരമുണ്ടെന്നു സ്ഥലപരത മാത്രമല്ല ആശയപരതയും സാക്ഷ്യപ്പെടുത്തുന്നു. മതേതര മാനവികതയാണ് ശരിയായ ധർമമെന്നു വിശ്വസിച്ച ഗുരു ഒരു പ്രത്യേക മതത്തിന്റെയും ജാതിയുടെയും ആചാരങ്ങളെ പൂജിക്കാത്തതുകൊണ്ടാണ് അദ്ദേഹത്തെ ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും ചട്ടുകമാക്കാൻ കഴിയാഞ്ഞത് എന്ന് അടിവരയിട്ടുതന്നെ പറയണം.

എല്ലാ ഗുരുക്കന്മാരുടെയും പുസ്തകങ്ങൾ ഫേൺഹിൽ ഗുരുകുലത്തിലുണ്ട്. പക്ഷേ, തിരിവച്ചു തിരഞ്ഞിട്ടും ഓഷോയുടെ ഒരു പുസ്തകവും കണ്ടെത്താനായില്ല. എന്നാൽ, സുധിയും ജോസഫും മറ്റും ഓഷോയുടെ തീവ്രവായനക്കാരാണ്. ഓഷോയുടെ പുസ്തകങ്ങൾ അന്വേഷിച്ചപ്പോൾ, 'അതു വായിക്കാനാണോ നിങ്ങൾ ഈ കുന്നുകയറിവന്നത്?' എന്നു ഗുരു ഈർഷ്യയോടെ ചോദിച്ചു. വേറൊരുദിവസം ഞാൻ പരിഭാഷപ്പെടുത്തിയ ഓഷോ പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി കാണിച്ചപ്പോൾ അദ്ദേഹം തിരിഞ്ഞുനടന്നു. ഓഷോയോടുള്ള വെറുപ്പിന്റെ കാരണം എനിക്കു മനസ്സിലായില്ല.

ഗുരുകുലനാളുകളിൽ ചില നല്ല പുസ്തകങ്ങൾ വായിക്കുവാനും അവയെപ്പറ്റി ഇഷ്ടപ്പെട്ടവരോടു സംസാരിക്കുവാനും സാധിച്ചത് പിൽക്കാലത്ത് പല തുറസ്സുകളും ഒരുക്കിയിട്ടുണ്ട്. ഗുരു പലവട്ടം സൂചിപ്പിച്ചിട്ടുള്ള ബാഷോയുടെ കവിതകൾ പല സമാഹാരങ്ങളിലായിയുണ്ട്. അവ തിരയുമ്പോഴാണ് ബാഷോയുടെ യാത്രാവിവരണം കണ്ണിൽപ്പെട്ടത്: 'The Narrow Road to the Deep North'. സഞ്ചാരിയും എഴുത്തുകാരനുമായ ശ്രീകാന്ത് കോട്ടയ്ക്കലിനോട് അത്തരമൊരു ഗ്രന്ഥത്തെക്കുറിച്ചും മൊഴിമാറ്റസാധ്യതയെക്കുറിച്ചും സൂചിപ്പിച്ചു. തനിക്ക് യാത്രാസംബന്ധമായ ചില തിരക്കുകളുണ്ടെന്നും, ആ പുസ്തകം സംഘടിപ്പിച്ചുതരാമെന്നും അദ്ദേഹം പറഞ്ഞു. ഒരു ദീർഘയാത്ര കഴിഞ്ഞുവരുമ്പോൾ, ശ്രീകാന്ത് ആ പുസ്തകത്തിന്റെ ഫോട്ടോകോപ്പി കരസ്ഥമാക്കിയിരുന്നു. ബാഷോയുടെ ചില ഹൈക്കുകൾ ഒറ്റശ്വാസത്തിൽ പരിഭാഷപ്പെടുത്തിയ മറ്റൊരു സഞ്ചാരിയോട് ഈ യാത്രാവിവരണം മൊഴിമാറ്റുന്നതിനെപ്പറ്റി അറിയിച്ചു. അദ്ദേഹം സമ്മതിച്ചു. പക്ഷേ, അദ്ദേഹം വാക്കു പാലിച്ചില്ല. ജീവിതംതന്നെ യാത്രയാക്കിയ ബാഷോവിനോടു നീതിപുലർത്തുവാൻ തനിക്കു കഴിയില്ല എന്ന വിചിത്രമായ ന്യായമോതി അദ്ദേഹം പിന്മാറി. ആ പുസ്തകം വരുന്നുവെന്നു പരസ്യപ്പെടുത്തിയതിനാലും ഒരുപാടുപേർ ആവശ്യപ്പെട്ടതിനാലും ഗത്യന്തരമില്ലാതെ എനിക്കതു പരിഭാഷപ്പെടുത്തേണ്ടിവന്നു.

ലാവോത്സുവിന്റെ 'താവോ തേചിങ്ങ്' എന്ന ഗ്രന്ഥത്തിന്റെ രണ്ടു വ്യത്യസ്ത പതിപ്പുകൾ ഫേൺഹിൽ ഗുരുകുലത്തിൽ വച്ചു വായിച്ചിരുന്നു. എന്നാൽ, ആ പുസ്തകത്തിലേക്കെന്നെ നയിച്ചത് അതിനുമുമ്പേ ഞാൻ വായിച്ച ഗുരുവിന്റെ ഒരു പുസ്തകമാണ്: 'Meditations on the Way'. ഫേൺഹില്ലിൽ

**മനോലോകം മറ്റൊന്നായിരുന്നുവെങ്കിൽ യതി വെറുമൊരു ഹൈന്ദവസ്വാമിയായിത്തീർന്നേനെ. പക്ഷേ, ക്രൈസ്തവ-ബൗദ്ധ-ഇസ്ലാമിക ദർശനങ്ങളുടെ സൗഹൃദം വ്യക്തിജീവിതത്തിലും വിചാരജീവിതത്തിലും അദ്ദേഹത്തെ തുണച്ചു.**



↘ നിർമാല്യ മണി



↘ മനോജ് പവിത്രൻ



⦣ ത്യാഗീശ്വരൻ

എത്തുന്നതിനു മുമ്പ് ഞാൻ അതു വായിച്ചിരുന്നു. അതിന്റെ ശീർഷകം എന്നെ കുഴക്കി. 'On the Way of Meditation' എന്നല്ലേ വേണ്ടതെന്നു തിരിച്ചും മറിച്ചും ആലോചിച്ചു. കുഴപ്പം എന്റേതാണെന്നു മനസ്സിലായി. 'Tao' എന്നതിന് 'Way' എന്നാണർഥം. ഗുരുവിന്റെ ഗ്രന്ഥശീർഷകത്തിന് യുക്തിയും സൗന്ദര്യവും കൂടുമെന്ന ഉത്തമധാരണയിൽ പുസ്തകം തുറന്നു. താവോ തേചിങ്ങിനെക്കുറിച്ചുള്ള സുന്ദരമായ മനനമാണത്. മൂലഗ്രന്ഥത്തിൽ എൺപത്തിയൊന്നു ശ്ലോകങ്ങളുണ്ടല്ലോ. അതിൽ ആദ്യത്തെ മുപ്പതു ശ്ലോകങ്ങളെടുത്ത് ഒരു ദിവസം ഒരു ശ്ലോകം എന്ന കണക്കിനു വായിക്കുകയും ഒരുപറ്റം പഠിതാക്കൾ അവയെപ്പറ്റി മനനംചെയ്യുകയും ചെയ്തതിന്റെ സത്ഫലമാണ് ഡോ. പീറ്റർ ഓപ്പൺഹൈമർ ചിട്ടപ്പെടുത്തിയ ആ പുസ്തകം. ഗുരുവിന്റെ മറ്റു ചില പുസ്തകങ്ങൾക്കും എന്ന പോലെ ആ പുസ്തകത്തിനും തുടർച്ചയുണ്ടായില്ല.

സൊർബ പബ്ലിക്കേഷൻസിന്റെ ആദ്യത്തെ രണ്ടു പുസ്തകങ്ങളും വായനക്കാർ നന്നായി സ്വീകരിച്ചത് സന്തോഷവും ഉത്തരവാദിത്വവും നിറച്ചു. ഓരോ ടൈറ്റിലും സൂക്ഷിച്ച് തിരഞ്ഞെടുക്കണമെന്നു മനസ്സിലായി. മൂന്നാമത്തെ പുസ്തകത്തെപ്പറ്റി ആലോചിക്കുമ്പോഴാണ് അഷിത 'താവോ തേചിങ്ങ്' പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നറിഞ്ഞത്. 'താവോ: ഗുരുവിന്റെ വഴി' എന്ന രചന പുറത്തുവന്നത് ഗുരുകാരുണ്യത്താലാണ്. സ്വാമി സുധി ആയിരുന്നു ആ പ്രസാധനത്തിന്റെ ചാലകശക്തി. ഗുരുനിത്യയെ അടുത്തറിഞ്ഞ മൂന്നുപേരുടെ സംഗമംതന്നെയാണ് ആ പുസ്തകം.

> എല്ലാ ഗുരുക്കന്മാരുടെയും പുസ്തകങ്ങൾ ഫേൺഹിൽ ഗുരുകുലത്തിലുണ്ട്. പക്ഷേ, തിരിച്ചു തിരഞ്ഞിട്ടും ഓഷോയുടെ ഒരു പുസ്തകവും കണ്ടെത്താനായില്ല.

## സമന്വയം എന്ന മന്ത്രം

ഫേൺഹില്ലിലെ പ്രാർഥനാലയത്തിൽ, പിത്തളകൊണ്ട് നിർമിച്ച വലിയ ഗണപതിശില്പമുണ്ട്. ഒരാൾ ചോദിച്ചു: 'നിങ്ങൾ വലിയ കമ്മ്യൂണിസ്റ്റല്ലേ? പിന്നെന്തേ ഈ ഗണപതി ഇവിടെ?' ഗുരു പറഞ്ഞു: 'ഗണപതിയോ? ഇതു വെറുമൊരു പിത്തളത്തകിടാണ്.' ചോദ്യകർത്താവ് അമ്പരന്നു. താദാത്മ്യത്തിന്റെ മനഃശാസ്ത്രത്തെപ്പറ്റി സൂചിപ്പിക്കുന്ന സന്ദർഭമായിരുന്നു അത്. ഗുരുവിന്റെ ഉദരഭാരം ശ്രദ്ധിച്ചവർക്കത് നിഷ്പ്രയാസം അറിയാം. ആ സ്ഥൂലതയ്ക്കു പിന്നിലുള്ള സൂക്ഷ്മദർശനം ചെന്നെത്തുക ഗണപതി എന്ന ആരാധനാബിംബത്തിലായിരിക്കും. നാം ആത്മാവിന്റെ പത്മപീഠത്തിൽ സദാ പ്രതിഷ്ഠിക്കുന്നത് ക്രിസ്തുവിനെയാണെങ്കിൽ സാവധാനം നമ്മുടെ സത്ത അതിനോടു താദാത്മ്യപ്പെടുമെന്നത് കേവലം ശരീരജ്ഞാനത്തിനപ്പുറത്താണ്. ദൈവസങ്കല്പങ്ങൾക്കതീതമായ മാനവികതയുടെ സന്ദേശമാണത്.

ചേതോഹരമായ ഒരു കാവ്യജീവിതത്തിന്റെ ഉടമയായ യതി ഓരോ നിമിഷവും ജീവിക്കുകയായിരുന്നു, അക്ഷരാർഥത്തിൽ. തന്റെ കുഴിമാടത്തെയും പഠനമുറിയിലെ ജനാലയെയും ചെമ്പുകമ്പികൊണ്ട് ബന്ധിപ്പിക്കണമെന്നു ഗുരുകുലവാസികളോട് പറഞ്ഞതിനു പിന്നിൽ ആ കവിമനസ്സിന്റെ സജീവതയുണ്ടായിരുന്നു. മരണാനന്തരജീവിതത്തെയല്ല അദ്ദേഹം വിവക്ഷിച്ചത് എന്നു നമ്മൾ പ്രത്യേകം ഓർക്കണം.

ഗുരു എന്നത് വാക്കിന്റെ സൂക്ഷ്മപ്രപഞ്ചമാണ്. വാക്കിന്റെ വെളിച്ചത്തിലാണ് ഒരു ഗുരുവിന്റെ അസ്തിത്വം നിർണയിക്കപ്പെടുന്നത്. യതിയുടെ മഹാസമാധിയോടെ നമുക്കു നഷ്ടപ്പെട്ടത് നല്ലൊരു അത്താണിയാണ് എന്ന യാഥാർഥ്യം പ്രബലമായിവരുന്നു. ഷെൽവി മരിച്ചപ്പോൾ, ഏറ്റവും പ്രിയപ്പെട്ട ഒരാൾ പറഞ്ഞു: 'ഒരുപക്ഷേ, യതി ജീവിച്ചിരുന്നുവെങ്കിൽ ഷെൽവി കുറേക്കാലംകൂടി ജീവിക്കുമായിരുന്നു'. യതിയുടെ സന്നിധിയിലേക്ക് ശരണാർഥികളായി എത്തുന്നവരെപ്പറ്റി ബോബി ജോസ് കട്ടിക്കാട് പറഞ്ഞതും ഓർമവന്നു.

സന്ന്യാസിയുടെ ദിനചര്യകൾ അവയുടെ യാഥാസ്ഥിതികമാനങ്ങളെ അതിജീവിക്കുമ്പോഴാണ് യതിയെപ്പോലുള്ളവർ പിറക്കുന്നത്. പക്ഷേ, ആലങ്കാരികത അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടയാളമേ അല്ല. മനഃശാസ്ത്രം ഉൾപ്പെടെയുള്ള പല കാര്യങ്ങളെക്കുറിച്ചും എഴുതിയതിനുപിന്നിൽ സമാനചിന്താഗതിയുള്ളവരുമായി നടത്തിയ ചർച്ചകളുണ്ട്. 'Meditations on the Way', 'സ്നേഹസംവാദം' എന്നിവയിൽ ആ കൂട്ടായ്മയുടെ സത്ത വേരിട്ടുനിൽക്കുന്നു.

ഒരു വസ്തു അഥവാ ദർശനം അതായിത്തീരുന്നത് ഇതര മൂലകങ്ങളുടെ സാഹോദര്യം കാംക്ഷിക്കുന്നതുകൊണ്ടാണ്. ഇത്തരമൊരു പര്യാലോചന ഗുരുവിന്റെ രചനകളിലാകെ വേരോടിനിൽക്കുന്നുണ്ട്. ആധ്യാത്മികദർശനങ്ങളെ ശാസ്ത്രത്തിന്റെയും കലയുടെയും ചിഹ്നസംസ്കൃതിയിലേക്ക് പൊരുത്തപ്പെടുത്തിയ കർമത്തെ പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. മൂല്യങ്ങളുടെ സമന്വയം ഉതിർക്കുന്ന സംഗീതം ആ രചനകളിൽ നിത്യചൈതന്യമായി പരിലസിക്കുന്നു.■

സാംസ്കാരികം | ജോൺ തോമസ്



# തൃശ്ശൂർ സാംസ്കാരിക തലസ്ഥാനമോ?

**സാംസ്കാരികതലസ്ഥാനം എന്നു പൊതുവേ വിശേഷിപ്പിക്കുന്ന തൃശ്ശൂരിനെ പൂർണാർഥത്തിൽ സാംസ്കാരിക നഗരിയായി രൂപാന്തരപ്പെടുത്താൻ എന്താണ് വേണ്ടത്?**



↘ **ആർക്കിയോളജിക്കൽ മ്യൂസിയം, തൃശ്ശൂർ**

കേരളത്തിന്റെ സാംസ്കാരികസ്ഥാപനങ്ങളായ സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി തുടങ്ങിയവ തൃശൂരിൽ സ്ഥാപിച്ചതിന്റെ മാത്രം അടിസ്ഥാനത്തിലാണ് ഇതു സാംസ്കാരികനഗരം എന്നറിയപ്പെടുന്നത്. പൊതുവേ കച്ചവടത്താല്പര്യങ്ങളുടെ പിൻബലത്തിൽ വളർന്ന ഒരു നഗരമാണ് തൃശൂർ എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഇത്തരം സാഹചര്യങ്ങളിൽ വളർന്ന ഒരു നഗരത്തിലേക്ക് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ വന്നതുകൊണ്ടു മാത്രം ഇതൊരു സാംസ്കാരികനഗരമായി ഇന്നും രൂപപ്പെട്ടിട്ടില്ല. തൃശൂരിന്റെ സ്വാഭാവികമായ കച്ചവടത്താല്പര്യം ഒരു പരിധിവരെ ഈ സാംസ്കാരികസ്ഥാപനങ്ങളെയും ബാധിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനെ മറികടക്കാൻ സമൂലമായ അഴിച്ചുപണി അത്യാവശ്യമാണ്. ഈ വിഷയത്തിൽ വിപുലമായ ഒരു സംവാദംതന്നെ സംഘടിപ്പിക്കേണ്ടതുണ്ടെന്നു തോന്നുന്നു.

സാംസ്കാരികസ്ഥാപനങ്ങളെ കൂടുതൽ ജനാധിപത്യവൽക്കരിക്കേണ്ടതുണ്ട്. അക്കാദമി ഭാരവാഹികൾ നടപ്പിലാക്കുന്ന പരിപാടികളുടെ കാണികളും ശ്രോതാക്കളുമാകാനുള്ള അവസരം മാത്രമേ ഇപ്പോൾ ആസ്വാദകർക്കുള്ളൂ. എന്നാൽ, സാംസ്കാരികസ്ഥാപനങ്ങളുടെ



↘ **അർണോസ് പാതിരി**

പ്രവർത്തനങ്ങൾ, അവയുടെ സെക്രട്ടറിയും പ്രസിഡന്റും കമ്മിറ്റി അംഗങ്ങളും മാത്രം തീരുമാനിക്കുന്ന മുറയ്ക്കാവരുത്. പൊതുപരിപാടികളുടെ നടത്തിപ്പിലും ആസൂത്രണത്തിലും ഓരോ മേഖലയിലും വൈദഗ്ധ്യമുള്ള പൊതുജനങ്ങളുടെ പങ്കാളിത്തംകൂടി ഉണ്ടെങ്കിൽ അവ മികവുറ്റതാക്കി മാറ്റാനാകും. സംഗീത നാടക അക്കാദമിയുടെ ഇറ്റ്ഫോക്ക് (ITFoK), ലളിതകലാ അക്കാദമിയുടെ ചിത്ര-ശില്പകലാ മേളകൾ, സാഹിത്യ അക്കാദമിയുടെ സാഹിത്യോത്സവം തുടങ്ങി എല്ലാ പരിപാടികളുടെയും നടത്തിപ്പിൽ ജനപങ്കാളിത്തം ഉണ്ടാകണം. ഇപ്പോഴും പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ആലോചനായോഗങ്ങൾ പേരിന് കൂടാറുണ്ടെങ്കിലും പരിപാടികളുടെ ആസൂത്രണത്തിലോ നടത്തിപ്പിലോ പൊതുജനങ്ങൾ കാഴ്ചക്കാർ മാത്രമായി ചുരുങ്ങുന്നു.

ഈ സ്ഥാപനങ്ങളുടെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതിനെക്കുറിച്ച് നിരവധി ആരോപണങ്ങൾ നിലനിൽക്കുന്നുണ്ട്. ലക്ഷങ്ങൾ മുടക്കി അച്ചടിച്ച, ആർക്കും പ്രയോജനപ്പെടാത്ത നിരവധി പുസ്തകങ്ങൾ സാഹിത്യ അക്കാദമി ലൈബ്രറിയുടെ മുറികളിൽ കെട്ടിക്കിടക്കുന്നു. പൂരം പുസ്തകമേളയിലും ഓണം പുസ്തകമേളയിലും അമ്പതുശതമാനത്തിലധികം ഇളവു കൊടുത്തിട്ടും വിറ്റുതീരാത്ത പുസ്തകങ്ങൾ ഇനിയും ബാക്കിയാണ്.

മേൽപ്പറഞ്ഞ സാംസ്കാരികസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് "കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി" എന്ന നയത്തിലാണ്.

സാംസ്കാരിക സ്ഥാപനങ്ങളുടെ വളപ്പിൽ ആരും കയറാൻ പാടില്ല എന്ന കാടൻ നിലപാടുകൾ വച്ചുപുലർത്തുന്നവരെ സ്ഥാപനങ്ങളുടെ സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിൽ അവരോധിക്കാതിരിക്കാൻ സാംസ്കാരിക വകുപ്പ് ശ്രദ്ധിക്കണം. മരിച്ചുപോയ ചില എഴുത്തുകാരുടെ ഓർമ പുതുക്കുന്നതും സാഹിത്യ അക്കാദമിയുടെ നിർവാഹക സമിതി അംഗങ്ങളായ എഴുത്തുകാരുടെ എഴുത്തനുഭവങ്ങൾ പങ്കുവയ്ക്കുന്നതുമല്ല അക്കാദമിയുടെ പ്രധാന ദൗത്യം. പുതിയ തലമുറയെ സാഹിത്യത്തിലേക്കും വായനയിലേക്കും എങ്ങനെ ആകർഷിക്കാം എന്നതിനെക്കുറിച്ചാണ് സാംസ്കാരികവകുപ്പും സാഹിത്യ അക്കാദമി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ഗൗരവമായി ആലോചിക്കേണ്ടത്. തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ചോ പ്രകൃതിയെക്കുറിച്ചോ സാമൂഹികാവസ്ഥയെക്കുറിച്ചോ ഒരു നിശ്ചയവുമില്ലാത്ത തലമുറയാണ് ഇവിടെ വളരുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കണമെങ്കിൽ വലിയ പൊളിച്ചെഴുത്തുതന്നെ ആവശ്യമാണ്. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പാടെ ഉടച്ചുപണിയണം. ഭാഷയും സാഹിത്യവും കലയുമൊന്നും പുതിയ പഠനക്രമത്തിൽ വേണ്ടത്ര വിഷയമാകുന്നില്ല.

സാഹിത്യ അക്കാദമി ലൈബ്രറി, സാധാരണ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതുപോലെ എല്ലാ അവധിദിവസങ്ങളിലും അടച്ചിടേണ്ട ഒന്നല്ല. അതൊരു റിസർച്ച് ലൈബ്രറിയായതിനാൽ, ഇപ്പോഴുള്ള പ്രവർത്തനസമയം രാവിലെ ഒൻപതു മുതൽ രാത്രി എട്ടുമണിവരെയെങ്കിലും നീട്ടണം. അതു നടക്കണമെങ്കിൽ ഇപ്പോഴുള്ള ജീവനക്കാർ മതിയാകില്ല. കൂടുതൽ ജീവനക്കാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയമിച്ചാൽ മാത്രമേ ഗവേഷകർക്ക് ലൈബ്രറികൊണ്ട് ശരിയായ പ്രയോജനമുണ്ടാകൂ. രണ്ടാം ശനിയാഴ്ച ഉൾപ്പെടെയുള്ള അവധിദിവസങ്ങൾ ലൈബ്രറികൾക്ക് ബാധകമാക്കരുത്. ലൈബ്രറി പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും സമർപ്പണവുമുള്ളവരാകണം അവിടെ നിയമിക്കപ്പെടുന്നവർ. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വിദ്യാർഥികൾക്കും അധ്യാപകർക്കും അവധിദിവസങ്ങളിൽ ലൈബ്രറി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എല്ലാ പൊതു അവധിദിവസങ്ങളിലും സാഹിത്യ അക്കാദമി ലൈബ്രറിയും അടച്ചിട്ടാൽ, റിസർച്ച് ലൈബ്രറി എന്ന നിലയിൽ അതു ഗവേഷകർക്ക് എങ്ങനെ പ്രയോജനപ്പെടും?

സാഹിത്യ അക്കാദമിയുടെ തൊട്ടടുത്ത വളപ്പിൽ പ്രവർത്തിക്കുന്ന തൃശൂർ പബ്ലിക് ലൈബ്രറിപോലും രാവിലെ ഒൻപതു മുതൽ വൈകിട്ട് ഏഴുവരെ പ്രവർത്തിക്കുന്നുണ്ട്. രണ്ടാം ശനിയാഴ്ചയും അവിടെ പ്രവൃത്തിദിവസമാണ്. കോവിഡിനുമുൻപ് ഞായറാഴ്ചയും പബ്ലിക് ലൈബ്രറി പ്രവർത്തിച്ചിരുന്നു. എന്നാൽ, സാഹിത്യ അക്കാദമി ലൈബ്രറിയുടെ പ്രവർത്തനസമയം രാവിലെ പത്തുമുതൽ വൈകിട്ട് ആറുവരെ മാത്ര

**മരിച്ചുപോയ ചില എഴുത്തുകാരുടെ ഓർമ പുതുക്കുന്നതും സാഹിത്യ അക്കാദമിയുടെ നിർവാഹകസമിതി അംഗങ്ങളായ എഴുത്തുകാരുടെ എഴുത്തനുഭവങ്ങൾ പങ്കുവയ്ക്കുന്നതുമല്ല അക്കാദമിയുടെ പ്രധാന ദൗത്യം. പുതിയ തലമുറയെ സാഹിത്യത്തിലേക്കും വായനയിലേക്കും എങ്ങനെ ആകർഷിക്കാം എന്നതിനെക്കുറിച്ചാണ് സാംസ്കാരികവകുപ്പും സാഹിത്യ അക്കാദമി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ഗൗരവമായി ആലോചിക്കേണ്ടത്.**



↘ **സാഹിത്യഅക്കാദമി, തൃശ്ശൂർ**

മാണ്. ഒരു റിസർച്ച് ലൈബ്രറി ആയിട്ടും ഇവിടെ അംഗത്വമുള്ളവർക്ക് ഇനിയും വൈഫൈ (Wi-Fi) സംവിധാനംപോലും ലഭ്യമാക്കിയിട്ടില്ല.

വൈകുന്നേരം ആറുമണി കഴിയുന്നതോടെ അടച്ചുപൂട്ടുന്ന നാലുകെട്ടുകളായി നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങൾ മാറാൻ പാടില്ല. കലയോടും സാഹിത്യത്തോടും സംഗീതത്തോടും നാടകത്തോടുമൊക്കെ താല്പര്യമുള്ള യുവാക്കൾക്ക് രാത്രിവരെയും, വേണ്ടിവന്നാൽ പുലരുവോളം ഒത്തുകൂടാനുമുള്ള ഇടങ്ങളായി അവ മാറേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ ഈ സ്ഥാപനങ്ങൾ അവയുടെ ശരിയായ ലക്ഷ്യത്തിലെത്തുകയുള്ളൂ. ഇവിടെ ലഭിക്കുന്ന സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്നു നിരീക്ഷിക്കാനുള്ള സംവിധാനവുമുണ്ടാകണം. കലയും സാഹിത്യവുമൊക്കെ ഹൃദയത്തിലുള്ളവർ ഒത്തുകൂടുന്നതോടെ ഇത്തരം പ്രശ്നങ്ങളെ അനായാസം അതിജീവിക്കാൻ കഴിയും. യുവാക്കൾക്ക് അവരുടെ ഊർജം ശരിയായ നിലയിൽ പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകാതെ അവർ വഴിതെറ്റിപ്പോകുന്നു എന്നു വിലപിക്കുന്നതിൽ അർഥമില്ല. ലഹരിവസ്തുക്കൾ പിടിച്ചെടുത്ത് കാമ്പസുകൾ ലഹരിമുക്തമാക്കാനുള്ള സർക്കാർ ശ്രമങ്ങൾ നല്ലതുതന്നെ. പക്ഷേ, അതുകഴിഞ്ഞ് കുട്ടികളെ പകരം ഏതു ലഹരിയിലേക്ക് തിരിച്ചുവിടും എന്നു കൂടി ഗൗരവമായി ആലോചിക്കണം. സാഹിത്യത്തിന്റെയും കലയുടെയും ഭാഷയുടെയും ചരിത്രത്തിന്റെയും ലഹരി തിരിച്ചറിയാത്തതുകൊണ്ടാണ് പല യുവാക്കളും ഞരമ്പുകളെ ത്രസിപ്പിക്കുന്ന ലഹരിക്കു പിന്നാലെ അലയുന്നത്. ഇന്നത്തെ വിദ്യാഭ്യാസത്തിൽനിന്ന് സാഹിത്യവും കലയും ഭാഷയുമൊക്കെ അന്യമായതോടെ വിദ്യാർഥികൾക്ക് ആവേശവും നഷ്ടമായിരിക്കുന്നു.

ഈ അവസ്ഥ മാറ്റിയെടുക്കാനുള്ള പരിശ്രമങ്ങൾ വ്യാപകമായി ഉണ്ടാവണം. സാംസ്കാരിക സ്ഥാപനങ്ങളും വർത്തമാനസാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പ്രവർത്തനമണ്ഡലങ്ങളും ശൈലിയും മാറ്റേണ്ടതുണ്ട്.

1995-ലെ സർക്കാർ തീരുമാനപ്രകാരം, ജർമൻ മിഷനറിയായ അർണോസ് പാതിരിയുടെ പ്രതിമ തിരുവനന്തപുരം ജില്ലാ ആശുപത്രിക്കു സമീപം സ്ഥാപിക്കുന്നതിന് ഉത്തരവിറങ്ങിയതാണ്. സർക്കാർ ചെലവിൽ മൂന്നു ലക്ഷം രൂപ മുടക്കി അദ്ദേഹത്തിന്റെ പൂർണകായ പ്രതിമയുടെ നിർമാണവും പൂർത്തീകരിച്ചു. എന്നാൽ, പിന്നീട് വന്ന സർക്കാരുകളുടെ അവഗണന കാരണം പ്രതിമ സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല. മുപ്പതുവർഷം കഴിഞ്ഞിട്ടും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടരുകയാണ്. പ്രതിമ ഇപ്പോൾ തിരുവനന്തപുരം ലൊയോള കോളെജ് ക്യാമ്പസിലാണ് ഉള്ളത്. അതിനുശേഷം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നായകന്മാരുടെ പ്രതിമകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടും, മലയാള സാഹിത്യത്തിനും ഭാഷയ്ക്കും വലിയ സംഭാവന നൽകിയ ഈ മഹാന്റെ പ്രതിമ ഇപ്പോഴും അനാഥമായി തുടരുന്നത് ഖേദകരമാണ്. തൃശൂരിലെ വേലൂരിൽ അർണോസ് പാതിരി സ്ഥാപിച്ച ദേവാലയവും അദ്ദേഹം താമസിച്ചിരുന്ന വസതിയും ഇപ്പോൾ പുരാവസ്തു വകുപ്പിന്റെ (Archaeology Department) നിയന്ത്രണത്തിലാണ്. വേലൂരിൽ അർണോസ് പാതിരി അക്കാദമി കഴിഞ്ഞ മുപ്പതുവർഷമായി (1994 മുതൽ) പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള ഇരുപത്തഞ്ചു കോളെജുകളിൽ അദ്ദേഹത്തിന്റെ പേരിലുള്ള ചെയറുകളും നിലവിലുണ്ട്.

അർണോസ് പാതിരിയുടെ പ്രധാന പ്രവർത്തനമണ്ഡലമായിരുന്ന തൃശൂരിൽത്തന്നെ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കണമെന്നാണ് പൗരസമൂഹം ഇപ്പോൾ ആവശ്യപ്പെടുന്നത്. തൃശൂർ ചെമ്പുക്കാവിൽ പ്രവർത്തിച്ചിരുന്ന കാഴ്ചബംഗ്ലാവ് പുത്തൂരിലേക്ക് മാറ്റുന്നതോടെ, ആ സ്ഥലം ബൊട്ടാണിക്കൽ ഗാർഡനും ചരിത്രപൈതൃക പ്രദേശവുമായി സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയുന്നു. അർണോസ് പാതിരിയുടെ പ്രതിമ ഈ മ്യൂസിയം കോമ്പൗണ്ടിൽ സ്ഥാപിച്ച് അവിടെ ഒരു ആംഫി തിയറ്റർ നിർമിച്ചാൽ, സാംസ്കാരിക പ്രവർത്തകർക്കും കലാകാരന്മാർക്കും ഒത്തുകൂടാനുള്ള ഒരിടമായി അതിനെ മാറ്റാനാകും. കലാപരിപാടികൾ അവതരിപ്പിക്കാൻ ഓഡിറ്റോറിയങ്ങൾക്ക് വലിയ തുക വാടക നൽകാൻ കഴിയാത്തവർക്ക് ഈ തുറന്ന ഇടം വലിയൊരു വേദിയായി പ്രയോജനപ്പെടുത്താം. തൃശൂർ ജില്ലയിലെ സാംസ്കാരികപ്രവർത്തകരും ഇച്ഛാശക്തിയുള്ള രാഷ്ട്രീയ നേതാക്കളും ഒത്തുചേർന്നാൽ ഈ ലക്ഷ്യം പൂർത്തീകരിക്കാനാകും. ഡോ. സുകുമാർ അഴീക്കോട് 'ഭാഷയുടെ രണ്ടാം എഴുത്തച്ഛൻ' എന്നു വിശേഷിപ്പിച്ച അർണോസ് പാതിരിയുടെ ഓർമകൾ നിലനിറുത്താനുള്ള വലിയ കേന്ദ്രമാക്കി ഇതിനെ മാറ്റാൻ സാധിക്കും. ഇന്ത്യയിലെത്തിയ മറ്റേതു മിഷനറിമാരെക്കാളും എല്ലാ അർഥത്തിലും ശ്രേഷ്ഠത പുലർത്തിയ വ്യക്തിത്വമാണ് മഹാനായ യൊഹാൻ ഏണസ്റ്റ് ഹാങ്സ്ലെഡൻ (Johann Ernst Hanxleden) എന്ന അർണോസ് പാതിരിക്കുള്ളത്. അദ്ദേഹം രചിച്ച പോർച്ചുഗീസ്-മലയാളം നിഘണ്ടു, സംസ്കൃത വ്യാകരണ ഗ്രന്ഥമായ 'ഗ്രമാറ്റിക്ക ഗ്രൻഡോണിക്ക' തുടങ്ങിയ കൃതികൾ ഇനിയും വേണ്ടത്ര പഠനവിധേയമാക്കുകയോ ബൗദ്ധിക തലത്തിൽ പ്രയോജനപ്പെടുത്തുകയോ ചെയ്തിട്ടില്ല. നമ്മുടെ സാംസ്കാരികവകുപ്പ് ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയാണെങ്കിൽ, തീർച്ചയായും അതു കേരളത്തിന്റെ പാരമ്പര്യത്തെയും സംസ്കാരത്തെയും ഉയർത്തിപ്പിടിക്കുവാനുള്ള വലിയ ചുവടുവയ്പായി മാറും. ■

കവിത

ഗീതു പൊറ്റെക്കാട്ട്



# എഴുത്തുകാരി



അരിവെന്തു മലർന്ന്
വാങ്ങാൻ നേരത്താണ്
ഉള്ളിലൊരു കവിത
തിളച്ചുതൂവിയത്.
നിലം അടിച്ചുതുടച്ച്
കലക്കുവെള്ളം
പറമ്പിലോട്ടൊഴുക്കുമ്പോഴാണ്
തേങ്ങിത്തേങ്ങിയൊരു കഥ പിറന്നത്.
തുണി അലക്കി അയയിലിടുമ്പോഴാണ്
റാഡിക്കൽ സ്ത്രീവാദത്തെക്കുറിച്ച്
ഒരു ലേഖനം തികട്ടിവന്നത്.
മുഞ്ഞ ബാധിച്ച മുളകിനു
വെള്ളം തളിക്കുമ്പോഴാണ്...
എളിയിലിരുന്ന് ഞീളുന്ന
എലുമ്പിച്ച കുഞ്ഞിനെ ഊട്ടുമ്പോഴാണ്...
രാത്രിയിലേക്കുള്ള കറിക്ക് അരിയുമ്പോഴാണ്...
എഴുത്തിന്റെ വേലിയേറ്റങ്ങൾ അവളെ ആവാഹിച്ചത്.
വെട്ടമണച്ച്, താഴിട്ട്,
വിയർപ്പാറ്റി, നടുചായ്ക്കവേ
പാതിമയക്കത്തിൽ
അലങ്കാരമില്ലാത്ത,
വൃത്തം തെറ്റിയ,
വെറും കവിതയായി അവൾ മാറി. ■

എൻ.ഇ. സുധീർ



യോസയുടേത് വളരെ സങ്കീർണമായ ഒരു ജീവിതമാണ്. എഴുത്തുകാരനെന്നതുപോലെ അദ്ദേഹം ഒരു രാഷ്ട്രീയജീവി കൂടിയായിരുന്നു. ആദ്യകാലത്തെ കമ്മ്യൂണിസ്റ്റ് അനുഭാവത്തിൽനിന്നു വിട്ടുമാറി പൂർണമായും വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഭാഗമായ ഒരാൾ.

# യോസയുടെ സാഹിത്യവും രാഷ്ട്രീയവും

ജെറാൾഡ് മാർട്ടിൻ എന്റെ പ്രിയപ്പെട്ട എഴുത്തുകാരനാവുന്നത് 1990-കൾ മുതലാണ്. തെളിച്ചുപറഞ്ഞാൽ അദ്ദേഹത്തിന്റെ 'Journeys Through the Labyrinth' എന്ന ഉജ്ജ്വലമായ വിമർശനഗ്രന്ഥം വായിച്ചതുമുതൽ. ഇരുപതാംനൂറ്റാണ്ടിലെ ലാറ്റിനമേരിക്കൻ സാഹിത്യത്തെക്കുറിച്ചുള്ള വിമർശനപഠനമാണ് ആ പുസ്തകം. ആ സാഹിത്യത്തിന്റെ, നമ്മൾ കേട്ടറിഞ്ഞതിനുമപ്പുറമുള്ള ആഴം കാണിച്ചുതന്ന ഒരസാധാരണ വിമർശനഗ്രന്ഥം. അതുകഴിഞ്ഞ് പിന്നെ അദ്ദേഹത്തെക്കുറിച്ച് കേട്ടതേയില്ല. വർഷങ്ങൾക്കിപ്പുറം മാർകേസിന്റെ ഗംഭീരമായ ജീവചരിത്രവുമായാണ് അദ്ദേഹം രംഗത്തുവരുന്നത്. 2009-ൽ പ്രസിദ്ധപ്പെടുത്തിയ 'Gabriel Garcia Marquez: A Life' എന്ന പുസ്തകം. മാർകേസ് എന്ന എഴുത്തുകാരന്റെ ജീവിതത്തെയും അദ്ദേഹത്തിന്റെ സാഹിത്യത്തെയും അതു സൃഷ്ടിച്ച കാലത്തെയും സമഗ്രമായി അടയാളപ്പെടുത്തുന്ന ജീവചരിത്രം. മാർകേസ് അധികാരത്തെയും സാഹിത്യത്തെയും നോക്കിക്കണ്ട ആ കാഴ്ച എഴുന്നൂറോളം പുറങ്ങളിലായി വായനക്കാർ അനുഭവിച്ചറിയുകയായിരുന്നു. മാർകേസ് നടന്ന വഴികളിലൂടെ സഞ്ചരിക്കാൻ നമുക്കും അവസരം ലഭിച്ചല്ലോ എന്ന തോന്നലോടെയാണ് ആ പുസ്തകം നമ്മൾ മടക്കിവയ്ക്കുന്നത്. അതൊരു അപൂർവസൗഭാഗ്യം തന്നെയായിരുന്നു. പിറ്റ്സ്ബർഗ് സർവകലാശാലയിലെ പ്രഫസറായ ജെറാൾഡ് മാർട്ടിൻ പതിനേഴു കൊല്ലത്തെ അധ്വാനംകൊണ്ടാണ് ആ ജീവചരിത്രം സൃഷ്ടിച്ചത്.




പതിവുപോലെ പിന്നീടങ്ങോട്ട് അദ്ദേഹം വീണ്ടും നിശ്ശബ്ദനായി. ജെറാൾഡ് മാർട്ടിനെക്കുറിച്ച് എവിടെയും കേട്ടതേയില്ല. അതെന്തുകൊണ്ടായിരുന്നു എന്നതാണ് ആഹ്ലാദകരമായ കാര്യം. അദ്ദേഹം മരിയോ വർഗാസ് യോസയുടെ ജീവചരിത്രം എഴുതുകയായിരുന്നു. മറ്റൊരു പതിനേഴു വർഷത്തിനുശേഷം, ലാറ്റിനമേരിക്കൻ സാഹിത്യത്തിലെ മറ്റൊരു അദ്ഭുതമായ യോസയുടെ അസാധാരണ ജീവിതം കണ്ടെത്തുകയായിരുന്നു. അതാണ് ഇപ്പോൾ പുറത്തുവന്ന 'Mario Vargas Llosa: A Life' എന്ന മാർട്ടിന്റെ പുസ്തകം.

ഞാനിതു വായിച്ചുതുടങ്ങിയതേയുള്ളൂ. യോസയുടേത് വളരെ സങ്കീർണമായ ഒരു ജീവിതമാണ്. എഴുത്തുകാരനെന്നതുപോലെ അദ്ദേഹം ഒരു രാഷ്ട്രീയജീവി കൂടിയായിരുന്നു. ആദ്യകാലത്തെ കമ്മ്യൂണിസ്റ്റ് അനുഭാവത്തിൽനിന്നു വിട്ടുമാറി പൂർണമായും വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഭാഗമായ ഒരാൾ. മാർഗരറ്റ് താച്ചറിന്റെയും റൊണാൾഡ് റീഗന്റെയും ആരാധകൻ. വായനക്കാരെ അമ്പരപ്പിച്ച രാഷ്ട്രീയനിലപാടുകൾ മടികൂടാതെ കൈക്കൊണ്ട ഒരാൾ. ലാറ്റിനമേരിക്കൻ സാംസ്കാരികജീവിതത്തിൽ അങ്ങനെ അധികം പേരില്ല. എഴുത്തിലും പതിവ് ലാറ്റിനമേരിക്കൻ രീതിയല്ല അദ്ദേഹം സ്വീകരിച്ചത്. ഇതൊക്കെ എന്തുകൊണ്ട് എന്നു കണ്ടെത്തുക കൂടിയാണ് ജെറാൾഡ് മാർട്ടിൻ. അതിന്റെ വൈഷമ്യങ്ങളെപ്പറ്റി അദ്ദേഹം ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്:

"All biographers have to be historians and political scientists at one level and amateur novelists at another, but they also have to be sociologists and psychologists because societies and psychologies are different everywhere"

ഒരു സാഹിത്യജീവചരിത്രകാരൻ സാഹിത്യത്തിന്റെ ചരിത്രകാരൻ കൂടിയായിരിക്കണം, കൂടാതെ സാഹിത്യനിരൂപകനും എന്നാണ് മാർട്ടിൻ കൂട്ടിച്ചേർക്കുന്നത്. ഇതെല്ലാം ഒത്തുവന്നതിന്റെ മികവ് മാർട്ടിന്റെ രണ്ടു ജീവചരിത്രത്തിലും തെളിഞ്ഞുകാണാം.

യോസയുടെ ബാല്യകാലത്തെക്കുറിച്ചുള്ള ഭാഗമാണ് ഞാനിപ്പോൾ വായിച്ചുകൊണ്ടിരിക്കുന്നത്. അതിലെ ഒരു ഭാഗം കാണുക:

"...Marito would believe, when he was eleven years of age, it was Baby Jesus who brought the presents at Christmas and he also still believed that Stork brought babies. The adventurous world of books and cinema



↘ ജെറാൾഡ് മാർട്ടിൻ

was just made-up stories, which had little to do with his own cosseted childhood experience. This boy who slept with his young mother for an entire decade, a mother who had both a portrait of his lost father and copy of "Pablo Neruda's Twenty Love Poems and a Song of Despair" - 'my first forbidden book' on their bedside table" (അടുപ്പമുള്ളവർ മരിറ്റോ എന്നാണ് സ്നേഹപൂർവം യോസയെ വിളിച്ചിരുന്നത്.)

**ജീവിച്ച ഓരോ നിമിഷത്തെയും ആഘോഷമാക്കി, സന്തോഷത്തോടെ മരണത്തിലേക്ക നടന്നുപോയ ഒരാൾ. ജീവിതത്തോട് അയാൾക്ക് പറഞ്ഞറിയിക്കാനാവാത്ത പ്രണയമായിരുന്നു. അയാൾക്ക് ദുഃഖങ്ങളില്ലെന്നല്ല; ആ ദുഃഖങ്ങളല്ല അയാളെ നയിക്കുന്നത് എന്നതാണ് വ്യത്യാസം.**

യോസയും മാർകേസിനെപ്പോലെ ഭാഗ്യംചെയ്ത ഒരാളാണ്. മാർട്ടിനെപ്പോലെ ഒരു ജീവചരിത്രകാരൻ തീർച്ചയായും ഒരപൂർവഭാഗ്യം തന്നെയാണ്. ഈ പുസ്തകത്തിന്റെ വായന പൂർത്തിയാക്കിയതിനുശേഷം വിശദമായി വീണ്ടും എഴുതാം.

## അയ്യപ്പൻ അഥവാ കോവിലൻ

നമ്മുടെ എഴുത്തുകാരൻ കോവിലനും ഭാഗ്യവാനാണ്. മരിച്ചിട്ട് പതിനഞ്ചു വർഷങ്ങൾക്കിപ്പുറം അദ്ദേഹത്തെക്കുറിച്ച് മനോഹരമായ ഒരു ജീവചരിത്രം ഉണ്ടായിരിക്കുന്നു. മനോഹരൻ വി. പേരകം രചിച്ച് മാതൃഭൂമി ബുക്സ് പ്രസിദ്ധപ്പെടുത്തിയ 'കോവിലൻ: ജീവചരിത്രം' എല്ലാ അർഥത്തിലും ആ എഴുത്തുകാരനോട് നീതിപുലർത്തുന്ന മികച്ച ഒരു ഗ്രന്ഥമാണ്. മലയാളത്തിലെ ജീവചരിത്രസാഹിത്യത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ട് എന്നു നിസ്സംശയം വിശേഷിപ്പിക്കാവുന്നത്. കോവിലനിലെ എഴുത്തുകാരനെയും ആ എഴുത്തുകാരനെ സൃഷ്ടിച്ച ജീവിതാനുഭവങ്ങളെയും, ആ ജീവിതത്തെ നയിച്ച മനുഷ്യസ്നേഹത്തെയും ഭംഗിയായി ഗ്രന്ഥകാരൻ ഒപ്പിയെടുത്തിട്ടുണ്ട്. നമ്മൾ അറിയാത്ത അയ്യപ്പൻ എങ്ങനെ നമ്മൾ അറിയുന്ന കോവിലനായി എന്നു വ്യക്തമായി ഈ ജീവചരിത്രം പറഞ്ഞുവയ്ക്കുന്നു. കോവിലനെക്കുറിച്ച് അറിയേണ്ടതെല്ലാം ഈ കൃതിയിലുണ്ട് എന്നുപോലും പറയാം. അയ്യപ്പനിലേക്ക് സാഹിത്യം വന്ന വഴി, അയ്യപ്പൻ സാഹിത്യത്തെ കണ്ട രീതി, എഴുത്തിലെ വ്യത്യസ്തത, എഴുത്തിലെ ക്ലേശങ്ങൾ എന്നിങ്ങനെ എല്ലാം. എന്തിനധികം, ആ എഴുത്തുകാരന്റെ ജീവിതവുമായി ബന്ധപ്പെട്ട മലയാളത്തിലെ പ്രസാധനചരിത്രംവരെ മനോഹരൻ വിശദമായി എഴുതിയിട്ടുണ്ട്. കോവിലനിലെ മനുഷ്യസ്നേഹിയെ അടയാളപ്പെടുത്തിയ ഭാഗം എടുത്തുപറയേണ്ടതുണ്ട്. കോവിലൻ എങ്ങനെ നമ്മുടെ മറ്റു എഴുത്തുകാരിൽനിന്നു വ്യത്യസ്തനാകുന്നു എന്ന് ഈ ജീവചരിത്രം കാണിച്ചുതരുന്നു. (കോവിലൻ: ജീവചരിത്രം - മനോഹരൻ വി. പേരകം, മാതൃഭൂമി ബുക്സ്)

## കാറ്റുപോലൊരു ജീവിതം

ഹെർമൻ ഹെസ്സെയുടെ നോവലുകൾ പൊതുവേ ജീവിതത്തെ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്നവയാണ്. മാനസികമായ ഊർജം പകർന്നുതരുന്നവ. സ്വയം കണ്ടെത്താൻ






↘ മനോഹരൻ വി. പേരകം

പ്രേരിപ്പിക്കുന്ന ഒരു ദാർശനികതലം അവയിലുണ്ടെന്നാണ് എനിക്ക് എപ്പോഴും തോന്നിയിട്ടുള്ളത്. സിദ്ധാർഥ, സ്റ്റെപ്പൻ വുൾഫ്, നാർസിസസ് ആൻഡ് ഗോൾഡ്മുണ്ട്, ദ ഗ്ലാസ് ബീഡ് ഗെയിം എന്നീ പ്രസിദ്ധ നോവലുകളിലൊക്കെ അത് നിറഞ്ഞുകാണാം. എന്നാൽ അതിന്റെ തുടക്കം 1915-ൽ അദ്ദേഹം രചിച്ച 'Knulp: Three Tales from the Life of Knulp' എന്ന ചെറുനോവലിലാണെന്ന് അതു വായിച്ചപ്പോൾ മനസ്സിലായി. 'കാറ്റുപോലൊരു ജീവിതം' എന്ന പേരിൽ പി. സുധാകരൻ




നടത്തിയ Knulp-ന്റെ പരിഭാഷയാണ് ഞാൻ വായിച്ചത്. അത് നൂൽപ്പിന്റെ കഥയാണ്. കാറ്റുപോലെ ജീവിക്കാൻ ശ്രമിച്ച ഒരാളുടെ കഥ. ഇതു വായിക്കുമ്പോൾ എനിക്ക് നിക്കോസ് കസാൻദ്സാക്കീസിന്റെ സോർബയെ ഓർമ വന്നു. ശരിക്കും സാദൃശ്യമുള്ള രണ്ടു കഥാപാത്രങ്ങൾ. ജീവിച്ച ഓരോ നിമിഷത്തെയും ആഘോഷമാക്കി, സന്തോഷത്തോടെ മരണത്തിലേക്കു നടന്നുപോയ ഒരാൾ. ജീവിതത്തോട് അയാൾക്ക് പറഞ്ഞറിയിക്കാനാവാത്ത പ്രണയമായിരുന്നു. അയാൾക്ക് ദുഃഖങ്ങളില്ലെന്നല്ല; ആ ദുഃഖങ്ങളല്ല അയാളെ നയിക്കുന്നത് എന്നതാണ് വ്യത്യാസം. അയാൾ പറഞ്ഞതിത്രയുമായിരുന്നു: "ഞാൻ എന്റെ ജീവിതം എനിക്ക് ശരിയെന്നു തോന്നിയപോലെ ജീവിച്ചു. എനിക്ക് എന്റേതായ സ്വാതന്ത്ര്യവും ഗുണങ്ങളും ഉണ്ടായി. പക്ഷേ, ഞാൻ എന്നും തനിച്ചായിരുന്നു." സോർബയെപ്പോലെ ക്നൽപും വായനക്കാരോടൊപ്പം പിന്നെയും പിന്നെയും ജീവിച്ചുകൊണ്ടിരിക്കും. പരിഭാഷയും മികച്ചതാണ്. (കാറ്റുപോലൊരു ജീവിതം – ഹെർമൻ ഹെസ്സെ, പരിഭാഷ: പി. സുധാകരൻ, മാതൃഭൂമി ബുക്സ്)

## മക്തബ് ഖാന

യാദൃച്ഛികമായാണ് പേർഷ്യൻ ഭാഷയിലെ മഹാഭാരത പരിഭാഷയെപ്പറ്റി അറിഞ്ഞത്. മുഗൾ ചക്രവർത്തിയായ അക്ബറാണ് മഹാഭാരതത്തെ പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ നേതൃത്വം കൊടുത്തത്. അങ്ങനെയാണ് 'റസ്മ്നാമ' എന്ന ഗ്രന്ഥം ഉണ്ടായത്. യുദ്ധങ്ങളുടെ പുസ്തകം എന്നാണ് അർഥം. വിവർത്തനങ്ങൾക്കായി അക്ബർ ഫത്തേപൂർ സിക്രിയിൽ 'മക്തബ് ഖാന' എന്ന പേരിൽ ഒരു പ്രത്യേക വിവർത്തനശാല സ്ഥാപിക്കുകയും ചെയ്തിരുന്നു. സംസ്കൃതത്തിലുള്ള മഹാഭാരതശ്ലോകങ്ങൾ നേരിട്ട് പേർഷ്യനിലേക്കു മാറ്റുക പ്രയാസമായിരുന്നു. അതിനാൽ, ആദ്യം ഹിന്ദുപണ്ഡിതന്മാർ മഹാഭാരതകഥകൾ പ്രാദേശികഭാഷയായ ഹിന്ദിയിൽ മുഗൾസദസ്സിലെ എഴുത്തുകാർക്ക് വിവരിച്ചുകൊടുത്തു. അതിനുശേഷം അക്ബറുടെ കൊട്ടാരംകവിയായ ഫൈസി, ചരിത്രകാരനായ അബ്ദുൽ ഖാദിർ ബദായുനി, നഖീബ് ഖാൻ എന്നിവർ ചേർന്ന് അതു മനോഹരമായ പേർഷ്യൻ ഗദ്യത്തിലേക്കും പദ്യത്തിലേക്കും പുനരാവിഷ്കരിച്ചു. ഇവയ്ക്കുവേണ്ടി വരച്ച ചിത്രങ്ങൾ ഇപ്പോഴും വിസ്മയിപ്പിക്കുന്നവയാണ്. ഈയിടെ ചില വെബ്പേജുകളിൽ അവ കാണാനിടയായി.






↘ പി. സുധാകരൻ

അങ്ങേയറ്റം സങ്കീർണവും കൂട്ടായതുമായ പ്രയത്നത്തിലൂടെ തയ്യാറാക്കിയ ആ ചിത്രങ്ങൾ അതിമനോഹരങ്ങളാണ്. കല്ലുകളും ധാതുക്കളും മണിക്കൂറുകളോളം കൈകൊണ്ട് അരച്ചെടുത്താണ് അവയ്ക്കുവേണ്ട സാമഗ്രികൾ തയ്യാറാക്കിയിരുന്നത്. ഒരു ലക്ഷത്തിലധികം ശ്ലോകങ്ങളുള്ള മഹാഭാരതത്തിന്റെ ആദ്യത്തെ സമ്പൂർണ പേർഷ്യൻ വിവർത്തനവും അതിന്റെ വിപുലമായ ചിത്രീകരണവും പൂർത്തിയാക്കാൻ ഏകദേശം നാലുവർഷമെടുത്തു എന്നു പറയപ്പെടുന്നു.

എം. ലീലാവതി രചിച്ച 'ഭാരതാലോകം' എന്ന മഹാഭാരതപഠനത്തിന്റെ രണ്ടാംപതിപ്പിന്റെ കവറിലെ ചിത്രമാണ് ഈ വിഷയത്തിലേക്ക് എന്റെ ശ്രദ്ധയെത്തിച്ചത്. പേർഷ്യൻ മഹാഭാരതത്തിൽനിന്നുള്ള ചിത്രങ്ങളിലൊന്നാണ് ഈ കവറിൽ ഉപയോഗിച്ചിരിക്കുന്നത്. പേർഷ്യനിലെ ബസാർ പതിപ്പിൽനിന്നുള്ള ഭീഷ്മരുടെ ശരശയ്യ ചിത്രീകരിച്ചിട്ടുള്ള ഭാവനാസമൃദ്ധമായ ഒരു ചിത്രം. മുഗൾക്കാലത്തിന്റെ സാംസ്കാരികൗന്നത്യത്തെ വിളിച്ചോതുന്നു, ഇത്തരം അറിവുകൾ.

**ഒരു ലക്ഷത്തിലധികം ശ്ലോകങ്ങളുള്ള മഹാഭാരതത്തിന്റെ ആദ്യത്തെ സമ്പൂർണ പേർഷ്യൻ വിവർത്തനവും അതിന്റെ വിപുലമായ ചിത്രീകരണവും പൂർത്തിയാക്കാൻ ഏകദേശം നാലുവർഷമെടുത്തു എന്നു പറയപ്പെടുന്നു.**

## അമിതാവ് ഘോഷ്

"മനുഷ്യന്റെ അനുഭവലോകത്തെ മുഴുവൻ വിശദീകരിക്കാൻ ശാസ്ത്രത്തിന് കഴിയുമെന്നു ഞാൻ കരുതുന്നില്ല. ലോകത്തിലെ മഹത്തായ ഇതിഹാസങ്ങളും പുരാണങ്ങളും മതപാരമ്പര്യങ്ങളും നോക്കൂ. അവയെല്ലാം യുക്തികൊണ്ടുമാത്രം വിശദീകരിക്കാനാവാത്ത അനുഭവങ്ങളെക്കുറിച്ചും സംസാരിക്കുന്നു. അതുകൊണ്ട്, അവയ്ക്ക് പ്രാധാന്യമില്ലെന്നല്ലല്ലോ. മറിച്ച്, ആയിരക്കണക്കിന് വർഷങ്ങളായി അവ മനുഷ്യരുടെ ജീവിതത്തെയും ചിന്തകളെയും രൂപപ്പെടുത്തിയിട്ടുണ്ട്. ഒരു നോവലിസ്റ്റിന്റെ ജോലി, ഇത്തരം




അനുഭവങ്ങൾ ശരിയോ തെറ്റോ എന്നു തെളിയിക്കുകയല്ല. മനുഷ്യർ അവയെ എങ്ങനെ അനുഭവിക്കുന്നുവെന്നും അവ അവരുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും മനസ്സിലാക്കുകയാണ്."

നോവലിസ്റ്റ് അമിതാവ് ഘോഷിന്റേതാണ് ഈ സത്യപ്രസ്താവന. മാതൃഭൂമിയുടെ ഓണപ്പതിപ്പിലെ അദ്ദേഹവുമായുള്ള അഭിമുഖത്തിലാണ് ഇതു വായിച്ചത്. കൈകസി വി.എസ്. നടത്തിയ അഭിമുഖം അമിതാവ് ഘോഷിന്റെ ചിന്തകളെ ഭംഗിയായി അവതരിപ്പിക്കുന്നു. ഒരു ഭാഗം കൂടി കാണുക:

"സാഹിത്യം നയരൂപീകരണം നടത്തുകയോ നിയമങ്ങൾ ഉണ്ടാക്കുകയോ ചെയ്യുന്നില്ല. പക്ഷേ, രാഷ്ട്രീയം പലപ്പോഴും കാണാതെപോകുന്ന മനുഷ്യാനുഭവങ്ങളെ അതു നമ്മുടെ മുന്നിലെത്തിക്കുന്നു. കാലാവസ്ഥാപ്രതിസന്ധി കണക്കുകളുടെയും ശാസ്ത്രീയ റിപ്പോർട്ടുകളുടെയും മാത്രം വിഷയമല്ല; അതിന്റെ ആഘാതം അനുഭവിക്കുന്ന മനുഷ്യരുടേതുകൂടിയാണ്. അവരുടെ ജീവിതത്തെ മനസ്സിലാക്കുന്നതിന് സാഹിത്യമാണ് നമ്മെ സഹായിക്കുന്നത്. അതാണ് അതിന്റെ ശക്തി."

അർഥവത്തായ ഇത്തരം നിരവധി നിരീക്ഷണങ്ങൾ ഈ അഭിമുഖത്തിൽ വായിക്കാൻ കഴിഞ്ഞു. അടുത്ത കാലത്തു വായിച്ച മികച്ചൊരു അഭിമുഖമാണ് കൈകസി വി.എസ്. അമിതാവ് ഘോഷുമായി നടത്തിയത്.




## മാർജാര ന്യായസംഹിത

"ചത്തുപോയവർക്ക് എങ്ങനെയാടോ നീതി കൊടുക്കുന്നത്? ചത്ത പൂച്ചയ്ക്ക് നീതിയും ന്യായവും നെയ്മീനുമൊക്കെ ഒരുപോലെയാണ്."

ടോം ജെ. മങ്ങാട്ട് എഴുതിയ 'മാർജാര ന്യായസംഹിത' എന്ന മനോഹരമായ കഥയിലെ ന്യായാധിപന്റെ വാക്കുകളാണിത്. നീതിയെപ്പറ്റിയുള്ള പരിഹാസാത്മകമായ (sarcastic) ഒരു കഥയാണ് ടോമിന്റേത്. ഒരു പൂച്ചയുടെ ശല്യം പ്രമേയമാക്കി പുതിയകാലത്തെ നീതിയും ന്യായവും തമ്മിലുള്ള വൈരുധ്യത്തെ ടോം ചിത്രീകരിക്കുന്നു. സത്യം എന്നത് അപ്രസക്തമായ വർത്തമാനകാലത്ത് എല്ലാം വിശ്വാസത്തിലാണ് നിലകൊള്ളുന്നത്.

വിശ്വാസം അനുഭവമായും അനുഭവം സത്യമായും നിർവചിക്കപ്പെടുന്നു. നീതിപാലനം എന്നാൽ, പ്രതികാരനിർവഹണം എന്നായി ചുരുങ്ങിയിരിക്കുന്നു. അതായത് ക്രൂരതയിലൂടെയാണ് ലോകം നീതിയെ നിർമിച്ചെടുക്കുന്നത്. ബാലിശമായത് മാത്രം ശ്രദ്ധിക്കപ്പെടുന്ന ഒരു കാലം. അങ്ങനെ പൊതുവിൽ

**വിശ്വാസം അനുഭവമായും അനുഭവം സത്യമായും നിർവചിക്കപ്പെടുന്നു. നീതിപാലനം എന്നാൽ, പ്രതികാരനിർവഹണം എന്നായി ചുരുങ്ങിയിരിക്കുന്നു. അതായത് ക്രൂരതയിലൂടെയാണ് ലോകം നീതിയെ നിർമിച്ചെടുക്കുന്നത്.**



↘ ടോം ജെ. മങ്ങാട്ട്

വർത്തമാനകാലത്തെ അടയാളപ്പെടുത്തുവാനാണ് കഥാകൃത്ത് ശ്രമിക്കുന്നത്. വിവിധതരം വ്യാഖ്യാനങ്ങൾക്കായി തുറന്നിട്ട ഈ കഥ നിർദോഷമെന്നു തോന്നിപ്പിക്കുന്ന പല അസംബന്ധങ്ങളെയും തുറന്നുകാട്ടുന്നു. (മാർജാര ന്യായസംഹിത – ടോം ജെ. മങ്ങാട്ട്, മാതൃഭൂമി ആഴ്ചപ്പതിപ്പ് – 2026 ഓഗസ്റ്റ് 02) ■

**ബാലാവകാശം/ സെമിച്ചൻ ജോസഫ്**



# വേരുകൾക്ക് വേണ്ടത് വെളിച്ചമാണ്

## ബാലാവകാശങ്ങളുടെ സാംസ്കാരിക വായന

**കുട്ടികൾ ഒരു സ്വകാര്യസ്വത്തല്ല, മറിച്ച്, സമൂഹത്തിന്റെ നൈതികതയെ അളക്കുന്ന ഉരകല്ലാണ്; നിയമങ്ങളുടെ വരട്ടുതത്ത്വങ്ങൾക്കപ്പുറം സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുതിയൊരു സാംസ്കാരികവായന ഇവിടെ അനിവാര്യമാകുന്നു.**




"കുട്ടികൾ നാളെയുടെ വാഗ്ദാനങ്ങളല്ല, ഇന്നത്തെ യാഥാർഥ്യങ്ങളാണ്." പ്രമുഖ ചിലിയൻ കവയിത്രിയും നയതന്ത്രജ്ഞയും നൊബേൽ സമ്മാന ജേതാവുമായ ഗബ്രിയേല മിസ്ട്രൽ കുട്ടികളെക്കുറിച്ച് പങ്കുവച്ച ഈ ആശയം പിന്നീട് ആഗോളവ്യാപകമായി ബാലാവകാശ പ്രവർത്തകരും യൂണിസെഫ് (UNICEF) പോലുള്ള പ്രസ്ഥാനങ്ങളും ഉപയോഗിക്കാൻ തുടങ്ങി. ആധുനിക ഭരണഘടനാസങ്കല്പങ്ങളിലും സാമൂഹികശാസ്ത്ര സംവാദങ്ങളിലും 'ബാലാവകാശങ്ങൾ' എന്ന വിഷയം കേവലം ഒരു നിയമസംഹിതയ്ക്കപ്പുറം ഒരു ജനതയുടെ മാനവികവികാസത്തിന്റെ അളവുകോലായി ഇന്നു മാറിയിരിക്കുന്നു. എന്നിരുന്നാലും, ചരിത്രപരമായി രൂപപ്പെട്ടുവന്ന സംരക്ഷണനിയമങ്ങളും കൺവെൻഷനുകളും നിലനിൽക്കുമ്പോഴും ആഗോളതലത്തിലും പ്രാദേശികമായും കുട്ടികൾ നേരിടുന്ന പീഡനങ്ങളും അവകാശലംഘനങ്ങ

ളും ഒരുകാര്യം അടിവരയിടുന്നു: ബാലാവകാശങ്ങളുടെ കേവലമായ ഒരു നിയമവായനയല്ല, മറിച്ച്, സമൂഹത്തിന്റെ ആഴത്തിലുള്ള സാംസ്കാരിക മനസ്സിനെക്കൂടി നവീകരിക്കുന്ന ഒരു പുനർവായനയാണ് ഇന്ന് അനിവാര്യം. ഈ പശ്ചാത്തലത്തിൽ കുട്ടിക്കാലം എന്ന സങ്കല്പത്തിന്റെ ചരിത്രപരമായ പരിണാമം, സമകാലിക പ്രതിസന്ധികൾ, നീതിന്യായ വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ, ഭാവിയിലേക്ക് ആവശ്യമായ സമഗ്രമായ പരിഷ്കാരങ്ങൾ എന്നിവ വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്.

ചരിത്രപരമായി പരിശോധിക്കുമ്പോൾ, 'കുട്ടിക്കാലം' എന്ന അവസ്ഥയെ സവിശേഷമായ സംരക്ഷണവും കരുതലും സ്വാതന്ത്ര്യവും ആവശ്യമുള്ള ഒരു ഘട്ടമായി മാനവചരിത്രം എപ്പോഴും അടയാളപ്പെടുത്തിയിരുന്നില്ല എന്നു കാണാം. വ്യവസായവിപ്ലവത്തിന്റെ കാലഘട്ടത്തിൽ കുട്ടികൾ വെറും 'ചെറിയ മുതിർന്നവർ' മാത്രമായി പരിഗണിക്കപ്പെടുകയും ഫാക്ടറികളിലും കൽക്കരിഖനികളിലും ക്രൂരമായ തൊഴിൽ ചൂഷണത്തിന് ഇരയാവുകയും ചെയ്തു. ഈ അവസ്ഥയ്ക്ക് മാറ്റംവരുത്താൻ 1924-ലെ ജനീവ പ്രഖ്യാപനവും തുടർന്ന് 1989-ൽ രൂപീകൃതമായ ഐക്യരാഷ്ട്രസഭയുടെ ബാലാവകാശ കൺവെൻഷനും (UNCRC) നിർണായക പങ്കുവഹിച്ചു. ഇന്ത്യൻ പശ്ചാത്തലത്തിൽ ഭരണഘടനയുടെ അനുച്ഛേദം 21A, 24 എന്നിവയ്ക്ക് പുറമേ, പോക്സോ നിയമം (POCSO Act, 2012), ജുവനൈൽ ജസ്റ്റിസ് ആക്ട് (2015) എന്നിവ കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിൽ വലിയൊരു നിയമപരമായ പരിണാമം സൃഷ്ടിച്ചു.

എന്നാൽ, പുരോഗമനപരമായ ഈ നിയമസംഹിതകളെല്ലാം നിലനിൽക്കുമ്പോഴും അവ നടപ്പിലാക്കേണ്ട സമൂഹത്തിന്റെ 'സാംസ്കാരിക ബോധം' ഇന്നും പല വൈരുധ്യങ്ങളിലും കുടുങ്ങിക്കിടക്കുകയാണ്. നമ്മുടെ സംസ്കാരത്തിൽ പലപ്പോഴും കുട്ടികളെ ഒരു സ്വതന്ത്രവ്യക്തിയായി കാണുന്നതിനുപകരം, മാതാപിതാക്കളുടെയോ കുടുംബത്തിന്റെയോ ഒരു 'സ്വകാര്യസ്വത്ത്' ആയിട്ടാണ് പൊതുവേ പരിഗണിക്കുന്നത്. "അടക്കമില്ലാത്തവനെ അടിച്ചൊതുക്കണം" എന്ന തരത്തിലുള്ള പരമ്പരാഗത സാംസ്കാരികബോധ്യങ്ങൾ കുട്ടികൾക്കെതിരെയുള്ള ശാരീരിക-മാനസിക പീഡനങ്ങളെയും അവരുടെ സ്വയംഭരണാവകാശത്തെ ഹനിക്കുന്നതിനെയും ഇപ്പോഴും ന്യായീകരിക്കുന്നു. നിയമവും സംസ്കാരവും തമ്മിലുള്ള ഈ വലിയ അകലമാണ് ആധുനികസമൂഹത്തിൽ ബാലാവകാശങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി.

ഡിജിറ്റൽയുഗത്തിന്റെ കടന്നുവരവ് കുട്ടികളുടെ അവകാശ സംരക്ഷണമേഖലയിൽ പുതിയതും സങ്കീർണവുമായ വെല്ലുവിളികളാണ് ഉയർത്തുന്നത്. സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ, ഓൺലൈൻ ബാലപീഡന സാമഗ്രികളുടെ (CSAM) വ്യാപനം, ഡിജിറ്റൽ ബുള്ളിയിംഗ് എന്നിവ കുട്ടികളുടെ സുരക്ഷിതത്വത്തെ വലിയ തോതിൽ ബാധിക്കുന്നു. ഡിജിറ്റൽ സാക്ഷരതയുടെയും കൃത്യമായ രക്ഷാകർതൃ മേൽനോട്ടത്തിന്റെയും അഭാവംമൂലം കുട്ടികൾ പലപ്പോഴും സൈബർ കുറ്റകൃത്യങ്ങളുടെ ഇരകളോ അല്ലെങ്കിൽ അറിയാതെതന്നെ അതിന്റെ ഭാഗമോ ആയി മാറുന്നുണ്ട്. അതോടൊപ്പം, കോർപ്പറേറ്റ് വിപണികൾ കുട്ടികളെ ലക്ഷ്യമിട്ട് നടത്തുന്ന അനിയന്ത്രിതമായ പരസ്യങ്ങളും ഉപഭോഗസംസ്കാരവും അവരുടെ സ്വാഭാവികമായ മാനസികവികാസത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

നിയമങ്ങൾ എത്ര ശക്തമാണെങ്കിലും, അവ നടപ്പിലാക്കേണ്ട നീതിന്യായവ്യവസ്ഥ ഇന്നു നേരിടുന്ന പ്രതിസന്ധികൾ ഈ രംഗത്തെ വെല്ലുവിളികളുടെ ആഴംകൂട്ടുന്നു. പ്രത്യേക കോടതികൾ നിലവിലുണ്ടെങ്കിൽ പോലും കേസുകളുടെ കുന്നുകൂടലും കാലതാമസവും കാരണം ഇരകളായ കുട്ടികൾക്ക് യഥാസമയം നീതി ലഭിക്കുന്നില്ല എന്നത് ഒരു യാഥാർഥ്യമാണ്. വിചാരണവേളകളിൽ പോലീസ് സ്റ്റേഷനുകളിലും കോടതികളിലും കുട്ടികളോട് പുലർത്തേണ്ട ശിശുസൗഹൃദ സമീപനം പൂർണമായി നടപ്പിലാകാത്തത് കുട്ടികളിൽ 'ദ്വിതീയ പീഡനം' (Secondary victimization) ഉണ്ടാക്കുന്നു. ദീർഘിച്ച നിയമപോരാട്ടങ്ങൾക്കിടയിൽ പ്രതികളുടെ സ്വാധീനത്താൽ സാക്ഷികൾ കൂറുമാറുന്നതും ഇരകളുടെ കുടുംബങ്ങൾ ഒത്തുതീർപ്പുകൾക്ക് നിർബന്ധിതരാകുന്നതും നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ വലിയൊരു പോരായ്മയാണ്.

ഭാവിയിൽ ഈ രംഗത്ത് ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകണമെങ്കിൽ സമഗ്രമായ പരിഷ്കാരങ്ങൾ അനിവാര്യമാണ്. കേവലം ശിക്ഷാനിയമങ്ങൾ കർശനമാക്കിയത് കൊണ്ടുമാത്രം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകില്ല; മറിച്ച്, വിദ്യാലയങ്ങളിലെ പാഠ്യപദ്ധതികളിൽ നിർബന്ധിത ലൈംഗികവിദ്യാഭ്യാസവും ഭരണഘടനാപരമായ അവകാശ ബോധവൽക്കരണവും ഉൾപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം, നിർമിതബുദ്ധി (Artificial Intelligence) ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഓൺലൈൻ പീഡനങ്ങളെ തടയാനുള്ള ശക്തമായ സൈബർ പ്രതിരോധ സംവിധാനങ്ങൾ രൂപീകരിക്കണം. നീതിന്യായ പ്രക്രിയ കൂടുതൽ ശിശുസൗഹൃദമാക്കാനും പോക്സോ കേസുകൾ നിശ്ചിത സമയത്തിനകം തീർപ്പാക്കാനും അതിവേഗ കോടതികളുടെ (Fast-track courts) പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ, ബാലാവകാശ സംരക്ഷണം എന്നത് പോലീസിന്റെയോ കോടതികളുടെയോ മാത്രം ഉത്തരവാദിത്വമല്ല, മറിച്ച്, അതു സമൂഹത്തിന്റെ ഒട്ടാകെയുള്ള സാംസ്കാരികപുരോഗതിയുടെ ഭാഗമായി മാറണം. കുട്ടിയെ കേവലം ഒരു സംരക്ഷണ വസ്തുവായി കാണാതെ, അവരെ ആദരവോടെയും അവകാശങ്ങളുള്ള ഒരു സ്വതന്ത്രവ്യക്തിയായും കാണാൻ നമ്മുടെ കുടുംബങ്ങളും പൊതുസമൂഹവും സന്നദ്ധമാകേണ്ടതുണ്ട്. ഭയമില്ലാതെ വളരാൻ കഴിയുന്ന, സ്വന്തം ശബ്ദമുയർത്താൻ സ്വാതന്ത്ര്യമുള്ള ഒരു സാമൂഹികാന്തരീക്ഷം ഒരുക്കുമ്പോൾ മാത്രമേ ബാലാവകാശങ്ങൾ അതിന്റെ പൂർണമായ അർഥത്തിൽ സാർഥകമാവുകയുള്ളൂ. നിയമങ്ങളുടെ വരട്ടുതത്ത്വങ്ങളിൽനിന്ന് കുട്ടികളെ സ്നേഹത്തോടെയും മാനവികതയോടെയും കാണുന്ന ഒരു പുതിയ സാംസ്കാരിക വായനയിലേക്ക് നമ്മുടെ സമൂഹം വളരേണ്ടതുണ്ട്.■

*(മൂവാറ്റുപുഴ നിർമല കോളെജിലെ സാമൂഹ്യപ്രവർത്തന വിഭാഗം അസിസ്റ്റന്റ് പ്രഫസറും പരിശീലകനും കൗൺസിലറും, സ്മാർട്ട് ഇന്ത്യാ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ സഹസ്ഥാപകനുമാണ് ലേഖകൻ).*

സാംസ്കാരിക വിചാരം |സോണി ജോസ്



# കൗശലക്കാരുടെ കാലം

ഇതിഹാസങ്ങളിൽ തുടങ്ങി സമകാലിക അധികാരരൂപങ്ങളിൽവരെ എത്തിനിൽക്കുന്ന 'കൗശലങ്ങളുടെ' വംശാവലിയെ അപഗ്രഥിക്കുന്ന ലേഖനം. ഉള്ളുപൊള്ളയായ മഹാഖ്യാനങ്ങൾ എങ്ങനെയാണ് ട്രോജൻ കുതിരകളെപ്പോലെ നമ്മുടെ ജനാധിപത്യത്തെയും ബോധമണ്ഡലത്തെയും ഉള്ളിൽനിന്ന് തകർക്കുന്നതെന്ന് വെളിപ്പെടുത്തുന്നു. അധികാരത്തിന്റെ വ്യാജനിർമിതികളെ വിചാരണചെയ്യുന്നതിനൊപ്പം,തകർച്ചകളിൽനിന്ന് ലോകത്തെ പുനഃസൃഷ്ടിക്കാൻ കഴിയുന്ന മനുഷ്യരെയാണ് പുതുകാലം ആവശ്യപ്പെടുന്നത്.



↘ ക്രിസ്റ്റഫർ നോളന്റെ ഒഡീസി എന്ന ചലച്ചിത്രത്തിലെ ഒരു രംഗം

ക്രിസ്റ്റഫർ നോളന്റെ 'ഒഡീസി' എന്ന ചലച്ചിത്രത്തിന്റെ ഒരൊറ്റ ദൃശ്യംപോലും പുറത്തുവരും മുൻപേതന്നെ, ഇലോൺ മസ്ക് അതിനുമേൽ വിമർശനത്തിന്റെ ശരമെയ്തിരുന്നു. നോളനെന്ന സ്രഷ്ടാവിന് തന്റെ കലയോടുള്ള "ആത്മാർഥത കൈമോശം വന്നിരിക്കുന്നു" എന്ന കടുത്ത പരിഹാസമാണ് മസ്ക് തൊടുത്തുവിട്ടത്. എന്നാൽ, ചലച്ചിത്രം പുറത്തുവന്നപ്പോൾ നിരൂപകനായ എസ്രാ ക്ലൈൻ ആ പരിഹാസശരത്തിന്റെ മുനയൊടിച്ചുകൊണ്ടു പറഞ്ഞു: മസ്കിന് ഒഡീസിയെക്കുറിച്ച് ഒന്നുംതന്നെ മനസ്സിലായില്ലായെന്നുമാത്രമല്ല ഒഡീസി, മസ്കിനെയും ട്രംപിനെയും നമ്മളെല്ലാവരെയും കൃത്യമായി അടയാളപ്പെടുത്തുന്നുമുണ്ട്. കാരണം, ഒഡീസി–ഹോമറുടേതായാലും നോളന്റേതായാലും–അതിന്റെ ആന്തരികസത്തയെന്നത് ഉള്ളുപൊള്ളയായ ഒരു മഹാഖ്യാനത്തിന്റെ (hollow narrative) വിചാരണയാണ്. പുറമെ പാവനമെന്നും



⦣ പ്രധാനമന്ത്രി നരേന്ദ്ര മോദി അയോധ്യയിലെ പ്രാണപ്രതിഷ്ഠ ചടങ്ങിനിടെ

അകമേ സംഹാരമെന്നും തെളിഞ്ഞ, ട്രോയ് നഗരവാസികൾ ഭക്ത്യാദരങ്ങളോടെ സ്വന്തം കോട്ടവാതിലുകൾ തുറന്ന് അകത്തേക്ക് ആനയിച്ച ആ ട്രോജൻ കുതിരയെക്കുറിച്ചുള്ള ആലോചനയാണത്. മതിലുകൾ തകർക്കപ്പെട്ടു കഴിഞ്ഞാൽ അത്തരം വ്യാജനിർമിതികൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിന്റെ സാക്ഷ്യപത്രമാണത്.

## കാപട്യത്തിന്റെ മരക്കുതിര

പാശ്ചാത്യ ഭാവനാലോകത്തെ സകല കൗശലക്കാരുടെയും ആദിപിതാവാണ് ഹോമറിന്റെ ഒഡീസിയസ്. 'പോളിട്രോപോസ്' അഥവാ പഴുതുകൾ പലതു കണ്ടെത്തുന്ന ബഹുമുഖബുദ്ധിമാനാണ് അയാൾ. കായികബലത്താലല്ല, മറിച്ച്, വ്യാജങ്ങളും വേഷപ്പകർച്ചകളും വഴിയാണ് അയാൾ വിജയംവരിക്കുന്നത്. അദ്ദേഹത്തിന്റെ മാസ്റ്റർപീസ് ആ തടിക്കുതിരയാണ്: ട്രോയിക്കാർ ആരാധിക്കുന്ന ദേവന്മാർക്കുള്ള വഴിപാടായി സമർപ്പിക്കപ്പെട്ടതും, വിശുദ്ധിയാൽ നിഷേധിക്കാനാവാത്തതും, ഒരു സൈന്യത്തെത്തന്നെ ഒളിപ്പിച്ചുനിറുത്താൻ

> നാം ഇന്നോളം നിർമിച്ചുകൊണ്ടിരിക്കുന്ന സകല ആയുധങ്ങളുടെയും ആദിമരൂപമാണ് ആ കുതിര. മാരകമായ ഒന്നിനെ ഉള്ളിലൊതുക്കിയ വിശ്വാസത്തിന്റെ ഒരു പേടകമാണത്.

തക്കവണ്ണം ഉള്ളുപൊള്ളയായതുമായ ഒന്ന്. ഭക്തിയില്ലാത്തതുകൊണ്ടല്ല, മറിച്ച്, അതിരുകടന്ന ഭക്തികൊണ്ടാണ് ട്രോയ് വീണുപോയത്. നാം ഇന്നോളം നിർമിച്ചുകൊണ്ടിരിക്കുന്ന സകല ആയുധങ്ങളുടെയും ആദിമരൂപമാണ് ആ കുതിര. മാരകമായ ഒന്നിനെ ഉള്ളിലൊതുക്കിയ വിശ്വാസത്തിന്റെ ഒരു പേടകമാണത്. നമ്മുടെ ഈ നൂറ്റാണ്ടിൽ, നിരുപദ്രവകാരിയെന്നു തോന്നിക്കുന്ന ഫയലുകളിലൂടെ വ്യവസ്ഥിതിയുടെ കോട്ടവാതിലുകൾ ഉള്ളിൽനിന്നുതന്നെ തകർക്കുന്ന 'ട്രോജൻ വൈറസ്' അതിന്റെ മറ്റൊരു രൂപമല്ലാതെ മറ്റെന്താണ്?

നോളന്റെ ആദ്യത്തെ തന്ത്രം തന്റെ ഒഡീസിയസിനെ ഒരു കൗശലക്കാരനാക്കാതിരിക്കുക എന്നതാണ്. ഒറ്റനിലപാടിൽ ഉറച്ചുനിൽക്കുന്ന ഒരാളായി അദ്ദേഹം മാറ്റ് ഡാമണെ അവതരിപ്പിക്കുന്നു. ആഹ്ലാദിക്കുന്ന ഒരു ഗൂഢാലോചകനായല്ല, മറിച്ച്, തകർച്ചകൾക്കിടയിൽനിന്ന് സ്വന്തം വീടണയാൻ കൊതിക്കുന്ന ഒരു ആത്മാവായാണ് നോളൻ അയാളെ വരച്ചുകാട്ടുന്നത്. ഈ പേഗൻ (Pagan) പ്രതികാര ഇതിഹാസത്തിലേക്ക് പാശ്ചാത്യലോകത്തിന്റെ ഏറ്റവും പുരാതനമായ ഒരു ധാർമ്മികബോധത്തെ നോളൻ ഒളിച്ചുകടത്തുന്നു. പടിക്കൽ വന്നുനിൽക്കുന്ന അന്യരോട് കാണിക്കുന്ന (Xenia) പവിത്രമായ ആതിഥ്യധർമ്മമാണത്. ഒഡീസിയസിന്റെ യാത്രയിലുടനീളം കാണുന്ന സകല രാക്ഷസന്മാരും-അതിഥികളെ തിന്നുന്ന സൈക്ലോപ്പ് മുതൽ ആതിഥേയന്റെ ഭവനം കൊള്ളയടിക്കുന്ന ധിക്കാരികളായ കാമുകന്മാർവരെ-ഈ ധർമ്മനീതിയെ ലംഘിക്കുന്നതുകൊണ്ടാണ് രാക്ഷസന്മാരായി മാറുന്നത്. കൗശലക്കാരന്റെ ഇതിഹാസം ദിശ കണ്ടെത്തുന്നത് അപരിചിതനിൽനിന്നാണ്. ഉള്ളുപൊള്ളയായ കുതിര അതിന്റെ നിഴൽ മാത്രമാണ്.

ക്ലൈനിന്റെ വായനയ്ക്ക് ആധാരമായ 'ട്രിക്സ്റ്റർ' എന്ന പഠനത്തിന്റെ രചയിതാവ് ലൂയിസ് ഹൈഡ് (Lewis Hyde)

ഊന്നിപ്പറയുന്നത്, ഈ രൂപം നായകനുമല്ല വില്ലനുമല്ല; മറിച്ച്, വിരുദ്ധാവസ്ഥകളെ പരസ്പരം കൂട്ടിയിണക്കുന്ന ചലനാത്മകസന്ധിയായി വേണം അതിനെ അടയാളപ്പെടുത്താൻ എന്നാണ്. സ്പർശിക്കുന്നതെന്തിനെയും അലിയിച്ചില്ലാതാക്കുന്ന ഒരു ലായകമാണവന്റെ കൗശലം. ജഡത്വം ബാധിച്ച ഒരു ലോകത്തെ ചലനാത്മകമാക്കാനും, അതല്ലെങ്കിൽ അതിനെ പാടെ തകർത്തെറിയാനും അതിനു കെല്പുണ്ട്. ശൈത്യത്താൽ വിറങ്ങലിച്ച മാനവകുലത്തിനുവേണ്ടിയാണ് കൊയോട്ടെ (Coyote) അഗ്നി മോഷ്ടിക്കുന്നത്. എന്നാൽ, ലോകിയുടെ (Loki) കുസൃതികൾ മൂർച്ഛിച്ച് ചെന്നെത്തുന്നത് ബാൾഡർ (Baldr) എന്ന ദേവന്റെ വധത്തിലാണ്. ഒടുവിലത് സർവലോകത്തെയും അഗ്നിക്കിരയാക്കുകയും ചെയ്യുന്നു. സാന്ത്വനമേകുന്ന തന്ത്രവും സംഹാരം വിതയ്ക്കുന്ന കുതന്ത്രവും ഒരേ പ്രകൃതത്തിന്റെ ഭാവഭേദങ്ങളാണ്. അവ എന്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നു എന്നതിൽ മാത്രമാണ് വ്യത്യാസം.

## ധർമ്മസങ്കടം

മഹാഭാരതത്തോളം നിശിതമായി ഈ ദ്വന്ദ്വത്തെ ആവിഷ്കരിച്ച മറ്റൊരു സാഹിത്യവുമില്ല; അവിടെ കൗശലക്കാരൻ സാക്ഷാൽ ദൈവമാണ്. ഗുർചരൺ ദാസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ശുദ്ധമായ കൗശലങ്ങളിലൂടെയാണ് ശ്രീകൃഷ്ണൻ ആ ധർമ്മയുദ്ധത്തിൽ വിജയംവരിക്കുന്നത്-ഒരു ശത്രുവിനെ നിഗ്രഹിക്കാനായി സൃഷ്ടിച്ച വ്യാജാസ്തമയം, ഗുരുവിനെ നിരായുധനാക്കാൻ പ്രയോഗിച്ച അർധസത്യം, സകല യുദ്ധനിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് നൽകിയ പ്രഹരം എന്നിങ്ങനെ. എന്നാൽ, ഇതിഹാസം ഒരിക്കലും കൃഷ്ണനെ കുറ്റവിമുക്തനാക്കി വെറുതെ വിടുന്നില്ല. പുത്രശോകത്താൽ നീറുന്ന ഗാന്ധാരിയുടെ ശാപമേറ്റ്, സ്വന്തം യാദവകുലം പരസ്പരം പൊരുതി നശിക്കുന്നതു കണ്ട്, അർഥശൂന്യവും ദയനീയവുമായ ഒരു മരണത്തിനാണ് അയാൾ കീഴടങ്ങിയത്.

കൃഷ്ണന്റെ കൗശലങ്ങളെ വിശകലനംചെയ്യുന്ന ഗുരുചരൺ ദാസ് (2009), ധർമ്മം എന്നത് മാറ്റമില്ലാത്ത ഒരു നിയമസംഹിതയല്ലെന്നും, സാഹചര്യങ്ങൾക്കനുസരിച്ച് വഴങ്ങുന്ന സൂക്ഷ്മമായ ഒന്നാണെന്നും കണ്ടെത്തുന്നു. അമർത്യ സെൻ (2005) ഭഗവദ്ഗീതയെ വായിക്കുന്നത് ഒടുങ്ങാത്ത ഒരു സംവാദമായാണ്. അതിലെ സംശയാലുവായ അർജുനന് ഒടുവിലും യഥാർഥ ഉത്തരങ്ങൾ ലഭിക്കുന്നതേയില്ല. ഈ സമസ്യയുടെ മർമം ഇതാണ്: കൃഷ്ണന്റെ കൗശലങ്ങൾ ധർമ്മത്തോട് ചേർത്തുകെട്ടപ്പെട്ടതായിരുന്നു. എന്നാൽ, നമ്മുടെ കാലത്തെ നിർവചിക്കുന്നത് ധർമ്മത്തിന്റെ ചരടറ്റുപോയ അതേ കൗശലമാണ്-സേവിക്കാൻ ഒന്നുമില്ലാത്ത, കേവലമായ സാമർഥ്യം.

## അഗ്നി

ലക്ഷ്യബോധമില്ലാത്ത കൗശലം വെറുമൊരു കൺകെട്ടുവിദ്യയായി ഒതുങ്ങിനിൽക്കില്ല. അത് അഗ്നിയായി മാറും. ഗീതാപാഠത്തിന്റെ കേന്ദ്രത്തിൽ, ഭഗവാൻ തന്റെ വിശ്വരൂപം അനാവരണം ചെയ്യുന്നു-"കാലോസ്മി ലോകക്ഷയകൃത്പ്രവൃദ്ധോ" (ഇതാ, ലോകങ്ങളെ നശിപ്പിക്കുന്ന കാലമായി, മൃത്യുവായി ഞാൻ മാറിയിരിക്കുന്നു). ഒരു ഭൗതികശാസ്ത്രജ്ഞൻ ഈ വരികളെ ഓർത്തെടുത്തതുകൊണ്ടും, മൂന്നുവർഷം മുമ്പ് നോളൻ ആ ശാസ്ത്രജ്ഞന്റെ ജീവിതം സിനിമയാക്കിയതുകൊണ്ടും മാത്രമാണ് നമ്മളിൽ ഭൂരിഭാഗവും ഈ വരികൾ അടുത്തറിഞ്ഞത്. 'അമേരിക്കൻ പ്രൊമിത്യൂസ്' എന്ന ജീവചരിത്രത്തെ ആസ്പദമാക്കിയൊരുക്കിയ 'ഓപ്പൺഹൈമർ' ആരംഭിക്കുന്നത്



↘ എൽ. കെ. അദ്വാനിയുടെ രഥയാത്ര

ദേവന്മാരിൽനിന്ന് തീ മോഷ്ടിച്ച് മനുഷ്യർക്ക് നൽകിയതിന് എന്നെന്നേക്കുമായി ചങ്ങലക്കിടപ്പെട്ട ആ ടൈറ്റനിൽനിന്നാണ്. ഫാസിസ്റ്റുകളെ തോൽപ്പിക്കാൻ നായകൻ തീ പടർത്തുന്നു, ഹിരോഷിമയെയും നാഗസാക്കിയെയും അതു വിഴുങ്ങുന്നത് നിസ്സഹായനായി നോക്കിനിൽക്കുന്നു, ഒടുവിൽ അതിനെ ചങ്ങലക്കിടണമെന്ന് ജീവിതകാലം മുഴുവൻ കേണപേക്ഷിച്ചിട്ടും കള്ളവിചാരണകളാൽ അയാൾ തകർത്തെറിയപ്പെടുന്നു. പ്രൊമിത്യൂസ് തന്നെ ഒരു കൗശലക്കാരനാണ്; അയാൾ കൊണ്ടുവരുന്ന തീ ഹൈഡ് പറയുന്ന ആ സന്ദിഗ്ധോപഹാരം തന്നെയാണ്-നമ്മളതിനെ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ മാത്രം ആശ്രയിച്ച് ലോകത്തിന് ഊഷ്മളതയോ അല്ലെങ്കിൽ സർവനാശമോ സമ്മാനിക്കുന്ന അഗ്നി.

ഗീത അർജുനന് മുന്നിലുയർത്തിയ അതേ ചോദ്യംതന്നെയാണ് നോളൻ ഇപ്പോൾ മൂന്നുവട്ടം ആവർത്തിക്കുന്നത്:

**ഈ സമസ്യയുടെ മർമം ഇതാണ്: കൃഷ്ണന്റെ കൗശലങ്ങൾ ധർമ്മത്തോട് ചേർത്തുകെട്ടപ്പെട്ടതായിരുന്നു. എന്നാൽ, നമ്മുടെ കാലത്തെ നിർവചിക്കുന്നത് ധർമ്മത്തിന്റെ ചരടറ്റുപോയ അതേ കൗശലമാണ്-സേവിക്കാൻ ഒന്നുമില്ലാത്ത, കേവലമായ സാമർഥ്യം.**



കൊണ്ടുമാത്രമാണ് ഈ ലോകം ഭരിക്കപ്പെടുന്നത്.അതായത് "ലോകത്തിന്റെ ഇരുമ്പുനിയമങ്ങൾ" ഉപയോഗിച്ചുകൊണ്ട് .

ഈ പ്രവണതയുടെ മൂർത്തരൂപങ്ങൾ ഇപ്പോൾ നമുക്ക് സുപരിചിതമാണ്. ട്രംപിന്റെ രാഷ്ട്രീയമുന്നേറ്റം എന്നത് ഈ 'കൗശലരാഷ്ട്രീയ'ത്തിന്റെ (trickster politics) ഏറ്റവും സ്ഫുടംചെയ്യപ്പെട്ട രൂപമാണ്. ഒരു ജനത തങ്ങളുടെ ഉപബോധത്തിൽ മാത്രം ഒളിപ്പിച്ചുവച്ച് അടക്കംപറഞ്ഞിരുന്ന കാര്യങ്ങൾ അത്യുച്ചത്തിൽ വിളിച്ചുപറയുന്നു എന്നതുകൊണ്ടുമാത്രം അവർ നിരുപാധികം മാപ്പുനൽകുന്ന ഒരു വഞ്ചകനാണയാൾ. സത്യം സ്വയം ശ്വാസംമുട്ടി ഇല്ലാതാകുന്നതുവരെ 'മാലിന്യങ്ങൾക്കൊണ്ട് പൊതുമണ്ഡലത്തെ പ്രളയസമാനമാക്കുക' (flood the zone) എന്ന അയാളുടെ തന്ത്രവും രീതിശാസ്ത്രവും ഇതിന്റെ ഭാഗമാണ്. ഇതിന്റെ തന്നെ മറ്റൊരു പ്രതീകമായ ഇലോൺ മസ്ക്, താൻ ഇപ്പോൾ കൂടുതൽ 'പ്രായോഗികബുദ്ധി ആർജിച്ചിരിക്കുന്നു' (wised up) എന്നു പ്രഖ്യാപിക്കുക വഴി, അയാളുടെ ബുദ്ധികൗശലത്തെ മാരകായുധമല്ലാതാക്കി നിലനിറുത്തിയിരുന്ന മനുഷ്യപ്പറ്റിനെയാണ് നിർദയം വലിച്ചെറിഞ്ഞിരിക്കുന്നത്.

ഈ കാഴ്ച ഇപ്പോൾ നമ്മുടെ വീട്ടുപടിക്കലുമെത്തിയിരിക്കുന്നു. 2024 ജനുവരിയിൽ അയോധ്യയിലെ രാമക്ഷേത്ര പ്രതിഷ്ഠാകർമത്തിന് മുഖ്യകാർമികനായി പ്രധാനമന്ത്രി അധ്യക്ഷത വഹിച്ചപ്പോൾ നാം സാക്ഷ്യം വഹിച്ചത് ഹരാരിയുടെ ദാർശനികപാഠങ്ങളുടെ കൃത്യമായ ആവിഷ്കാരത്തിനാണ്. തകർത്തെറിയപ്പെട്ട ഒരു പള്ളിയുടെ മണ്ണിൽ, പൊതുതിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം അവശേഷിക്കെ അരങ്ങേറിയ ആ ചടങ്ങിൽ, ഒരു ദേശീയ ആഖ്യാനത്തിന്റെ മഹാപുരോഹിതനായി മാറുന്ന ഭരണാധികാരിയെ നാം കണ്ടു. ഒരു സമുദായത്തിന്റെ വ്രണിതബോധത്തെ ചരിത്രനിയോഗമായി രൂപാന്തരപ്പെടുത്തുന്ന മരണവിദ്യയെയും.

ഈ നൂറ്റാണ്ടുകണ്ട ഏറ്റവും തെളിഞ്ഞ ട്രോജൻ കുതിരയുടെ മുകളിലാണ് ആ ക്ഷേത്രം ഇന്ന് നിലകൊള്ളുന്നത്. 1990-ൽ അദ്വാനിയുടെ യാത്രയ്ക്കായി ഒരു രഥംപോലും ഒരുക്കിയിരുന്നു. ശ്രീരാമരഥത്തിന്റെ വേഷമണിയിച്ച ഡി.സി.എം ടൊയോട്ട മിനി ട്രക്ക് അങ്ങനെ വിശുദ്ധരഥമായി തീർന്നു. 1992 ഡിസംബറിൽ ആൾക്കൂട്ടം ബാബ്റി മസ്ജിദ് തകർത്തു. തുടർന്നുണ്ടായ കലാപങ്ങളിൽ ആയിരത്തിയെണ്ണൂറോളം മനുഷ്യർ കൊല്ലപ്പെടുകയും ചെയ്തു. അവിടെ തകർക്കപ്പെട്ടത് ഒരു പള്ളി മാത്രമല്ല, മറിച്ച്, നമ്മുടെ റിപ്പബ്ലിക്കിന്റെ മതേതര മതിലുകൾ കൂടിയായിരുന്നു. ട്രോയിയിൽ സംഭവിച്ചതുപോലെ അകത്തുനിന്നുതന്നെയാണ് അതു തകർക്കപ്പെട്ടതും. അതിന്റെ കാവൽക്കാർക്ക് നിരസിക്കാൻ കഴിയാത്തവിധം വിശുദ്ധിയുടെ മേലങ്കിയണിഞ്ഞുവന്ന ഒന്നിനാലാണ് പള്ളി പൊളിക്കപ്പെട്ടത്. ഇവിടെ കുതിരയെന്നത് വിശ്വാസമാണ്, നഗരമെന്നത് ഭരണഘടനാ വ്യവസ്ഥിതിയും. ഈ തന്ത്രത്തിന്റെ മാന്ത്രികത, വിശ്വാസത്തെ യാഥാർഥ്യത്തിന്റെ പ്രതീതി സൃഷ്ടിച്ചുകൊണ്ട് കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞുവെന്നതാണ്. അതിനാൽ, കോടിക്കണക്കിനാളുകൾക്ക് അവിടെ സംഭവിച്ചത് ഒരു വഞ്ചനയായി തോന്നിയില്ല. മറിച്ച്, നൂറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിലുള്ള വീണ്ടെടുപ്പായിട്ടാണ് അവർ അതിനെ കാണുന്നത്. ഒരു ചതിപ്പണിയല്ല, പൂർവസ്ഥിതി പ്രാപിക്കലാണ്. തുടർന്നാണ് കൗശലക്കാരന്റെ ഏറ്റവും പഴയ അടവ് പുറത്തെടുക്കുന്നത്. പരസ്യമായി ഒരു കൃത്യംചെയ്യുക, പിന്നീടതിന്റെ ഉത്തരവാദിത്വത്തിൽനിന്ന്

കർത്തവ്യത്തിന്റെ പേരിലാണെങ്കിൽപ്പോലും ഉദാത്തനായ ഒരു മനുഷ്യന് ഭീകരമായ ഒരു പ്രവൃത്തിചെയ്യാൻ സാധിക്കുമോ-അങ്ങനെയൊന്ന് ചെയ്തുതീർത്തുകഴിഞ്ഞാൽ അവനിൽ ബാക്കിയെന്താണുള്ളത്? ഇവിടെയാണ് ഉള്ളുപൊള്ളയായ ആഖ്യാനങ്ങൾ ഏറ്റവും ഭയാനകമായ പ്രത്യാഘാതങ്ങളിലേക്കു വളരുന്നത്. ശക്തിയെയും അനിവാര്യതയെയും കുറിച്ചുള്ള ഒരു കഥയെ അന്ധമായി വിശ്വസിച്ചുറപ്പിച്ചാൽ, അത് ആർക്കും നിർവീര്യമാക്കാനാവാത്ത ഒരായുധമായി മാറുന്നു.

## കൗശലക്കാരുടെ യുഗം

നമ്മുടെ ഈ കാലഘട്ടം എന്തുകൊണ്ടാണ് ആ ചോദ്യത്തിന് ഇത്രമേൽ മോശമായി മറുപടി നൽകുന്നത്? ചരിത്രകാരനായ യുവൽ നോഹ ഹരാരി വാദിക്കുന്നത്, മനുഷ്യവംശം ഭൂമിയുടെമേൽ ആധിപത്യം സ്ഥാപിച്ചത് ബാഹ്യമായ കരുത്തുകൊണ്ടല്ല, മറിച്ച് ദൈവങ്ങൾ, രാഷ്ട്രങ്ങൾ, പണം, നിയമം തുടങ്ങിയ പങ്കുവയ്ക്കപ്പെട്ട മിഥ്യകളിലൂടെയാണ് (shared fictions) എന്നാണ്. അതുകൊണ്ടുതന്നെ, ഈ ആഖ്യാനങ്ങളുടെ നിയന്ത്രണം കൈയാളുന്നതാരോ, അവരാണ് മനുഷ്യവംശത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നത്. 'നെക്സസ്' (Nexus) എന്ന പുസ്തകത്തിൽ അദ്ദേഹം ഈ മുന്നറിയിപ്പിന് ശക്തി കൂട്ടുന്നുണ്ട്: വിവരങ്ങൾക്ക് (information) സത്യവുമായി യാതൊരു ജൈവബന്ധവുമില്ല. വിവരങ്ങളുടെ കുത്തൊഴുക്ക് ജ്ഞാനോദയത്തിലേക്കല്ല നയിക്കുന്നത്; മറിച്ച്, ഏറ്റവും പ്രായോഗികമായ വ്യാജനിർമിതി വിജയം വരിക്കുന്ന ഒരു കമ്പോളത്തെയാണ് അതു സൃഷ്ടിക്കുന്നത്. പറയാൻ പാടില്ലാത്തത് ഉറക്കെപ്പറഞ്ഞ്, ഒന്നിലും ആത്മാർഥതയില്ലാതെ, അധികാരം കൈയാളുന്ന കഥപറച്ചിലുകാരുടെ ഈ കാലമാണ് കൗശലക്കാരുടെ യുഗത്തിന്റെ കൃത്യമായ ആവിഷ്കാരം. വൈറ്റ് ഹൗസിലെ ഒരു ഉപദേഷ്ടാവ് ഇതു പച്ചയായി തുറന്നുപറഞ്ഞിട്ടുണ്ട്: തികഞ്ഞ കായികബലം

അദൃശ്യനാവുകയെന്ന തന്ത്രം. പള്ളി പൊളിച്ചത് "സൂക്ഷ്മമായി മുൻകൂട്ടി ആസൂത്രണംചെയ്തതാണെന്ന്" ലിബർഹാൻ കമ്മീഷൻ കണ്ടെത്തിയിരുന്നു. സുപ്രീംകോടതി അതിനെ കൃത്യമായ കണക്കുകൂട്ടലോടെ ചെയ്ത പ്രവൃത്തിയെന്നും "നിയമവാഴ്ചയുടെ നഗ്നമായ ലംഘനമെന്നും" വിളിച്ചു. എന്നിട്ടും ക്രിമിനൽ കോടതി മുപ്പത്തിരണ്ട് പ്രതികളെയും കുറ്റവിമുക്തരാക്കുകയും അവിടെയൊന്നുംതന്നെ ആസൂത്രണം ചെയ്യപ്പെട്ടിരുന്നില്ലെന്നു വിധിച്ചു. അതീവസൂക്ഷ്മമായി ആസൂത്രണംചെയ്യപ്പെട്ടതും എന്നാൽ, ഒട്ടും ആസൂത്രിതമല്ലാത്തതുമായ ഒന്ന്; ആരും കുറ്റക്കാരല്ലാത്ത ഒരു ധർമ്മലംഘനം. കൃത്യം നടന്നു കഴിഞ്ഞു, പക്ഷേ, അതിനൊരു കർത്താവില്ലായിരുന്നു.

## "ആരുമല്ല" എന്ന നിലവിളി

'ആരുമല്ല' (Nobody) എന്നത് 'ഒഡീസിയസിന്റെ കൗശലത്തിന്റെ പേരാണ്. അന്ധനാക്കപ്പെട്ട സൈക്ലോപ്സിന് അവൻ നൽകിയ കള്ളപ്പേര്. തന്നെ കൊല്ലുന്നത് 'ആരുമല്ല' എന്ന് ആ രാക്ഷസൻ അലറിക്കരയുമ്പോൾ, അതുകേട്ട് ഓടിയെത്തുന്ന അയൽക്കാർ നിസ്സംഗരായി തിരിഞ്ഞുനടക്കാൻ വേണ്ടിയായിരുന്നു ആ തന്ത്രം. നമ്മുടെ കാലത്ത് 'ആരുമല്ല' എന്ന ആ നിലവിളിയാണ് രാഷ്ട്രങ്ങളുടെ വിധി നിർണയിക്കുന്നത്. ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുന്ന വേളയിൽത്തന്നെ, ആ കുതന്ത്രം പുരാവൃത്തങ്ങളിൽനിന്ന് വാർത്തകളിലേക്ക് ചോർന്നിറങ്ങി. ഇത്തവണ അതിന് മതത്തിന്റെയോ വിശ്വാസത്തിന്റെയോ പോലും ആവശ്യമില്ലായിരുന്നു. പകരം, വിശ്വസിക്കാനുള്ള വ്യഗ്രത മാത്രം മതിയായിരുന്നു. 2026 ഓഗസ്റ്റ് 5-ന്, ഇന്ത്യയിലെ ഒരു സമൂഹമാധ്യമത്തിലെ അജ്ഞാത അക്കൗണ്ടിൽനിന്ന് "സെൻസേഷണലായ" മുന്നറിയിപ്പ് പുറത്തുവന്നു: അമേരിക്കയും ഇസ്രയേലും ആണവായുധങ്ങൾ സൂക്ഷിക്കുന്നിടത്തോളം കാലം ഇറാനും അവ നിർമിക്കുന്നത് തുടരുമെന്ന് ഇറാന്റെ റെവല്യൂഷണറി ഗാർഡ് കമാൻഡർ പ്രഖ്യാപിച്ചുവെന്നായിരുന്നു അത്. അദ്ദേഹം അങ്ങനെ ഒന്നും പറഞ്ഞിരുന്നില്ല. ന്യൂയോർക്ക് ടൈംസിന് പിന്നീട് ആ ഉദ്ധരണിയുടെ യാതൊരു ഉറവിടവും കണ്ടെത്താനായില്ല. പക്ഷേ, അതൊന്നും വിഷയമായിരുന്നില്ല. രണ്ടു മണിക്കൂറിനുള്ളിൽ രണ്ടാമതൊരു ഇന്ത്യൻ അക്കൗണ്ട് അത് റീപോസ്റ്റ് ചെയ്തു. 'മൊസാദ് കമന്ററി' എന്ന പേരിലുള്ള ഒരു ഇസ്രയേലി ഹാൻഡിൽ അത് ഏറ്റെടുത്തു. ഇസ്രയേൽ പ്രധാനമന്ത്രിയുടേതെന്നു പരക്കെ കരുതപ്പെടുന്ന ഒരു ടെലിവിഷൻ ചാനൽ ഇറാന്റെ ആദ്യത്തെ പരസ്യമായ കുറ്റസമ്മതമായി അതു സംപ്രേഷണംചെയ്തു. വൈകുന്നേരമായപ്പോഴേക്കും ബെഞ്ചമിൻ നെതന്യാഹു ജറുസലേമിലെ ഒരു വേദിയിൽനിന്ന് അത് ഉദ്ധരിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്തു. ഐക്യരാഷ്ട്രസഭയിലെ അമേരിക്കൻ അംബാസഡർ അതു പങ്കുവച്ചു. ഒരു സെനറ്റർ അത് പ്രചരിപ്പിച്ചു. ഒടുവിൽ ഫോക്സ് ന്യൂസ് 'ഇറാൻ ആണവായുധങ്ങൾ നിലനിറുത്തുമെന്നു പ്രതിജ്ഞയെടുത്തു' എന്ന തലക്കെട്ടോടെ അതു സംപ്രേഷണംചെയ്തു. ആറാംമാസത്തിലേക്കു കടന്ന ഒരു യുദ്ധത്തിന് പുതിയൊരു ന്യായീകരണം വീണുകിട്ടി-ശൂന്യതയിൽനിന്നു നിർമിച്ചെടുത്ത ഒരു ന്യായീകരണം.

ഹരാരിയുടെ സിദ്ധാന്തത്തിന്റെ അന്തസ്സത്ത ഇവിടെ അനാവൃതമാകുന്നു. ആ വ്യാജവാർത്ത പടർന്നുപിടിച്ചത് അതു സത്യമായതുകൊണ്ടല്ല, മറിച്ച്, അതു പ്രയോജനപ്രദമായതുകൊണ്ടാണ്. കാരണം ഓരോ കോട്ടവാതിലിലും ആ കുതിരയെ ഉള്ളിലേക്ക് തള്ളിനീക്കാൻ തിടുക്കംകൂട്ടി ആളുകൾ നിൽക്കുന്നുണ്ടായിരുന്നു. സൈക്ലോപ്സിന്റെ തന്ത്രം അതിന്റെ പൂർണതയിലെത്തുന്നത് ഇവിടെയാണ്. ഒടുവിൽ വസ്തുതാപരിശോധകർ എത്തിയപ്പോഴേക്കും ആ ഉദ്ധരണിക്ക് രചയിതാവില്ലായിരുന്നു. അംബാസഡറുടെ പോസ്റ്റ് നിശ്ശബ്ദം മായ്ക്കപ്പെട്ടു. വാർത്ത "സ്ഥിരീകരിക്കാത്തതും കൃത്യതയില്ലാത്തതുമായിരുന്നു" എന്നുമാത്രം ടെലിവിഷൻ ചാനൽ പ്രേക്ഷകരോട് പറഞ്ഞു. കൃത്യം നടന്നുകഴിഞ്ഞു. ട്രോയിയിലെന്നപോലെ, അയോധ്യയിലെന്നപോലെ, ഇവിടെയും അതു ചെയ്തത് 'ആരുമല്ല'. ഒഡീസിയിലെ ആ പുരാതന ആയുധത്തെ ചുമക്കാൻ ഇന്നൊരു സൈന്യത്തിന്റെ ആവശ്യമില്ല. അതിനെ തടയാൻ തക്ക പ്രതിരോധമുള്ള നഗരങ്ങളും ഇന്നില്ല. നഗരകവാടത്തിൽ കാവൽനിൽക്കുന്നവർ ഏതൊരു പാരിതോഷികത്തിനു വേണ്ടിയാണോ ഇക്കാലമത്രയും പ്രാർഥിച്ചുകൊണ്ടിരുന്നത്, ആ പാരിതോഷികവുമായി കവാടത്തിൽ വന്നുനിൽക്കുന്ന ഒരു അപരിചിതന്റെ സാന്നിധ്യം മാത്രമേ ഇപ്പോൾ ആവശ്യമായിട്ടുള്ളൂ.

ഇലോൺ മസ്ക് അഭിനേതാക്കളുടെ പട്ടികയിലേക്ക് കണ്ണോടിച്ചുകൊണ്ട് നോളന്റെ ചലച്ചിത്രം വഞ്ചനയാണെന്നു മുറവിളികൂട്ടി. പക്ഷേ, ആ കുതിരയുടെ ഉള്ളു തുറക്കുന്നതു കാണാൻ അയാൾ കാത്തുനിന്നില്ല. അതൊരു കൗശലക്കാരന്റെ പോരായ്മയാണ്. തന്റെ തന്നെ ചതിയിൽ സ്വയം വീണുപോയ അവസ്ഥ. ആ കഥ നിശ്ശബ്ദമായി തനിക്കെതിരെയുള്ള ഒരു വിധിപ്രസ്താവമായി മാറുന്ന നിമിഷം അയാൾ തിരിച്ചറിയാതെ പോയി. ഈ കഥകളിലൊന്നും-ഹോമറുടേതായാലും ഗീതയുടേതായാലും ഓപ്പൺഹൈമറുടേതായാലും-വിജയശ്രീലാളിതനായ ഒരു സൂത്രശാലിയല്ല ഒടുവിൽ അവശേഷിക്കുന്നത്. സ്വന്തം കൗശലങ്ങൾ സൃഷ്ടിച്ച തകർച്ചകൾക്കു നടുവിൽ നിൽക്കുന്ന ഒരതിജീവിതനാണ് ഓരോ കഥയുടെയും അന്ത്യം. ഒടുവിൽ ഒരേയൊരു ചോദ്യം അവനുനേരെ ഉയരുന്നു: നീ എത്ര മിടുക്കനായിരുന്നു എന്നതല്ല, മറിച്ച്, ഈ നാശത്തിൽനിന്ന് പുതിയൊന്ന് പുനർനിർമിക്കാൻ നിനക്കിനി സാധിക്കുമോ? ക്ലൈൻ പറയുന്നതുപോലെ, നോളന്റെ ഒഡീസിയസ് ഒരു കൗശലക്കാരനല്ല; കൗശലക്കാർ തകർത്തുകളഞ്ഞ അവശിഷ്ടങ്ങൾക്കിടയിൽ ജീവിക്കുന്ന ഒരു മനുഷ്യനാണ്. നാമും അതുതന്നെയാണ്. ജനങ്ങൾ ഈ സിനിമയ്ക്കായി കാത്തുനിന്നു എന്നത് കൗശലക്കാരുടെ യുഗം ഒരുപക്ഷേ, അസ്തമിക്കുകയാണെന്നതിന്റെ സൂചനയായിട്ടാണ് അദ്ദേഹം കാണുന്നത്. നമ്മുടെ കാലഘട്ടം ആവശ്യപ്പെടുന്നത് കൂടുതൽ സൂത്രശാലികളെയല്ല, മറിച്ച് ഈ ലോകത്തെ പുനഃസൃഷ്ടിക്കാൻ പോന്ന മനുഷ്യരെയാണ്.■


*അവലംബം:*

*എസ്രാ ക്ലൈൻ, വീഡിയോ ഉപന്യാസം: നോളന്റെ ദി ഒഡീസി (ദി എസ്രാ ക്ലൈൻ ഷോ, 2026), ലൂയിസ് ഹൈഡ്, ട്രിക്ക്സ്റ്റർ മേക്സ് ദിസ് വേൾഡ് (1998), ഗുരുചരൺ ദാസ്, ദി ഡിഫിക്കൽറ്റി ഓഫ് ബീയിങ് ഗുഡ് (2009), അമർത്യ സെൻ, ദി ആർഗ്യുമെന്റേറ്റീവ് ഇന്ത്യൻ (2005), യുവൽ നോഹ് ഹരാരി, സാപ്പിയൻസ് (2015), നെക്സസ് (2024), കായ് ബേഡ് & മാർട്ടിൻ ഷെർവിൻ, അമേരിക്കൻ പ്രൊമിത്യൂസ് (2005), വ്യാജ ഇറാൻ ഉദ്ധരണിയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ: ദി ന്യൂയോർക്ക് ടൈംസ് (റോണൻ ബെർഗ്മാൻ), വൈനെറ്റ് (ഓഗസ്റ്റ് 2026).*



*(ലേഖകൻ: ഡയറക്ടർ - ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് മൊബിലിറ്റി, ലൊയോള കോളെജ് ഓഫ് സോഷ്യൽ സയൻസസ്, തിരുവനന്തപുരം.)*

വായന

ജിനീഷ് കുഞ്ഞിലിക്കാട്ടിൽ



# ഓർമകളുടെ ഭൂപടങ്ങളും സർഗാത്മകതയുടെ ആന്തരിക ലോകങ്ങളും

**ചരിത്രത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിലേക്ക് കാവ്യാത്മകതയുടെ വെളിച്ചം വീശുന്ന നൊബേൽ ജേതാവ് ഹാൻ കാങിന്റെ 'ലൈറ്റ് ആൻഡ് ത്രെഡ്' (Light and Thread) എന്ന പുതിയ പുസ്തകത്തിലേക്കുള്ള ഗഹനമായ ഒരു സാംസ്കാരിക വായന.**

സമകാലിക ലോകസാഹിത്യത്തിൽ ചരിത്രപരമായ ആഘാതങ്ങളെയും മനുഷ്യജീവിതത്തിന്റെ ദുർബലതകളെയും ഏറ്റവും കാവ്യാത്മകമായി സമീപിച്ച എഴുത്തുകാരിയാണ് 2024-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ ദക്ഷിണ കൊറിയൻ നോവലിസ്റ്റ് ഹാൻ കാങ്. 2016-ൽ 'ദ വെജിറ്റേറിയൻ' (The Vegetarian) എന്ന നോവലിന് മാൻ ബുക്കർ ഇന്റർനാഷണൽ പുരസ്കാരം ലഭിച്ചതുമുതൽ കേരളത്തിലെ സാഹിത്യ വായനക്കാർക്കിടയിലും ആഗോള സാഹിത്യ മണ്ഡലത്തിലും അവർ സുപരിചിതയാണ്.




ഹാൻ കാങിന് നൊബേൽ പുരസ്കാരം ലഭിച്ചതിനുശേഷം പുറത്തിറങ്ങിയ ഏറ്റവും പുതിയ പുസ്തകമാണ് 'ലൈറ്റ് ആൻഡ് ത്രെഡ്'. 2025 ഏപ്രിലിൽ കൊറിയൻ ഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ ഈ കൃതിയുടെ ഇംഗ്ലീഷ് പരിഭാഷ 2026 മാർച്ച് 24-നാണ് പുറത്തിറങ്ങിയത്. മായ വെസ്റ്റ്, ഇ. യേവോൺ, പെയ്ജ് അനിയാ മോറിസ് എന്നിവരാണ് ഇതിന്റെ മൊഴിമാറ്റം നിർവഹിച്ചിരിക്കുന്നത്. ഇതൊരു നോവലോ കഥാസമാഹാരമോ അല്ല; മറിച്ച്, ലേഖനങ്ങൾ, കവിതകൾ, ഡയറിക്കുറിപ്പുകൾ, നൊബേൽ പ്രഭാഷണം എന്നിവയിലൂടെ കടന്നുപോകുന്ന എഴുത്തുകാരിയുടെ തീർത്തും വ്യക്തിപരമായ ആത്മവിചാരങ്ങളുടെ ഒരു സമാഹാരമാണ്.

## ശീർഷകത്തിനു പിന്നിലെ ഓർമകൾ

'ലൈറ്റ് ആൻഡ് ത്രെഡ്' എന്ന ശീർഷകം തന്നെ രൂപപ്പെടുന്നത് ഹാൻ കാങിന്റെ ബാല്യകാലസ്മരണകളുടെ ഏറ്റവും നിഷ്കളങ്കമായ ഇടങ്ങളിൽനിന്നാണ്. 2024 ഡിസംബറിലെ സ്വീഡിഷ് അക്കാദമിയിലെ നൊബേൽ പ്രഭാഷണത്തിലാണ് ഈ ശീർഷകത്തിന്റെ ഉദ്ഭവം അവർ വെളിപ്പെടുത്തുന്നത്. വീടുമാറ്റവുമായി ബന്ധപ്പെട്ടു സാധനങ്ങൾ ഒതുക്കിവയ്ക്കുന്നതിനിടയിൽ, പഴയൊരു ഷൂ ബോക്സിൽനിന്നു ലഭിച്ച ബാല്യകാല ഡയറികളിൽ നിന്നാണ് ആ പഴയ കവിത അവർ വീണ്ടെടുക്കുന്നത്. 1979-ൽ, എട്ടാമത്തെ വയസ്സിൽ പെൻസിൽ കൊണ്ടെഴുതിയ "എ ബുക്ക് ഓഫ് പോയംസ്" എന്ന ലഘുലേഖയിലെ വരികളാണ് ഈ പുസ്തകത്തിനാധാരമായി മാറുന്നത്. ആ കവിതയുടെ രത്നച്ചുരുക്കം ഇതായിരുന്നു:

"സ്നേഹം എവിടെയാണ്? അത് എന്റെ മിടിക്കുന്ന നെഞ്ചിലാണ്.

സ്നേഹം എന്താണ്? അതു നമ്മുടെ ഹൃദയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്വർണനൂലാണ്."

നാല്പതുവർഷങ്ങൾക്കുശേഷം ആ പഴയ കവിത കണ്ടെത്തുമ്പോൾ, താൻ ഇന്നുവരെ സാഹിത്യത്തിലൂടെ അന്വേഷിച്ചുകൊണ്ടിരുന്നതും ദാർശനികമായി വികസിപ്പിച്ചെടുത്തതും ഈ സ്വർണനൂലിനെത്തന്നെയാണെന്ന് അവർ തിരിച്ചറിയുന്നു. ഭാഷ എന്ന നൂലിലൂടെ വായനക്കാരുടെ ഹൃദയങ്ങളുടെ അഗാധതകളിലേക്ക് സഞ്ചരിക്കുകയും, ആ അദൃശ്യമായ ബന്ധത്തിലൂടെ ഒരു വിദ്യുത്പ്രവാഹംപോലെ മാനവികതയെയും സ്നേഹത്തെയും പകർത്തുകയും ചെയ്യുക എന്നതാണ് തന്റെ എഴുത്തിന്റെ ആത്യന്തിക ലക്ഷ്യമെന്നവർ ഇതിൽ വ്യക്തമാക്കുന്നു. സാഹിത്യമെന്നത് കേവലം അക്ഷരങ്ങളുടെ കൂട്ടമല്ല, മറിച്ച് എഴുത്തുകാരനെയും വായനക്കാരനെയും ജീവസ്സുറ്റ രീതിയിൽ ബന്ധിപ്പിക്കുന്ന ഒരു വൈദ്യുത പ്രവാഹമാണെന്ന അവരുടെ നിരീക്ഷണം അങ്ങേയറ്റം കാവ്യാത്മകമാണ്.



↘ ഹാൻ കാങ്

പുസ്തകത്തിന്റെ ഘടനയെ പ്രധാനമായും വ്യത്യസ്ത തലങ്ങളിലായി പരന്നുകിടക്കുന്ന പന്ത്രണ്ടു രചനകളായി തിരിക്കാം. ഇതിലെ ഓരോ അധ്യായവും ഹാൻ കാങിന്റെ ആന്തരികലോകത്തേക്കുള്ള വ്യത്യസ്ത വാതിലുകളായി മാറുന്നു. നൊബേൽ പുരസ്കാരവുമായി ബന്ധപ്പെട്ട മൂന്നു രചനകളാണ് ആദ്യമുള്ളത്. സ്വീഡിഷ് അക്കാദമിയിൽ നടത്തിയ നൊബേൽ പ്രഭാഷണമായ 'ലൈറ്റ് ആൻഡ് ത്രെഡ്', നൊബേൽ വിരുന്നിൽ നടത്തിയ 'ഈവൻ ഇൻ ദ ഡാർക്കസ്റ്റ് നൈറ്റ്' എന്ന ഹ്രസ്വ പ്രഭാഷണം, നൊബേൽ മ്യൂസിയത്തിലേക്ക് താൻ ഉപയോഗിച്ചിരുന്ന ചായക്കോപ്പ സംഭാവന ചെയ്തുകൊണ്ട് എഴുതിയ 'സ്മോൾ ടീക്കപ്പ്' എന്ന ലഘുലേഖനം എന്നിവയാണവ.

ഏറ്റവും പുതിയ നോവലായ 'വി ഡു നോട്ട് പാർട്ട്' രചിക്കുന്ന സമയത്ത് പുലർച്ചെ 5:30-ന് എഴുന്നേറ്റ് നടക്കാൻ പോവുകയും, അതിനുശേഷം ഈ കോപ്പയിൽ ചായ കുടിക്കുകയും ചെയ്തിരുന്ന ഏകാന്തമായ ദിനചര്യകളെ അവർ ഇതിൽ വിവരിക്കുന്നുണ്ട്. ചെറിയ കോപ്പയായതിനാൽ അധികം കഫീൻ ശരീരത്തിൽ എത്താതെ, എന്നാൽ എഴുതാനാവശ്യമായ ഊഷ്മളമായ ഒരു മരുന്നുപോലെയാണ് ആ ചായ തനിക്ക് അനുഭവപ്പെട്ടതെന്ന് അവർ സ്മരിക്കുന്നു. ഇതിനുപുറമേ 2022-ൽ രചിച്ച 'ആഫ്റ്റർ പബ്ലിക്കേഷൻ' എന്ന ഉപന്യാസവും ഈ കൃതിയിലുണ്ട്.

സമാഹാരത്തിന്റെ മറ്റൊരു പ്രധാന ഭാഗം 2013-നും 2024-നും ഇടയിൽ രചിക്കപ്പെട്ട അഞ്ചു കവിതകളാണ്. പുസ്തകത്തിന്റെ അവസാനഭാഗമാകട്ടെ, ഉദ്യാനപാലനവുമായി ബന്ധപ്പെട്ട തികച്ചും വ്യക്തിപരമായ മൂന്നു പുതിയ ഉപന്യാസങ്ങളുമാണ്. തിളക്കമാർന്ന സാഹിത്യസൃഷ്ടികളിലൂടെ മാത്രം പരിചിതയായ എഴുത്തുകാരിയെ, തികച്ചും വ്യക്തിപരവും ആത്മാർഥവുമായ മറ്റൊരു തലത്തിൽ കണ്ടുമുട്ടാനുള്ള അവസരമാണ് ഈ കൃതി ഒരുക്കുന്നത്.

## നോവലെഴുത്തും ദാർശനികാന്വേഷണങ്ങളും

ഒരു നോവലിസ്റ്റ് എന്ന നിലയിലുള്ള തന്റെ സർഗാത്മകവും ദാർശനികവുമായ പരിണാമത്തെ വളരെ സത്യസന്ധമായി ഹാൻ കാങ് തന്റെ നൊബേൽ പ്രഭാഷണത്തിൽ അടയാളപ്പെടുത്തുന്നുണ്ട്. ഓരോ നോവലും രചിക്കുമ്പോൾ താൻ ചില സുപ്രധാന ചോദ്യങ്ങൾക്കുള്ളിൽ ജീവിക്കുകയാണെന്നും, വർഷങ്ങളോളം നീളുന്ന ആ ജീവിതം തന്റെ വ്യക്തിജീവിതത്തെത്തന്നെ ഗ്രസിക്കാറുണ്ടെന്നും അവർ വെളിപ്പെടുത്തുന്നു. ആ സങ്കീർണമായ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തുമ്പോഴല്ല, മറിച്ച് ചോദ്യങ്ങളുടെ അവസാനത്തിൽ എത്തുമ്പോഴാണ് തനിക്ക് ഒരു നോവൽ പൂർണമാകുന്നത് എന്ന നിരീക്ഷണം ഒരു എഴുത്തുകാരിയുടെ ആത്മീയമായ അന്വേഷണത്തെയാണ് കാണിക്കുന്നത്.

മാൻ ബുക്കർ പുരസ്കാരം നേടിയ 'ദ വെജിറ്റേറിയൻ' രൂപപ്പെടുന്നത് "മനുഷ്യന് ഏതററംവരെ അക്രമത്തെയും ഹിംസയെയും വർജിക്കാൻ കഴിയും" എന്ന ചോദ്യത്തിൽ നിന്നാണ്. സമൂഹത്തിന്റെ അടിസ്ഥാനപരമായ അക്രമവാസനകളോടുള്ള കടുത്ത പ്രതിരോധമായി മാംസഭക്ഷണം ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്ന യോങ്-ഹൈ എന്ന കഥാപാത്രം ഈ ചോദ്യങ്ങളുടെ മൂർത്തിമദ്ഭാവമാണ്. മനുഷ്യർ മാംസം ഭക്ഷിക്കുന്നതിനെ കേവലം ആഹാരരീതിയായിട്ടല്ല, മറിച്ച് പ്രകൃതിക്കും മറ്റു ജീവജാലങ്ങൾക്കും മേലുള്ള അധികാരപ്രയോഗമായും ലൈംഗികാതിക്രമങ്ങളുടെ രൂപകമായുമാണ് കാങ് നോക്കിക്കാണുന്നത്.

തന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതികളിലൊന്നായ 'ഹ്യൂമൻ ആക്ട്സ്' എഴുതാനുണ്ടായ മനഃശാസ്ത്രപരമായ സാഹചര്യവും അവർ വിശദീകരിക്കുന്നുണ്ട്. 1980-ൽ ദക്ഷിണകൊറിയയിലെ ഗ്വാങ്ജുവിൽ നടന്ന പട്ടാള ഭരണകൂടത്തിന്റെ കൂട്ടക്കുരുതിയുടെ ഇരകളുടെ ചിത്രങ്ങൾ അടങ്ങിയ പുസ്തകം പന്ത്രണ്ടാം വയസ്സിൽ കാണാനിടയായതാണ് അവരുടെ ജീവിതത്തെ മാറ്റിമറിച്ചത്. "ഇതൊരു മനുഷ്യൻ മറ്റൊരു മനുഷ്യനോടു ചെയ്യുന്ന പ്രവൃത്തിയാണോ?" എന്ന ഞെട്ടിക്കുന്ന ചോദ്യം അവരെ വേട്ടയാടി. ജീവിച്ചിരിക്കുന്നവർക്ക് അന്തസ്സോടെയും മാനവികതയോടെയും മുന്നോട്ടുപോകാൻ മരിച്ചവരുടെ ഓർമകൾ അനിവാര്യമാണെന്ന വലിയ ദാർശനികതലത്തിലേക്കാണ് അവർ ഇവിടെ എത്തിച്ചേരുന്നത്. തന്റെ കഥാപാത്രങ്ങളുടെ അനുഭവങ്ങൾ അറിയാൻ മരവിക്കുന്നതുവരെ മഞ്ഞ് വാരിപ്പിടിക്കുകയും, മേശക്കടിയിൽ ചുരുണ്ടുകൂടി കിടക്കുകയും ചെയ്ത അവരുടെ അനുഭവങ്ങൾ ശരീരവും ആത്മാവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ വ്യക്തമാക്കുന്നു.

## ചരിത്രാഘാതങ്ങളുടെ സാഹിത്യം

ഹാൻ കാങിന്റെ സാഹിത്യത്തിൽ ചരിത്രാഘാതങ്ങൾ (Historical Trauma) വലിയ പങ്കുവഹിക്കുന്നുണ്ട്. കാത്തി കാരുത്ത് (Cathy Caruth), ജൂഡിത്ത് ഹെർമൻ തുടങ്ങിയ ചിന്തകർ ആവിഷ്കരിച്ച ട്രോമ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വേണം ഇവയെ വിശകലനം ചെയ്യാൻ. അങ്ങേയറ്റത്തെ ഒരു ആഘാതം സംഭവിക്കുന്ന നിമിഷത്തിൽ അതിനെ പൂർണമായും ഉൾക്കൊള്ളാനോ ഗ്രഹിക്കാനോ മനുഷ്യനു സാധിക്കില്ല; അത് വളരെ വൈകി ഓർമകളിലൂടെയും നിശ്ശബ്ദതയിലൂടെയുമാണ് തിരികെ വരുകയും വ്യക്തിയെ വേട്ടയാടുകയും ചെയ്യുന്നത്.

'വി ഡു നോട്ട് പാർട്ട്', 'ഹ്യൂമൻ ആക്ട്സ്' എന്നീ കൃതികളിൽ ഈ സിദ്ധാന്തം കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. 1948-ൽ ജെജു ദ്വീപിൽ നടന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ കൂട്ടക്കുരുതിയുടെ പശ്ചാത്തലത്തിലാണ് 'വി ഡു നോട്ട് പാർട്ട്' രചിക്കപ്പെട്ടത്.





↘ ജൂഡിത്ത് ഹെർമൻ ↘ കാത്തി കാരുത്ത്

ദശാബ്ദങ്ങളോളം കൊറിയൻ പാഠപുസ്തകങ്ങളിൽനിന്ന് മനപ്പൂർവം മായ്ച്ചുകളയപ്പെട്ട ഈ ചരിത്രത്തെ അവർ നോവലിലൂടെ തിരികെ കൊണ്ടുവരുന്നു. എല്ലാം പെട്ടെന്നു മറന്നു മുന്നോട്ടുപോകാൻ നിർബന്ധിക്കുന്ന സമൂഹത്തിന്റെ മാനസികാവസ്ഥയോടുള്ള ശക്തമായ കലഹമാണിത്.

ഇതേ ആശയത്തെ യൂറോപ്യൻ പശ്ചാത്തലത്തിൽ ഡബ്ല്യു. ജി. സെബാൾഡ് ഡോക്യുമെന്ററി ശൈലിയിലും, ടോണി മോറിസൺ മാന്ത്രിക യാഥാർഥ്യവാദത്തിലൂടെയും അവതരിപ്പിച്ചത് നാം കണ്ടിട്ടുണ്ട്. ഈ ആഗോള സാഹിത്യനിരയിലേക്ക് മലയാളത്തിൽനിന്നു കൂട്ടിച്ചേർക്കാവുന്ന പ്രഗല്ഭനായ എഴുത്തുകാരനാണ് ആനന്ദ്. അധികാരത്തിന്റെ വലിയ യന്ത്രങ്ങൾക്കുള്ളിൽ വ്യക്തികൾ എങ്ങനെ ഞെരിഞ്ഞമരുന്നു എന്ന് ആനന്ദ് തന്റെ ബൗദ്ധികവും യുക്തിസഹവുമായ ശൈലിയിൽ അന്വേഷിക്കുമ്പോൾ, ഹാൻ കാങ് ചരിത്രത്തെ ശരീരത്തിനുണ്ടാകുന്ന മുറിവുകളിലൂടെയും ഓർമകളുടെ ഭാരത്താലുണ്ടാകുന്ന മാനസിക വിഭ്രാന്തികളിലൂടെയുമാണ് അടയാളപ്പെടുത്തുന്നത്. ആഖ്യാനശൈലിയിലെ വ്യത്യാസങ്ങൾക്കിടയിലും, അധികാരത്തിന്റെ മറവികൾക്കെതിരേ സാഹിത്യത്തെ ഒരു ഓർമപ്പെടുത്തലായി നിലനിറുത്തുക എന്ന രാഷ്ട്രീയലക്ഷ്യം ഇരുവരെയും സമാന ചിന്താഗതിക്കാരാക്കുന്നു.

## കവിയായ ഹാൻ കാങ്

ഒരു നോവലിസ്റ്റ് എന്നതിലുപരി 1993-ൽ ഒരു കവിയായാണ് ഹാൻ കാങ് സാഹിത്യലോകത്തേക്ക് കടന്നുവന്നത്. 'ലൈറ്റ് ആൻഡ് ത്രെഡ്' എന്ന കൃതിയിലെ കവിതകൾ അവരുടെ അസ്തിത്വപരമായ ചിന്തകളെ പ്രതിഫലിപ്പിക്കുന്നവയാണ്. ഇതിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന 'മെഡിറ്റേഷൻ ഓൺ പെയ്ൻ', കാങ് വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന കഠിനമായ സന്ധിവാതത്തെക്കുറിച്ചുള്ള അന്വേഷണമാണ്. ഒരു കൂട്ടിനുള്ളിലകപ്പെട്ട പക്ഷിയോടാണ് അവർ വേദനയെ

> **സാഹിത്യമെന്നത് കേവലം അക്ഷരങ്ങളുടെ കൂട്ടമല്ല, മറിച്ച് എഴുത്തുകാരനെയും വായനക്കാരനെയും ജീവസ്സുറ്റ രീതിയിൽ ബന്ധിപ്പിക്കുന്ന ഒരു വൈദ്യുത പ്രവാഹമാണെന്ന അവരുടെ നിരീക്ഷണം അങ്ങേയറ്റം കാവ്യാത്മകമാണ്.**

ഉപമിക്കുന്നത്. സ്വന്തം വേദനയെപ്പോലും വളരെ നിയന്ത്രിതമായ കാവ്യാത്മക ഭാഷയിലേക്ക് ഒതുക്കിനിറുത്താൻ അവർ ശ്രമിക്കുന്നു.

മഞ്ഞുവീഴ്ച എന്നത് ഹാൻ കാങ്ങിന്റെ സാഹിത്യത്തിൽ നിരന്തരം കടന്നുവരുന്ന അതിശക്തമായ രൂപകമാണ്. ജീവന്റെയും മരണത്തിന്റെയും അതിർവരമ്പായും, നിശ്ശബ്ദതയുടെയും ഓർമകളുടെയും വാഹകനായും അവർ മഞ്ഞിനെ കാണുന്നു. ഭൂതകാലത്തിന്റെ രക്തച്ചൊരിച്ചിലുകളെ മൂടിവയ്ക്കാൻ മഞ്ഞിനു കഴിയുമെങ്കിലും, അത് ഉരുകുമ്പോൾ സത്യങ്ങൾ വീണ്ടും പുറത്തുവരുന്നു. ശൂന്യതയെയും അസ്തിത്വപരമായ ഏകാന്തതയെയും ഈ കവിതകൾ പ്രതിനിധീകരിക്കുന്നു.

വിർജീനിയ വൂൾഫിന്റെയും എമിലി ഡിക്കിൻസണിന്റെയും ഉദ്യാനങ്ങളെപ്പോലെ സമാനമായ, എന്നാൽ അല്പംകൂടി സങ്കീർണമായ ഒരു അനുഭവമാണ് പുസ്തകത്തിന്റെ അവസാന ഭാഗത്ത് ഹാൻ കാങ് പങ്കുവയ്ക്കുന്നത്. സോൾ നഗരത്തിലെ വീടിന്റെ വടക്കോട്ട് ദർശനമുള്ള മുറ്റത്തെ ചെറിയൊരു ഉദ്യാനമാണ് ഈ കുറിപ്പുകളുടെ കേന്ദ്രബിന്ദു. സൂര്യപ്രകാശം നേരിട്ട് ലഭിക്കാത്ത അവിടെ വെളിച്ചമെത്തിക്കാൻ എട്ടു കണ്ണാടികൾ തന്ത്രപരമായി സ്ഥാപിക്കുകയും, ഓരോ പതിനഞ്ചു മിനിറ്റിലും അതിന്റെ സ്ഥാനം മാറ്റി വെളിച്ചം ചെടികളിലേക്ക് തിരിച്ചുവിടുകയും ചെയ്യുന്ന കാങ്ങിനെ നാം കാണുന്നു. ഭൂമി കറങ്ങുന്നതിന്റെ വേഗം സ്വന്തം ശരീരത്തിലൂടെ അറിയാൻ ഈ പ്രവൃത്തി അവരെ സഹായിച്ചു.

തന്റെ പൂന്തോട്ടത്തിലെ മരങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഇലപ്പേൻ കൂട്ടത്തെ ജൈവകീടനാശിനി ഉപയോഗിച്ച് നീക്കംചെയ്യുന്നതിനെക്കുറിച്ച് അവർ 'ഗാർഡൻ ഡയറി'യിൽ ആശങ്കയോടെ എഴുതുന്നുണ്ട്. പ്രകൃതിയുടെ സ്വാഭാവികമായ നശീകരണ പ്രക്രിയകളോടുള്ള ഭയവും അതിജീവനവുമെല്ലാം ഈ കുറിപ്പുകളിൽ നിഴലിക്കുന്നു. ലോകം ഇത്രമാത്രം അക്രമാസക്തമായിരിക്കുമ്പോഴും അത് എങ്ങനെയാണ് ഇത്രയും മനോഹരമായിരിക്കുന്നത് എന്ന വലിയ ജീവിത വൈരുധ്യമാണ് ഈ ഉദ്യാനം കാട്ടിത്തരുന്നത്.

ഹാൻ കാങ്ങിന്റെ ആഖ്യാനശൈലി സാമ്പ്രദായികമായ ഗദ്യ-രചനാ സങ്കല്പങ്ങളെ പൊളിച്ചെഴുതുന്നതാണ്. നോവലുകളിൽ അവർ പിന്തുടരുന്ന ബോധധാരാ ശൈലി ഈ നോൺ-ഫിക്ഷൻ കൃതിയിലും പ്രകടമാണ്. മറ്റൊരാളുടെ വേദനയെ സ്വന്തം ഗർഭപാത്രത്തോളം ആഴത്തിൽ അനുഭവിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ബ്രാഹ എറ്റിംഗറുടെ (Bracha Ettinger) 'വിറ്റ്നെസ്സിംഗ്/വിത്ത്-നെസ്സിംഗ്' (wit(h)nessing) എന്ന സങ്കല്പവുമായി കാങ്ങിന്റെ രചനകളെ ബന്ധിപ്പിക്കാം. ഈ സഹാനുഭൂതിയാണ് അവരുടെ അക്ഷരങ്ങളെ മനുഷ്യത്വമുള്ളതാക്കുന്നത്.

ഭയാനകമായ ഭരണകൂടഭീകരതകളെ അതീവ മൃദുവായ കാവ്യാത്മകഭാഷ ഉപയോഗിച്ച് അവതരിപ്പിക്കുന്നത് ചരിത്രപരമായ ദുരന്തങ്ങളുടെ സൗന്ദര്യവൽക്കരണമായി മാറുന്നുണ്ടോ എന്നൊരു വിമർശനം സാഹിത്യലോകത്തുണ്ട്. എന്നാൽ, ഹാൻ കാങ്ങിന്റെ കാര്യത്തിൽ അമൂർത്തത ഒരു രാഷ്ട്രീയ ഒളിച്ചോട്ടമല്ല. മറിച്ച്, മനുഷ്യനു താങ്ങാനോ പറയാനോ കഴിയാത്തത്ര വലിയ ക്രൂരതകളെ ഭാഷയിലേക്കു വിവർത്തനം ചെയ്യാനുള്ള ഒരു ഉപാധി മാത്രമാണ്. ആ പ്രക്രിയയിലൂടെ അവർ ഇരകൾക്ക് പേരും ശബ്ദവും നൽകുകയും, ചരിത്രത്തിലെ ശൂന്യതകളെ അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഈ സമാഹാരം അതിനുള്ള ഏറ്റവും തിളക്കമാർന്ന സാക്ഷ്യമാണ്.■

# വായനക്കാരുടെ വാക്കുകൾ



**കത്തുകൾ ഇമെയിലിൽ അയയ്ക്കാം**
ezhuthumagazine@gmail.com
**ഫോൺ നമ്പർ നിർബന്ധം**

## സൂക്ഷിച്ച് കൈകാര്യം ചെയ്യുക

ഓഗസ്റ്റ് ലക്കം 'എഴുത്ത്' മാസികയിൽ "സ്വകാര്യ നിക്ഷേപവും കേരളവും" എന്ന വിഷയത്തിൽ മൂന്ന് വിദഗ്ധർ എഴുതിയ ലേഖനങ്ങൾ സാകൂതം വായിച്ചു. "കേരളത്തിനു വേണ്ടത് ഇച്ഛാശക്തി" എന്നു കെ. ജയകുമാർ തന്റെ പംക്തിയിൽ പ്രസ്താവിച്ചതും ശ്രദ്ധേയമായി. മുഖപ്രസംഗവും ഈ വിഷയം സഗൗരവം പരാമർശിച്ചിരിക്കുന്നു. 'പൂച്ച വെളുത്തതായാലും കറുത്തതായാലും വേണ്ടില്ല, എലിയെ പിടിച്ചാൽ മതി' എന്ന സിദ്ധാന്തം ഇക്കാര്യത്തിൽ ഉചിതമല്ല. കാരണം, സ്വകാര്യ നിക്ഷേപത്തോടൊപ്പം വിദേശ നിക്ഷേപങ്ങളും വരുന്നു. ലാഭേച്ഛയില്ലാതെ വൻകിടക്കാർ നിക്ഷേപത്തിനൊരുമ്പെടുകയില്ല എന്നത് നിസ്തർക്കമാണ്. ലാഭമല്ല, കൊള്ളലാഭമാണ് അവർ കൊയ്യുന്നത്; ചിലർ കൊണ്ടുപോകുന്നതും. ഉത്പാദനച്ചെലവ് എത്ര, ഇതര ചെലവുകൾ എത്ര, ലാഭം എത്ര ശതമാനം ഇത്യാദി കാര്യങ്ങളൊന്നും സുതാര്യമല്ല. സ്വകാര്യമേഖലയിൽ സ്വാഭാവികമായും ഇത് രഹസ്യമായിരിക്കും. ഇക്കാര്യത്തിൽ അവർക്ക് ധാർമ്മികമായ യാതൊരു ബുദ്ധിമുട്ടും തോന്നാനിടയില്ല. പൊതുമേഖലയും ഇതിൽനിന്നു ഭിന്നമല്ല. അങ്ങനെ വരുമ്പോൾ സാധാരണക്കാരെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കാൻ ആരുമില്ല എന്ന് വരുന്നു. ഉപഭോക്തൃ കോടതികൾ ഒരളവോളം ആശ്വാസദായകമാണെന്നതും നിഷേധിക്കാനാവില്ല.

ഇത്തരുണത്തിൽ "വേണം, വികസനത്തോടൊപ്പം സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ" എന്ന ശീർഷകത്തിൽ ഡോ. ജോസ് സെബാസ്റ്റ്യൻ എഴുതിയ ലേഖനം പ്രത്യേക ശ്രദ്ധ നേടുന്നു. കേരളത്തിന് അനുയോജ്യമായ വ്യവസായങ്ങളാണ് അഭികാമ്യം എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സ്വകാര്യ നിക്ഷേപത്തിലെ ചതിക്കുഴികളും അദ്ദേഹം കാട്ടിത്തരുന്നു. വികസിത സമൂഹങ്ങളിൽനിന്നുള്ള പാഠങ്ങൾ നാം പഠിക്കേണ്ടതുണ്ട് എന്നും അദ്ദേഹം പറയുന്നു. കേരള മാതൃകയുടെ നേട്ടങ്ങളും കോട്ടങ്ങളും അദ്ദേഹം നിരത്തുന്നു. ചുരുക്കത്തിൽ 'മണ്ണറിഞ്ഞ് വിത്തിടണം' എന്നു സാരം.

"കേരളം താങ്ങുന്ന നഷ്ടങ്ങളുടെ സ്മാരകശിലകൾ" എന്ന ലേഖനത്തിൽ ആർ. മോഹൻ, പൊതുമേഖലാ സ്ഥാപനങ്ങൾ വെള്ളാനകളാണ് എന്നു സ്ഥാപിക്കുന്നു. പബ്ലിക് യൂട്ടിലിറ്റി, തന്ത്രപ്രധാന മേഖലകൾ എന്നിവ പൊതുമേഖലയിൽ നിലനിറുത്തുകയും ഇതര വിഭാഗങ്ങളിലുള്ളവയുടെ കാര്യം ഗൗരവമേറിയ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യണമെന്നദ്ദേഹം പറയുന്നു. മൊത്തത്തിൽ സ്വകാര്യമേഖലയോടു നമുക്കുണ്ടായിരുന്ന അലർജി അനാവശ്യമാണ് എന്ന ധാരണ സൃഷ്ടിക്കാൻ എല്ലാ ലേഖകർക്കും സാധിച്ചിട്ടുണ്ട്. എന്നാൽ 'ഹാൻഡിൽ വിത്ത് കെയർ' (സൂക്ഷിച്ച് കൈകാര്യം ചെയ്യുക) എന്നുകൂടി ഇതിൽ കൂട്ടിച്ചേർക്കണം.

ഡോ. പരകാല പ്രഭാകറുമായുള്ള അഭിമുഖസംഭാഷണത്തിൽ ഒട്ടേറെ അസ്വാസ്ഥ്യജനകമായ വിവരങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. പുറമേ കാണുന്ന വികസനദൃശ്യങ്ങൾ യാഥാർഥ്യവുമായി ചേർന്നുപോകുന്നതല്ല എന്നു കാണാൻ ബുദ്ധിമുട്ടില്ല. പാറ്റകളുടെ പോരാട്ടങ്ങളെ അദ്ദേഹം സ്വാഗതംചെയ്യുന്നു. സർക്കാരിന്റെ അമിതാധികാരപ്രയോഗം ചോദ്യംചെയ്യപ്പെടേണ്ടത് ആവശ്യമാണ്. വോട്ടർപട്ടികയിലെ തീവ്രപരിഷ്കരണത്തിന്റെ പിന്നിലെ കാണാക്കഥകൾ അദ്ദേഹം വിവരിക്കുന്നുണ്ട്. തുറമുഖങ്ങളും വിമാനത്താവളങ്ങളും ഖനികളുമടങ്ങുന്ന രാജ്യത്തിന്റെ പൊതുസ്വത്തുക്കൾ സർക്കാരിന് പ്രിയപ്പെട്ട രണ്ടോമൂന്നോ കോർപ്പറേറ്റ് ഭീമന്മാർക്ക് തീറെഴുതുകയാണ് എന്നദ്ദേഹം പരിതപിക്കുന്നു. യുവാക്കളുടെ തൊഴിലില്ലായ്മ പരിഹൃതമാകാതെ അവശേഷിക്കുന്നു. എ.ഐ. ഇന്ത്യയ്ക്ക് വലിയ ഭീഷണി ഉയർത്തുന്നുണ്ട് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ഗഹനമായ പഠനം നടത്തിയിട്ടാണ് അദ്ദേഹം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നത് എന്നു വ്യക്തമാണ്.

"സെൻസർഷിപ്പ് എഴുത്തിലെ ഫയർ നഷ്ടമാക്കും" എന്ന ശീർഷകത്തിൽ സ്മിതാ ജി. നായർ എഴുത്തുകാരൻ വി.ആർ. സുധീഷുമായി നടത്തിയ മറ്റൊരു അഭിമുഖവും ശ്രദ്ധേയമായി. അരനൂറ്റാണ്ട് നീണ്ട എഴുത്തുജീവിതത്തിലെ അനുഭവങ്ങൾ പലരെയും പലതിനെയും പറ്റി മനസ്സിലാക്കാൻ സഹായകമായി. ഒരുതരത്തിലുള്ള സെൻസർഷിപ്പും എഴുത്തുകാർക്ക് ഗുണകരമാവില്ല എന്ന് സുധീഷ് പറയുന്നു. അകന്നുനിന്ന അഴീക്കോടിന്റെ പ്രണയിനി വിലാസിനി ടീച്ചറുമായി അഴീക്കോട് മാഷിനെ ചേർക്കാൻ സുധീഷ് നടത്തിയ ശ്രമം കൗതുകമുണർത്തി. കമലദാസിന്റെ വളപ്രേമവും കുഞ്ഞബ്ദുള്ള, ബഷീർ, കുഞ്ഞുണ്ണി മാഷ് എന്നിവരുടെ ഭക്ഷണപ്രേമവും പുതിയ അറിവായി. വായനശീലത്തെക്കുറിച്ചുള്ള പരാമർശത്തിൽ പഴയ എഴുത്തുകാരും പുതിയ എഴുത്തുകാരും എങ്ങനെ സ്വാധീനം ചെലുത്തി എന്നദ്ദേഹം പറയുന്നുമുണ്ട്. വായനയ്ക്കുപയുക്തമായ വിഭവസമൃദ്ധി 'എഴുത്തി'നെ ഉയരത്തിനിറുത്തുന്നു.

**എൻ.കെ. വിജയൻ, കിഴക്കമ്പലം.**

## പ്രത്യാശയുടെ ബോധസൂര്യൻ

ആഗസ്റ്റ് ലക്കം 'എഴുത്ത്' മാസികയിൽ പ്രസിദ്ധപ്പെടുത്തിയ 'പാതിയുടഞ്ഞൊരു ബുദ്ധൻ' എന്ന കവിത, ചരിത്രവും ആത്മീ

യതയും മനുഷ്യന്റെ അന്തഃസംഘർഷങ്ങളും ഒരേ ചരടിൽ കോർത്തിണക്കുന്ന ശ്രദ്ധേയമായ രചനയാണ്. കരുമാടിക്കുട്ടന്റെ പാതിയുടഞ്ഞ ശിലാരൂപത്തിൽ കവി കാണുന്നത് കേവലം ഒരു പുരാവസ്തുവിനെയല്ല; കാലം തകർത്തിട്ടും ചൈതന്യം നഷ്ടപ്പെടാത്ത മനുഷ്യന്റെ പ്രതീകത്തെയാണ്. തോട്ടിലെ ചെളിയിൽ നൂറ്റാണ്ടുകളോളം ഉറങ്ങിക്കിടന്ന ബുദ്ധൻ, 'എന്നിലെയെന്നെത്തേടി' എന്ന കവിയുടെ ആത്മാന്വേഷണത്തിലേക്കുള്ള വാതിൽ തുറക്കുന്നു.

"മൗനച്ചിരിയാലെന്നോടോതി ഞാനും നീയുമിതൊന്നേ..." എന്ന വരികളിലാണ് കവിതയുടെ ദാർശനികഹൃദയം സ്പന്ദിക്കുന്നത്. പുറത്തെ ബുദ്ധനെ തൊഴുതുനിൽക്കുന്ന കവി ഒടുവിൽ തിരിഞ്ഞുനോക്കുന്നത് സ്വന്തം ഉള്ളിലേക്കാണ്. അങ്ങനെ ബുദ്ധനെ തേടിയുള്ള യാത്ര, ആത്മാവിനെ കണ്ടെത്തുന്ന യാത്രയായി മാറുന്നു. "ഇടതുവശം പോയെങ്കിലുമെന്നിൽ ഹൃദയമിടിപ്പുണ്ടിന്നും..." എന്ന വരികളിൽ തകർച്ചയ്ക്കുള്ളിലും അവശേഷിക്കുന്ന ജീവന്റെയും പ്രതീക്ഷയുടെയും കരുണയുടെയും സ്പന്ദനം അനുഭവിക്കാം. "ഒരുനാളെന്നെ തല്ലിയുടച്ചവർ നിന്നെത്തേടിയുമെത്തും..." എന്ന വരികൾ നാശത്തിൽനിന്ന് കരുതലിലേക്കുള്ള മനുഷ്യന്റെ അനിവാര്യമായ മടക്കത്തെ ഓർമിപ്പിക്കുന്നു."കരുതലിൽനിന്നെക്കാക്കുക നിത്യം..." എന്ന പുതുയുഗബുദ്ധന്റെ സന്ദേശം മതാതീതമായ മാനവികതയുടെ ശബ്ദമാണ്; കരുണയുടെയും സഹജീവിസ്നേഹത്തിന്റെയും മനുഷ്യനന്മയുടെയും ശബ്ദം. ഒടുവിൽ, "എന്നുടെയുള്ളിന്നുള്ളിലുമൊരു ചെറു ബോധസ്സൂര്യനുദിച്ചൂ..." എന്നിടത്ത് കവിത അതിന്റെ പരമമായ അർഥത്തിലെത്തുന്നു. പുറത്തുള്ള ബുദ്ധൻ ഉള്ളിലെ ബോധസൂര്യനായി മാറുന്നു. പാതിയുടഞ്ഞത് പ്രതിമ മാത്രമല്ല, ജീവിതത്തിന്റെ ആഘാതങ്ങളിൽ തകർന്നുപോകുന്ന മനുഷ്യനും കൂടിയാണ്. എന്നാൽ, ഉള്ളിൽ ഒരു ചെറു ബോധസൂര്യൻ അവശേഷിക്കുന്നിടത്തോളം, ഉയിർത്തെഴുന്നേൽപ്പിനു വഴിയുണ്ട്.

ലളിതമായ ഭാഷയിൽ ആഴമേറിയ ദാർശനികത പകരുന്ന ഈ കവിത, തകർച്ചയിൽനിന്ന് ബോധത്തിലേക്കും ഇരുളിൽനിന്ന് വെളിച്ചത്തിലേക്കുമുള്ള മനുഷ്യന്റെ അകത്തളയാത്രയാണ്. പുറത്തു നാം തേടുന്ന ബുദ്ധൻ നമ്മുടെയുള്ളിൽ എപ്പോഴാണ് ഉണരുക എന്ന ചിന്ത ബാക്കിവച്ച്, സുന്ദരമായൊരു വായനാനുഭവം സമ്മാനിച്ച പ്രിയപ്പെട്ട രാജൻ കൈലാസിനു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ദീപിക രഘുനാഥ്, ചക്കുവള്ളി, കൊല്ലം.**

## ബുദ്ധൻ നൽകുന്ന വെളിച്ചം

രാജൻ കൈലാസ് എഴുതിയ 'പാതിയുടഞ്ഞൊരു ബുദ്ധൻ' എന്ന കവിത(ആഗസ്റ്റ് ലക്കം എഴുത്ത്) ആഴത്തിലുള്ളൊരു വായനാനുഭവമാണ് സമ്മാനിച്ചത്. ബുദ്ധന്റെ പുണ്യവും മൂല്യവും തിരിച്ചറിയാനാകാതെ ഒരു ജനത ആ പ്രതിമയെ തോട്ടിലേക്ക് വലിച്ചെറിയുന്നതും, ഒടുവിലത് വീണ്ടെടുക്കാൻ റോബർട്ട് ബ്രിസ്റ്റോ എന്ന ബ്രിട്ടീഷ് എൻജിനീയർ വേണ്ടിവരുന്നതും കവിതയിലെ ശ്രദ്ധേയമായ അടയാളപ്പെടുത്തലാണ്.

തോട്ടിലെ വെള്ളത്തിൽക്കിടന്ന് പായലുപിടിച്ച് കറുത്തിട്ടും, ബുദ്ധന്റെ മുഖത്ത് പ്രഭാതസൂര്യന്റെ ശോഭ നിറഞ്ഞുനിൽക്കുന്നത് എത്ര മനോഹരമായാണ് കവി വരച്ചുകാട്ടുന്നത്. മനുഷ്യർ ചിലപ്പോൾ എത്രമാത്രം വിവേകശൂന്യരാകുന്നുവെന്ന് ഈ വരികൾ നമ്മെ ഓർമിപ്പിക്കുന്നു. തന്നെ തല്ലിയുടച്ചവർ ഒരുനാൾ പശ്ചാത്താപത്തോടെ മടങ്ങിവരുമെന്ന ബുദ്ധന്റെ മഹാമനസ്കതയും കരുണയും വായനക്കാരുടെ ഉള്ളിലും വെളിച്ചം നിറയ്ക്കുന്നുണ്ട്.

അനുകമ്പയോടെയുള്ള ആ വാക്കുകൾ കേട്ട് അയാളുടെ ഉള്ളിൽ സൂര്യശോഭപോലെ ബോധോദയമുണ്ടാകുന്നതും, ആയിരം കൈകളാൽ ബുദ്ധൻ അയാളെ വാരിപ്പുണരുന്നതുമായ കാവ്യസമാപ്തി ഉജ്ജ്വലമായി. മികച്ചൊരു കവിത സമ്മാനിച്ച കവിക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**സി. ഒ. പൗലോസ്, ഇരിങ്ങാലക്കുട**

## കേരള വികസനത്തിന്റെ മാനവിക മുഖം

'എഴുത്ത്' മാസികയിൽ ഡോ. ആന്റണി പാലക്കൽ എഴുതിയ 'കേരള മോഡൽ വികസനം: ആഘോഷിക്കപ്പെട്ട അസംബന്ധങ്ങളുടെ സാമൂഹികശാസ്ത്രം' എന്ന ലേഖനം കേരള വികസനത്തെക്കുറിച്ചുള്ള പൊതുധാരണകളെ ഗൗരവമായി പുനർവിചിന്തനം ചെയ്യാൻ പ്രേരിപ്പിക്കുന്നതാണ്. വികസനത്തെ ഭൗതികനേട്ടങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും കണക്കുകളിൽ മാത്രം ഒതുക്കാതെ, അതിന്റെ സാമൂഹികവും സാംസ്കാരികവും മാനവികവുമായ ഉള്ളടക്കത്തെക്കൂടി വിലയിരുത്തണമെന്ന ലേഖകന്റെ നിലപാട് ശ്രദ്ധേയമാണ്.

പ്രൊഫ. ടി.കെ. ഉമ്മൻ മുന്നോട്ടുവച്ച മാനവിക വികസനസൂചിക, മാനവിക സ്വാതന്ത്ര്യസൂചിക, മാനവിക ദുരിതസൂചിക എന്നീ ആശയങ്ങളെ ആധാരമാക്കി; വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികപുരോഗതി എന്നിവയ്ക്കൊപ്പം പൗരസ്വാതന്ത്ര്യം, സാമൂഹികക്ഷേമം, മനുഷ്യാന്തസ്സ്, കുടുംബ-സാമൂഹിക ജീവിതത്തിന്റെ ഗുണനിലവാരം എന്നിവയും വികസനത്തിന്റെ മാനദണ്ഡങ്ങളാകണമെന്ന് ലേഖനം ചൂണ്ടിക്കാട്ടുന്നു. കുറ്റകൃത്യങ്ങൾ, ആത്മഹത്യ, ലഹരി ഉപയോഗം, തൊഴിലില്ലായ്മ, കുടുംബശൈഥില്യം തുടങ്ങിയ സാമൂഹികദുരിതങ്ങളെ അവഗണിച്ചുകൊണ്ടുള്ള വികസനസങ്കല്പം അപൂർണമാണെന്നും ലേഖകൻ വ്യക്തമാക്കുന്നു.

രാഷ്ട്രീയപ്പാർട്ടികളുടെ മേൽക്കോയ്മ, ഭരണകൂടത്തിന്റെ സ്വജനപക്ഷപാതം, കെടുകാര്യസ്ഥത, താത്കാലിക രാഷ്ട്രീയ താല്പര്യങ്ങൾ എന്നിവ കേരളത്തിന്റെ വികസനസാധ്യതകളെ പരിമിതപ്പെടുത്തിയെന്ന വിമർശനവും ലേഖനം ശക്തമായി ഉന്നയിക്കുന്നു. ദീർഘകാല ദർശനവും സാമൂഹികനീതിയും മാനവികമൂല്യങ്ങളും അടിസ്ഥാനമാക്കിയുള്ള വികസനമാണ് കേരളത്തിന് ആവശ്യമെന്ന് ലേഖനം ഓർമിപ്പിക്കുന്നു.

ഭൗതികപുരോഗതിയോടൊപ്പം മനുഷ്യന്റെയും സമൂഹത്തിന്റെയും അന്തസ്സും സ്വാതന്ത്ര്യവും സന്തോഷവും ഉയർത്തിപ്പിടിക്കുന്ന വികസനമാണ് യഥാർഥ വികസനം എന്ന ബോധ്യത്തിലേക്കാണ് ലേഖനം നമ്മെ നയിക്കുന്നത്. കേരളത്തിന്റെ വികസനമാതൃകയെക്കുറിച്ച് നിലനിൽക്കുന്ന പൊള്ളയായ ആഘോഷങ്ങളെ വിമർശനാത്മകമായി പുനർവായിക്കാൻ പ്രേരിപ്പിക്കുന്ന ഈ ലേഖനത്തിന്റെ ഉൾക്കരുത്ത് വിവേകത്തിന്റെ മറുപാഠങ്ങളാണ്. ലേഖകനും 'എഴുത്ത്' മാസികയ്ക്കും അഭിനന്ദനങ്ങൾ.

**വി. ജെ. തോമസ്, തലയാട്, കോഴിക്കോട്**



ചന്ദ്രസേനൻ
മിതൃമ്മല

# ചുവപ്പുനാടയ്ക്കപ്പുറം

ഒരു വ്യക്തി തന്റെ ഔദ്യോഗികജീവിതത്തിലെ അനുഭവങ്ങളും വെല്ലുവിളികളും നേട്ടങ്ങളും കോർത്തിണക്കി തയ്യാറാക്കുന്ന ആത്മകഥാപരമായ രചനയാണ് സർവീസ് സ്റ്റോറി. ഇതു കേവലം ഒരു ഔദ്യോഗിക ഡയറിക്കുറിപ്പല്ല; മറിച്ച്, വരുംതലമുറയ്ക്ക് പ്രചോദനവും ഭരണനിർവഹണരംഗത്തെ പഠനവിഷയവുമാകേണ്ട ഒന്നാണ്. ആ നിലയിൽ നോക്കുമ്പോൾ സമഗ്രത അവകാശപ്പെടാവുന്ന ഒന്നാണ് പ്രശാന്ത് വാസുദേവിന്റെ "എന്റെ ടൂറിസം ദിനങ്ങൾ" എന്ന പുസ്തകം. പുസ്തകത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രം സർവീസ് ജീവിതംതന്നെയാണ്. കുടുംബകാര്യങ്ങളും വ്യക്തിപരമായ താല്പര്യങ്ങളും കടന്നുവന്നിട്ടുണ്ടെങ്കിലും, അവ ഔദ്യോഗിക ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു എന്ന രീതിയിൽ മാത്രമേ കാണുവാനാകൂ. അത് അനിവാര്യവുമാണ്. പഞ്ചായത്തുവകുപ്പിലെ കരംപിരിക്കൽ ക്ലാർക്കിൽനിന്ന് വിനോദസഞ്ചാരവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറിലേക്കുള്ള ദൂരം പിന്നിടുന്നതിനിടയിൽ സംഭവിക്കുന്ന പ്രചോദനം പകരുന്നതും പോരാട്ടം നിറഞ്ഞതുമായ സംഭവങ്ങളാണ് പ്രശാന്ത് വാസുദേവിന്റെ ഈ പുസ്തകത്തിനാധാരം.

താൻ നെഞ്ചേറ്റുന്ന വിനോദസഞ്ചാരമേഖലയുടെ സമഗ്രവികസനത്തിനായി താൻതന്നെ രൂപകല്പന ചെയ്ത നവീനമായ പല ആശയങ്ങളെയും നിർദയം തള്ളിക്കളയുമ്പോൾ ഉണ്ടാകുന്ന മാനസികവ്യഥ ചിത്രീകരിക്കുന്നതിൽ ഈ പുസ്തകം വിജയം കൈവരിച്ചിരിക്കുന്നു. ഒരു സർക്കാർ ജീവനക്കാരനെന്ന നിലയിൽ ഇതിനെ എങ്ങനെ അതിജീവിക്കാം, അല്ലെങ്കിൽ എങ്ങനെ അതിജീവിച്ചു എന്നു പഠിക്കുവാൻ ഈ അനുഭവങ്ങൾ ധാരാളമാണ്. കടുത്ത സമ്മർദങ്ങൾക്കും കഠിനമായ സാഹചര്യങ്ങൾക്കും മുന്നിൽ തളരാതെ, മാനസികമായ കരുത്തോടെ ഭരണപരമായ തീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കുന്ന ഒരു ബ്യൂറോക്രാറ്റിക് റെസിലിയൻസ് (Bureaucratic Resilience) അഥവാ പ്രതിസന്ധികളെ അതിജീവിക്കാൻ ശേഷിയുള്ള ഉദ്യോഗസ്ഥനായി ഒരാൾ മാറുമ്പോൾ, അതു മനസ്സിലാക്കുന്നവർക്കുകൂടി ഉത്തേജനം പകരാനാകും.

ടൂറിസംപോലുള്ള വകുപ്പുകൾക്ക് ക്രിയേറ്റീവ് ചിന്താഗതി, വേഗത്തിലുള്ള തീരുമാനങ്ങൾ, സ്വകാര്യ പങ്കാളിത്തം (Public-Private Partnership), മികച്ച മാർക്കറ്റിങ് തന്ത്രങ്ങൾ എന്നിവ അത്യാവശ്യമാണ്. ഇവിടെ കണിശമായ ചുവപ്പുനാടയെക്കാൾ പ്രധാനം വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് തന്ത്രങ്ങൾ മെനയുകയാണ്. മുൻപ് മറ്റു ചില വകുപ്പുകളിൽ ഇരുന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ അതേ 'റൂൾബുക്ക്' മനോഭാവത്തോടെ ടൂറിസം വകുപ്പിനെ സമീപിച്ചാൽ പുതിയ ആശയങ്ങൾ മുരടിച്ചുപോകും. ഒരു ടൂറിസം പ്രോജക്റ്റിന് അനുമതി നൽകാൻ മാസങ്ങളോളം ഫയലുകൾ വച്ചുതാമസിപ്പിക്കുന്നത് വിപണിയിലെ സുവർണാവസരങ്ങൾ നഷ്ടപ്പെടുത്തും. വിനോദസഞ്ചാരംപോലെ ലാഘവത്തോടെ കാണേണ്ട ഒന്നല്ല വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണം എന്ന് ചില ഐ.എ.എസ്സുകാരെ ചൂണ്ടിക്കാട്ടി ബോധ്യപ്പെടുത്തുവാനും പ്രശാന്തിന് കഴിഞ്ഞിട്ടുണ്ട്.

നിക്ഷിപ്തതാല്പര്യക്കാരായ ഗ്രൂപ്പുകൾ അല്ലെങ്കിൽ പ്രത്യേക താല്പര്യങ്ങളുള്ള സംഘടനകൾ തങ്ങൾക്കനുകൂലമായി തീരുമാനങ്ങൾ എടുപ്പിക്കാൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെയോ രാഷ്ട്രീയ നേതൃത്വത്തെയോ സ്വാധീനിക്കുന്നു. ഇത്തരത്തിൽ വകുപ്പ് ഹൈജാക്ക് ചെയ്യപ്പെടുമ്പോൾ നയരൂപവത്കരണത്തിൽ എങ്ങനെ അട്ടിമറിയുണ്ടാകുമെന്നു കാണാനാകും. പൊതുജനങ്ങൾക്ക് ഗുണം ചെയ്യേണ്ട നിയമങ്ങളും പദ്ധതികളും, ഈ ബാഹ്യശക്തികളുടെ ലാഭം മാത്രം ലക്ഷ്യമിട്ടു മാറ്റിയെഴുതപ്പെടുന്നു. വകുപ്പിന്റെ ഫണ്ടും മനുഷ്യവിഭവശേഷിയും പൊതുജനങ്ങൾക്കുപകാരപ്പെടാതെ ചില പ്രത്യേക ഗ്രൂപ്പുകളുടെ ആവശ്യങ്ങൾക്കായി വഴിതിരിച്ചുവിടുന്നു. ഇതിനെതിരെ പ്രവർത്തിക്കുന്ന ജീവനക്കാരൻ എങ്ങനെയാണ് പൊതുശത്രുവായി മാറ്റപ്പെടുന്നതെന്ന പാഠവും നമുക്കീ പുസ്തകത്തിൽ കാണാം.

സർവീസ് സ്റ്റോറി വ്യക്തികളിൽനിന്നു മാറി ആശയങ്ങളിലേക്കും ഭരണപരിഷ്കാരങ്ങളിലേക്കും വിരൽചൂണ്ടുമ്പോഴാണ് അതു ചരിത്രത്തിന്റെ ഭാഗമാകുന്നത്. ഇത്തരം ചരിത്രമുഹൂർത്തങ്ങൾക്കൊണ്ട് അലംകൃതമാണ് ഈ കൃതി. കാഴ്ചപ്പാടുകളുണ്ടാകുക മാത്രമല്ല, ചാരുതയോടെ അവ അവതരിപ്പിക്കാനും കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനാകണം എന്ന പാഠവും നമുക്കീ പുസ്തകത്തിൽ കാണാം. അതിതീവ്രമായ ഔദ്യോഗികജീവിതാനുഭവങ്ങളെയും ഭരണതലത്തിലെ സങ്കീർണതകളെയും ആവിഷ്കരിക്കുമ്പോൾത്തന്നെ, "എന്റെ ടൂറിസം ദിനങ്ങൾ" എന്ന പുസ്തകം വായനക്കാരന് ഒരു ഉൾക്കാഴ്ചയും പ്രചോദനവും നൽകുന്നതിൽ വിജയിച്ചിരിക്കുന്നു. വിനോദസഞ്ചാരവകുപ്പിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെയും ആ മേഖലയിലെ വെല്ലുവിളികളെയും കുറിച്ചുള്ള ഈ വിവരണം, ഒരു ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ യാത്ര എന്നതിനപ്പുറം, ആധുനിക ഭരണനിർവഹണരംഗത്തെക്കുറിച്ചുള്ള ഗൗരവതരമായ ഒരു ചർച്ചയായി മാറുന്നു.■

**അധികാരത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ ശ്വാസംമുട്ടുന്ന ഔദ്യോഗികജീവിതത്തെ, അതിജീവനത്തിന്റെ ദാർശനികാനുഭവമാക്കി മാറ്റുന്ന ഒരു അപൂർവ രേഖപ്പെടുത്തൽ.**



*എന്റെ ടൂറിസം ദിനങ്ങൾ*
*പ്രശാന്ത് വാസുദേവ്*
*സർവീസ് സ്റ്റോറി*
*നോറ പബ്ലിക്കേഷൻസ്, തൊടുപുഴ*
*വില : 360 രൂപ*



## ഭാരതാലോകം

**പഠനം / എം. ലീലാവതി**

പ്രസാധകർ : പ്രിസം ബുക്സ്

വില : 450

മഹാഭാരതത്തെ കേവലമൊരു സംഭവകഥയായി കാണാതെ യുക്തിഭദ്രമായ ഒരു മിത്തായി സമീപിച്ച്, തന്റെ 98 വർഷത്തെ ജീവിതാവബോധത്തിന്റെ വെളിച്ചത്തിൽ എം. ലീലാവതി ഒരുക്കുന്ന പുതുവായന.



## മാരാരുടെ കുരുക്ഷേത്രം

**പഠനം / എം.എൻ. കാരശ്ശേരി**

പ്രസാധകർ : മാതൃഭൂമി ബുക്സ്

വില: 130

വർഗീയലഹളകളുടെ പശ്ചാത്തലത്തിൽ മഹാഭാരതത്തിൽ നിന്ന് അഹിംസയുടെ സന്ദേശം കണ്ടെടുത്ത കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടന'ത്തെ മുൻനിറുത്തി, അദ്ദേഹത്തിന്റെ സാഹിത്യവിമർശനരീതികളെ യുക്തിഭദ്രമായി വിശകലനം ചെയ്യുന്ന ശ്രദ്ധേയമായ പഠനഗ്രന്ഥം.



## ആണതിരും പെൺകതകും

**കവിത / ആസാദ്**

പ്രസാധകർ : മാതൃഭൂമി ബുക്സ്

വില: 190

യുക്തിഭദ്രമായ ഗദ്യത്തിന്റെ പുറന്തോടിനുള്ളിൽ സ്പന്ദിക്കുന്ന കവിതയുടെ കാമ്പുകൊണ്ട്, പ്രപഞ്ചത്തെയും സ്വന്തം സ്വത്വത്തെയും യാതൊരു ആവരണങ്ങളുമില്ലാതെ നോക്കിക്കാണുന്ന കവിയുടെ തീവ്രമായ ആത്മസംഘർഷങ്ങളുടെ കാവ്യാവിഷ്കാരം.



## പെണ്ണുങ്ങളുടെ ജയിൽ

**ഓർമ / ലിസി റോസക്കുട്ടി**

**എഴുത്ത്: അരുൺ ടി. വിജയൻ**

പ്രസാധകർ: മാതൃഭൂമി ബുക്സ്,

വില : 290

ചെയ്യാത്ത കുറ്റത്തിന് 12 വർഷം തടവനുഭവിച്ച ലിസി റോസക്കുട്ടിയുടെ ഈ ഓർമക്കുറിപ്പ്, ഇരുമ്പഴിക്കുള്ളിലെ പെൺജീവിതങ്ങളുടെ ഞെട്ടിക്കുന്ന യാഥാർഥ്യങ്ങളെ ആദ്യമായി ലോകത്തിനുമുന്നിൽ തുറന്നുകാട്ടുന്നു.



## വിജിഗീഷു വൈലോപ്പിള്ളി

**ജീവചരിത്രം / കെ.രഘുനാഥൻ**

പ്രസാധകർ : മാതൃഭൂമി ബുക്സ്

വില : 380

ജീവിതത്തെ കവിതയായും കവിതയെ ജീവിതമായും മാറ്റിയ മലയാളത്തിന്റെ പ്രിയകവി വൈലോപ്പിള്ളിയെ അടുത്തറിഞ്ഞ ഒരാൾ, അദ്ദേഹത്തിന്റെ കാവ്യലോകത്തെയും വ്യക്തിജീവിതത്തെയും മനോഹരമായി കോർത്തിണക്കുന്ന ശ്രദ്ധേയമായ കൃതി.



## ഗൃഹലക്ഷ്മി കഥകൾ

**കഥ / എഡി. സിതാര എസ്.**

പ്രസാധകർ : മാതൃഭൂമി ബുക്സ്

വില:260

പ്രമേയങ്ങളെ സമകാലികയാഥാർഥ്യങ്ങളോട് സമർഥമായി വിളക്കിച്ചേർക്കുന്ന ആഖ്യാനമികവ് വെളിപ്പെടുത്തുന്ന, 2025-ലെ ഗൃഹലക്ഷ്മി കഥാപുരസ്കാര മത്സരത്തിൽനിന്നു തിരഞ്ഞെടുത്ത മികച്ച 20 കഥകളുടെ ശ്രദ്ധേയമായ സമാഹാരം.



## തിരഞ്ഞെടുത്ത പ്രഭാഷണങ്ങൾ

**പ്രഭാഷണം / ഡോ. ബി.ആർ. അംബേദ്കർ**

**പരിഭാഷ : പി. എ. ഹമീദ്**

പ്രസാധകർ : മാതൃഭൂമി ബുക്സ്

വില : 290

ആധുനിക ഇന്ത്യയുടെ ആത്മാവിന് രൂപംനൽകിയ ഭരണഘടനാശില്പി ഡോ. ബി.ആർ. അംബേദ്കർ, രാജ്യത്തിന്റെ മതേതര-ജനാധിപത്യ ഭാവിയെക്കുറിച്ച് നടത്തിയ പ്രവചനസ്വഭാവമുള്ള ചരിത്രപ്രസംഗങ്ങളുടെ ഉജ്ജ്വല സമാഹാരം.



## മൃതിവാർപ്പ്

**നോവൽ / അമൽ സുരേന്ദ്രൻ**

പ്രസാധകർ : മാതൃഭൂമി ബുക്സ്

വില : 380

മുഖമില്ലാത്ത ഏകാധിപത്യത്തിനു കീഴിൽ മനുഷ്യന്റെ ജീവനും സ്വാതന്ത്ര്യവും പിച്ചിച്ചീന്തപ്പെടുന്ന 'സിന്ധോ' ഉപദ്വീപിന്റെ നടുക്കുന്ന യാഥാർഥ്യങ്ങളെ, മൗനസാക്ഷിയായ നീതിസാരപ്പുഴയുടെ പശ്ചാത്തലത്തിൽ തീവ്രമായി വരച്ചുകാട്ടുന്ന കൃതി.

## മനസ്സിനൊരു ഫസ്റ്റ് എയ്ഡ്

**മാനസികാരോഗ്യം / ഡോ. സെമിച്ചൻ ജോസഫ്**

പ്രസാധകർ : സെയ്ന്റ് പോൾസ്, എറണാകുളം

വില: 130.00

ശരീരത്തിലെ മുറിവുകൾക്കെന്നപോലെ മനസ്സിന്റെ നോവുകൾക്കും കൃത്യമായ പ്രഥമശുശ്രൂഷയും പരിചരണവും അത്യന്താപേക്ഷിതമാണെന്നു സമൂഹത്തെ ഓർമിപ്പിക്കുന്ന മികച്ച വഴികാട്ടിയാണ് ഈ പുസ്തകം.



## ഇപ്രകാരം അവൾ ശമിച്ചത്

**കവിത / രാജൻ സി. എച്ച്.**

പ്രസാധകർ: ഒരുമ പബ്ലിക്കേഷൻസ്, തിരുവനന്തപുരം

വില: ₹. 200

'അവൾ' എന്ന പ്രമേയത്തെ മുൻനിറുത്തി സ്ത്രീസ്വത്വത്തിന്റെ ആന്തരികവും ബാഹ്യവുമായ തലങ്ങളെ ദാർശനികമായി ആവിഷ്കരിക്കുന്ന, തനിമയാർന്ന 77 കവിതകളുടെ സമാഹാരം. ■





വ്യക്തിചിത്രം | ജി. ഷഹീദ്

# ബാന്ധവ്ഗഢിന്റെ കാവൽക്കാരൻ

**കൂത്താട്ടുകുളത്തുനിന്ന് നാടുവിട്ട് മധ്യപ്രദേശിലെ വനാന്തരങ്ങളിലെത്തി, ലോകമറിയുന്ന വന്യജീവി ഫോട്ടോഗ്രാഫറും ആനപ്പാപ്പാനുമായി മാറിയ കുട്ടപ്പനെന്ന മലയാളിയുടെ അസാധാരണ ജീവിതയാത്ര.**



↘ കുട്ടപ്പന്റെ ആനസവാരി

അന്നൊരു ഫെബ്രുവരി മാസമായിരുന്നു; വർഷം 2000. മധ്യപ്രദേശിലെ പ്രശസ്തമായ ബാന്ധവ്ഗഢ് കടുവാസങ്കേതത്തിൽ ഒരു വിലാപയാത്ര നടക്കുകയാണ്. ഗ്രാമീണരും വനംവകുപ്പ് ജീവനക്കാരും ചേർന്ന് ആ സങ്കേതത്തിലെ ഒരു പെൺകടുവയ്ക്ക് അന്ത്യോപചാരം അർപ്പിക്കുന്നു. നിരന്തരം ഭീഷണിപ്പെടുത്തിയിരുന്ന അവളുടെ വേർപാടിൽ പലരുടെയും മുഖത്ത് ആശ്വാസമായിരുന്നു. പക്ഷേ, ആൾക്കൂട്ടത്തിൽ ഒരാൾ മാത്രം തീവ്രദുഃഖത്താൽ കണ്ണീരൊഴുക്കി നിന്നു. അതൊരു മലയാളിയായിരുന്നു; ആ സങ്കേതത്തിലെ ആനപ്പാപ്പനായ കുട്ടപ്പൻ. കൂത്താട്ടുകുളം സ്വദേശിയായ അദ്ദേഹം ആ പെൺകടുവയ്ക്കായി പൊഴിച്ച കണ്ണീരിൽ ഒരു അസാധാരണ ആത്മബന്ധത്തിന്റെ കഥയുണ്ടായിരുന്നു.

വിനോദസഞ്ചാരികളെ കയറ്റുന്ന ആനകളും ജീപ്പുകളുമുള്ള ബാന്ധവ്ഗഢിൽ കടുവകളെ കാണുകയെന്നത് പലപ്പോഴും എളുപ്പമാണ്. വീട്ടിലെ വളർത്തുപൂച്ചകളെപ്പോലെ അവ മന്ദഗതിയിൽ നടന്നുപോകും. വനംവകുപ്പിന്റെ കർശന ജാഗ്രതയുള്ളതിനാൽ സഞ്ചാരികളും അച്ചടക്കത്തോടെ ആ വന്യതയെ നിരീക്ഷിക്കും. ഈ കാടിന്റെയും കടുവയുടെയും ആനയുടെയും ഹൃദയതാളവും ഭാവിയും കുട്ടപ്പന് ഹൃദിസ്ഥമാണ്. കടുവകളുടെ ഓരോ ചലനവും അദ്ദേഹത്തിന്റെ മനസ്സിലെ റഡാറിലുണ്ട്. അതുകൊണ്ടുതന്നെ ബാന്ധവ്ഗഢിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കടുവകൾക്കൊപ്പം കുട്ടപ്പനും ഒരു താരമാണ്.

## ചാർജർ എന്ന ഇതിഹാസം

സർവീസിൽനിന്നു പത്തുവർഷം മുമ്പ് വിരമിച്ച കുട്ടപ്പനിപ്പോൾ 70 വയസ്സായി. തന്റെ ജീവിതത്തിലെ സുവർണകാലഘട്ടത്തിലേക്ക് ഓർമകൾ പായിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "ആ പെൺകടുവ കഥാവശേഷയായപ്പോഴാണ് ഞാൻ കണ്ണീരൊഴുക്കിയത്. അവൾ പലരെയും ഭീഷണിപ്പെടുത്തിയിരുന്നു. ആനയെ കാണുമ്പോൾ അവൾ ചീറ്റും. അങ്ങനെയാണ് 'ചാർജർ' എന്ന പേര് അവൾക്ക് ലഭിക്കുന്നത്. പക്ഷേ, എന്റെ ഹൃദയം കവർന്നവളാണവൾ."

തന്റെ അതിർത്തികളിലേക്ക് മറ്റു കടുവകൾ അതിക്രമിച്ചുകയറിയാൽ മുൻകാലുകൾകൊണ്ട് അവൾ രൂക്ഷമായി പോരാടുമായിരുന്നു. ഏറ്റുമുട്ടലുകളിൽ അവൾക്കും അടിയേൽക്കും. അങ്ങനെ ഗുരുതരമായി പരിക്കേറ്റ അവൾ ഒരിക്കൽ കാട്ടിൽ വീണുപോയി. വനംവകുപ്പ് ഡോക്ടർ അവളെ മയക്കുവെടിവച്ച് സ്ട്രെച്ചറിൽ കയറ്റി കാട്ടിലെ ഒരിടത്ത് കിടത്തി ചികിത്സിച്ചു. ഒരു മാസത്തിനുശേഷം ഉയിർത്തെഴുന്നേറ്റ അവൾക്ക്, പക്ഷേ, തന്റെ അതിർത്തി സംരക്ഷിക്കുന്നതിനിടയിൽ വീണ്ടും പരിക്കേറ്റു. അത് അവളുടെ അന്ത്യമായിരുന്നു. പട്രോളിങ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഗാർഡിന്റെ വാക്കിടോക്കിയിലൂടെ സന്ദേശമെത്തി: "അവളുടെ കഥ കഴിഞ്ഞിരിക്കുന്നു".

കൈകൾ മേൽപ്പോട്ടുയർത്തി മരിച്ചുമലർന്നുകിടക്കുന്ന അവളുടെ ദാരു



↘ ചാർജർ കടുവ

ണരംഗം കുട്ടപ്പനെ വല്ലാതെ നടുക്കി. മരിക്കുമ്പോൾ അവൾക്ക് 17 വയസ്സായിരുന്നു പ്രായം. പത്തുവർഷത്തോളം ആ കാട്ടിൽ ആധിപത്യം പുലർത്തിയ അവളുടെ ചിത്രങ്ങൾ വിദേശ ടെലിവിഷൻ നിർമാതാക്കൾ ലോകമെമ്പാടും എത്തിച്ചിരുന്നു. അവളുടെ ഓർമയ്ക്കായി ബാന്ധവ്ഗഢിലെ ആ സ്ഥലത്തിനു 'ചാർജർ പോയിന്റ്' (Charger Point) എന്നു പേരുനൽകുകയും ചെയ്തു.

ആനപ്പുറത്തുകയറി കടുവയെ കാണാനാണ് സഞ്ചാരികളെത്തുക. കുട്ടപ്പന്റെ ആനയായ ഗൗതം തലയെടുപ്പുള്ളവനായിരുന്നു. ആനയെ കാണുമ്പോൾ പൊതുവേ ശാന്തരായ കടുവകളൊക്കെ വഴിമാറിപ്പോകും. കടുവ തികഞ്ഞ മാന്യനാണെന്ന് വിഖ്യാത വേട്ടക്കാരൻ ജിം കോർബറ്റ് പറഞ്ഞിട്ടുള്ളത് കുട്ടപ്പൻ ഓർമിക്കുന്നു. എന്നാൽ ചാർജർ അങ്ങനെയല്ല, ആനയെക്കണ്ടാൽ അവൾ കണ്ണുരുട്ടി രോഷത്തോടെ മുന്നോട്ട് കുതിക്കും. പക്ഷേ ഗൗതം നിർഭയനായി ഒരു കോട്ടപോലെ നിൽക്കും. തുമ്പിക്കൈ ചുഴറ്റിയുള്ള ആനയുടെ ചിന്നംവിളി കേൾക്കുമ്പോഴേക്കും ചാർജർ പിന്മാറും. ഒടുവിൽ തന്റെ ചീറ്റൽ ആനയുടെ മുന്നിൽ വിലപ്പോകില്ലെന്ന് അവൾക്ക് മനസ്സിലായെങ്കിലും അവളുടെ കലി അടങ്ങിയിരുന്നില്ല. ഗ്രാമീണർക്ക് അവളെ ഭയമായിരുന്നു. കാട്ടിൽ വിറക് ശേഖരിക്കാനും മഹുവമരത്തിന്റെ കായ്കൾ പെറുക്കാനും പോകുന്ന സ്ത്രീകളെയും അവൾ ഭീഷണിപ്പെടുത്തിയിരുന്നു. പക്ഷേ, ആരെയും ആക്രമിച്ച് പരിക്കേൽപ്പിച്ചിട്ടില്ല. മറ്റു ചില കടുവകൾ ഗ്രാമത്തിലെ ആട്ടിൻകുട്ടികളെ പതിയിരുന്ന് പിടിച്ചുതിന്നും. അവളുടെ വേർപാടിൽ ഗ്രാമീണർക്ക് ആശ്വാസമായിരുന്നു; ഒരു ഭീഷണി ഒഴിവായല്ലോ എന്നോർത്ത്.



↘ കുട്ടപ്പന്റെ പഴയകാല ചിത്രം

## പട്ടിണിയിൽനിന്നുള്ള പലായനം

കൂത്താട്ടുകുളത്തുനിന്ന് കുട്ടപ്പൻ എങ്ങനെ ബാന്ധവ്ഗഢിലെത്തി എന്നത് ഒരു സിനിമയെ വെല്ലുന്ന അതിജീവനത്തിന്റെ കഥയാണ്. സാമ്പത്തികമായി കടുത്ത ബുദ്ധിമുട്ടനുഭവിച്ചിരുന്ന ഒരു കുടുംബത്തിലായിരുന്നു, ജനനം. ഏഴു മക്കളിൽ ഒരാളായ കുട്ടപ്പൻ നാലാം ക്ലാസ്സുവരെ മാത്രമേ പഠിച്ചുള്ളൂ. പട്ടിണി താങ്ങാനാകാതെ പതിനാലാം വയസ്സിൽ നാടുവിട്ടു.

ചാലക്കുടിയിലെ ഒരു തടി ഡിപ്പോയിലായിരുന്നു ആദ്യത്തെ ജോലി. രണ്ടു വർഷത്തിനുശേഷം കാട്ടിൽ തടിവെട്ടാൻ കരാറെടുത്ത ഒരാളോടൊപ്പം പറമ്പിക്കുളം വനത്തിലെത്തി. കഠിനാധ്വാനം ചെയ്യേണ്ടിവന്നുവെങ്കിലും കൃത്യമായി ഭക്ഷണം കിട്ടി; ഒപ്പം പ്രതിമാസം 50 രൂപ ശമ്പളവും. അവിടെനിന്നാണ് കുട്ടപ്പന്റെ ജീവിതത്തിൽ ഭാഗ്യനക്ഷത്രം ഉദിക്കുന്നത്.

മധ്യപ്രദേശ് വനംവകുപ്പിന് അഞ്ച് ആനകളെ ആവശ്യമുണ്ടായിരുന്ന ആ സമയത്ത്, അന്നത്തെ ചീഫ് കൺസർവേറ്റർ എം.ബി. പീറ്റർ പറമ്പിക്കുളത്തുണ്ടായിരുന്നു. ഗുജറാത്തിലെ അമുൽ സ്ഥാപകൻ വർഗീസ് കുര്യന്റെ ബന്ധുകൂടിയായ ഒരു മലയാളിയായിരുന്നു അദ്ദേഹം. ആനകളെ മധ്യപ്രദേശിലേക്ക് കൊണ്ടുപോയപ്പോൾ കൂടെപ്പോകാൻ കുട്ടപ്പനും അവസരം ലഭിച്ചു. സത്ന, ഇറ്റാർസി എന്നിവിടങ്ങളിൽ ജോലിനോക്കിയ ശേഷം 1980-ൽ അദ്ദേഹം ബാന്ധവ്ഗഢിലെത്തി. രണ്ടുവർഷത്തിനുശേഷം അവിടെ കടുവാസഫാരി തുടങ്ങിയപ്പോൾ ചീഫ് കൺസർവേറ്ററുടെ പൂർണപിന്തുണയോടെ കുട്ടപ്പനായിരുന്നു, അതിന്റെ പ്രധാന ചുമതല.

കുട്ടപ്പൻ നാടുവിട്ടത് അമ്മ അന്നമ്മയെ വല്ലാതെ വേദനിപ്പിച്ചിരുന്നു. വർഷങ്ങൾക്കുശേഷം, കാട്ടുകള്ളന്മാരുടെ വെടിയേറ്റ് മകൻ മരിച്ചെന്ന തെറ്റായ വാർത്ത ആ അമ്മയെ തളർത്തിക്കളഞ്ഞു. എന്നാൽ, 1985-ൽ കുട്ടപ്പൻ ബാന്ധവ്ഗഢിൽ ജീവിച്ചിരിപ്പുണ്ടെന്ന് പത്രങ്ങളിലൂടെ കുടുംബമറിഞ്ഞു. നീണ്ട അന്വേഷണങ്ങൾക്കൊടുവിൽ കോട്ട



↘ കുട്ടപ്പനും ഭാര്യയും

യത്തുള്ള അളിയൻ കുര്യൻ ബാന്ധവ്ഗഢിലെത്തി കുട്ടപ്പനെ കണ്ടെത്തി. ഇരുപതുവർഷത്തെ ഇടവേളയ്ക്കുശേഷം പിറ്റേവർഷം കുട്ടപ്പൻ താമരശ്ശേരിയിലെത്തി അമ്മയെ കണ്ടു. ആ അമ്മയുടെ മടിയിൽ തലവച്ചുകിടന്ന നിമിഷം കുട്ടപ്പന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആത്മസാഫല്യമായി.

## വന്യതയെ ഒപ്പിയെടുത്ത ക്യാമറക്കണ്ണുകൾ

ആനപ്പാപ്പാൻ എന്നതിലുപരി ലോകമറിയപ്പെടുന്ന മികച്ചൊരു വന്യജീവി ഫോട്ടോഗ്രാഫർ കൂടിയാണ് കുട്ടപ്പൻ. മുപ്പതുവർഷങ്ങൾക്ക് മുമ്പ് വിലകുറഞ്ഞ ഒരു ക്യാമറ വാങ്ങിയായിരുന്നു തുടക്കം. അദ്ദേഹത്തിന്റെ മികവുകണ്ട് വിസ്മയിച്ച വിനോദസഞ്ചാരികൾ വിലപിടിപ്പുള്ള ക്യാമറകൾ സമ്മാനിച്ചു. അത്യപൂർവമായ ചിത്രങ്ങളായിരുന്നു കുട്ടപ്പന്റെ ശേഖരത്തിലുണ്ടായിരുന്നത്.

ഒരു കരടി തന്റെ രണ്ട് കുഞ്ഞുങ്ങളെ തോളിൽക്കയറ്റി കൊണ്ടുപോകുന്ന അദ്ദേഹത്തിന്റെ മികച്ചൊരു ചിത്രം, കാനൻ ക്യാമറ കമ്പനി പരസ്യമായി വിദേശമാസികകളിൽ പ്രസിദ്ധപ്പെടുത്തി. നാഷണൽ ജ്യോഗ്രഫിക് ചാനലും ബി.ബി.സിയും കുട്ടപ്പനെക്കുറിച്ച് ഡോക്യുമെന്ററികൾ തയ്യാറാക്കി. ഈ ലേഖകൻ 1989-ൽ 'ഫ്രണ്ട്ലൈൻ' ദ്വൈവാരികയിലെഴുതിയ ലേഖനത്തോടൊപ്പം പ്രസിദ്ധപ്പെടുത്തിയ കടുവാചിത്രങ്ങൾ അദ്ദേഹത്തെ കൂടുതൽ പ്രശസ്തനാക്കി. സ്റ്റീവ് വിന്റർ, പോൾ നിക്ലെൻ, അമി വിറ്റാലെ തുടങ്ങിയ ലോകപ്രശസ്ത ഫോട്ടോഗ്രാഫർമാരുമായി കൂടിക്കാഴ്ച നടത്താനും അദ്ദേഹത്തിന് സാധിച്ചു.

വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ കേന്ദ്രസർക്കാർ പദ്ധതി ആവിഷ്കരിച്ചപ്പോൾ ബാന്ധവ്ഗഢിന് മുൻഗണന ലഭിച്ചു. കോയമ്പത്തൂർ സ്വദേശിയായ രാജേഷ് ഗോപാൽ എന്ന ഡി.എഫ്.ഒ. ആണ് ഇവിടം കൂടുതൽ പ്രശസ്തമാക്കിയത്. 'കടുവയെ കാണുന്ന കാര്യം ഉറപ്പുനൽകുന്നു' എന്ന വനംവകുപ്പിന്റെ പരസ്യം വൻ വിജയമായതിന് പിന്നിലെ പ്രധാന കാരണവും കുട്ടപ്പനായിരുന്നു. പ്രധാനമന്ത്രിയായിരിക്കെ രാജീവ് ഗാന്ധിയും ഭാര്യ സോണിയയും ബാന്ധവ്ഗഢിലെത്തിയത് കുട്ടപ്പന്റെ ആനപ്പുറത്തിരുന്നാണ്. സുരക്ഷാഭടന്മാരെ ഒഴിവാക്കി നടത്തിയ ആ യാത്രയിൽ, രണ്ടു കടുവകൾ ഇണചേരുന്ന അപൂർവദൃശ്യം കുട്ടപ്പൻ പ്രധാനമന്ത്രിക്ക് കാണിച്ചുകൊടുത്തു. പിന്നീട് ഡൽഹിയിൽ മടങ്ങിയെത്തിയ രാജീവ് ഗാന്ധി അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് കത്തയയ്ക്കുകയും ചെയ്തു.

കടുവയെ കാണുമ്പോൾ ചില വിനോദസഞ്ചാരികൾ ചോദിക്കാറുണ്ട്: "ഇവ ആരെയും ആക്രമിക്കില്ലേ?"

"ഇല്ല, ഇവരെല്ലാം സമാധാനപ്രേമികളാണ്. നരഭോജികളൊക്കെ ജിം കോർബറ്റിന്റെ കാലത്തായിരുന്നു. പിന്നീട് ആ വംശം തന്നെ ഇല്ലാതായി. പുതിയ തലമുറയിലുള്ളവയെല്ലാം മനുഷ്യസ്നേഹികളായി മാറി. അതുകൊണ്ടാണ് ആനപ്പുറത്തിരുന്ന് നിർഭയം സഫാരി ആസ്വദിക്കാൻ കഴിയുന്നത്. ഇന്നൊക്കെ ആനസഫാരിക്കാരെ കണ്ടില്ലെങ്കിൽ കടുവകൾക്ക് വല്ലാത്ത സങ്കടമാണ്. അതാണ് കാലത്തിന്റെ ഒരു മാറ്റം." കുട്ടപ്പൻ പറയുന്നു.

## വരകളിലെ വിരലടയാളങ്ങൾ

കാടിന്റെ സംഗീതവും താളവും ഹൃദയത്തുടിപ്പുകളും ഇത്രത്തോളം അടുത്തറിയുന്ന മറ്റൊരു നിരീക്ഷകൻ ഇന്ത്യയിലുണ്ടാകില്ലെന്ന് പ്രശസ്ത വന്യജീവി ശാസ്ത്രജ്ഞനായ ഡോ. എ.ജെ.ടി. ജോൺസിങ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ബാന്ധവ്ഗഢിലെ തന്നെ ഒരു ആനപ്പാപ്പന്റെ മകളായ ബിബിയാണ് കുട്ടപ്പന്റെ ഭാര്യ. മക്കൾക്കെല്ലാം ജോലി ലഭിച്ചു, സ്വന്തമായി വീടുവച്ചു. കടുവാചിത്രങ്ങൾ വിറ്റുലഭിച്ച വരുമാനം അദ്ദേഹത്തിന് സാമ്പത്തിക ഭദ്രത നൽകി. സർവീസിൽനിന്നു വിരമിച്ച അദ്ദേഹം കാടിന്റെ പ്രശാന്തതയിൽ വിശ്രമജീവിതം നയിക്കുകയാണിപ്പോൾ.

ഇപ്പോൾ കാട്ടിൽ പോകാറുണ്ടെങ്കിലും ഫോട്ടോ എടുക്കാറില്ലെന്ന് കുട്ടപ്പൻ പറയുന്നു. "ഞാൻ വേണ്ടുവോളം കടുവാച്ചിത്രങ്ങളെടുത്തു. വി.ഐ.പി.കൾ നിറഞ്ഞ സദസ്സിൽ വച്ച് എത്രയോ അവാർഡുകൾ ഏറ്റുവാങ്ങി. ആ കരഘോഷങ്ങൾ ഇപ്പോഴും കാതിൽ പ്രതിധ്വനിക്കുന്നുണ്ട്. ദൈവാനുഗ്രഹം എനിക്ക് വേണ്ടുവോളം കിട്ടി." തികഞ്ഞ സംതൃപ്തിയോടെ അദ്ദേഹം പറയുന്നു.

എത്രയോ തലമുറയിൽപ്പെട്ട കടുവകളെ കണ്ടുതീർത്ത ആ കണ്ണുകൾക്കിന്നും കാടിന്റെ താളം കാണാപ്പാഠമാണ്. "മുഖത്തെ വരകൾ നോക്കി എല്ലാ കടുവകളെയും ഞാൻ തിരിച്ചറിയാറുണ്ട്. മനുഷ്യർക്ക് വിരലടയാളങ്ങൾ എങ്ങനെ വ്യത്യസ്തമായിരിക്കുന്നുവോ, അതുപോലെയാണ് കടുവകൾക്ക് അവയുടെ വരകൾ," കാടിന്റെ ആഴങ്ങളിലേക്ക് നോക്കി കുട്ടപ്പൻ പറഞ്ഞുനിർത്തുന്നു. ഒരുകാലത്ത് ആ വരകളെ ഏറ്റവും സൂക്ഷ്മമായി പകർത്തിയ ഒരു കലാകാരന്റെ അവസാനിക്കാത്ത പ്രണയം ആ വാക്കുകളിലുണ്ടായിരുന്നു. ■

*ചിത്രങ്ങൾ: സത്യേന്ദ്ര തിവാരി*






LAUNCHING FOUR YEAR UNDERGRADUATE PROGRAMMES

- B.Com Finance and Accounts with CA or ACCA pathways
- B.Com Fintech and AI
- B.Com Logistics and Supply Chain Management
- B.Sc Psychology
- B.Sc Data Science
- Bachelor of Social Work (BSW)

All the above programmes offer the possibility of multiple minor and elective pathways catering to student preferences and career/industry requirements

For more information

LOYOLA COLLEGE OF SOCIAL SCIENCES (AUTONOMOUS)

Sreekariyam PO, Thiruvananthapuram - 695 017, Kerala, India.Tel: +91-471-2592059, 2591018
Email: loyolacollegetvm@gmail.com | www.loyolacollegekerala.edu.in



# മുൻവിധികളുടെ മഞ്ഞുരുക്കാൻ

മനുഷ്യബന്ധങ്ങളുടെ ആഴവും അർഥവും പ്രധാനമായും നിർണയിക്കപ്പെടുന്നത് നാം അപരനെ എങ്ങനെ നോക്കിക്കാണുന്നു എന്നതിനെ ആശ്രയിച്ചാണ്. ശൈശവം മുതൽ നാം കേട്ടുപഠിക്കുന്ന വിശ്വാസങ്ങളുടെയും, ചുറ്റുപാടുകളുടെയും ഇടുങ്ങിയ അതിരുകൾക്കുള്ളിൽ പലപ്പോഴും നമ്മുടെ ലോകബോധം തളയ്ക്കപ്പെടുന്നു. എന്നാൽ, വൈവിധ്യമാർന്ന ജീവിതദർശനങ്ങളിലേക്ക് വാതായനങ്ങൾ തുറന്നിടുമ്പോൾ, അറിവിന്റെ വിശാലമായ ഒരു ആകാശം നമുക്കുമുന്നിൽ മിഴിതുറക്കുന്നു. "എന്റെ ശരികൾ തെറ്റാകാനും, മറ്റുള്ളവരുടെ തെറ്റുകൾ ശരിയാകാനും ഇടയുണ്ട്" എന്ന ഇമാം അൽ-ഷാഫിയുടെ ദാർശനികമായ വചനം, അപരനെ മനസ്സിലാക്കാനുള്ള ഒരു മഹാമന്ത്രമായി ഇവിടെ പ്രസക്തമാകുന്നു. ഇത് ലോക സാംസ്കാരികഭൂമികയിൽ, അനേകം കൈവഴികൾ ഒരൊറ്റ മഹാസാഗരത്തിൽ ലയിക്കുന്നതുപോലെ, വ്യത്യസ്ത ചിന്താധാരകൾ പരസ്പരം ഉൾക്കൊള്ളേണ്ടതിന്റെ അനിവാര്യതയാണിത് നമ്മെ ഓർമിപ്പിക്കുന്നത്.

അപരിചിതത്വമാണ് ഭയത്തിന്റെയും മുൻവിധികളുടെയും പ്രഭവകേന്ദ്രം. മനുഷ്യർ പരസ്പരം അകന്നുനിൽക്കുമ്പോൾ, അവരുടെ മനസ്സുകളിൽ സംശയത്തിന്റെ ഇരുളടഞ്ഞ മതിൽക്കെട്ടുകൾ ഉയരുന്നു. സത്യത്തിലേക്കുള്ള വഴി തങ്ങളുടേതു മാത്രമാണെന്ന അഹന്തയിൽനിന്നാണ് അപരനോടുള്ള വിവേചനവും ഹിംസയും പിറവിയെടുക്കുന്നത്. ആധുനികകാലത്ത്, അധികാരത്തിന്റെയും സ്വാർഥതയുടെയും ഇടനാഴികളിൽ സങ്കുചിതമായ മത-രാഷ്ട്രീയ താല്പര്യങ്ങൾ ഈ ഭയത്തെ ഊതിവീർപ്പിക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെയും നവമാധ്യമങ്ങളുടെയും അതിരുകളില്ലാത്ത ലോകത്ത്, ഇത്തരം



വിദ്വേഷങ്ങൾ അതിവേഗം പടർന്നുപിടിക്കുന്നതും നാം കാണുന്നു.

എങ്കിലും, സഹിഷ്ണുതയുടെയും വിനിമയങ്ങളുടെയും വെളിച്ചം അണയുന്നില്ല. ആഴത്തിലുള്ള സമ്പർക്കങ്ങളിലൂടെയും സംവാദങ്ങളിലൂടെയും ഈ മുൻവിധികളുടെ മഞ്ഞുരുക്കാൻ മനുഷ്യന് സാധിക്കും. ബുദ്ധി, കർമം, ഹൃദയം, ആത്മീയത എന്നീ നാലു തലങ്ങളിലൂടെ മനുഷ്യർ പരസ്പരം അറിയുമ്പോൾ അപരിചിതത്വത്തിന്റെ മൂടുപടം അഴിഞ്ഞുവീഴുന്നു. കേവലമായ അറിവുകൾ പുതിയ തിരിച്ചറിവുകളായും, അകാരണമായ ഭയം പരസ്പരവിശ്വാസമായും, സ്വാർഥത മാനവികമായ സഹകരണമായും പരിണമിക്കുന്നു. സ്വന്തം ആത്മീയതയുടെ ആഴങ്ങളിൽ വിശ്വസ്തതയോടെ ഉറച്ചുനിൽക്കുമ്പോൾത്തന്നെ, അപരന്റെ വിശ്വാസവഴികളെയും ആദരിക്കാൻ കഴിയുക എന്നതാണ് യഥാർഥ ഈശ്വരാന്വേഷണത്തിന്റെ പൊരുൾ.

വ്യക്തികളുടെ മനസ്സുകളിൽ ഈ പരിവർത്തനം ഒരുപക്ഷേ, വേഗത്തിൽ സംഭവിച്ചേക്കാം; എന്നാൽ, കാലങ്ങളായി വേരുറച്ചുപോയ മതസ്ഥാപനങ്ങളുടെ ദർശനങ്ങൾ മാറാൻ ചിലപ്പോൾ നൂറ്റാണ്ടുകൾതന്നെ വേണ്ടിവരും. ഈ വലിയ സാംസ്കാരിക മാറ്റത്തിന്, നമ്മുടെ പാഠശാലകൾ സങ്കുചിതത്വത്തിന്റെ കൂടുവിട്ട് പുറത്തുവരേണ്ടതുണ്ട്. വിശ്വാസത്തിന്റെ അതിർവരമ്പുകളില്ലാതെ, എല്ലാ വിഭാഗങ്ങളിലെയും കുരുന്നുകൾ ലോകത്തിന്റെ വൈവിധ്യങ്ങളെയും മറ്റു വിശ്വാസങ്ങളിലെ നന്മകളെയും തൊട്ടറിയണം.

അതിലുപരി, മത-ആത്മീയ നേതാക്കൾക്ക് ഈ കാലഘട്ടത്തിൽ വലിയൊരു ചരിത്രപരമായ കടമയുണ്ട്. യുദ്ധങ്ങൾക്കും കൂട്ടക്കുരുതികൾക്കും അനീതികൾക്കും മുന്നിൽ അവർ പുലർത്തുന്ന മൗനം, അക്രമത്തിന് കുടപിടിക്കുന്നതിനു തുല്യമാണ്. അധർമ്മത്തിനെതിരെ ശബ്ദമുയർത്തുകയും, സ്നേഹത്തിന്റെ ഉദാത്തമായ ഭാഷ സംസാരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് സമൂഹത്തിൽ നീതിയുടെ വസന്തം പൂവിടുന്നത്.

ചുരുക്കത്തിൽ, വിശ്വാസങ്ങൾ തമ്മിലുള്ള സംവാദം കേവലമൊരു ബൗദ്ധിക വ്യായാമമല്ല; അതൊരു ആത്മീയ തീർഥാടനമാണ്. നമ്മെ വേർതിരിക്കുന്ന മതിലുകളെ, പരസ്പരം ബന്ധിപ്പിക്കുന്ന പാലങ്ങളാക്കി മാറ്റാൻ ഹൃദയങ്ങൾ തമ്മിലുള്ള ഇത്തരം സാംസ്കാരിക വിനിമയങ്ങൾക്കു മാത്രമേ കഴിയൂ. വൈവിധ്യങ്ങളെ ആദരിച്ചുകൊണ്ടുള്ള ഈ സഹവർത്തിത്വം മാത്രമാണ്, മാനവികതയുടെ അതിജീവനത്തിനുള്ള ഏകവഴി.

(ലേഖകൻ: അബ്ദുൾ അസീസ് സെയ്ദ്, അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ സർവീസ്, പീസ് ആൻഡ് കോൺഫ്ലിക്റ്റ് റെസല്യൂഷൻ ചെയറും സലാം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീസ് ആൻഡ് ജസ്റ്റിസ് പ്രസിഡന്റുമാണ്.)

*മൊഴിമാറ്റം: മനു അച്ചുതത്ത്*


The supreme quality for leadership is
unquestionably integrity.
Without it, no real success is possible, no matter
whether it is on a section gang,
a football field, in an army, or in an office.
- Dwight D. Eisenhower

EZHUTHU CHINTHIKKUNNA HRUDAYANGALKKU
VOL. 11 / ISSUE 11/ 2026 SEPTEMBER / PRICE ₹ 40

Registered KL/EKM/746/2025-27
RNI REG. NO. KERMAL/2015/65234

MALAYALAM MONTHLY/ KOCHI
NO. OF PAGES: 76/ DATE OF PUBLICATION: 03-09-2026

Licence No. : KL/CR/EKM/WPP-5/2025-27 Licensed to Post Without Prepayment




Printed and Published by Binoy Jacob; On behalf of Loyola Peace Trust; Published from Loyola Research Institute of Peace and International Relations Ponoth Road, Kaloor, Kochi-7, Ernakulam. Printed at Sterling Print House Pvt. Ltd., Ponekkara, Cheranelore Road, Cochin-682041. Editor : Biju George